# ആർഷരശ്മികൾ

സ്വാമി പരമേശ്വരാനന്ദ

ശ്രേയസ്

ഭാരതത്തിന്റെ ആദ്ധ്യാത്മികജ്ഞാനവും സാംസ്കാരികപൈതൃകവും പരിപോഷിപ്പിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്ന മഹദ്ഗ്രന്ഥങ്ങൾ, അവയുടെ മൂല്യവും വ്യക്തതയും ഒട്ടും ചോർന്നുപോകാതെതന്നെ, നൂതന സാങ്കേതികവിദ്യ ഉപയോഗിച്ച് പരിരക്ഷിക്കുകയും ജിജ്ഞാസുകൾക്ക് സൗജന്യമായി പകർന്നുകൊടുക്കുകയും ചെയ്യുക എന്ന ശ്രേയസ് ഫൗണ്ടേഷന്റെ ലക്ഷ്യ സാക്ഷാത്കാരമാണ് ശ്രേയസ് ഓൺലൈൻ ഡിജിറ്റൽ ലൈബ്രറി.

ഗ്രന്ഥശാലകളുടെയും ആദ്ധ്യാത്മിക പ്രസ്ഥാനങ്ങളുടെയും വ്യക്തികളുടെയും സഹകരണത്തോടെ കോർത്തിണക്കിയിരിക്കുന്ന ഈ ഓൺലൈൻ ലൈബ്രറിയിൽ അപൂർവ്വങ്ങളായ വിശിഷ്ടഗ്രന്ഥങ്ങൾ സ്കാൻചെയ്ത് മികവാർന്ന ചെറിയ പി ഡി എഫ് ഫയലുകളായി ലഭ്യമാക്കിയിരിക്കുന്നു. ഇവ കമ്പ്യൂട്ടറിലോ പ്രിന്റ് ചെയ്തോ എളുപ്പത്തിൽ വായിക്കാവുന്നതാണ്.

ശ്രേയസ് ഓൺലൈൻ ഡിജിറ്റൽ ലൈബ്രറിയിൽ ലഭ്യമായ ഗ്രന്ഥങ്ങൾ വ്യക്തിപരമായ ആവശ്യങ്ങൾക്കുവേണ്ടി സൗജന്യമായി ഉപയോഗിക്കാവുന്നതാണ്. എന്നാൽ വാണിജ്യപരവും മറ്റുമായ കാര്യങ്ങൾക്കായി ഇവ ദുരുപയോഗം ചെയ്യുന്നത് തീർച്ചയായും അനുവദനീയമല്ല.

ഈ ഗ്രന്ഥശേഖരത്തിന് മുതൽക്കൂട്ടായ ഈ പുണ്യഗ്രന്ഥത്തിന്റെ രചയിതാവിനും പ്രകാശകർക്കും നന്ദി രേഖപ്പെടുത്തുന്നു.

ശ്രേയസ് ഓൺലൈൻ ഡിജിറ്റൽ ലൈബ്രറിയെക്കുറിച്ചും ശ്രേയസ് ഫൗണ്ടേഷനെക്കുറിച്ചും കൂടുതൽ വിവരങ്ങൾ അറിയാനും പ്രവർത്തനങ്ങളിൽ പങ്കാളിയാകാനും ശ്രേയസ് വെബ്സൈറ്റ് സന്ദർശിക്കുക.

http://sreyas.in

Vijayakrishnan

# ആർഷരശ്മികൾ

ഒരു ആർഷസാഹിതി പ്രകാശനം

സ്വാമി പരമേശ്വരാനന്ദ: സാധുശീലൻ പരമേശ്വരൻ പിള്ളയെന്ന പേരിൽ ആദ്ധ്യാത്മിക സാഹിത്യരംഗത്ത് ലബ്ധപ്രതിഷ്ഠ നേടിയിരുന്നു. 'കേസരി'യുടെ പത്രാധിപരെന്ന നിലയിലും നിരവധി സാംസ്കാരികസംഘടനകളുടെ സാരഥിയെന്ന നിലയിലും കേരളത്തിന്റെ സാമൂഹ്യരംഗത്ത് വ്യക്തിമുദ്ര പതിപ്പിച്ചു. വിവേകാനന്ദ ശിലാസ്മാരകത്തിന്റെ ആരംഭകാല പ്രവർത്തകനായിരുന്നു. 1980 ൽ സന്യാസം സ്വീകരിച്ചു. ഇപ്പോൾ കന്യാകുമാരിയിൽ വിവേകാനന്ദപുരത്തിന്നടുത്തുള്ള ശ്രീകൃഷ്ണമന്ദിരത്തിൽ ആദ്ധ്യാത്മിക പ്രവർത്തനങ്ങളുമായി വസിക്കുന്നു.

കൃതികളിൽ ചിലത്:

ഹിന്ദുധർമ്മപരിചയം
കന്യാകുമാരി മുതൽ കപിലവാസ്തു വരെ
ജീവിതജ്യോതി
ധർമ്മരശ്മികൾ
കൃഷ്ണം ശരണം ഗച്ഛാമി
പുണ്യചരിതാവലി
കന്യാകുമാരി
കന്യാകുമാരിയും ചുററുക്ഷേത്രങ്ങളും
ജയ ജഗജ്ജനനി
ആർഷരശ്മികൾ

# ആർഷരശ്മികൾ

സ്വാമി പരമേശ്വരാനന്ദ

വിതരണം:

രചന

**Aarsha Rasmikal**

By Swami Parameswarananda

Cover: Hari

First Impression: January 1988

Rights reserved

Printed at: Sindhu Printers, Trivandrum-6

Published by
AARSHA SAHITHI

Distributors:
RACHANA
19/7880, Ambadi Lane, Poojappura, Trivandrum-695 012

Price: Rs. 22

88/1 R 5 - 1000 - O 188

# ആർഷരശ്മികൾ—ഒരാസ്വാദനം

പലപ്പോഴുമായി എഴുതിയ മുപ്പതിൽപ്പരം നല്ല സത്തുള്ള ലേഖനങ്ങൾ കൂട്ടിച്ചേർത്തിണക്കിയതാണ് ആർഷരശ്മികൾ. ശക്തിദായകനും പുഷ്ടിവർദ്ധനനുമായ സൂര്യഭഗവാൻെറ രശ്മികളെപ്പോലെ നമ്മുടെ ജീവിതത്തിന് ശക്തിയും പുഷ്ടിയും നൽകാൻ ഉതകുന്നവയാണ് ഇതിലെ ഓരോ രശ്മിയും—ലേഖനവും.

സാഹിതീസേവനവും ധർമ്മസംരക്ഷണവും അനവധി വർഷങ്ങളായി വ്രതാനുഷ്ഠാനമായി സ്വീകരിച്ചിരിക്കുന്ന ശ്രീമത് പരമേശ്വരാനന്ദ സ്വാമികൾ കേരളത്തിലെ ഹിന്ദുക്കൾക്ക് സുപരിചിതനാണ്. അദ്ദേഹത്തിൻെറ ഇതുവരെയുള്ള പ്രസിദ്ധീകരണങ്ങൾ കേരളത്തിലെ ഹൈന്ദവസാഹിത്യത്തിന് മുതൽക്കൂട്ടുകളാണ്. വിവേകാനന്ദ ശിലാസ്മാരകത്തിൻെറ ബാല്യാരിഷ്ടതകളെ ചികിൽസിച്ച് മാററുന്നതിൽ സമർത്ഥമായ ഒരു പങ്കുവഹിച്ചിട്ടുള്ള വൈദ്യനും കൂടിയാണ് സ്വാമികൾ. സന്യാസം സ്വീകരിച്ചതിനുശേഷം കന്യാകുമാരിയിൽ വിവേകാനന്ദ കേന്ദ്രത്തിലുള്ള ശ്രീകൃഷ്ണമന്ദിരത്തിൽ ശുദ്ധ സാത്വികവും പരോപകാരപ്രദവുമായൊരു ജീവിതം നയിച്ചുകൊണ്ടുവരികയാണ് സ്വാമിജി.

ലേഖനങ്ങളെല്ലാം ഒരു കെട്ടാക്കി എൻെറ കൈയിൽതന്ന് അതിനൊരു മുഖവുര എഴുതണം എന്നു പറഞ്ഞു. മഹത്തായൊരു സാഹിത്യകൃതിക്ക് ഒരു മുഖവുര എഴുതാനുള്ള പ്രാഗത്ഭ്യമോ ഭാഷാചാതുര്യമോ എനിക്കില്ല. എന്നാലും മാനവജീവിതത്തിൻെറ പുരോഗമനത്തിന്നായും മൂല്യവർദ്ധനവിനായും ഉള്ള എല്ലാ പരിശ്രമങ്ങളെയും ഹൃദയം തുറന്നനുമോദിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യേണ്ടതിൻെറ ആവശ്യകത വളരെയധികം മനസ്സിലാക്കിട്ടുള്ളതുകൊണ്ട് ഒരു ആസ്വാദനം എന്ന നിലയിൽ മാത്രം ഞാൻ ഈ പണിക്ക് തുനിയുകയാണ്.

ആദ്യലേഖനങ്ങൾ വായിച്ച് തുടങ്ങിയപ്പോൾ തോന്നിയത് ഇത്ര അപാരമായ അറിവും പരിചയവും സ്വാമിജി എവിടുന്ന് സമ്പാദിച്ചു എന്നാണ്. ഓരോ ലേഖനവും സ്വാമിജിയുടെ ചിന്താശക്തിയെയും ലോക പരിചയത്തേയും തൻെറ അറിവിനെ മററുള്ളവരുമായി പങ്കിടുവാനുള്ള വെമ്പലിനേയും വിളിച്ചറിയിക്കുന്നവയാണ്. യാത്രാവിവരണങ്ങൾ, സ്വാനുഭവങ്ങൾ, സങ്കല്പങ്ങൾ, ഭാവനകൾ, ഗഹനമായ തത്വജ്ഞാനം, ഇതിലെല്ലാമുപരിയായി ഹൈന്ദവധർമ്മത്തോടുള്ള കൂറും ആ ധർമ്മത്തിന് ലോകോത്തര നൻമക്കായി ഇനിയും പല

തും നല്കാൻ കഴിയും എന്നുള്ള ഉറപ്പും—ഇങ്ങനെ പോകുന്നു ഇതിലെ ലേഖനങ്ങളുടെ ഉള്ളടക്കം.

ഈശ്വര ചൈതന്യത്തെ കൂടുതൽ സ്വന്തമാക്കുന്തോറും ആ ചൈതന്യത്തിന്റെ ബഹിർപ്രവാഹവും തുടർന്നുകൊണ്ടിരിക്കും എന്നുള്ള സത്യത്തെ എടുത്തുകാണിക്കുന്നു സ്വാമിജിയുടെ 'ആർഷരശ്മികൾ' പറയാനുള്ളത് കൃത്യമായും ലളിതമായും അനായാസമായും വേണ്ടാത്ത പൊടിപ്പും തൊങ്ങലുമില്ലാതെ പറയാനുള്ള സ്വാമിജിയുടെ കഴിവ് ഇതിലെ ലേഖനങ്ങൾക്ക് പ്രത്യേകം മിഴിവ് കൊടുത്തിരിയ്ക്കുന്നു.

ശ്രീ പരശുരാമൻ, ജഗത് ഗുരു ഹനുമാൻ, മഹർഷി യാജ്ഞവല്ക്യൻ, ശ്രീ രമണൻ എന്നീ ആരാദ്ധ്യവ്യക്തികളെപ്പററി, ദ്വാരക, തുളജാഭവാനി, ഗംഗ ആദിയായ പുണ്യസ്ഥലങ്ങളെപ്പററി, ശാക്തമതം, ഗണേശതത്വം, സ്യമന്തകമണി, നാരായണധർമ്മം എന്നിവയുടെ ആന്തരാർത്ഥത്തെപ്പററി എല്ലാം വിശദമായി നമ്മെ മനസ്സിലാക്കിക്കാൻ ലേഖകൻ ശ്രമിച്ചിരിക്കുന്നു. ഇൻഡ്യയെ മുന്നിട്ടുകൊണ്ടിരിക്കുന്ന വലിയ ഭീഷണികളിൽ മുൻപന്തിയിൽ നിൽക്കുന്ന മതമാററം, ഹൈന്ദവധർമ്മത്തിന്റെ ശാസ്ത്രീയവും വിശേഷാത്തരവുമായ ഉൾക്കരുത്ത്, ഇതിനെല്ലാമിടയിൽ സ്വന്തജീവിതത്തിൽ നിന്ന് ഒരു ഏട്, ഇങ്ങനെ വൈവിദ്ധ്യമാർന്ന ലേഖന സമുച്ചയമാണ് 'ആർഷരശ്മികൾ'.

നമ്മുടെ മനസ്സിനെ കവർന്നെടുത്ത് തന്റെകൂടെ കൊണ്ടുപോകാനുള്ള ഒരു പ്രത്യേക കഴിവുണ്ട് സ്വാമിജിയുടെ ആവിഷ്കരണത്തിന്. അതുകൊണ്ടുതന്നെയാണ് അദ്ദേഹത്തിന്റെ പുസ്തകങ്ങൾ ഒരേ ഇരുപ്പിൽ ഇരുന്ന് വായിച്ച് തീർക്കുവാനുള്ള ഉദ്വേഗം വായനക്കാർക്ക് അനുഭവപ്പെടുന്നതും.


ശ്രീകൃഷ്ണമന്ദിരത്തിലെ വേണുഗോപാലന്റെ വേണുവായി ഇനിയും വളരെക്കാലം ശ്രീമദ് പരമേശ്വരാനന്ദസ്വാമികൾ, പലവിധത്തിലും ഉള്ള അജ്ഞതയിലും അന്ധതയിലും കിടന്ന് നരകിച്ചുകൊണ്ടിരിക്കുന്ന ജനഹൃദയങ്ങളിലേക്ക് അമൃത ഗാനങ്ങൾ പകർന്നുകൊണ്ടിരിക്കട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട് എന്റെ ഈ എളിയ ആസ്വാദനത്തെ സ്വാമിജിയുടെ പാദങ്ങളിൽ സമർപ്പിക്കുന്നു.

**ഡോ. എം. ലക്ഷ്മികുമാരി**
പ്രസിഡന്റ്, വി. ആർ. എം. സി.
വിവേകാനന്ദകേന്ദ്രം, കന്യാകുമാരി

കന്യാകുമാരി
ജനുവരി 1, 1988

## ഉള്ളടക്കം


| | |
|---|---|
| കന്യാകുമാരി ജില്ലയിലെ ക്ഷേത്രങ്ങൾ | 9 |
| നമ്മുടെ തീർത്ഥസ്ഥാനങ്ങൾ | 18 |
| ദ്വാരകയിലൂടെ | 29 |
| തുളജാപ്പൂർ ഭവാനി | 35 |
| കല്ല്യാൺ-ഗണേശപുരി | 40 |
| ഭർത്തൃഹരി ഗുഹയിൽ | 45 |
| ഗിരിനാർ ശിഖരങ്ങൾ | 50 |
| ഗംഗാമാഹാത്മ്യം | 56 |
| മതംമാററം ഒരു ഭീഷണി | 62 |
| ഹരിജനപ്രശ്നം | 70 |
| വന്ദേമാതരം: ദേശീയതാമന്ത്രം | 75 |
| ഹിന്ദുധർമ്മപാഠശാലകൾ | 86 |
| ധർമ്മസാരമിദം ജഗത് | 108 |
| സദാചാരം—ക്ഷേമമാർഗ്ഗം | 117 |
| സേവാധർമ്മം | 121 |
| നാരായണധർമ്മം | 126 |
| ഹിന്ദുമതത്തിൽ ഇല്ലാത്തതെന്ത്? | 131 |
| ശാക്തമതം | 139 |
| ഈശ്വരാരാധനയിൽ സ്ത്രീകളുടെ പങ്ക് | 150 |
| ദശാവതാരം—ഒരു പഠനം | 156 |
| പരശുരാമാവതാരം | 165 |
| ജഗത്ഗുരു ഹനുമാൻ | 172 |
| മഹർഷി യാജ്ഞവല്ക്യൻ | 177 |
| ഭഗവാൻ രമണൻ | 187 |
| അവധൂതന്റെ ഗുരുനാഥൻമാർ | 194 |
| പഴയ ഏടുകളിൽനിന്ന് | 199 |
| യേ യഥാമാം പ്രപദ്യന്തേ | 207 |
| സ്യമന്തകമണി | 212 |
| ഗീതാമഹത്വം | 217 |
| ഗീതയിലെ വിശ്വമാതൃത്വം | 220 |
| ജീവിതപുരോഗതി | 228 |



കന്യാകുമാരി വിവേകാനന്ദപ്പാറയിൽ
1964 ൽ അന്നത്തെ സാധുശീലൻ പരമേശ്വരൻപിള്ള (സ്വാമി പരമേശ്വരാനന്ദ),
ശ്രീമദ് പ്രകാശാനന്ദ സ്വാമികൾ, ശ്രീ സദാനന്ദ സരസ്വതി,
ശ്രീ ഏകനാഥ റാനഡേ, ശ്രീമതി വിജയ ജി. നായർ.



കടലിലെ വിവേകാനന്ദമണ്ഡപം പൂർത്തിയായപ്പോൾ
1970 ൽ കുംഭാഭിഷേക സന്ദർഭത്തിൽ പ്രധാന ശിൽപി
സ്ഥപതി ആചാരിയും ഗ്രന്ഥകർത്താവും.



വിവേകാനന്ദകേന്ദ്രം കടൽക്കരയിലെ
വിവേകാനന്ദമണ്ഡപം
1986–ൽ ശിഖരകുംഭാഭിഷേക സന്ദർഭത്തിൽ കേന്ദ്ര പ്രസിഡൻറ് ഡോ. ലക്ഷ്മികുമാരി, വൈസ് പ്രസിഡൻറ് കെ. എൻ. വാസ്വാനി, ജനറൽ സെക്രട്ടറി ശ്രീ എ. ബാലകൃഷ്ണൻ എന്നിവരോടൊപ്പം സ്വാമി ജ്ഞാനാനന്ദ സരസ്വതിയും സ്വാമി പരമേശ്വരാനന്ദ ഗിരിയും

# കന്യാകുമാരി ജില്ലയിലെ ക്ഷേത്രങ്ങൾ

ഭാരതവർഷത്തിന്റെ തുടക്കം കുറിക്കുന്ന കന്യാകുമാരി മുനമ്പിൽനിന്നു വടക്കോട്ടു നോക്കുക. പതുക്കെ പതുക്കെ വിസ്തൃതമായിക്കൊണ്ടിരിക്കുന്ന ഭൂപരപ്പ് ഹിമാലയസാനുക്കളിലെ സമതലപ്രദേശത്തു (തരായി) ചെന്നു വിരാമമിടുന്നു. ഇതിനകം എത്രയെത്ര നാടുകളും നഗരങ്ങളും, എത്രയെത്ര കാനനങ്ങളും, കായലുകളും എത്രയെത്ര പുഴകളും മലകളും! ഈ പ്രകൃതി പ്രഭാതങ്ങളിലും പ്രദോഷങ്ങളിലും സന്ധ്യാദീപമേററി പ്രകാശമരുളുന്ന ക്ഷേത്രങ്ങളും താപസകുടീരങ്ങളും എത്രയെങ്കിലും. വിശ്വാതീതമായ ശാശ്വതധർമ്മത്തിന്റെ മൂലസ്ഥാനമാണ് ഭാരതം. ഭാരതത്തിന്റെ മൂലസ്ഥാനമാകട്ടെ കന്യാകുമാരിയും. ഗോകർണ്ണം മുതൽ കന്യാകുമാരിവരെ പരശുരാമക്ഷേത്രമെന്നു പ്രകീർത്തിച്ചിരുന്ന പണ്ടേക്കാലം മുതൽ കന്യാകുമാരിയിൽ നിന്നുണർന്നു ഉയരുകയും വ്യാപരിക്കുകയും ചെയ്ത വിദ്യകളെല്ലാം ബ്രഹ്മവിദ്യയിൽ കേന്ദ്രീകരിച്ചിരുന്നു. ബ്രഹ്മവിദ്യയാകട്ടെ കന്യാകുമാരിയെന്ന സമൂർത്തഭാവത്തിൽ ഈ മുനമ്പിൽതന്നെ സ്ഥിരപ്രതിഷ്ഠിതയുമാകുന്നു.

മൂന്നു സമുദ്രങ്ങളുടെ സംഗമസ്ഥാനം, സൂര്യചന്ദ്രാദി ഉദയാസ്തമനദൃശ്യമേകുന്ന സ്ഥാനം എന്നിങ്ങനെ പ്രകൃതിദത്തമായ കാരണങ്ങളോടൊപ്പം, കന്യാകുമാരിയെന്ന ഈ പ്രധാനശക്തിപീഠസ്ഥാനം ഭാരതവർഷത്തിന്റെ കുണ്ഡലിനീശക്തിയാണെന്നതും നവപരിവർ

ത്തനങ്ങൾക്കു കാരണമാകുന്നുണ്ട്. ആധുനികപ്രകൃതിയിൽ പരാശക്തിയെ പ്രത്യക്ഷമായി അനുഭവപ്പെടുത്തുകയും മററുള്ളവർക്കും അനുഭവപ്പെടുമാറാക്കുകയും ചെയ്ത മഹാത്മാക്കളിൽ അഗ്രഗണ്യനായ ശ്രീരാമകൃഷ്ണദേവൻെറ ശിഷ്യപ്രമുഖൻ സ്വാമി വിവേകാനന്ദൻെറ നവോത്ഥാന യജ്ഞത്തിൻെറ തുടക്കം കുറിച്ചതും ഈ മുനമ്പിൽ നിന്നാണല്ലോ. വർഷങ്ങൾക്കുശേഷം ഇവിടെ പടുത്തുയർത്തപ്പെട്ട വിവേകാനന്ദശിലാസ്മാരകം തന്നെ കുണ്ഡലിനീ ഉണർവ്വിൻെറ മറെറാരു ദൃഷ്ടാന്തമാണ്. ഏതും എന്തും പരാശക്തിയുടെ ദിവ്യാനുഗ്രഹപൂർവ്വം തുടങ്ങുന്നെങ്കിലേ കാര്യമായ ഫലപ്രാപ്തിയുണ്ടാവൂ എന്നതിന്നൊരു സജീവദൃഷ്ടാന്തമാണിത്.

രാഷ്ട്രീയമായി അഥവാ ഭരണപരമായി നാഗരുകോവിൽ നഗരത്തെ തലസ്ഥാനമാക്കി രൂപീകരിച്ച കന്യാകുമാരി ജില്ല പ്രകൃതിദത്തമായ വിഭവങ്ങളെക്കൊണ്ട് നിറഞ്ഞതാണ്. ഇന്നു ഇതൊരു തമിഴ്നാട് ജില്ലയാണെങ്കിലും കേരളത്തിനും തുല്ല്യാഭിമാനം കൊള്ളാവുന്ന ഐതിഹാസികനേട്ടങ്ങൾ പലതും ക്ഷേത്രങ്ങൾ, കൊട്ടാരങ്ങൾ, കോട്ടകൾ, സ്ഥലനാമങ്ങൾ മുതലായ രൂപഭാവങ്ങളിൽ ദൃശ്യമാണ്. കന്യാകുമാരി മുനമ്പു മുതൽ നവകേരളത്തിൻെറ അതിർത്തിയായ കളിയിക്കാവിളവരെ, മുപ്പത്തിയഞ്ചുമൈൽ ദൈർഘ്യമുള്ള പ്രധാനപാതയുടെ ഇരുഭാഗങ്ങളിലേക്കും കടന്നുചെന്നാലനുഭവപ്പെടും സസ്യശ്യാമളാഭമായ പ്രകൃതിദേവിയുടെ കൃപാകടാക്ഷങ്ങൾ. ധർമ്മനിഷ്ഠയുടേയും ത്യാഗ-തപസുകളുടേയും നഷ്ടശിഷ്ടങ്ങളായി അവിടവിടെയായി ജീർണ്ണിച്ച ധർമ്മസത്രങ്ങളും സമാധിമഠങ്ങളും ഇപ്പോഴും കാണാം. പകരം ഏതാനും നൂററാണ്ടുകൾക്കകം ഭൗതികധർമ്മത്തിലെങ്കിലും മുന്നേറിയ വിദേശമതസ്ഥരുടെ സ്ഥാപനങ്ങൾ തെളിഞ്ഞുവിളങ്ങുന്നുണ്ട്. അഥവാ 646 ചതുരശ്രമൈൽ വിസ്തീർണ്ണവും 11 ലക്ഷം ജനസംഖ്യയുമുള്ള കന്യാകുമാരി ജില്ലയിൽ ഹിന്ദുക്കളുടെ ശതമാനം 59 മാത്രമാണിന്ന്.

ഈ ജില്ലയിൽ ചെറുതും വലുതുമായ 600-ൽ പരം ഹിന്ദുക്ഷേത്രങ്ങളുണ്ട്. ഇവയിൽ മദ്രാസ് ഹിന്ദുമത ധർമ്മപ

രിപാലന ബോർഡിന്റെ സർവാധികാരത്തിൻ കീഴിൽ ഒരു ട്രസ്ററിബോർഡ് ഭരിക്കുന്ന ക്ഷേത്രങ്ങളും ഓരോ സമുദായം വക ക്ഷേത്രങ്ങളും ഉൾപ്പെടും. തിരുവിതാംകൂറിലെ ന്നപോലെ ട്രസ്ററിബോർഡിന്റെ ഭരണത്തിലുള്ള ക്ഷേത്രങ്ങളിൽ മിക്കവാറും തുളുപോററിമാരാണ് പൂജാരികൾ. പ്രകൃതിരമ്യമായ സ്ഥലങ്ങളിൽ സ്ഥിതിചെയ്യുന്ന ഏതാനും ക്ഷേത്രമെങ്കിലും പോയി ദർശിക്കുന്നവർക്കു ബോധ്യപ്പെടും, ഈ ജില്ലയിൽ ചേര—ചോഴ-പാണ്ഡ്യ-പല്ലവാദി രാജവംശങ്ങൾ ക്ഷേത്രനിർമ്മാണത്തിൽ എങ്ങനെ സമ്മേളിച്ചിരിക്കുന്നുവെന്ന്. രാജരാജചോഴൻ, തിരുമലനായ്ക്കൻ തുടങ്ങിയ രാജാക്കൻമാരുടെ ശിലാക്ഷേത്രങ്ങൾക്കടുത്തു തന്നെ തനി മലയാളമട്ടിൽ ദാരുശിൽപ്പങ്ങളോടു കൂടിയ ക്ഷേത്രങ്ങളും കാണാം. ഉന്നത ഗോപുരങ്ങളുള്ള ശുചീന്ദ്രം സ്ഥാണുമാലയപെരുമാൾ ക്ഷേത്രത്തിനും പത്മനാഭപുരം ശ്രീനീലകണ്ഠസ്വാമിക്ഷേത്രത്തിനും സമാന്തരമായി ദാരുശിൽപ്പ നിർമ്മിതമായ ശ്രീരാമസ്വാമി ക്ഷേത്രവും കേരളപുരം, തിരുവിതാംകോട് ക്ഷേത്രങ്ങളും കാണാം. ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിലെ ഗോപുരമില്ലെങ്കിലും അതേമാതൃകയിൽ നിർമ്മിച്ചിട്ടുള്ള മറെറാരു അനന്തശയന ക്ഷേത്രമാണ് തിരുവട്ടാറിലെ ആദികേശവം. തനി മലയാള മട്ടിലുള്ള പൊങ്കാല വഴിപാട് നടത്തുന്ന മണ്ടയ്ക്കാട്, തൂക്കവഴിപാടുള്ള കൊല്ലങ്കോട് എന്നീ ദേവീക്ഷേത്രങ്ങൾ പടിഞ്ഞാറെ കടലോരത്തിൽ സ്ഥിതി ചെയ്യുന്നു. കന്യാകുമാരി കഴിഞ്ഞാൽ ഏററവും പ്രാധാന്യമുള്ള ദേവീക്ഷേത്രങ്ങളാണിവ.

ശിവക്ഷേത്രങ്ങളിൽ ശുചീന്ദ്രം കഴിഞ്ഞാൽ ശിവാലയ ഓട്ടം വഴിപാട് നടത്തുന്ന പന്ത്രണ്ട് ശിവക്ഷേത്രങ്ങൾ പ്രസിദ്ധങ്ങളാണ്. മഹാശിവരാത്രിദിവസം വ്രതമെടുത്ത ഓരോ ചെറുസംഘങ്ങൾ "ഗോവിന്ദാ ഗോവിന്ദാ" എന്ന നാമോച്ചാരണത്തോടുകൂടി ഈ പന്ത്രണ്ട് ശിവക്ഷേത്രങ്ങളിലും ഓടിച്ചെന്നു ദർശിക്കുന്ന പരിപാടിയാണിത്. വാഹനത്തിലാണെങ്കിൽ 100 നാഴികയോളം ദൂരം വരുന്ന പ്രസ്തുത ക്ഷേത്രങ്ങളിലേയ്ക്കു പല കുറുക്കു പാതകളിൽ ക്കൂടി കൃത്യസമയങ്ങളിൽചെന്നു ദർശനം ചെയ്യുകയെന്നതു സാഹസികമായ ഒരു വ്രതം തന്നെയാണ്. കന്യാകുമാരി

മുനമ്പിൽനിന്നു തിരുവനന്തപുരത്തേയ്ക്കു പോകുന്ന പ്രധാന റോഡിൽ 35 മൈൽ ചെന്നാൽ കുഴിത്തുറയ്ക്കിപ്പുറം മാർത്താണ്ഡത്തുനിന്നും തേങ്ങാപട്ടണത്തിലേയ്ക്കുള്ള റോഡിൽ മൂന്നുമൈൽ പോകണം മുഞ്ചിറ തിരുമല ക്ഷേത്രത്തിലേയ്ക്ക്. ശിവാലയഓട്ടം ഇവിടെനിന്നും ആരംഭിച്ച് തിക്കുറിശ്ശി, തൃപ്പരപ്പ്, തിരുനന്തിക്കര, പൊൻമന, പന്നിപ്പാദം, പത്മനാഭപുരം, മേലാങ്കോട്, തിരുവിടയ്ക്കോട്, തിരുവിതാങ്കോട്, തിരുപ്പന്നിക്കോട് എന്നീ ശവിക്ഷേത്രങ്ങളിൽ ദർശിച്ചിട്ട് അവസാനം തിരുനട്ടാലം ക്ഷേത്രത്തിൽ സമാപിക്കുന്നു. അവിടെ സമാപനപൂജയോടുകൂടി ശിവാലയഓട്ടം നടത്തിയവർക്കു സദ്യവട്ടങ്ങളോടുകൂടിയ ഭക്ഷണം നൽകി അയയ്ക്കുന്നു. അനന്യസാധാരണമായ ഒരു ക്ഷേത്രോൽസവമാണിത്.

ദക്ഷിണകേരളത്തിൽ മകരക്കൊയ്ത്തു കഴിഞ്ഞാൽ മിക്കവാറും പാടങ്ങളിൽതന്നെ മുടിപ്പുര കെട്ടി തോററംപാട്ടും ഉൽസവവും നടത്താറുണ്ട്. ഈ ഭഗവതീപരമായ വാർഷികോൽസവത്തിനു സമാന്തരമായി തമ്പുരാൻ മണ്ഡപങ്ങളിൽ തമ്പുരാൻപാട്ടും ഉൽസവവും ഉണ്ട്. കന്യാകുമാരി ജില്ലയിൽ അഴകിയപാണ്ഡിപുരത്തിനടുത്ത് കടുക്കരെ തമ്പുരാൻ ഊട്ട് പ്രസിദ്ധമാണ്. ചുററുമുള്ള കരക്കാർ ചേർന്നു സംഭരിക്കുന്ന അരി മുഴുവനും പാകം ചെയ്തു ക്ഷേത്രനടയിൽ ഒരു കുന്നുപോലെ കൂട്ടുന്നു. ഉച്ചപൂജ കഴിഞ്ഞ് പൂജാരി ഉടവാളുമേന്തി അന്നകൂടത്തിൽ പ്രദക്ഷിണമായി വന്നു ചോറുകൂമ്പാരത്തിൻെറ ഒത്തമുകളിൽ ദൃഷ്ടിപതിപ്പിക്കുമ്പോൾ അതു രണ്ടായി പിളർക്കും. തുടർന്നു കുടിയിരിക്കുന്ന ആയിരക്കണക്കിന് ജനങ്ങൾക്ക് അതവിടെവെച്ചുതന്നെ വിളമ്പുന്നു. ഇതുപോലെ ആരുവാമൊഴിയിലെ മധുരമീനാക്ഷിക്ഷേത്രത്തിൽ ശ്രീശാസ്താസന്നിധിയിൽ കറങ്ങുന്ന കുതിരമേൽ ദേവനെ എഴുന്നള്ളിക്കുന്ന തമ്പുരാൻ വിളയാട്ടും പ്രശസ്തമാണ്.

കന്യാകുമാരി ഭഗവതിക്ഷേത്രത്തിലെ നവരാത്രി, ശുചീന്ദ്രത്തിലെ തേരോട്ടം, വേളിമല കുമാരകോവിലിലെ തൃക്കല്യാണം, മണ്ടയ്ക്കാട്ട് കൊട, കടുക്കരയിലെ തമ്പുരാൻ ഊട്ട്, ആരുവാമൊഴിയിലെ തമ്പുരാൻ വിളയാട്ട്, മരുങ്കൂരിലെ ശൂരസംഹാര ഉൽസവം, പന്ത്രണ്ട് ശിവാലയ

ങ്ങളിലെ ശിവാലയ ഓട്ടപ്രദക്ഷിണം, കൊല്ലങ്കോട്ട് തൂക്കം എന്നീ സവിശേഷതകൾക്കൊപ്പം തിരുവനന്തപുരം നവരാത്രി ഉൽസവത്തിനു ഈ ജില്ലയിലെ പ്രതിഷ്ഠാമൂർത്തികൾ സംബന്ധിക്കുന്ന എഴുന്നള്ളത്തു ഇപ്പോഴും തുടരുന്നു എന്ന വസ്തുതയും സ്മർത്തവ്യമാണ്. മൂർത്തിവിശേഷങ്ങളിൽ കന്യാകുമാരിദേവി നിത്യകന്യകയും തപസ്വിനിയുമാണെങ്കിൽ ശുചീന്ദ്രം സ്ഥാണുമാലയൻ—ശിവൻ-ബ്രഹ്മാവിഷ്ണുശിവൻ—ത്രിമൂർത്തി ഐക്യസ്വരൂപനാണ്. നാഗപ്രതിഷ്ഠകളിൽ പ്രമുഖമായ സ്ഥാനമാണ് നാഗരുകോവിൽ ക്ഷേത്രത്തിന്. നാഗരുകോവിൽ നഗർത്തിൽ തന്നെ കോട്ടാർദേശികവിനായകക്ഷേത്രം ഗണേശ പ്രതിഷ്ഠകളിൽ പ്രഥമസ്ഥാനമർഹിക്കുന്നു. കേരളപുരം ക്ഷേത്രത്തിലെ ഗണപതി വിഗ്രഹത്തിനു ആറുമാസം കൂടുമ്പോൾ നിറംമാറുന്ന രൂപമാണ്. മണ്ടയ്ക്കാട്ട് ഭഗവതിക്ഷേത്രത്തിലെ മൂലസ്ഥാനത്തുവളർന്നുകൊണ്ടിരിക്കുന്ന ഒരു പുററാണ് പ്രതിഷ്ഠാമൂർത്തി. പാക്കെ മധുസൂദനപെരുമാൾ ക്ഷേത്രത്തിൽ ഗരുഡവാഹനമൂർത്തിയ്ക്ക് പ്രാധാന്യം കൽപ്പിക്കുന്ന ഐതിഹ്യമുണ്ട്. ഭൂതപ്പാണ്ടി, ചിതാൽ തിരുനന്തിക്കര എന്നീ ക്ഷേത്രങ്ങളിലും മരുത്വാമലയിലും കൽഗുഹകളിലാണ് പ്രതിഷ്ഠകൾ. തൃപ്പരപ്പിൽ ക്ഷേത്രദർശനത്തോടൊപ്പം വെള്ളച്ചാട്ടദൃശ്യവും മനോഹരമാണ്.

ദേവവിഗ്രഹങ്ങളിൽ വലിപ്പം കൂടിയ ഒന്നാണ് ശുചീന്ദ്രത്തിലെ ശ്രീഹനുമാൻ വിഗ്രഹവും നന്ദികേശ്വരനും.

യത്രയത്ര രഘുനാഥകീർത്തനം
തത്രതത്രകൃതമസ്തകാഞ്ജലിം
ബാഷ്പവാരിപരിപൂർണ്ണലോചനം
മാരുതിം നമതരാക്ഷസാന്തകം

എന്ന ധ്യാനശ്ലോകത്തിനൊത്തവിധം നിർമ്മിച്ചിരിക്കുന്ന ഈ ഹനുമൽ വിഗ്രഹത്തിന് 18 അടി ഉയരമുണ്ട്. കുഴിത്തുറ—കരുങ്കൽ റോഡിൽ തിപ്രമലയെന്ന സ്ഥലത്തു കേരളരീതിയിൽ നിർമ്മിച്ചിട്ടുള്ള ശ്രീകൃഷ്ണക്ഷേത്രത്തിലെ ശ്രീകൃഷ്ണവിഗ്രഹവും അൽഭുതാകാരമാണ്. ഭഗവാൻ ഉണ്ണികൃഷ്ണൻ യശോദാദേവിയ്ക്കു വിശ്വരൂപദർശനം നൽകിയവിധം—

സാതത്ര ദദൃശേ വിശ്വം ജഗൽസ്ഥാസ്നുചഖംദിശഃ
സാദ്രിദ്വീപാബ്ധി ഭൂഗോളം സവായ്വഗ്നീന്ദുതാരകം
ഏതദ്വിചിത്രം സഹ ജീവകാല സ്വഭാവ കർമ്മാശയ–
ലിംഗഭേദം
സൂനോസ്തനൗ വീക്ഷ്യ വിദാരിതാസ്യേവ്രജം സഹാത്മാ–
നമവാപ ശങ്കാം

എന്ന് ഭാഗവതത്തിൽ വർണ്ണിച്ചിരിക്കുന്നതുപോലെ ഭാവഗംഭീരമായിരിക്കുന്നു. എന്നാൽ ഈ ദിവ്യാൽഭുതവിഗ്രഹത്തിന്നനുയോജ്യമാംവിധം ക്ഷേത്രപുനർനിർമ്മാണം ചെയ്യേണ്ടതാണെന്നു ആർക്കും തോന്നും. തിരുവട്ടാർ ആദികേശവക്ഷേത്രത്തിലെ അനന്തശയനമൂർത്തിക്കും 18 അടി ദൈർഘ്യമുണ്ട്. മററെല്ലാം കൃഷ്ണശിലയിലാണെങ്കിൽ ഈ മൂർത്തി കടുശർക്കരയോഗത്തിൽ നിർമ്മിച്ചിരിക്കുകയാണ്. ഇതുപോലെ ശുചീന്ദ്രത്തിലെയും തിരുപ്പതിസാരത്തിലെയും വിഷ്ണുമൂർത്തികളും കടുശർക്കരയോഗത്തിൽ നിർമ്മിച്ചിട്ടുള്ളവയാണ്. കരുങ്കൽ ഭഗവതീക്ഷേത്രത്തിലെ ആൾരൂപത്തിലുള്ള ശിവപ്രതിഷ്ഠയ്ക്കു 6 അടി ഉയരവും വാരംവച്ചഗോഷ്ഠത്തിലെ മഹിഷാസുരമർദ്ദിനിമൂർത്തിക്കു 5 അടി ഉയരവുമുണ്ട്. ഇതുപോലെ താരതമ്യേന പറക്കൈ മധുസൂദനൻ, വേളിമല സുബ്രഹ്മണ്യൻ മുതലായ പ്രതിഷ്ഠാമൂർത്തികളും ആരംവലിപ്പമുള്ളവയാണ്. നാഗരുകോവിൽ, ചിതറാൽ, തിരുനന്തിക്കര മുതലായ ക്ഷേത്രസ്ഥാനങ്ങളിൽ ഒരു കാലത്തു ജൈനസമുദായം കുടിപാർത്തിരുന്ന ലക്ഷണങ്ങളുണ്ട്. തിരുവിതാംകൂർ രാജവംശവുമായി ബന്ധപ്പെട്ട പല ചരിത്രരേഖകളും തിരുവട്ടാർ, പദ്മനാഭപുരം, കേരളപുരം, തിരുവിതാംകോട്, വാരംവെച്ചഗോഷ്ഠം മുതലായ ക്ഷേത്രങ്ങളിൽ ഉള്ളതുപോലെ ചോഴ–പാണ്ഡ്യ–പല്ലവ രാജവംശങ്ങളുമായി ബന്ധപ്പെട്ട രേഖകൾ മററു പല ക്ഷേത്രങ്ങളിലും കാണാം.

ഇനി കന്യാകുമാരി മുനമ്പിൽ കന്യാകുമാരിദേവീദർശനം കഴിഞ്ഞ് ഈ ജില്ലയിലെ പ്രധാനക്ഷേത്രങ്ങൾ ദർശിക്കണമെന്നു നിശ്ചയിക്കുക. മുനമ്പിൽത്തന്നെ ഭഗവതീക്ഷേത്രത്തിലെ ദർശനവും വിവേകാനന്ദശിലാസ്മാരക ദർശനവും സാധിച്ചിട്ട് വടക്കോട്ടു തിരിക്കുമ്പോൾ ഗുഹനാ

ഥേശ്വരം, കാശിവിശ്വനാഥം എന്നീ രണ്ടു ശിവക്ഷേത്രങ്ങൾ ദർശനീയങ്ങളാണ്. പിന്നീട് മഹാദാനപുരത്തെ ശ്രീകൃഷ്ണക്ഷേത്രവും അഗസ്തീശ്വരത്തെ അഗസ്തീശ്വരൻ ക്ഷേത്രവും കാണാം. മുനമ്പിൽനിന്നു 5 നാഴിക വടക്കുമാറി പ്രധാന റോഡിൽതന്നെ പൊത്തയടി എന്ന സ്ഥലത്തിനടുത്താണ് മരുത്വാമല. ഇവിടെ ഒരു ഗുഹാക്ഷേത്രവും ഏകാന്തസാധകർക്കു ഉപയുക്തമായ ഗുഹഗഹ്വരങ്ങളും കാണുന്നതിനു പുറമേ മലമുകളിൽനിന്നുള്ള കന്യാകുമാരി പ്രകൃതിദൃശ്യവും മനോഹരമാണ്. ഇവിടെനിന്നും പടിഞ്ഞാറോട്ടു തിരിഞ്ഞുപോയാൽ സ്വാമിത്തോപ്പ് പതിയെന്ന ക്ഷേത്രം ദർശിക്കാം. മൂന്നുമൈൽ വടക്കോട്ടുചെന്നാൽ പ്രധാനറോഡരികെ തന്നെയാണ് ശുചീന്ദ്രം മഹാക്ഷേത്രം. ശുചീന്ദ്രത്തുനിന്നു രണ്ടുമൈൽ തെക്കുപടിഞ്ഞാറുമാറി പാക്കെ മധുസൂദനപെരുമാൾ ക്ഷേത്രവും, മൂന്നു മൈൽ വടക്കു—കിഴക്കുമാറി മരുങ്കൂർ മുരുകക്ഷേത്രവും സ്ഥിതിചെയ്യുന്നു. ശുചീന്ദ്രത്തുനിന്നു മൂന്നുമൈൽ വടക്കോട്ടുചെന്നാൽ നാഗരുകോവിലായി. ഇതു കന്യാകുമാരി ജില്ലയുടെ തലസ്ഥാനനഗരവും, തിരുവനന്തപുരം-തിരുനെൽവേലി റോഡുകൾവന്നു സന്ധിക്കുന്ന ജംഗ്ഷനുമാണ്.

പ്രമുഖ ഗണപതി ക്ഷേത്രമെന്ന നിലയിൽ ദേശികവിനായകക്ഷേത്രം, നാഗരാജാക്ഷേത്രം, വടിവീശ്വരം അഴകമ്മൻ കോവിൽ, കൃഷ്ണൻകോവിൽ ശ്രീകൃഷ്ണക്ഷേത്രം, വടശ്ശേരി ശിവക്ഷേത്രം എന്നിവ നാഗരുകോവിൽ നഗരത്തിലെ പ്രധാനക്ഷേത്രങ്ങളാണ്. ഇപ്പോൾ രാമവർമ്മപുരം—പാർവ്വതീപുരംറോഡിൽ പുതിയ ഒരു അയ്യപ്പസ്വാമിക്ഷേത്രവും നിർമ്മിച്ചിട്ടുണ്ട്. ഇവിടെനിന്നും തിരുനെൽവേലി റോഡ്വഴി ചെന്ന് തൃപ്പതിസാരം, തോവാള, ആരുവാമൊഴി ക്ഷേത്രങ്ങൾ ദർശിക്കാം. ഇതിനുസമാന്തരമായ അഴകിയപാണ്ഡിപുരം റോഡ്വഴി ചെന്ന് താഴക്കുടി, ദർശനംകോപ്പ്, ഭൂതപ്പാണ്ഡി, ഔവ്വയാർകോവിൽ, കടുക്കര മുതലായ ക്ഷേത്രങ്ങൾ ദർശിക്കാം. അഴകിയപാണ്ഡിപുരത്തിൽനിന്നു മഹേന്ദ്രഗിരിക്കു പോകുമ്പോൾ ഇരുഭാഗത്തും പല എസ്റേററുകളുണ്ട്. നാഗരുകോവിലിൽനിന്നു പത്തുമൈൽ വടക്കോട്ട് ചെന്നാൽ തക്കലയായി. ഇതി

നടുത്താണ് വേളിമല കുമാരകോവിൽ, ശ്രീനീലകണ്ഠ സ്വാമി, ശ്രീരാമസ്വാമി, കേരളപുരം, തിരുവിതാംകോട്ട് ക്ഷേത്രങ്ങളും പത്മനാഭപുരം കൊട്ടാരവും ഭഗവതീക്ഷേത്രവും പുരാതനകോട്ടകളും. കുമാരകോവിലിൽ പോകുന്ന വഴിക്കു നെട്ടാംകോട്ടു ഭഗവതീക്ഷേത്രവും ശിവക്ഷേത്രവും കാണാം.

തക്കലെനിന്നു ഇരണിയൽ വഴി വെള്ളിമല സുബ്രഹ്മണ്യം, വേലുത്തമ്പി ദളവായുടെ ജൻമസ്ഥാനമായ തലക്കുളം, മണ്ടയ്ക്കാട്ടുഭഗവതി, നെയ്യൂർ ഊരമ്മൻ, രാധാകൃഷ്ണപുരം ശ്രീകൃഷ്ണൻ മുതലായ ക്ഷേത്രങ്ങളും പത്മനാഭപുരംവഴി തിരുവട്ടാർ, തിരുനന്തിക്കര, പൊൻമന, കുലശേഖരം മുതലായ ക്ഷേത്രങ്ങളും പേച്ചിപ്പാറ, പെരിഞ്ചാണി അണക്കെട്ടുകളും കാണാം. കുലശേഖരത്തുനിന്നു തൃപ്പരപ്പു ക്ഷേത്രദർശനം കഴിഞ്ഞ് മുന്നോട്ടുപോയാൽ ചില എസ്റേററുകളും അവയുടെ അവസാനം കോതയാർ അണക്കെട്ടും കാണാം. ഇതുവഴി കേരളത്തിലെ നെടുമങ്ങാട്ടേയ്ക്കു ഒരു കുറുക്കു റോഡുണ്ട്. 54 മൈൽ ദൈർഘ്യമുള്ള കന്യാകുമാരി—തിരുവനന്തപുരം റോഡിൻെറ ഏതാണ്ട് മദ്ധ്യസ്ഥാനത്താണ് മാർത്താണ്ഡം. മാർത്താണ്ഡത്തിൻെറ തുടർച്ചപോലെ കുഴിത്തുറയും തൊടുവെട്ടിയും സ്ഥിതിചെയ്യുന്നു. തിരുവട്ടാറിൽ നിന്നു നാലുമൈൽ ദൂരമുണ്ട് മാർത്താണ്ഡത്തേയ്ക്ക്. ഈ വഴിയിൽ വേറൊരു ചെറുപാതയിലൂടെ ചിതറാൽകുന്നിലെ പുരാതന ജൈനവിഹാരങ്ങൾ ചെന്നുകാണാം. കുഴിത്തുറനിന്നും കരുങ്കൽറോഡ് വഴിചെന്ന് വാവച്ചഗോഷ്ഠം, തിപ്രമല, തിരുനെട്ടാലം, തിരുപന്നിക്കോട് മുതലായ ക്ഷേത്രങ്ങൾ സന്ദർശിക്കാം. തേങ്ങാപട്ടണം റോഡിലൂടെ കുന്നത്തൂർ എന്ന രാജാകേശവദാസൻെറ ജൻമസ്ഥലത്തിനടുത്ത് മുഞ്ചിറയ്ക്കുപോകാം. ഇവിടെയാണ് ശിവാലയഓട്ടം ആരംഭിക്കുന്ന തിരുമലക്ഷേത്രം. പുരാതന വിദ്യാനികേതനമായിരുന്ന പാർത്ഥിവപുരവും ഇതിനടുത്തുതന്നെ. കുഴിത്തുറയിൽനിന്നു 4 മൈൽകൂടി വടക്കോട്ടുചെന്നാൽ ഇപ്പോഴത്തെ കേരളാതിർത്തിയായ കളിയിക്കാവിളയെന്ന സ്ഥലമാണ്. ഇവിടെനിന്നും വടക്കുപടിഞ്ഞാറുമാറി തിരിഞ്ഞുപോകണം കൊല്ലങ്കോട്ടു ഭഗവതീക്ഷേത്രത്തിലേയ്ക്ക്.

വാഹനങ്ങളിൽ എളുപ്പം ചെന്നെത്താവുന്ന ഏതാനും ക്ഷേത്രങ്ങളെപ്പററിയാണ് ഇവിടെ പറഞ്ഞത്. വേണാട്, നാഞ്ചിനാട് എന്നീ ചരിത്രസംജ്ഞകളിൽ പ്രസിദ്ധമായ ഈ കന്യാകുമാരി ജില്ല എവിടെ നോക്കിയാലും പ്രകൃതി ഭംഗി നിറഞ്ഞതാണ്. നദികളും കുളങ്ങളും നെൽപാടങ്ങളും തെങ്ങിൻതോപ്പുകളും സഹ്യാദ്രികുന്നുകളും ഇടയ്ക്കിടെ ദൈവീകഭാവമുണർത്തുന്ന ക്ഷേത്രങ്ങളും സമാധിപീഠങ്ങളും എല്ലാംകൂടി ഐശ്വര്യത്തിൻെറയും ഈശ്വരഭാവത്തിൻെറയും മൂലസ്ഥാനമായി പ്രശോഭിക്കുന്ന ഒരു ജില്ലയാണിത്. അതിനാൽ കന്യാകുമാരി ജില്ലയിലെ പ്രധാന ക്ഷേത്രങ്ങളെങ്കിലും ഒരാവർത്തി ദർശിക്കുന്നതു ജീവിതത്തിലൊരു ഭാഗ്യമായി കരുതാം.

# നമ്മുടെ തീർത്ഥസ്ഥാനങ്ങൾ

പ്രധാന നദീതടത്തിലുള്ള ഒരു പ്രമുഖ തീർത്ഥാടന കേന്ദ്രം. പൗരാണികവും ചരിത്രപരവുമായ പല സംഭവപരമ്പരകളുടെ കേന്ദ്രസ്ഥാനമാണത്. സഹസ്രാബ്ദങ്ങളായി സൃഷ്ടി—സ്ഥിതി സംഹാരങ്ങളിലൂടെ തലയെടുത്തു നില്ക്കുന്ന ചില ക്ഷേത്രങ്ങളുണ്ടെങ്കിലും ചുററും ജീർണ്ണോദ്ധാരണമർഹിക്കുന്ന പ്രാചീന മന്ദിരങ്ങളും നഷ്ടാവശിഷ്ടങ്ങളുമാണധികം. പ്രകൃതി രമണീയവും പുണ്യനികേതനവുമായ ആ പ്രദേശത്ത് പിന്നീട് പള്ളികളും അണക്കെട്ടും റസ്ററാറണ്ടും മററു പരിഷ്കാരങ്ങളുടെ മുന്നോടിയായി ഉണ്ടായി. തീർത്ഥാടകരുടെ വരവ് വർദ്ധിച്ചതനുസരിച്ച് സർക്കാർ സ്ഥാപനങ്ങളും വേണമല്ലോ. യാത്രക്കാർക്ക് വേണ്ട വിവരങ്ങൾ നല്കുന്ന 'ഇൻഫർമേഷൻഓഫീസ്' ആണ് അവയിൽമുഖ്യം.

അപ്പോൾതന്നെ തീവണ്ടിയിൽ വന്നിറങ്ങിയ ഒരു യാത്രാസംഘത്തിന്റെ തലവൻ ഇൻഫർമേഷൻ ഓഫീസിലേക്കു കേറിച്ചെന്ന് ഉദ്യോഗസ്ഥനെക്കണ്ടുവന്ദിച്ചിട്ട് സ്ഥലവിശേഷങ്ങളെപ്പററി അന്വേഷിച്ചു. കാണാനുള്ള ഒന്നുരണ്ടു ക്ഷേത്രങ്ങളുടേയും ഒരു പള്ളിയുടെയും അണക്കെട്ടിന്റെയും കാര്യം പറഞ്ഞിട്ട് തങ്ങാനുള്ള രണ്ട് ലോഡ്ജ്കളുടെ പേരുംപറഞ്ഞുകൊടുത്തു. താൻ സന്ദർശിക്കുന്ന സ്ഥലങ്ങളെപ്പററി കുറിച്ചുവെച്ചിട്ടുള്ള ഡയറി നിവർത്ത് പിടിച്ചുകൊണ്ട് തീർത്ഥാടകനേതാവ് കൂടുതൽ വിവരങ്ങൾ അറിയാൻ ഇന്നിന്ന ക്ഷേത്രങ്ങൾ എവി

ടെയാണ്, ഇന്ന തീർത്ഥാടനഘട്ടത്തിലേക്ക് ഏതുവഴി പോകണം, ഇന്ന മുനിയുടെ ആശ്രമം ഇവിടെയാണല്ലോ അങ്ങോട്ടേയ്ക്കു എതിലെപോകണം, ഇന്ന ഭക്തൻ നിർമ്മിച്ച സത്രത്തിലേയ്ക്ക് എത്ര ദൂരമുണ്ട് എന്നെല്ലാം ചോദിച്ചു തന്റെ സമയം കൊല്ലാൻ വന്നിരിക്കുന്ന ഒരാൾ എന്ന ഭാവത്തിൽ ഉദ്യോഗസ്ഥൻ ആഗതന്റെ നേരെ ദൃഷ്ടി തറപ്പിച്ചുകൊണ്ട് പറഞ്ഞു: "ഹോ അങ്ങനെയൊക്കെ അപ്രധാനങ്ങളായി പലതുമുണ്ട്, ആ വിവരങ്ങളൊക്കെ അങ്ങോട്ടു പോകുന്നവരോടു ചോദിച്ചറിഞ്ഞുകൊള്ളു."

"താങ്കൾ അപ്രധാനമെന്നു പറഞ്ഞവ ഞങ്ങൾക്കു പ്രധാനപ്പെട്ടവയാണെങ്കിലോ?" ആഗതൻ വിട്ടില്ല.

"ആ........പള്ളിയും അണക്കെട്ടും നിങ്ങൾക്കു കാര്യമല്ലേ?" ഉദ്യോഗസ്ഥന്റെ ചോദ്യം.

"അല്ലെന്നാരുപറഞ്ഞു? പക്ഷെ തീർത്ഥാടനമാണ് ഞങ്ങളുടെ യാത്രോദ്ദേശ്യം."

"എന്നാൽ തീർത്ഥാടനം നടത്തിക്കൊള്ളു. അണക്കെട്ടും ഒരു തീർത്ഥസ്ഥാനമാണെന്നു ഓർമ്മിക്കുക".

"ആയിരിക്കാം, പക്ഷെ യഥാർത്ഥ തീർത്ഥാടനം കഴിഞ്ഞിട്ടേ മററുള്ളവ ദർശിക്കുവാൻ പോകുന്നുള്ളു."

"അതു ഒരു മതവിഷയമാണ്. ഹിന്ദു ഗുരുക്കൻമാരോട് ചോദിച്ചറിയണം. ഞാൻ ഒരു സർക്കാർ ഉദ്യോഗസ്ഥനാണ്"—ഓഫീസർ.

"ഇതൊരു പ്രധാന ഹിന്ദു തീർത്ഥാടന കേന്ദ്രമാണെന്നും, ഇവിടെ വന്നുകൊണ്ടിരിക്കുന്ന നിരവധി തീർത്ഥാടകരെ കണക്കാക്കിയാണ് സർക്കാർ 'ഇൻഫർമേഷൻസെൻറർ' തുറന്നിരിക്കുന്നതെന്നും അവർക്കു താല്പര്യമുള്ള സ്ഥലവിശേഷങ്ങളെപ്പററി ഇവിടത്തെ ഇൻഫർമേഷൻ ഓഫീസർക്കു വിവരമുണ്ടായിരിക്കണമെന്നും ബോദ്ധ്യമുണ്ടോ?"—ആഗതൻ.

"നിങ്ങൾ വർഗ്ഗീയവാദികളെപ്പോലെ സംസാരിക്കുന്നു"—ഓഫീസർ. "ക്ഷമിക്കണം, ഞങ്ങൾ 'വർഗ്ഗീയവാദികളെപ്പോലെ'യെന്നു കാണുന്നെങ്കിൽ നിങ്ങൾ വർഗ്ഗവാദിയാണെന്നു ഞാൻ പറയുന്നു. നമസ്തെ." എന്നു പറഞ്ഞുകൊണ്ട് തീർത്ഥാടകരുടെ തലവൻ ഇൻഫർമേഷൻ

ഓഫീസിൽ നിന്നു പുറത്തിറങ്ങി.

ഏതു രീതിയിൽ വ്യാഖ്യാനിച്ചാലും ഈ സാധാരണ സംവാദത്തിലൂടെ ഒരു പന്തികേട് തെളിഞ്ഞുകാണാം. ഭാരത തീർത്ഥാടന കേന്ദ്രങ്ങളിലെ അന്തർദ്ധാര കാണുന്നതിനോ തദനുസരണം പ്രവർത്തിക്കുന്നതിനോ സർക്കാരും മററു അധികൃത സ്ഥാപനങ്ങളും വേണ്ടത്ര ശ്രദ്ധിക്കുന്നില്ല. ഈ വിട്ടുവീഴ്ച ദേശീയമായ ഒരു മഹാപരാധമാണ്. സർക്കാർ ഉൾപ്പെടെ മിക്ക സ്ഥാപനങ്ങളും തീർത്ഥാടകരെ പല വിധത്തിലും ചൂഷണം ചെയ്തു കാശു സമ്പാദിക്കുവാൻ കണ്ണും കയ്യുമായിരിക്കയാണെന്നു തോന്നും.

ഭാരത ദേശീയജീവിതമെന്നുവെച്ചാൽ അത് വർഗ്ഗീയമെന്നോ വർഗ്ഗപരമെന്നോ വിഭജിക്കാവുന്നതല്ല. വർഗ്ഗീയതയേയും വർഗമത്സരത്തേയും പ്രോത്സാഹിപ്പിക്കുന്നത് നല്ല ബുദ്ധിയുടെ ലക്ഷണമല്ലെന്നത് പോലെ മനുഷ്യത്വഹീനവുമാണ്. എത്രയധികം സുഖ—സൗകാര്യങ്ങൾ പെരുക്കിയാലും അധർമ്മബുദ്ധി—രാക്ഷസബുദ്ധി പതിൻമടങ്ങ് അജ്ഞതയും അസമാധാനവും ഉല്പാദിപ്പിച്ചുകൊണ്ടിരിക്കും.

അധർമ്മം ധർമ്മമിതി യാ മന്യതേ തമസാവൃതാ
സർവ്വാർത്ഥാൻ വിപരീതാംശ്ച: ബുദ്ധി: സാ
പാർത്ഥ താമസീ.

"അർജ്ജുനാ! അജ്ഞാനത്താൽ മൂടപ്പെട്ട് ധർമ്മമല്ലാത്തതിനെ ധർമ്മമെന്നും സമസ്തവസ്തുക്കളേയും വിപരീതമായും യാതൊരു ബുദ്ധി അറിയുന്നുവോ, അതു താമസ—അധർമ്മ ബുദ്ധിയാകുന്നു."— ഈ ഭഗവദ്വചനത്തിലെ വെളിച്ചത്തിലൂടെ നോക്കുക. എല്ലാ ജീവിതമേഖലകളിലും ഈ ദശമുഖ ബുദ്ധിപ്രഭാവം തലയെടുപ്പോടെ വെല്ലുവിളിക്കുന്നതായി കാണാം. അപ്പോൾ തീർത്ഥസ്ഥാനങ്ങളെപ്പററിയും തീർത്ഥാടനത്തെക്കുറിച്ചും വിപരീതമായി വിചാരിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നതിൽ, അൽഭുതപ്പെടാനില്ല. എങ്കിലും ഈ താമസബുദ്ധിപ്രഭാവത്തിന്റെ ദുഷ്പരിണാമത്തെപ്പററി ഒററത്തലയനായ സാത്വികബുദ്ധി അപായസൂചന നല്കിക്കൊണ്ടിരിക്കും.

ധാർമ്മികചുമതലകളെക്കുറിച്ചു ഓർമ്മപ്പെടുത്തിക്കൊണ്ടിരിക്കും. അധർമ്മത്തിന്റെ മിന്നൽപ്പിണറുകളെക്കാൾ ധർമ്മത്തിന്റെ പൗർണ്ണമിച്ചന്ദ്രികയാണ് ഭാരതദേശീയതയുടെ ആധാരം. തീർത്ഥസ്ഥാനങ്ങളാകട്ടെ ധർമ്മഭാവത്തിന്റെ ശക്തികേന്ദ്രങ്ങളുമാണ്. ഈ യാഥാർഥ്യം കാലോചിതമാംവിധം ഗ്രഹിച്ച്, നാനോൻമുഖമായ ജീവിതതലങ്ങളിലും സദുപയോഗപ്പെടുത്താമെങ്കിൽ നൻമയുടേയും സമാധാനത്തിന്റേയും സദ്ഫലങ്ങൾ അനുഭവപ്പെടും.

താമസബുദ്ധിപ്രഭാവത്തിന്റെ ഈ കാലഘട്ടത്തിൽ പോലും 'ഏതോ ഒരു' പാരമ്പര്യവിശ്വാസത്തിന്റെ ഉന്തലോടെ ലക്ഷക്കണക്കിനു ജനങ്ങൾ തീർത്ഥാടനം ചെയ്യുന്നെങ്കിൽ, അവർക്കുള്ള സ്വല്പധർമ്മഭാവനയെക്കൂടി അർത്ഥസമ്പാദനത്തിനുവേണ്ടി കെടുത്തുകയല്ല വേണ്ടത്. ദേശീയ നൻമയ്ക്കുവേണ്ടി അതു പൂർവ്വാധികം ജ്വലിപ്പിച്ച് നൻമയുടെ പ്രകാശം പരത്താൻ ശ്രമിക്കണം. ധർമ്മം, അർത്ഥം, കാമം, മോക്ഷം—എന്നീ പുരുഷാർത്ഥത്തിൽ അർത്ഥം ഒഴികെ മററു മൂന്നും തീർത്ഥാടനംകൊണ്ട് സാധിക്കുമെന്നു ധർമ്മശാസ്ത്രം അനുശാസിക്കുന്നു. തീർത്ഥസ്ഥാനങ്ങളിൽ അർത്ഥം യജ്ഞത്തിന്നായി ത്യജിക്കണം—പണം മുടക്കണമെന്നു താല്പര്യം. ഈ സ്ഥിതിയാണോ ഇന്നു കാണുന്നത്? കുറഞ്ഞപക്ഷം, ഉള്ള തീർത്ഥസ്ഥാനങ്ങളെ വേണ്ടവിധം പവിത്രമായി സംരക്ഷിക്കുവാനെങ്കിലും മനസ്സിരുത്തി പ്രവർത്തിക്കേണ്ടേ!

ഭാരത ദേശീയധർമ്മത്തിന്റെ സനാതനസന്ദേശം ആത്മമോക്ഷവും ജഗത്തിന്റെ ഹിതവുമാണല്ലോ. അതു സാമൂഹികമായി—സമഷ്ടിയായി സാധിപ്പിക്കുന്ന വിദ്യുത്ശക്തികേന്ദ്രങ്ങളാണ് തീർത്ഥസ്ഥാനങ്ങൾ. അനാദികാലം മുതൽ ഈ സമഷ്ടിയജ്ഞം തുടർന്നുകൊണ്ടിരിക്കുന്നു. പൗരാണികവും ചരിത്രപരവുമായ സംഘർഷാത്മക പരിണാമങ്ങൾക്കൊന്നും ഈ യജ്ഞാഗ്നി കെടുത്താൻ സാധിച്ചിട്ടില്ല. അത് അണയാദീപമാണ്.

## ഭരണകൂടത്തിന്റെ ചുമതല

വിദേശീയാക്രമണങ്ങളുടെ ആഘാതമേററും, പ്രകൃതി

പരിണാമങ്ങൾ നിമിത്തവും ഈ ദേശവാസികളുടെതന്നെ അശ്രദ്ധകൊണ്ടും ഇടിഞ്ഞുപൊളിഞ്ഞു കിടക്കുന്ന എണ്ണമററ ക്ഷേത്രങ്ങളും മലിനമാക്കപ്പെട്ട തീർത്ഥക്കടവുകളും നാട്ടിലുടനീളം കാണാം. അവ വേണ്ടവിധം നന്നാക്കി സംരക്ഷിക്കേണ്ട ചുമതല ഇന്നാട്ടിലെ സർക്കാരുകൾക്കുണ്ട്. വിശിഷ്യ ഒരു ദേശീയ ഭരണകൂടമാവുമ്പോൾ, ദേശീയൈക്യത്തിനും ക്ഷേമത്തിനും നിദാനമായ ഈ പുണ്യനികേതനങ്ങളെ സംബന്ധിച്ച കടമകൾ പ്രഥമവും പ്രധാനവുമായി നിർവ്വഹിക്കേണ്ടതാണല്ലോ. ജാതി—സമുദായങ്ങളായും രാജനൈതികകക്ഷികളായും ഹിന്ദുക്കൾ ഛിന്നഭിന്നരായി കഴിയുന്ന ഇക്കാലത്തും, ദേശീയമായ ആസ്തികതയും ഐക്യവും ഭാവാർത്ഥത്തിലെങ്കിലും നിലനിർത്തുന്നതിൽ തീർത്ഥസ്ഥാനങ്ങൾക്കു സുപ്രധാനമായൊരു പങ്കുണ്ടെന്ന വസ്തുത ഓർക്കുമ്പോൾ ഇതിന്റെ മഹത്വം ബോദ്ധ്യപ്പെടും. തമസാവൃതമായ ബുദ്ധിക്ക് അത് ഓർക്കാൻ പോലും സാദ്ധ്യമല്ലെങ്കിൽ, അത്തരക്കാരാണ് ഭരണകൂടം തിരിക്കുന്നതെങ്കിൽ ബുദ്ധി തെളിക്കാൻ ഒരു തീർത്ഥാടനമെങ്കിലും ചെയ്തവരെ മാത്രമേ ഭരണകൂടത്തിലേററാവൂ എന്ന സങ്കല്പംകൂടി തീർത്ഥാടകരായ ജനങ്ങൾ നിർവ്വഹിക്കണം. ഒരു പ്രാവശ്യമെങ്കിലും തെക്കേയററത്തെ കന്യാകുമാരിയിലും വടക്കേയററത്തെ ബദ്രീനാഥത്തിലും പടിഞ്ഞാറു ദ്വാരകയിലും കിഴക്ക് ജഗന്നാഥത്തിലും പോയി ശ്രദ്ധിച്ചിട്ടുള്ളവർക്കറിയാം ഭാരതവർഷത്തിന്റെ അവിഭാജ്യതയും ആദർശവും എത്ര അഭംഗുരമായി അനന്തകാലമായി നിലനില്ക്കുന്നുവെന്ന്. ആ പുണ്യസ്ഥാനങ്ങളിലേയ്ക്ക് നാനാപ്രദേശങ്ങളിൽനിന്നും വന്നുകൊണ്ടിരിക്കുന്ന തീർത്ഥാടകർക്ക് ഭാഷാഭ്രാന്തും രാജനൈതികാക്രമണങ്ങളും മററും ഒരു പ്രശ്നമേ അല്ല. ഏതു പ്രദേശവാസിയായാലും പാരമ്പര്യവും ജീവനുമായി ഒന്നായിച്ചേർന്നിരിക്കുന്ന സമ്പദ് ഭാവനയാണ് അവരുടെ ഹൃദന്തത്തിലുള്ളത്.

കാശി, പ്രയാഗ, കുരുക്ഷേത്രം, ഹരിദ്വാരം, ഉജ്ജെയിൻ, കൃഷ്ണപുഷ്കരം മുതലായ തീർത്ഥസ്ഥാനങ്ങളിൽ ഭരണാധികാരികളുടെ മേൽനോട്ടത്തിലും സന്യാസിശ്രേഷ്ഠൻമാരുടെ സംവിധാനത്വത്തിലും മാസങ്ങളോളം

'നീണ്ടുനില്ക്കുന്ന' മേളകൾ (ദേശീയസമാജോത്സവം) നടന്നിരുന്ന ഒരു കാലമുണ്ടായിരുന്നു. സാമൂഹികവും സാംസ്കാരികവും രാഷ്ട്രീയവുമായ എല്ലാ നല്ല കാര്യങ്ങളും അത്തരം സമാജോത്സവങ്ങളിലൂടെ നവോത്ഥേജനം ഉൾക്കൊണ്ട് പ്രാവർത്തികമാക്കുമായിരുന്നു. ഭാരതവർഷത്തിന്നു 'ഭാരതമാതാവ്' എന്നു പറയാനുള്ള കാരണവും ഈ ദൈവീകഭാവംതന്നെ.

അതെ, ജഗജ്ജനനിയായ പരാശക്തിയുടെ പരമപ്രതീകമായി ഭാരതമാതാവ് ആരാധിക്കപ്പെടുന്നു, തെക്കേയററത്തു കന്യാകുമാരി; തമിഴ്നാട്ടിൽ കാമാക്ഷി, മീനാക്ഷി; കേരളത്തിൽ കൊടുങ്ങല്ലൂർ ഭദ്രാംബിക, ഭഗവതി; മൈസൂരിൽ മൂകാംബിക, ചാമുണ്ഡേശ്വരി; ആന്ധ്രയിൽ പത്മാവതി, മംഗളാംബിക; ആസാമിൽ കാമാഖ്യ; ബംഗാളത്തിൽ കാളി, ദുർഗ്ഗ; ഉത്തരപ്രദേശത്തിൽ സിംഹവാഹിനി; ഗുജറാത്തിൽ ലക്ഷ്മി; മഹാരാഷ്ട്രത്തിൽ തുളജാഭവാനി; കാശ്മീരത്തിൽ ക്ഷീരഭവാനി; പഞ്ചാബിൽ ജ്വാലാമുഖി; ഹിമാലയത്തിൽ ഹൈമവതി—എന്നിങ്ങനെ അതതു പ്രദേശങ്ങളിൽ വിവിധരൂപഭാവങ്ങളിൽ പ്രതിഷ്ഠിതയായ പരാശക്തിയുടെ സന്താനങ്ങളെന്ന ഭാവത്തിൽ ഭാരതജനജീവിതം സമാധാനം കണ്ടെത്തുന്നു. ആസേതുഹിമാചലമുള്ള ഈ മാതൃഭാവം ഭാരതവർഷമെന്ന മാതൃഭൂമിയിൽ കാണുന്നതും സ്വാഭാവികമാണല്ലോ.

## ഭാരതത്തിന്റെ ഏകാത്മസ്വരൂപം

"ചതുർധാമങ്ങൾ" എന്ന തീർത്ഥാടക സങ്കല്പംതന്നെ നോക്കുക. ആത്മീയവും സാമൂഹികവുമായ ഉദ്ദേശലക്ഷ്യങ്ങളോടൊപ്പം, ദേശീയൈക്യത്തിന്റെ അസ്തിവാരം ഈ ചതുർധാമതീർത്ഥാടനത്തിലൂടെ കാണാം. രാമേശ്വരം, ദ്വാരക, ബദ്രീനാഥം, പുരിജഗന്നാഥം എന്നീ ചതുർധാമങ്ങളും ഭാരതത്തിന്റെ നാലതിരുകളിലായി സ്ഥിതിചെയ്യുന്നു. ഉത്തരഭാരതത്തിലെ ഗംഗാജലം കൊണ്ടുവന്നു രാമേശ്വരത്തിലെ ക്ഷേത്രത്തിൽ അഭിഷേകം നടത്തുന്നതും, രാമേശ്വരത്തെ സമുദ്രജലം കാശിവിശ്വനാഥക്ഷേത്രത്തിൽ കൊണ്ടുപോയി അഭിഷേകം നടത്തുന്നതും, കേരളനമ്പൂതിരി

ബ്രാഹ്മണൻ ഹിമാലയത്തിലെ ബദ്രീനാഥ ക്ഷേത്രത്തിലെ പൂജാരിയായിരിക്കണമെന്നതും, ഉടുപ്പി ബ്രാഹ്മണർ കന്യാകുമാരി ക്ഷേത്രത്തിലെ പൂജാരിയായിരിക്കണമെന്നതുമായ, നൂററാണ്ടുകളായി നിലവിലിരിക്കുന്ന, വഴക്കങ്ങൾ ഭാരതതീർത്ഥാടനത്തിലൂടെ ഭാരതവർഷത്തിന്റെ അന്തർദ്ധാരകാണാൻ സഹായിക്കുന്നു. ഓരോ തീർത്ഥഘട്ടത്തിലും ഉരുവിടുന്ന 'ജംബുദ്വീപേ ഭാരതവർഷേ......' എന്ന സങ്കല്പമന്ത്രം തന്നെ ഈ ഏകതാനതയുടെ പ്രത്യക്ഷപ്രമാണമാകുന്നു.

> യേ തീർത്ഥാനി പ്രചരന്തി
> സൃകാ ഹസ്താ നിഷങ്കിണ:
> തേഷാം സഹസ്രയോജനേ/വ
> ധന്വാനി തൻമസി

"സ്വ കരങ്ങളിൽ ആയുധം ധരിച്ചുകൊണ്ട് തീർത്ഥങ്ങൾതോറും ധർമ്മപ്രചാരംചെയ്യുന്ന സാക്ഷാൽ ശ്രീരുദ്രൻ തീർത്ഥാടകരായ നമുക്കു തുണയുണ്ട്-" എന്ന യജുർവ്വേദവാക്യം ഭാരതവർഷത്തിലെ ധർമ്മവിരുദ്ധമായ വേലിയേററത്തിന്നെതിരെ മുന്നറിവുനല്കുന്ന പ്രമാണവാക്യമാകുന്നു. ശുദ്ധമായ ദേശീയാദർശങ്ങളെ പ്രാവർത്തികമാക്കുന്നതിന്നുള്ള ഉത്തമപരിശീലനം കൂടി യഥാർത്ഥ തീർത്ഥാടനത്തിൽനിന്നു ലഭിക്കുന്നു. അതു വർഗീയതയുടേയോ വർഗചിന്തയുടേയോ വഴിപിഴച്ച പോക്കിന്നു ഉപകരണമാക്കാനുള്ളതല്ല. 'ആത്മമോക്ഷവും ജഗത്തിന്റെ ഹിതവു'മെന്ന ഭാരതീയാദർശത്തിന്റെ, അനാദികാലമായുള്ള കർമ്മപദ്ധതിയാണ് ഭാരതവർഷത്തിലെ തീർത്ഥാടനം. അതു യഥാർഹം ഗ്രഹിക്കുവാനുള്ള തെളിഞ്ഞ ബുദ്ധിയും പ്രവർത്തനശേഷിയും തീർത്ഥരക്ഷകനായ ശ്രീ രുദ്ര ഭഗവാൻ നമുക്കു തന്നരുളട്ടെ!

## II തീർത്ഥാടനം

വീണ്ടും ഒരു തീർത്ഥാടനത്തിനുപുറപ്പെട്ടു. "കുറേക്കൂടെ വയസാകട്ടെ, തീർത്ഥാടനത്തിനു ഇത്ര തിടുക്കമെന്തിന്?" ഉപദേശ രൂപത്തിലുള്ള ചോദ്യം!

അതെ, തിടുക്കം തന്നെ; മറെറന്തിനെക്കാളും മുൻകരുതലോടെ, കൈകാലുകൾക്കു ബലമുള്ളപ്പോൾ തന്നെ നിർവഹിക്കേണ്ടതാണ് തീർത്ഥാടനം. ശരീരത്തിൻെറ സുഖസൗകര്യങ്ങൾ മുഖ്യമായി നോക്കി തീർത്ഥാടനത്തിനു തിരിച്ചാൽ അതൊരു ഉല്ലാസയാത്രയായിത്തീരാനാണെളുപ്പം. സ്വന്തം സ്വഭാവത്തിനും പ്രകൃതിക്കും വഴങ്ങാത്ത ആഹാരനീഹാരാദികളും ഭാഷാഭേദങ്ങളും ശീതോഷ്ണസ്ഥിതികളും അനുഭവപ്പെടും. ആചാരവിചാരങ്ങളിലും ശീലങ്ങളിലും വൈരുദ്ധ്യങ്ങൾ കാണാം. അവയെല്ലാം സഹിഷ്ണുതാപൂർവം നേരിട്ടുകൊണ്ട് തീർത്ഥാടന ലക്ഷ്യത്തിൽ നിന്ന് വ്യതിചലിക്കാതെ യാത്ര ചെയ്യാൻ സാധിക്കണം.

തീർത്ഥസ്ഥാനങ്ങളിൽ യാത്രചെയ്യുന്നതെന്തിന്? സുന്ദരദൃശ്യങ്ങൾ കണ്ട് കണ്ണിനും വിവിധപദാർത്ഥങ്ങളുടെ സ്വാദുനോക്കി നാവിനും കർണ്ണാനന്ദകരമായ ഗീതങ്ങളിലൂടെ കാതിനും നവമൈത്രീബന്ധങ്ങളിലൂടെ മനസിനും സുഖവും സന്തോഷവും നേടാനാണോ? ഇതൊക്കെ ഇന്ദ്രിയഭോഗലോലുപതയെ വർദ്ധിപ്പിക്കുകയാണ്. ഈ ക്ഷണികസുഖങ്ങളാവില്ല തീർത്ഥാടനലക്ഷ്യം. ഭഗവൽ പ്രാപ്തി എന്ന ജീവിത ലക്ഷ്യത്തിന്നു സാധകമായിരിക്കണം തീർത്ഥാടനം. അപ്പോൾ നമ്മുടെ ഇന്ദ്രിയങ്ങൾക്കു പിടിത്തമില്ലാത്ത പലകാര്യങ്ങളിലും മനസില്ലെങ്കിലും ശ്രദ്ധിക്കേണ്ടിവരും ഇടിഞ്ഞുപൊളിഞ്ഞ ഒരു മഹാക്ഷേത്രമായിരുന്നാലും തലമുറ തലമുറകളായി അവിടെ കേന്ദ്രമാക്കിയിരുന്ന തപസ്വികളും പുണ്യാത്മാക്കളും നമ്മുടെ സ്മൃതിപഥത്തിൽ പൊന്തിവരണം. തൽക്കാലം ജലശൂന്യമാണെങ്കിലും ഒരു മഹാനദിയുടെ തീർത്ഥഘട്ടത്തിൽ തങ്ങിനിൽക്കുന്ന ആദ്ധ്യാത്മിക പ്രഭാവം ഉൾക്കൊള്ളാൻ കഴിയണം. അവനവൻെറ പാപവാസനകളെ ക്ഷയിപ്പിക്കു

വാനും മനോമാലിന്യങ്ങളെ നിർമ്മാർജ്ജനം ചെയ്യാനും സാധിക്കണമെങ്കിൽ തൽസ്ഥാനത്തെവിടെയെങ്കിലും ഒതുങ്ങിയിരിക്കുന്ന പുണ്യാത്മാക്കളുമായി സമ്പർക്കപ്പെടണം. തനിക്കു പാപവാസനകളുണ്ടോ, തന്റെ മനം സ്വേഛാധിപതിയോ ഈശ്വരേഛാവിധേയമോ എന്നൊക്കെ തെളിഞ്ഞറിയണമെങ്കിലും വേണം ഈശ്വരകാരുണ്യം. ഇതിന്ന് കുറഞ്ഞപക്ഷം, ഭൗതിക സ്വരൂപത്തിലെങ്കിലും ഈശ്വരശരണാഗതരായി തീർത്ഥാടനംചെയ്യണം.

തസ്മാൽ തീർത്ഥേഷുഗന്തവ്യം നരൈ:
സംസാരഭീരുഭി:
പുണ്യോദകേഷു സതതം സാധുശ്രേണി
വിരാജിഷു

തീർത്ഥയാത്രയ്ക്കു തീരുമാനിച്ചുകഴിഞ്ഞാൽ, കുടുംബസംബന്ധമായ, തന്റെ ശരീരസംബന്ധിയായ എല്ലാ ചുമതലകളും ഇറക്കിവെച്ചിട്ട് ആദ്യത്തെ തീർത്ഥസ്ഥാനത്തു ചെന്നു തലമുണ്ഡനം ചെയ്തു പദയാത്രയ്ക്കെന്ന പോലെ തയാറാവണം. പാപങ്ങൾ തലമുടിയിലും തങ്ങിനിൽക്കുന്നതിനാൽ, ശരീരത്തിൽ നിന്നു വേർപെടുത്താൻ എളുപ്പമുള്ളതും അതായതിനാൽ ശിരോമുണ്ഡനം വിധിച്ചിരിക്കുന്നു. യാത്രയിൽ ഏററവും അത്യാവശ്യവും ഭാരം കുറഞ്ഞതുമായ സാധനങ്ങളേ എടുത്തുകൊണ്ടുപോകാവൂ. തീർത്ഥസ്ഥാനങ്ങളിൽ തന്റെ കഴിവനുസരിച്ച് ഭഗവൽ പൂജയും ദാനധർമ്മാദികളും ചെയ്യണം. തന്റെ കരചരണാദികളും മനസും നിയന്ത്രണാധീനമാക്കി ഏതുതരം ദൃശ്യവും ഭഗവല്ലീലയായി കരുതി എല്ലായ്പ്പോഴും ഭഗവൽ സ്മരണയോടുകൂടിത്തന്നെ സഞ്ചരിക്കണം.

ഹരേകൃഷ്ണ ഭക്തവൽസല ഗോപതേ
ശരണ്യഭഗവൻ വിഷ്ണോ മാം പാഹിബഹു
സംസൃതേഃ

ഈ മന്ത്രോച്ചാരണപൂർവം, മനസിൽ ഭഗവൽ സ്മരണവിടാതെ നടന്നു തീർത്ഥയാത്ര ചെയ്യുന്നവർ ക്രമേണ അഭ്യുദയ പ്രാപ്തരായിഭവിക്കും. ഇതിന്നുശാസ്ത്രീയമായ പല പ്രമാണങ്ങളും ഉണ്ട്. പത്മപുരാണം പാതാളഖണ്ഡത്തിലുള്ള പ്രമാണമിതാ.

വിരാഗം ജനയേത് പൂർവ്വം കളാത്രദി കുടുംബകേ
അസത്യഭൂതം തജ്ഞാത്വാഹരിം തുമനസാസ്മരേത്
ക്രോശമാത്രം തതോഗത്വാ രാമരാമേതിചബ്രുവൻ
തത്രതീർഥാദിഷുസ്നാത്വാ ക്ഷൗരം കുര്യാത് വി–
ധാനവിൽ
മനുഷ്യണാംചപാപാനി തീർത്ഥാനി പ്രതി–
ഗച്ഛതാം
കേശമാശ്രിത്യ തിഷ്ഠന്തി തസ്മാത്തദ്വപനം ചരേത്
തതോ ദണ്ഡം തുനിർഗ്രന്ഥിം കമണ്ഡലുമഥാ–
ജിനം
ബിഭൃയാല്ലോഭ നിർമ്മുക്തസ്തീർത്ഥ–
വേഷധരോനര;
വിധിനാ ഗച്ഛതാം നൃണാം ഫലാവാപ്തിർ–
വിശേഷത:
തസ്മാത് സർവ്വപ്രയത്നേന തീർത്ഥയാത്ര വിധിം
ചരേത്
യസ്യഹസ്തൗ ചപാദൗച മനശ്ചൈവ സുസംയതം
വിദ്യാതപശ്ച കീർത്തിശ്ചസ തീർത്ഥഫല–
മശ്നുതേ
ഹരേകൃഷ്ണ ഹരേകൃഷ്ണ ഭക്തവൽസല ഗോപതേ
ശരണ്യഭഗവൻ വിഷ്ണോ മാം പാഹിബഹു–
സംസൃതേഃ
ഇതിബ്രുവൻ രസനയാ മനസാച ഹരിംസ്മരൻ
പിദചാരീഗതിം കുര്യാൽ തീർത്ഥം പ്രതിമഹോദയഃ

തല്ക്കാല പരിതസ്ഥിതിയിൽ ശാസ്ത്രീയ വിധികൾ അങ്ങനെതന്നെ അനുവർത്തിക്കുവാൻ സാധിച്ചില്ലെങ്കിൽ യഥാശക്തി അനുഷ്ഠിക്കണം. എന്നാൽ കാര്യമറിയാതെ കണ്ണുമടച്ച് എന്തൊക്കെയോ കാട്ടിക്കൂട്ടുന്നതിനേക്കാൾ ഉത്തമമാണ് തീർത്ഥയാത്രയിൽ അനുസരിക്കേണ്ടതായ മനോഭാവം അതായത് തീർത്ഥയാത്രയെന്നത് ഉല്ലസിക്കുവാനോ വിശ്രമിക്കുവാനോ വേണ്ടിയുള്ളതല്ല; കാഴ്ചകൾ കണ്ടുരസിക്കാനുള്ളതല്ല; ആഹ്ളാദപ്രകടത്തിനല്ല, യഥേഷ്ടം തിന്നും കുടിച്ചും കളിച്ചും വിനോദിക്കാനുമല്ല. തീർത്ഥയാത്ര ഒരു വ്രതവും തപസ്സുമാണ്, പാരമാർത്ഥികസാധനയാണ്, മന:ശുദ്ധിക്കുള്ള പ്രഥമവും പ്രധാനവു

മായ പ്രയത്നമാണ്. ശ്രവണ—മനനങ്ങൾക്കും സംശയപൂർവ്വം സത്സംഗം സാധിക്കുന്നതിനും നല്ല സന്ദർഭമാണ് തീർത്ഥാടനം. തീർത്ഥയാത്രയിൽ അന്യരുടെ സുഖസൗകര്യങ്ങളെ ചൂഷണം ചെയ്യുന്നതു പാപമാണ്; അന്യരുടെ കുററം—കുറവുകളെപ്പററി ചർച്ചചെയ്യുന്നതും മിഥ്യാവിമർശനങ്ങളും ഒഴിവാക്കണം. ആവുന്നതും സാത്വികവും മിതവുമായ ആഹാരക്രമമുണ്ടായിരിക്കണം. കാമ, ക്രോധ, മദ, മത്സരാദിദോഷങ്ങളിൽനിന്നു എപ്പോഴും ഒഴിഞ്ഞുപോകണം. തീർത്ഥസ്ഥാനങ്ങളിൽപോയി പാപങ്ങളെ പോക്കാനോ മന:ശുദ്ധിനേടാനോസാധിച്ചില്ലെങ്കിൽകൂടി നിരാശപ്പെടേണ്ടതില്ല. എന്നാൽ തീർത്ഥസ്ഥാനത്തുവെച്ച് മനസാ—വാചാ-കർമ്മണാ പാപകർമ്മം ചെയ്യാനിടവരരുത്. തീർത്ഥഘട്ടത്തിലെ പാപകർമ്മത്തിന് പതിൻമടങ്ങ് ബലമുണ്ടാവുമെന്നാണ് ആപ്തവാക്യം.

ഇതൊക്കെ കുറെയെങ്കിലും ശ്രദ്ധിക്കണമെങ്കിലും ശരീരമനോബലങ്ങൾ ഉള്ള പ്രായത്തിൽ തന്നെ തീർത്ഥയാത്ര ചെയ്തേപററൂ. ശരീരം അശക്തമായാൽ പരാശ്രയം കൂടാതെ എങ്ങോട്ടും തിരിയാൻ പററില്ല. ക്ഷീണദശയിലെ യാത്ര തനിക്ക് വിഷമകരമായിരിക്കുമെന്നുമാത്രമല്ല അന്യർക്കും ഭാരവും ഉപദ്രവവുമായിപരിണമിക്കും. അതുകൊണ്ട് മനസ്സും ബുദ്ധിയും നേരെ പ്രവർത്തിക്കുന്ന സന്ദർഭത്തിൽ കൈകാലുകൾക്കു ബലമുള്ളപ്പോൾ തന്നെ ഉത്തമസങ്കല്പത്തോടുകൂടി തീർത്ഥയാത്ര ചെയ്യണം.

അങ്ങനെ ശാസ്ത്രീയ വിധികൾ അത്രത്തോളം അനുസരിക്കുവാൻ സാധിച്ചില്ലെങ്കിലും അവയോടുള്ള ശ്രദ്ധ വിട്ടുപോകാതെ വീണ്ടും ഒരു തീർത്ഥാടനത്തിനു പുറപ്പെട്ടു. ഇത്തവണ തീർത്ഥാടനമാരംഭിച്ചത് ശ്രീപാർത്ഥസാരഥി ക്ഷേത്രത്തിൽ നിന്നുമാണ്.

16-4-1977—ൽ പശ്ചിമഘട്ടത്തിലൂടെ.

# ദ്വാരകയിലൂടെ

പോർബന്ദർ എന്ന സുദാമാപുരിയിൽനിന്നു കടൽക്കര റോഡിലൂടെ വടക്കോട്ട് 80 കി: മീററർ ദൂരം ബസിൽ യാത്രചെയ്യുമ്പോൾ പൗരാണികദ്വാരകയെ സംബന്ധിച്ച സങ്കല്പമായിരുന്നു മനസിൽ. രാജാധിരാജൻ ഭഗവാൻ ശ്രീകൃഷ്ണന്റെ രാജധാനിയായ ദ്വാരക ഭൂലോകസ്വർഗവും ത്രൈലോക്യ സുന്ദരവുമാണെന്നു പുരാണങ്ങളിലും മഹാഭാരതത്തിലും വർണിച്ചിട്ടുണ്ട്. മഥുരയിൽനിന്ന് യാദവൻമാരുമായി പശ്ചിമതീരത്തിൽ വന്ന ശ്രീകൃഷ്ണൻ കുശസ്ഥലി ദ്വീപിൽ വസിക്കുവാൻ നിശ്ചയിച്ചു. ഉടനെ വരുണന്റെ ആജ്ഞപ്രകാരം സമുദ്രം 12 യോജനദൂരം പടിഞ്ഞാറോട്ടു മാറിക്കൊടുത്തുവെന്നും അവിടെ വിശ്വകർമ്മാവ് സംവിധാനം ചെയ്തപ്രകാരം ദ്വാരകാപുരി നിർമ്മിച്ചുവെന്നും പറയുന്നു. ഈ ഭൂലോക സ്വർഗത്തിലേക്കു ദേവേന്ദ്രന്റെ സംഭാവനയായി 'സുധർമ്മ' എന്ന സഭാമണ്ഡപവും 'പാരിജാതക'മെന്ന ദിവ്യവൃക്ഷവും സ്ഥാപിച്ചു. കോടീശ്വരൻമാരുടെ ചക്രവർത്തിയായ കുബേരൻ പ്രധാനപ്പെട്ട തന്റെ എട്ട് ഖജനാവുകൾ ശ്രീകൃഷ്ണനു സമർപ്പിച്ചു. ഇങ്ങനെ ഭൂലോകവും ദേവലോകവും സംയോജിച്ച് നിർമ്മിച്ച ദ്വാരകാപുരി ഭൂലോക സ്വർഗമെന്നും ത്രൈലോക്യസുന്ദരമെന്നും പ്രകീർത്തിക്കപ്പെട്ടതിൽ അത്ഭുതമില്ല.

എന്നാൽ ഭഗവാന്റെ ദിവ്യലീലകളാണ് മഹാത്ഭുതം. വിശേഷാത്തരമായ ശ്രീകൃഷ്ണജീവിതം ആദ്യവസാ

നം ഭൗതികദൃഷ്ടിക്കും ബുദ്ധിക്കും പിടികിട്ടാത്ത അത്ഭുതങ്ങളെക്കൊണ്ട് പൂർണ്ണമാണ്. ഇതൊക്കെ പാരമാർത്ഥികജ്ഞാനികരംക്കേ ഗ്രഹിക്കുവാൻ സാധിക്കൂ. അതിനാൽ വിശ്വാകർഷകമായ ദ്വാരകാപുരിയെ സമുദ്രത്തിലാഴ്ത്താൻ അനുവദിച്ചിട്ട് ശ്രീകൃഷ്ണൻ അന്തർദ്ധാനം ചെയ്തതിൻെറ അത്ഭുതരഹസ്യവും അന്തർമുഖജ്ഞാനികളിൽ നിന്നു ഗ്രഹിക്കാമെന്ന സമാധാനത്തോടെ നമുക്കു നവദ്വാരക ദർശിക്കാം.

ഗുജറാത്ത് പ്രദേശിൽ സിന്ധു സാഗരതീരം. ഓഖാമണ്ഡലതാലൂക്കിൽ പലഭാഗത്തും സമുദ്രം ഏറിയും ഇറങ്ങിയുമിരിക്കുന്ന സ്ഥാനങ്ങരം. അപൂർവ്വം ചില ഗ്രാമങ്ങരം ദൃശ്യപ്പെടുമെങ്കിലും പൊതുവേ മണലാരണ്യത്തിൻെറ പ്രതീതിയാണ്. പറയത്തക്ക നദികളോ മററു ജലാശയങ്ങളോ കാൺമാനില്ല. മണലിലും കല്ലൻതറയിലും സസ്യങ്ങളും ഫലവൃക്ഷങ്ങളും വളരുന്നതെങ്ങനെ! പക്ഷെ, 1977 മെയ് 2—ാംനു- ശരീരം ഉരുക്കുന്ന വെയിലിൽ ഞങ്ങരം ദ്വാരക ബസ് സ്റേറഷനിൽ ചെന്നിറങ്ങിയപ്പോരം ശീതളത അനുഭവപ്പെട്ടുവെന്നത് സമുദ്രസാമീപ്യം കൊണ്ടായിരിക്കാം. ശ്രീദ്വാരകാധീശക്ഷേത്രത്തിൻെറ തെക്ക്—പടിഞ്ഞാററ് ഭാഗം സമുദ്രവും മററു മൂന്നു ഭാഗവും 17000 (പതിനേഴായിരം) ജനങ്ങരം തിങ്ങിപ്പാർകുന്ന നഗരവുമാണ്. ജാംനഗർ, രാജകോട്ട്, ജൂനാഗഢ്, പോർബന്ദർ, ഓഖാപോർട്ട് എന്നീ നഗരങ്ങളുമായി ബസ് ഗതാഗത സൗകര്യമുള്ളതിനാൽ യാത്രക്കാർക്കു മുന്നേപ്പോലെ വിഷമിക്കേണ്ടിവരുന്നില്ല. ജാംനഗറിൽനിന്ന് 138 കി: മീററർ ദൂരമുണ്ട് പശ്ചിമ റെയിൽവെ മീററർഗേജ് വഴി ദ്വാരകയിലേയ്ക്ക്. ബോംബെ, പോർബന്ദർ വഴി കപ്പലിൽ വരുന്നവർ ഓഖാതുറമുഖത്തു ഇറങ്ങി 30 കി: മീററർ ബസിൽ വരണം. പോർബന്ദറിലും ജാംനഗറിലും വിമാനത്താവളങ്ങളുമുണ്ട്. ദ്വാരക നിവാസികളിൽ ഭൂരിപക്ഷവും ക്ഷേത്രം—തീർത്ഥാടകർവഴി കിട്ടുന്ന വരുമാനം കൊണ്ടു ജീവിക്കുന്നവരാണ്. സർക്കാർ ജീവനക്കാരും അടുത്തുള്ള സിമൻറ്ഫാക്ടറി പണിക്കാരുമാണ് മററുള്ളവർ

ഹിന്ദുക്കളുടെ ചതുർദിശ തീർത്ഥധാമങ്ങളിൽ ഒന്ന്, സപ്തപുണ്യനഗരങ്ങളിൽ ഒന്ന്, ആദിശങ്കരാചാര്യർ സ്ഥാപിച്ച നാല് ശങ്കരപീഠങ്ങളിൽ ഒന്ന്, എന്നീ നിലകളിലെല്ലാം ദ്വാരകയിലെ തീർത്ഥാടനത്തിന്നു മുൻഗണനയുണ്ട്. 5000 വർഷം മുൻപ് ദ്വാരകാപുരി സമുദ്രത്തിൽ മുങ്ങിയപ്പോഴും ശ്രീകൃഷ്ണമന്ദിരം ഒരു ദ്വീപു പോലെ നിലനിന്നിരുന്നുവെന്നും പിന്നീട് ഒരു നദിയുടെ ആകൃതിയിൽ ശ്രീകൃഷ്ണമന്ദിരത്തിന്റെ തെക്കുഭാഗത്തേയ്ക്കു സമുദ്രജലം പിൻവാങ്ങി ഒഴുകിയപ്പോൾ തൽസ്ഥാനത്ത് ശ്രീകൃഷ്ണന്റെ പ്രപൗത്രനായ വജ്രനാഭൻ ആദ്യക്ഷേത്രം നിർമ്മിച്ചുവെന്നുമാണ് ഐതിഹ്യം. 140 അടി ഉയരമുള്ള ശിഖരം, 5 തട്ടുകളുള്ള മണ്ഡപം, 60 ഭീമസ്തംഭങ്ങൾ താങ്ങിനിൽക്കുന്ന ശ്രീകോവിൽ എന്നിവയിലെല്ലാം വിവിധ കാലഘട്ടങ്ങളിലെ സ്ഥാപത്യ കല പ്രതിഫലിക്കുന്നതുകൊണ്ട് പല തവണ ക്ഷേത്രപ്പണികൾ പുതുക്കിയിട്ടുണ്ടെന്നു മനസിലാക്കാം.

ക്ഷേത്രത്തിന്റെ നാലു നടകളും തുറന്നിരിക്കുമെങ്കിലും വിധിപ്രകാരം ദർശനത്തിനു പോകുന്നവർ തെക്കു ഭാഗത്തുള്ള ഗോമതീതീർത്ഥത്തിൽ സ്നാനം ചെയ്തു ഉപദേവതകളെ വന്ദിച്ചുകൊണ്ട്, 'സ്വർഗദ്വാര'മെന്നറിയപ്പെടുന്ന തെക്കേനടയിലേയ്ക്കു കെട്ടിഉയർത്തിയിട്ടുള്ള 56 കല്പടികൾ കയറിച്ചെല്ലണം, വിശാലമണ്ഡപത്തിലൂടെ ശ്രീകോവിൽസന്നിധിയിൽ ചെല്ലുമ്പോൾ വെള്ളി സിംഹാസനത്തിൽ വിരാജിക്കുന്ന ദ്വാരകാധീശന്റെ—ശ്രീകൃഷ്ണന്റെ—ദിവ്യമംഗളമൂർത്തി ദർശിക്കാം. 3 അടി ഉയരമുള്ള കൃഷ്ണശിലാവിഗ്രഹത്തിൽ സ്വർഗീയമായഅലങ്കാരം ചെയ്തു സന്ധ്യാ ദീപാരാധന നടത്തുമ്പോൾ അതുദർശിക്കുന്ന ഏതൊരാളും സ്വർഗീയനിവൃതികൊള്ളുന്നു. തുടർന്നു മണ്ഡപത്തിന്റെ മേലേനിലയിൽ ശ്രീഅംബാജി (ദേവീ) ദർശനംചെയ്തിട്ട് അഞ്ചാമത്തെ നിലയിൽ കയറിനിന്നു നോക്കിയാൽ നവദ്വാരകയുടെ പൊതു ദൃശ്യം കാണാം.

ക്ഷേത്രസഭാമണ്ഡപത്തിന്റെ ഒരു ഭാഗത്ത് ശ്രീ ബലരാമപ്രതിഷ്ഠയും, മററു ഉപക്ഷേത്രങ്ങളിൽ ഭഗവാന്റെ

വിക്രമസ്വരൂപം, കുലേശ്വരമഹാദേവൻ (ശിവൻ), പ്രദ്യുമ്നൻ, ലക്ഷ്മി, സത്യഭാമ, രുഗ്മിണി തുടങ്ങിയ പ്രതിഷ്ഠകളുമുണ്ട്. ഈ മഹാക്ഷേത്രത്തോടു ചേർന്നുതന്നെ തെക്കുഭാഗത്തായി ശ്രീ ശങ്കരാചാര്യരുടെ ശ്രീശാരദാപീഠം സ്ഥിതിചെയ്യുന്നു. ആദിശങ്കരഭഗവദ്പാദർ തന്റെ 17–ാമത്തെ വയസ്സിലാണത്രെ ഈ പീഠം സ്ഥാപിച്ചത്. ആദ്യപീഠാധിപതി ശ്രീ സുരേശ്വരാചാര്യനായിരുന്നു. ആ പരമ്പരയിൽ 78–ാമത്തെ പീഠാധിപതിയാണ് ഇപ്പോഴത്തെ ശങ്കരാചാര്യർ. ഇദ്ദേഹം ഹരിദ്വാരത്തിലേയ്ക്കു പോയിരുന്നതുകൊണ്ട് കാണാൻ കഴിഞ്ഞില്ല. ശാരദാപീഠമണ്ഡപത്തിൽ കഴിഞ്ഞ 77 പീഠാധിപതികളുടേയും മൂർത്തികൾ സ്ഥാപിച്ചിട്ടുണ്ട്. പശ്ചിമഘട്ടത്തിലെ സാമൂഹിക-മത–സാംസ്കാരതലങ്ങളിൽ ദ്വാരകാപീഠത്തിന് അന്യാദൃശമായ സ്വാധീനതയുണ്ടെന്നതു സ്പഷ്ടമാണ്. ഇതേ ശങ്കരപീഠത്തിന്റെ ഒരു പ്രധാന ശാഖ ബറോഡയ്ക്കടുത്തു ദാകോർ എന്ന വൈഷ്ണവസ്ഥലത്തും സ്ഥാപിച്ചിട്ടുണ്ട്.

ക്ഷേത്രമേഖലകളിൽനിന്നും, ഈ പുണ്യനികേതനത്തിൽ എ. ഡി. 1036–50 കാലഘട്ടത്തിൽ ശ്രീ രാമാനുജാചാര്യരും, 1236–40ൽ ശ്രീമാദ്ധ്വാചാര്യരും, 1225–ൽ ശ്രീജ്ഞാനേശ്വരനും, 1491–ൽ ബംഗാളിലെ ശ്രീ ഗോവിന്ദസ്വാമിയും വന്നു ഭജനം പാർത്തിരുന്നതായറിയുന്നു. ശ്രീ വല്ലഭാചാര്യർ മൂന്നു പ്രാവശ്യം ദ്വാരകയിൽ വന്നു വസിച്ചിരുന്നു. അദ്ദേഹത്തിന്റെ പുത്രനും അനുയായിയുമായ ശ്രീ വിഠലേശഗോസ്വാമിയാണ് ദ്വാരകയിലെ ഇരുവിഭാഗം ബ്രാഹ്മണർ തമ്മിൽ തുടർന്നുകൊണ്ടിരുന്ന തർക്ക–വിതർക്കങ്ങൾക്കു മാദ്ധ്യസ്ഥം വഹിച്ച് സമാധാനമുണ്ടാക്കിയത്. ഇവർക്കു പുറമെ ശ്രീ ചൈതന്യമഹാപ്രഭു, ശ്രീ നിംബർക്കാചാര്യർ, ശ്രീ രാമാനന്ദാചാര്യർ, നരസിംഹമേഹ്ത, മീരാബായി, കബീർദാസ്, ഗുരുനാനാക്, തുളസീദാസ് തുടങ്ങിയ ആചാര്യശ്രേഷ്ഠരും പുണ്യാത്മാക്കളും ദ്വാരകധാമം സന്ദർശിച്ചു പ്രചോദനമുൾക്കൊണ്ടതായി കാണുന്നു.

ദ്വാരകാധീശക്ഷേത്രത്തിന്റെ തെക്കുഭാഗത്തു ഗോമതി

നദിയെന്നുകൂടി അറിയപ്പെടുന്ന ഒഴുക്കുള്ള ജലാശയം സമുദ്രജലം നിറഞ്ഞ കായലാണ്. ഇതിൽ ഇറക്കികെട്ടിയിരിക്കുന്ന 9 മുഖ്യ തീർത്ഥഘട്ടങ്ങളുണ്ട്—യഥാക്രമം സംഗമഘാട്ട്, നാരായണഘാട്ട്, വാസുദേവ്ഘാട്ട്, ഗോഘാട്ട്, പാർവ്വതീഘാട്ട്, പാണ്ഡവഘാട്ട്, ബ്രഹ്മാഘാട്ട്, സുരധനഘാട്ട്, സർക്കാരിഘാട്ട് എന്നാണവയുടെ പേരുകൾ. ഈ വഴിക്ക് നടന്നാണെങ്കിൽ 5 മണിക്കൂറും വാഹനങ്ങളിലാണെങ്കിൽ മൂന്നു മണിക്കൂറും വേണ്ടിവരുന്ന ഒരു പ്രദക്ഷിണക്രമമുണ്ട്. തീർത്ഥയാത്രക്കാർ ദ്വാരകാധീശക്ഷേത്രത്തിൽനിന്ന് തിരിച്ച് ഗോമതീതീർത്ഥഘാട്ടുകളിലൂടെ ഗോമതി—സമുദ്രസംഗമസ്ഥാനത്തുചെന്ന് വടക്കോട്ട് തിരിഞ്ഞ് ചക്രതീർത്ഥത്തിലൂടെ സിദ്ധനാഥമഹാദേവ്, രുഗ്മിണി, സൂര്യനാരായണൻ, ഭദ്രകാളി എന്നിങ്ങനെ 25 ഉപക്ഷേത്രങ്ങളും ജ്ഞാനകുണ്ഡം ദാമോദരകുണ്ഡം, മുതലായ തീർത്ഥക്കുളങ്ങളും കടന്നു നഗരത്തിന്റെ അതിർത്തിയിലുള്ള ജയ—വിജയ ക്ഷേത്രത്തിലെത്തുന്നു. അവിടെനിന്നും ദ്വാരകാധീശ ക്ഷേത്രത്തിലെ മോക്ഷദ്വാരമെന്നു അറിയപ്പെടുന്ന വടക്കേ നടയിലൂടെ അകത്തു പ്രവേശിച്ച് ദ്വാരകാധീശദർശനം ചെയ്യുന്നതോടെ ഈ പ്രദക്ഷിണം പൂർണ്ണമാവുന്നു.

ദ്വാരകാധീശക്ഷേത്രത്തിലെ ശ്രീകൃഷ്ണമൂർത്തിക്ക് ശ്രീരണഛോഡ്റായി എന്ന നാമമാണ് ഇവിടങ്ങളിൽ പ്രസിദ്ധം. പിന്നീട് ഒന്നിലധികം ദ്വാരകക്ഷേത്രങ്ങൾ ഉള്ളതിനാൽ ഈ മഹാക്ഷേത്രത്തിന് ഗോമതീദ്വാരക, ത്രൈലോക്യസുന്ദരക്ഷേത്രം, ജഗത്മന്ദിർ എന്നീ പേരുകളുമുണ്ട്. എ. ഡി. 1156ൽ ഇവിടെ പുരോഹിതൻമാരുടേയും മററു ഭരണകർത്താക്കളുടേയും ഭക്തിവിശ്വാസങ്ങൾക്കു കോട്ടംതട്ടിയ സന്ദർഭത്തിൽ പരമഭക്തനായ ബോധനൻ ഭഗവൽവിഗ്രഹത്തെ, ഭഗവദനുഗ്രഹത്തോടുകൂടി സ്വഗ്രാമമായ ദാകോറിൽ കൊണ്ടുപോയി പ്രതിഷ്ഠിച്ചു. തുടർന്നു പാപപരിഹാര—പശ്ചാത്താപകർമ്മങ്ങൾക്കുശേഷം സദൃശമായ മറെറാരു വിഗ്രഹം ഇവിടെ പ്രതിഷ്ഠിക്കേണ്ടിവന്നു. ഇപ്പോഴും ദ്വാരകാധീശമൂർത്തി സാദൃശ്യമുള്ളതും മൂലദ്വാരകയെന്നറിയപ്പെടുന്നതുമായ വേറെ ചില ക്ഷേത്രങ്ങ

ളുണ്ട്. സോമനാഥത്തിൽനിന്നു 12 നാഴിക ദൂരെ ഗോരഖ് മഢിക്കടുത്തും, പോർബന്ദറിൽനിന്നു 16 നാഴിക ദൂരെ ബിജ്വാദാ ഗ്രാമത്തിലും, ദാകോറിലും ഉള്ള ക്ഷേത്രങ്ങൾ മൂലദ്വാരകയെന്നു പറയപ്പെടുന്നു. എന്നാൽ സമുദ്രമദ്ധ്യേ കാണപ്പെടുന്ന ബെട്ദ്വാരക പ്രാചീനദ്വാരകാപുരിയിൽ പെട്ടതാണെന്നതിന്റെ ലക്ഷണങ്ങളും ഐതിഹ്യങ്ങളുമുണ്ട്.

ദ്വാരകാധീശക്ഷേത്രത്തിൽനിന്നു 28 കി. മീ: അകലെ ഓഖാതുറമുഖത്തു ചെന്നിട്ട്, അവിടെനിന്നും തോണിയിൽ 4 കി. മീററർ സമുദ്രമദ്ധ്യത്തിലേയ്ക്ക് പോകണം ബേട്ദ്വാരകയിലേക്ക്. 12 കി. മീ: വിസ്തൃതിയുള്ള ഈ ദ്വീപിൽ ശ്രീകൃഷ്ണന്റെ രാജകീയജീവിതത്തെ ദ്യോതിപ്പിക്കുന്ന ക്ഷേത്രങ്ങളുണ്ട്. പ്രധാന ക്ഷേത്രത്തിന് ശ്രീകൃഷ്ണമഹൽ എന്നു പറയുന്നു. തുടർന്നുള്ള ക്ഷേത്രങ്ങളിൽ ഗരുഡൻ, ഹനൂമാൻ, രാധാദേവി, ലക്ഷ്മീദേവി, ലക്ഷ്മീനാരായണൻ തുടങ്ങിയ ദേവപ്രതിഷ്ഠകളുണ്ട്. ശ്രീകൃഷ്ണമഹലിൽനിന്നു അരനാഴിക ദൂരെ 'ശംഖോദ്ധാരണ'മെന്ന സ്ഥാനത്തും വിവിധ ക്ഷേത്രങ്ങൾ ദർശനീയമാണ്. ഈ ദ്വീപ് നഗരം ചുററി വരുമ്പോൾ ശ്രീകൃഷ്ണലീലകളെ അനുസ്മരിപ്പിക്കുന്ന ഐതിഹ്യങ്ങളോടുകൂടിയ പല ക്ഷേത്രങ്ങളും തീർത്ഥകുണ്ഡങ്ങളും കാണാം. ഇവിടെയും തീർത്ഥാടനക്കാർക്കു തങ്ങുന്നതിനുള്ള ധർമ്മശാലകളുണ്ട്. ഗോപീതടാകത്തിൽനിന്നെടുക്കുന്ന മണ്ണ് ഗോപീതിലകത്തിനു വൈഷ്ണവർ ഉപയോഗിക്കുന്നു. ദ്വാരകാപുരിയിൽ അഞ്ച് 'ഗ'കാരങ്ങൾ പ്രസിദ്ധമാണ്—ഗോമതി, ഗോമയം, ഗോദാനം, ഗോപീചന്ദനം, ഗോപീനാഥദർശനം. ദ്വാരകയിൽനിന്ന് ബേട്ദ്വാരകയ്ക്ക് പോകുന്ന മാർഗത്തിൽ ഗോപീതലാബ്, നാഗനാഥ്. പിംഡാരാ മുതലായ സ്ഥലങ്ങളും ശ്രീകൃഷ്ണചരിതവുമായി ബന്ധപ്പെട്ട പുണ്യതീർത്ഥസ്ഥാനങ്ങളാണ്.

ദ്വാരകാവാസിനം ദൃഷ്ട്വാ സ്പൃഷ്ട്വാ ചൈവ
വിശേഷതഃ
മഹാപാപവിനിർമ്മുക്താഃ സ്വർഗലോകേവസന്തിതേ
പാംസവോ ദ്വാരകായാവൈവായുനാസമുദീരിതാഃ
പാപിനാം മുക്തിദാഃ പ്രോക്താഃ കിം
പുനർദ്വാരകാഭുവി.

# തുളജാപ്പൂർഭവാനി

ഷോലാപ്പൂരിൽനിന്നു സമതലപ്രദേശത്തിലൂടെ ഓടുന്ന ബസ്സിൽ 40 കി. മീ. ചെന്നപ്പോഴും അത് പെട്ടെന്ന് ഒരു മലയിലേക്ക് കയറുമെന്ന് പ്രതീക്ഷിച്ചില്ല. വേഗത കുറച്ച് ബ്രേക്ക് പിടിച്ച് ഏററമേറുമ്പോഴും, തലയ്ക്കു മീതെ കുന്നിൻമുകളിൽ യാത്രക്കാർക്ക് സ്വാഗതമോതുന്ന പോലെ "ജയഭവാനി" എന്നൊരു വലിയ ബോർഡു കണ്ടപ്പോഴാണ് തുളജാപ്പൂരിൽ എത്തിയിരിക്കുന്നുവെന്ന് മനസ്സിലായത്. മലമുകളിലെ സമതലത്തിലേക്ക് ബസ് കടന്നുചെന്നപ്പോഴാകട്ടെ അതൊരു കുട്ടിനഗരമാണെന്നു ബോദ്ധ്യമായി. ബസ് സ്റേറഷനിൽനിന്ന് അരനാഴിക ദൂരമുണ്ട് തുളജാഭവാനി ക്ഷേത്രത്തിലേക്ക്. ക്ഷേത്രനടവരെ നല്ല റോഡും വാഹനങ്ങളുമുണ്ടെങ്കിലും നടന്നാണ് പോയത്. കോട്ടയുടെ ആകൃതിയിലുള്ള ചുററുമതിലിനകത്ത് പ്രവേശിക്കാൻ നഗരസമിതിവക 25 പൈസ ടിക്കററു വാങ്ങിയിരിക്കണം. അങ്ങനെ അകത്തേക്കു കടന്നാൽ പടിക്കെട്ടുകളിലൂടെ ഇറങ്ങിച്ചെല്ലണം ക്ഷേത്രസന്നിധിയിലേക്ക്. വേണ്ടുവോളം വിസ്തൃതപരിസരത്തോടുകൂടിയതാണ് ക്ഷേത്രം.

യാത്രക്കാർക്ക് തങ്ങുന്നതിനുള്ള സൗകര്യങ്ങളും പുറമേ ഉണ്ടെങ്കിലും ദർശനം കഴിഞ്ഞു അന്നുതന്നെ മടങ്ങണമെന്നു നിശ്ചയിച്ചിരുന്നതിനാൽ നേരേ മതിലിനകത്തു പ്രവേശിക്കയാണുണ്ടായത്. പക്ഷെ ഒരു പുരോഹിതൻ സഹായത്തിനെത്തി ക്ഷേത്രത്തിൻെറ പിന്നിൽ തുറസ്സായ

സ്ഥലത്തേക്കു കൊണ്ടുപോയി. ക്ഷേത്രവളപ്പിനു വെളിയിലായി അവിടെ പ്രാഥമികാവശ്യങ്ങരം നിവർത്തിക്കാനുള്ള ഏർപ്പാടുകരം ചെയ്തിട്ടുണ്ട്. അവിടെനിന്നും നോക്കിയാൽ നിമ്നോന്നതങ്ങളായ ദൃശ്യങ്ങളും കാണാം. വീണ്ടും ക്ഷേത്രത്തിന്റെ മുന്നിൽവന്നു ഗോമുഖതീർത്ഥത്തിൽ സ്നാനംചെയ്തു. ഉച്ചനിവേദ്യത്തിനും പൂജയ്ക്കുമുള്ള ഏർപ്പാടുകരം ഒരു പുരോഹിതൻമുഖേന ചെയ്തിരുന്നതിനാൽ ഒരുവിധത്തിലുള്ള അല്ലലും കൂടാതെ ദേവീഭജനത്തിൽ ബാക്കിസമയം വിനിയോഗിച്ചു.

ഈ ക്ഷേത്രത്തിന്റെ മാർഗദർശകരും കൂടിയായ പുരോഹിതൻമാർ തങ്ങളുടെ ഭവനങ്ങളിൽ തയ്യാറാക്കി ദേവിക്ക് നിവേദിക്കുന്ന അന്നം ആരാധകർക്ക് ഭക്ഷിക്കുവാൻകൊടുക്കുന്നു. അതിനുള്ള തുക നേരത്തേ പുരോഹിതനെ ഏല്പിച്ചിരിക്കണം. അതുപോലെ മററു പൂജാവിധാനങ്ങളും പുരോഹിതൻമാരുടെ ഊഴം അനുസരിച്ച് ഏതുസമയവും നടന്നുകൊണ്ടിരിക്കും. മൂലസ്ഥാനത്തു രണ്ടു പൂജാരികരം എപ്പോഴും ഉണ്ടായിരിക്കും. ഒരു തടിച്ച പൂച്ചയും ഒരു കടുവാക്കുട്ടിയെപ്പോലെ അവിടെ കിടക്കുന്നുണ്ടാകും. നിവേദിക്കുന്നതിൽ ഒരു പങ്ക് അതിനും കൊടുക്കണമെന്നുണ്ട്. ദേവീദർശനവും വഴിപാടുകളും നടത്തിക്കഴിഞ്ഞാൽ നിശ്ചിത പുരോഹിതൻ ആരാധകനെ അദ്ദേഹത്തിന്റെ ഭവനത്തിലേക്ക് കൂട്ടിക്കൊണ്ടുപോയി ചോറ്, ചപ്പാത്തി, പരിപ്പ് എന്നീ നിവേദ്യശിഷ്ടങ്ങരം ഒന്നോ രണ്ടോ ഉപദംശങ്ങരം സഹിതം വിളമ്പിത്തന്ന് ഊട്ടും. ക്ഷേത്രത്തിൽ വന്നതുപോലെ ഇരുന്നു ഭക്ഷിക്കണമെന്നാണ് വിധി. അതായത് ഭക്ഷണത്തിനുമുൻപ് കൈകാൽ കഴുകാൻ പാടില്ല. ദേവീപ്രസാദമല്ലേ ഭക്ഷിക്കുന്നത്, അവിടെ അവരുടെ ആചാരവും വിശ്വാസവുമാണ് മുഖ്യം. ഭക്ഷണാനന്തരം അവർക്ക് ദക്ഷിണ കൊടുത്തിട്ടുവേണം മടങ്ങാൻ. നിവേദ്യഭക്ഷണത്തിനും ദക്ഷിണക്കും പൂജക്കുംകൂടി ഒരാരംക്ക് കുറഞ്ഞത് പത്തുരൂപയാവും.

ഭഗവതി തുളജാഭവാനി മഹാരാഷ്ട്ര പ്രദേശത്തിന്റെ കുലദൈവമാണ്, മഹാരാഷ്ട്രനായകനായ ഛത്രപതി ശിവാജിയുടെ ഇഷ്ടദേവതയാണ്. പരാജയഭീതിയുണ്ടാ

യപ്പോൾ ശിവാജി മഹാരാജ് ഭവാനീസന്നിധിയിൽ ഭജനമിരുന്നുവെന്നും ദേവി പ്രത്യക്ഷപ്പെട്ട് അദ്ദേഹത്തിന് ഉടവാൾ നൽകി അനുഗ്രഹിച്ചുവെന്നും ചരിത്രരേഖയുണ്ട്. സിംഹവാഹിനിയായ തുളജാഭവാനി വിളിച്ചാൽ വിളികേൾക്കുന്ന, ക്ഷിപ്രപ്രസാദിയായ ഭഗവതിയാണ്. "ത്വരിതാ" പദമാണ് പിന്നീട് മറാഠിയിൽ തുളജായായിത്തീർന്നത്. ത്വരിതാദേവി ധർമ്മനിഷ്ഠരും ഭക്തിനിർഭരരുമായ ജനങ്ങൾക്ക് അഭീഷ്ടവരദയും കാരുണ്യമൂർത്തിയുമാണ്. അധർമ്മികൾക്കും ആസുരവൃത്തികൾക്കും ഭയങ്കരിയുമാണ്. ഈവിധം രാജസപ്രധാനമായ പൂജാസംവിധാനങ്ങളാണിവിടെ കാണാൻ കഴിയുന്നത്.

തുളജാപ്പൂർ പീഠഭൂമിയ്ക്കു യമുനാചലം എന്നാണ് പണ്ടത്തെ പേര്. ശുദ്ധജലത്തിന്റെ ഉറവകളും ശുദ്ധമായ കാറ്റും ഇവിടെ ഒരു പ്രത്യേകതയാണ്. വിസ്തൃതമായ ക്ഷേത്രപ്രാകാരത്തിലേയ്ക്കു ഇറങ്ങിച്ചെല്ലുമ്പോൾ ശ്രീ നാരദപ്രതിഷ്ഠ ആദ്യം ദർശനമരുളുന്നു. അവിടെനിന്നും വലത്തോട്ടുതിരിയുമ്പോൾ ഉയർന്നചുവരിൽ നിർമ്മിച്ചിരിക്കുന്ന ഗോമുഖങ്ങളിലൂടെ ജലധാര ഒഴുകിക്കൊണ്ടിരിക്കുന്നതു കാണാം. ഇതിനെ കല്ലോലതീർത്ഥമെന്നും ഗോമുഖതീർത്ഥമെന്നും പറയുന്നു. ഇതിൽ സ്നാനംചെയ്തിട്ടു വേണം ദേവീദർശനം നടത്താൻ. ഇതിനടുത്തുതന്നെ മൃദ്ഗലതീർത്ഥം, നൃസിംഹതീർത്ഥം, നാഗഝരിതീർത്ഥം മുതലായ കുളങ്ങളുണ്ട്. എല്ലാററിലും നിറച്ച് ശുദ്ധജലമുള്ളത് അനിതരസാധാരണമായ ഒരനുഭവമാണ്.

ശ്രീ തുളജാഭവാനിയുടെ ശ്രീകോവിൽ പൊന്നുപൂശിയ ഒരു പൊന്നമ്പലംതന്നെ. ദേവിയുടെ വിഗ്രഹം ശ്യാമവർണ്ണാങ്കിതവും, വാഹനമായ സിംഹം പിത്തളകവചം ധരിച്ചതുമാണ്. നവരാത്രികാലത്ത് പത്തുദിവസം വാർഷികോൽസവം ആഘോഷിക്കുമ്പോൾ മഹാസരസ്വതി, മഹാലക്ഷ്മി, മഹാകാളി, ദുർഗ, പാർവ്വതി എന്നിങ്ങനെ വിവിധ നാമരൂപങ്ങളിൽ ദേവിയെ അലങ്കരിച്ച് ആരാധിക്കുന്നു. ഈ പത്തുദിവസവും തുളജാപൂരും സമീപഗ്രാമങ്ങളും പൂർണ്ണമായും ക്ഷേത്രോൽസവത്തിൽ സംബന്ധിക്കുന്നു. മാത്രമല്ല ഓരോ ദിവസവും പുറമെ എഴുന്നള്ളിക്കപ്പെടുന്ന

ഭവാനി ഭഗവതിയെ സ്വീകരിക്കുന്നതിനായി ഒരുമാസം മുൻകൂട്ടിത്തന്നെ തങ്ങളുടെ ഭവനങ്ങൾ വേണ്ടവിധം ശുദ്ധമാക്കി അലങ്കരിച്ച് തയ്യാറാവുകയും ചെയ്യും. നവരാത്രി ഉൽസവശേഷം അനുബന്ധമായി ക്ഷേത്രപാലകനായ കാലഭൈരവൻെറ നഗരപ്രദക്ഷിണമുണ്ട്. ആളിക്കത്തുന്ന അഗ്നിശിഖയോടുകൂടിയ ഈ ഉൽസവചടങ്ങിന് ദെണ്ഡൂൽ എന്നു പറയുന്നു. ഭവാനീക്ഷേത്രത്തിൽ ഭവാനീശങ്കർ, ഗണപതി, ദത്താത്രേയൻ എന്നീ ഉപക്ഷേത്രങ്ങളുമുണ്ട്.

ഭവാനീക്ഷേത്രത്തിനു വെളിയിൽ ഭൈരവൻ, കാലഭൈരവൻ, മാതംഗീദേവി എന്നീ ക്ഷേത്രങ്ങളും ദർശനീയമാണ്. തുളജാപൂരിൽ കിഴക്കുമാറി ശ്രീരാമൻെറ വനവാസകാലത്ത് ഭവാനീദേവി ദർശനം നൽകിയ സ്ഥാനത്ത രാമവരദായിനിക്ഷേത്രമുണ്ട്. ഇവിടെ ശ്രീരാമൻെറ പാദുകങ്ങൾ പൂജിക്കപ്പെടുന്ന പ്രത്യേക സന്നിധിയും പാപനാശതീർത്ഥം എന്നറിയപ്പെടുന്ന ഒരമ്പലക്കുളവുമുണ്ട്. അതിനടുത്ത് ഒരേ സ്ഥലത്തുതന്നെ ദ്വാദശജ്യോതിർലിംഗങ്ങൾ പ്രതിഷ്ഠിച്ച ക്ഷേത്രവും ക്ഷേത്രമഹന്ത് ഇരിക്കുന്ന ദേവീമഠവും ഉണ്ട്. ഇവിടെ സോമനാഥശിവലിംഗം ശ്രീരാമനാൽ പ്രതിഷ്ഠിക്കപ്പെട്ടതാണെന്നു പറയപ്പെടുന്നു. ദേവീക്ഷേത്രത്തിൻെറ പശ്ചിമഭാഗത്തായി നല്ലരീതിയിൽ നടത്തപ്പെടുന്ന വേറൊരു മഹന്തിൻെറ മഠവുമുണ്ട്.

ഷോലാപ്പൂർജില്ലയുടെ തലസ്ഥാനനഗരമായ ഷോലാപ്പൂരിൽനിന്നും 40 കി. മി.ദൂരമുണ്ട് തുളജാപ്പൂർ പീഠനഗരത്തിലേയ്ക്ക്. ഈ ജില്ലയിൽത്തന്നെ പ്രധാന തീർത്ഥാടന കേന്ദ്രമായ പണ്ഡരീപുരം സന്ദർശിക്കുന്നവർക്ക് അവിടെനിന്നും നേരിട്ടു തുളജാപ്പൂരിൽ പോകുന്നതിനു ബസ്സർവ്വീസുണ്ടെങ്കിലും ഷോലാപ്പൂർവഴിയാണ് പോകുന്നത്. ഷോലാപ്പൂർനഗരത്തിനടുത്ത ഒരു ഗ്രാമത്തിൽ ഒരു കൊച്ചു തുളജാപ്പൂർ ക്ഷേത്രമുണ്ട്. ഇവിടെ നിന്നും തുളജാപ്പൂർ ഭവാനീ ക്ഷേത്രത്തിൽ പോയി ഭജനമിരുന്ന ഒരു ഭക്തൻെറ വാർദ്ധക്യത്തിൽ, അയാളുടെ ഗ്രാമത്തിൽ ഭവാനീദേവി പ്രത്യക്ഷപ്പെട്ട് ദർശനം നല്കിയ കഥ കേട്ടപ്പോൾ പരമഭക്തനായ പൂന്താനം നമ്പൂതിരിയുടെ താദൃശമായ

ഒരു കഥയും ഓർമ്മിക്കാനിടയായി.

ശരണ്യേവരണ്യേ സകാരുണ്യമൂർത്തേ
ഹിരണ്യോദരാദ്യൈരഗണ്യേ സുപുണ്യേ
ഭവാരണ്യഭീതേശ്ചമാം പാഹി ഭദ്രേ
നമസ്തേ നമസ്തേ നമസ്തേ ഭവാനീ.

# കല്ല്യാൺ–ഗണേശപുരി

പൂനാ റെയിൽവേസ്റ്റേഷൻ. രാത്രി 11 മണിസമയം. സ്വാഭാവികമായും ഇറങ്ങുന്നവരുടെയും ഏറുന്നവരുടെയും തിരക്ക്. ഇതിനിടക്ക് ഇറങ്ങിയ ഒരു പാർട്ടി തങ്ങളുടെ സാമാനങ്ങൾ പ്ളാററുഫാമിൽനിന്ന് ടാക്സിയിൽ ഏററി നിശ്ചിത സ്ഥാനത്തേക്ക് പുറപ്പെടാറായി. അവരുടെ ഒരു ട്രാൻസിസ്ററർ മറന്നിരിക്കുന്നുവെന്നു ബോദ്ധ്യപ്പെട്ടു. പ്ളാററ് ഫാമിൽ വണ്ടിയിലേറാൻ കാത്തിരിക്കുന്ന ഒരു യാത്രക്കാരൻ മേൽപ്പറഞ്ഞ ടാക്സി കാറിനെ നിർത്താൻ വെമ്പൽകൂട്ടുന്നു. ഇതെല്ലാം അൽപം അകലെ നോക്കിനിന്നിരുന്ന റെയിൽവേപോലീസ് ഉദ്യോഗസ്ഥൻ അയാളെ തടയുന്നു. ഉടമസ്ഥനുണ്ടെങ്കിൽ സ്റേറഷനിൽ വന്നു വാങ്ങിക്കൊള്ളും. തനിക്ക് ഇതിൽ തലയിടേണ്ട ആവശ്യമില്ല, എന്നൊരു ഗുണദോഷവാക്യത്തോടുകൂടി ശിപായിയെകൊണ്ട് ട്രാൻസിസ്ററർ എടുപ്പിച്ചുകൊണ്ടുപോയി. ടാക്സിയിലേറിയ അതിൻെറ ഉടമസ്ഥൻ അപ്പോഴേക്കും സ്ഥലം വിട്ടിരുന്നു. യാത്രക്കാരൻ വിളിച്ചറിയിക്കാൻ ശ്രമിച്ചതു മുടക്കാതിരുന്നുവെങ്കിൽ അപ്പോൾതന്നെ ആ കേസ് ആശ്വാസപ്രദമായി തീരുമായിരുന്നു. പരസ്പര സഹായമോ പരോപകാരമോ അല്ല അവയുടെ പേരിൽ കുറെ റെക്കാർഡുകളും ക്രെഡിററുകളുമാണ് ചുമതലപ്പെട്ടവരുടെ ആവശ്യം. ഇന്നത്തെ വിദ്യാഭ്യാസ–തൊഴിൽ രംഗങ്ങളിലെല്ലാം ഈ മനശ്ശാസ്ത്രം കൊടികുത്തുന്ന കാഴ്ചകൾ അപൂർവ്വമല്ലെന്നു സമാധാനിച്ചുകൊണ്ട് ഞാൻ കല്ല്യാ

ണിലേക്കു വണ്ടിയേറി.

ഇന്നാട്ടിലെ ബഹുഭൂരിപക്ഷം ജനങ്ങളും തീവണ്ടിയിൽ രണ്ടാംതരം വകുപ്പിൽ യാത്ര ചെയ്യാൻ മാത്രം വകയുള്ളവരാണ്. അവരിൽ തന്നെ വളരെ കുറച്ചുപേർക്കു മാത്രമേ നേരത്തേ 'റിസർവ്വ്" ചെയ്തു പോവാൻ പററൂ. മററുള്ളവരുടെ സ്ഥിതിയെന്താണെന്ന വസ്തുത ദേശീയ സർക്കാർ അധികൃതർക്കു അജ്ഞാതമല്ല. ഇടിയും തൊഴിയും കൊള്ളാനും കൊടുക്കാനും കഴിവുള്ളവർക്കു മാത്രമേ ഈ ജനതാവകുപ്പിൽ യാത്ര ചെയ്യാൻ പററൂ. എല്ലാവരെയും നിദ്രാദേവി താലോലിക്കുന്ന അർദ്ധരാത്രി സമയം. അടുത്ത സ്റേറഷനിൽ കുറേപ്പേർ ഇറങ്ങുകയും അതിലുമേറെ ആളുകഠം ഏറുകയും ചെയ്തു. ഇതിനിടക്ക് "ഞാനൊന്നു മറിഞ്ഞില്ലേ രാമനാരായണ" എന്ന മട്ടിൽ ഒരു മദ്ധ്യവയസ്ക തലങ്ങനെയും വിലങ്ങനെയും നിന്നു താളം ചവിട്ടുന്നവരെ ഉന്തി മാററിക്കൊണ്ട് ഉള്ളിലേക്കു കയറിക്കൂടി. വണ്ടി പുറപ്പെട്ടപ്പോഠം രണ്ടു വരി ഇരിപ്പിടങ്ങളുടെ മദ്ധ്യേ താഴത്തു രണ്ടടി സ്ഥലം അനുനയവാക്കുകളെക്കൊണ്ട് ഒഴിപ്പിച്ചിരുന്നു. കാൽ നീട്ടിയിരുന്നവരിൽ മര്യാദയുള്ളവർ ആ സ്ത്രീക്കുവേണ്ടി കാൽ മടക്കിയ ഉടനെ അവർ ആപാദചൂഡം പുതച്ചുകൊണ്ടവിടെ കിടന്നു. മടക്കിയ കാലുകഠം കഴയ്ക്കുമ്പോഠം നീട്ടിപ്പോവും അങ്ങനെ അനേകം പാദങ്ങളുടെ ചവിട്ടുമെത്തയായി ത്തീർന്നു ആ സ്ത്രീയെന്ന് സുഷുപ്തി നിലയിൽ ഇരുകൂട്ടരും അറിഞ്ഞിരിക്കയില്ല!

21—4—'77 വെളുപ്പിന് 3.30 നു കല്ല്യാൺ സ്റേറഷനിലിറങ്ങി. പൂർവ്വ കല്ല്യാണിലെ കോൽസാവാഡിയിൽ ഗോപിക്കുറുപ്പിൻെറ വസതിയിൽ ചെന്നെത്തി. പ്രഭാതകൃത്യങ്ങഠം കഴിഞ്ഞപ്പോഴേയ്ക്കും ഗോപിനാഥൻനായർ, പരമേശ്വരൻനായർ തുടങ്ങിയ സുഹൃത്തുക്കഠം രാമബാഗിലെ ജ്യോതി ഭവനത്തിലേക്ക് ഉച്ചക്ക് ഊണിനു ക്ഷണിക്കാൻ വന്നിരിക്കുന്നു. അവിടെ നേരത്തെ ചെന്നു കുഞ്ഞിൻെറ നാമകരണകർമ്മം കൂടി നിർവ്വഹിക്കണം. പ്രിയസുഹൃത്ത് വേലായുധൻനായർ "അതിനു ഇദ്ദേഹം പററിയ ആഠം തന്നെ" എന്നു താങ്ങി പറഞ്ഞപ്പോഠം ആതിഥേയരുടെ

സന്തോഷം പറയാനാവില്ല. അങ്ങനെ എല്ലാവരുംകൂടി രാമബാഗിലേക്കു പോയി. തനൂജിന് നാമകരണകർമ്മവും തൽസംബന്ധമായ പ്രഭാഷണവും സദ്യയും മററും കഴിഞ്ഞപ്പോഴെക്കും വൈകുന്നേരം 4 മണിയായി. ഇനിയും ഇങ്ങനെ തുടർന്നാൽ തീർത്ഥാടന ഉദ്ദേശം വഴിമാറുമെന്നു ഓർമപ്പെടുത്തിക്കൊണ്ട് തൽക്കാലത്തേക്കു പിരിഞ്ഞു.

കല്ല്യാൺ ചാരിട്ടിട്രസ്ററ്, ശഹാദ് കുന്നിൻപ്രദേശത്തു നിർമ്മിച്ചിരിക്കുന്ന ശ്രീ വിഠലക്ഷേത്രം വൈകുന്നേരം പോയി ദർശിച്ചു. ലക്ഷ്മിയും സരസ്വതിയും ഒരുപോലെ കടാക്ഷിച്ചിട്ടുള്ള ബിർളാകുടുംബം നാട്ടിൻെറ നാനാഭാഗങ്ങളിലും ആധുനിക പ്രവണതകളെ കൂടി കണക്കിലെടുത്തു സ്ഥാപിച്ചിട്ടുള്ള പല ക്ഷേത്രങ്ങളിൽ ഇതും ഉൾപ്പെടുന്നു. പ്രാചീന സങ്കല്പങ്ങൾക്കു നവീന രൂപം നൽകി നിർമ്മിച്ചിരിക്കുന്ന ഈ മനോഹര ക്ഷേത്രത്തിൽ പ്രധാന പ്രതിഷ്ഠ ശ്രീബിഠോബാ (മഹാവിഷ്ണു) യാണെങ്കിലും ഇരുഭാഗത്തും ശിവശക്തി പ്രതിഷ്ഠകളുമുണ്ട്. സമയനിഷ്ഠ പാലിക്കുന്ന പൂജകളും, ഭജന, പാരായണ പ്രവചനം മുതലായവയും പ്രതിദിനം യഥാക്രമം നടക്കുന്നു. ക്ഷേത്രത്തിനകത്തു വെണ്ണക്കൽ ചുവരുകളിൽ സന്ദർഭോചിതമാംവിധം ആർഷസൂക്തങ്ങളും സാരാർത്ഥങ്ങളും ആലേഖനം ചെയ്തിട്ടുണ്ട്. അകത്തെന്നപോലെ ക്ഷേത്ര വളപ്പും ആകർഷകമാക്കി നില നിർത്താൻ നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ പ്രകൃതി മോഹനമായ ഉദ്യാനങ്ങളും വിശ്രമകേന്ദ്രങ്ങളും ശുഷ്കാന്തിപൂർവം പരിപാലിച്ചുവരുന്നു. ഇവിടെ വന്നു താമസിച്ചുകൊണ്ട് ക്ഷേത്രദർശനം നടത്തണമെന്നാഗ്രഹിക്കുന്നവർക്കു പററിയ ഒരു 'വിശ്രമഭവനം' ദേവസ്വത്തോടനുബന്ധിച്ചുണ്ട്. നവീന സൗകര്യങ്ങളോടുകൂടിയ ധാരാളം മുറികളുള്ള ഈ സത്രം തീർത്ഥാടകർക്കു വലിയൊരനുഗ്രഹമാണ്.

സന്ധ്യാദീപാരാധന ദർശിച്ച് തൊഴുതിട്ട് ഗോപിനാഥൻനായരോടൊപ്പം **N·R·C** (നാഷണൽ റയൺസ് കോർപറേഷൻ) കോളനിയിലേക്കു പോയി. അവിടെ ജനസ്വാധീ

നമുള്ള പി. ആർ. നായർ തുടങ്ങിയ സ്ഥിരവാസികളെ കണ്ടിട്ട് രാത്രി ടി കോളണിയിൽതന്നെ തങ്ങി.

22–4–77 രാവിലെ അവിടെനിന്നും 50 കി. മി. ദൂരമുള്ള വജ്രേശ്വരിയിലേക്കു ബസിൽ പോയി. ശ്രീ വജ്രേശ്വരിക്ഷേത്രം ഒരു കുന്നിൻ ചരിവിലുള്ള പ്രധാന ദേവീക്ഷേത്രമാണ്. വനദുർഗ്ഗസ്വഭാവമുള്ള ത്രിമൂർത്തി പ്രതിഷ്ഠയാണ്. മദ്ധ്യാഹ്ന പൂജയിലും ദീപാരാധനയിലും പങ്കെടുത്തു. ക്ഷേത്രത്തിനു മുന്നിൽ പടിക്കെട്ടു ഇറങ്ങി വരുമ്പോഠം പൊതുനിരത്തും നിരത്തു കഴിഞ്ഞാൽ ചൂടുവെള്ളം ഊറിക്കൊണ്ടിരിക്കുന്ന ഏഴു കുണ്ഡങ്ങളും അതിനപ്പുറം പുഴയും കാണാം. പുഴയിൽ കുളിച്ചിട്ട് ചുടുനീരുറവകളിൽ ഏഴെണ്ണത്തിലും മുങ്ങി. ഓരോ കുണ്ഡത്തിലുമുള്ള ജലത്തിനു ചൂട് വ്യത്യാസമുണ്ട്. ഗന്ധകാംശമുള്ള ഈ നീരുറവകളിൽ കുളിച്ചിട്ട് പലർക്കും ത്വക്ക് രോഗങ്ങഠം മാറിയിട്ടുണ്ടെന്നു പറഞ്ഞു. ഇവിടെ നിന്നും കുറച്ചകലെ ഒരു ശിവക്ഷേത്രവും മൂന്നു ചുടുനീരുറവകളുമുണ്ട്. അവിടെയും പോയി ദർശിച്ചിട്ട് രണ്ട് മൈൽ അകലെയുള്ള ഗണേശ പുരിയിലേക്കു നടന്നു.

കേരളത്തിൽ വടകരക്കടുത്ത ഒരു കുഗ്രാമത്തിൽ 1897–ാംമാണ്ടിൽ ഭൂജാതനായ രാമൻകുട്ടി ജന്മനാ ജീവന്മുക്തനായ മഹാത്മാവാണ്. ഇദ്ദേഹം പിൽക്കാലത്ത് ബാബാനിത്യാനന്ദസ്വാമിയെന്ന പേരിൽ പ്രസിദ്ധനായി. കൗമാരദശയിൽതന്നെ കന്യാകുമാരി മുതൽ കൈലാസംവരെ സഞ്ചരിച്ചിരുന്ന ഈ മഹാൻ അവസാനം വജ്രേശ്വരി ക്ഷേത്ര പരിസരത്തു ചെന്നിരുന്നു. 50 വർഷത്തിനു മുൻപ് വന്യമൃഗങ്ങളുള്ള വനപ്രദേശത്തിൻെറ ഭാഗമായിരുന്നു വജ്രേശ്വരിയും. അവിടെയും സന്ദർശകരുടെ സംഖ്യ അധികരിച്ചപ്പോഠം കുറേക്കൂടിവനാന്തരത്തിലേക്കുകടന്നുപോയിരുന്നു. അതാണിന്നു ഒരു നഗരമായി മാറിയിരിക്കുന്ന ഗണേശപുരി. 1961 ആഗസ്ററ് 8-ാം തിയതി ബാബാജി ദേഹത്യാഗം ചെയ്തതിനു ശേഷം ഒരു നിത്യതീർത്ഥാടന കേന്ദ്രമായി ത്തീർന്നിരിക്കുന്നു. മഹാത്മാക്കഠം ഇരിക്കുന്ന സ്ഥലത്തിന്നു, സാധാരണ ജനങ്ങഠംക്കു അജ്ഞാതമായ ഒരു പൂർവ്വകാല മാഹാത്മ്യം ഉണ്ടായിരിക്കണമല്ലോ. ത്രേതായു

ഗത്തിൽ വസിഷ്ഠമഹർഷി യാഗം നടത്തിയിരുന്ന സ്ഥാന മാണത്രെ ഇവിടം. മത്സ്യേന്ദ്രിയ നാഥൻ, ഗോരഖ്നാഥൻ തുടങ്ങിയ യോഗികളും ജ്ഞാനികളും ഈ പുണ്യസ്ഥാന ത്ത് വന്നു പാർതിരുന്നതായി പറയപ്പെടുന്നു.

ഗണേശപുരിയിൽ ശ്രീനിത്യാനന്ദ സമാധി ക്ഷേത്രത്തി നു മുന്നിലും മൂന്നു ചുടുനീരുറവകൾ കൊച്ചു കുളങ്ങ ളെപ്പോലെയുണ്ട്. മുമ്പ് ഈ വൈകുണ്ഠാശ്രമത്തിൽ ബാബാജിയെ ദർശിക്കുവിൻ വരുന്നവരോട് ആ "കു ണ്ടിൽ പോയി കുളിച്ചിട്ടു വാ" എന്നു ആജ്ഞാപിക്കുമാ യിരുന്നു. ഇവിടെ ശ്രീകൃഷ്ണൻ, ശിവൻ, ശക്തി പ്രതി ഷ്ഠകളുള്ള ക്ഷേത്രങ്ങളും ആശ്രമം വക അന്നദാന സത്രം, ആരോഗ്യ കേന്ദ്രം മുതലായ സ്ഥാപനങ്ങളുമുണ്ട്. ഒരു വിശാലഹാളിൽ ശ്രീബാബായുടെ വലിയ ഫോട്ടോകളെ ക്കൊണ്ട് ഒരു ചിത്രപ്രദർശനക്ഷേത്രം തന്നെ നിർമ്മി ച്ചിരിക്കുന്നു. ശ്രീനിത്യാനന്ദബാബായുടെ ശിഷ്യപ്രധാനി യായ സ്വാമി മുക്താനന്ദജി ഇരിക്കുന്ന ഗുരുദേവാശ്രമം അത്യന്താധുനികമായ സർവ്വ സജ്ജീകരണങ്ങളോടുകൂടി യതും വിദേശീയരുൾപ്പെടെ അനവധി ഭക്തൻമാരുടെ ആശാകേന്ദ്രവുമാണ്. സ്വാമി മുക്താനന്ദജിക്കു എന്തോ സുഖക്കേടായിരുന്നതിനാൽ ഈയിടെയായി സന്ദർശകരെ കാണാൻ അനുവദിച്ചിരുന്നില്ല.

രാത്രി കല്ല്യാണിൽ മടങ്ങിയെത്തിയപ്പോഴേക്കും കല ശലായ ജലദോഷവും പനിയുമുണ്ടായിരുന്നു. സുഹൃ ത്തുക്കൾ തയാറാക്കിത്തന്ന തുളസി കഷായം സേവിച്ചുകൊ ണ്ട് ഗണേശ് വാഡിയിൽ വിശ്രമിച്ചു. 23-ാം തിയതി വൈകുന്നേരം സുഖംവീണ്ടെടുത്തശേഷം നഗരത്തിലെ രണ്ടു മൂന്നു ക്ഷേത്രങ്ങളിൽക്കൂടി പോയി ദർശിച്ചു. അവയിൽ മുഖ്യം തിത്വാല ഗണപതിക്ഷേത്രമായിരു ന്നു. രാത്രി പട്ടകർ വാഡിയിൽ ജി. എൻ. പട്ടകരുടെ ആതിഥ്യം സ്വീകരിച്ചിട്ട് ഗണേശവാഡിയിൽ മടങ്ങി യെത്തി.

# ഭർത്തൃഹരിഗുഹയിൽ

കാടുമേടുകളാലാവൃതമായ രണ്ടു ഗുഹാദ്വാരങ്ങൾ. അതിനകത്തു പ്രവേശിച്ചു നോക്കിയപ്പോൾ ലോഹനിർമ്മിതമായ ത്രിശൂലം നാട്ടിയിരിക്കുന്ന ഹോമകുണ്ഡം, ശിവലിംഗപ്രതിഷ്ഠ, വൈഷ്ണവ പ്രതിഷ്ഠ, ഗോരക്ഷനാഥ പ്രതിഷ്ഠ മുതലായ പവിത്രവും ദിവ്യവുമായ സങ്കേതങ്ങൾ. മഹാരാജാ ഭർത്തൃഹരി പാരമഹംസ്യധർമ്മം അനുഷ്ഠിച്ചതും സമാധി പ്രാപിച്ചതും ഇവിടെയാണ്.

മഹാരാജാവോ, മഹാസമാധിയോ? ഇവ രണ്ടിനും എന്തു പൊരുത്തമാണുണ്ടാവുക? അതെ, മഹാരാജാവ് ഭരണാധികാരികൾക്കെല്ലാം മാതൃകയായി, ദേശീയ ജനക്ഷേമതൽപരനായി രാജ്യഭാരം നടത്തിയ മഹാരാജാവ്. സംസ്കാരസമ്പന്നമായ സ്വധർമ്മത്തിൽനിന്നു വ്യതിചലിക്കാതെ കുടുംബധർമ്മവും രാഷ്ട്രധർമ്മവും പാലിക്കുവാൻ അദ്ദേഹത്തിനു സാധിച്ചു. ലക്ഷ്യബോധമുണ്ടായിരുന്നതിനാൽ ക്രമപ്രവൃദ്ധമായ ധർമ്മാചരണത്തിലൂടെ പരമധർമ്മം പ്രാപിക്കുവാനും സാധിച്ചു. ഭർത്തൃഹരിക്കു മുൻപും പിൻപും എത്രയെത്ര മഹാരാജാക്കൻമാർ രാജ്യം ഭരിച്ചിട്ടുണ്ട്. അവർക്കാർക്കും ഇത്തരമൊരു സ്മാരകം ഉണ്ടായിട്ടില്ല. ഉജ്ജയിനിലെ ക്ഷിപ്രാനദിക്കരയിൽ, അനാർഭാടമായ ഗ്രാമാന്തരീക്ഷത്തിൽ വളരെ പഴക്കംചെന്ന ഒരു ഗുഹാക്ഷേത്രം!

ഇതിനെ ഒരു സ്മാരകമെന്നു വിശേഷിപ്പിക്കുന്നതെങ്ങിനെ? സ്മാരകലക്ഷണങ്ങൾക്കൊത്ത പണികളൊന്നും

അവിടെയില്ല. ഭർത്തൃഹരിയുടെ ഒരു ചിത്രം പോലും അവിടെ വെച്ചിട്ടില്ല! പക്ഷെ പ്രതിദിനം രാഷ്ട്രത്തിൻെറ പല ഭാഗങ്ങളിലും നിന്നു നൂററുക്കണക്കിനു ജനങ്ങരം ഭർത്തൃഹരിഗുഹയിൽ വരുന്നത് ഒരു കാഴ്ചവസ്തുകണ്ട് ആസ്വാദിക്കുവാനുള്ള ആവേശത്താലല്ല, ഒരു മഹായോഗിയുടെ ദിവ്യസമാധിയിൽനിന്നു വൈരാഗ്യത്തിൻെറയും ആത്മജ്ഞാനത്തിൻെറയും പ്രചോദനം ഉരംക്കൊള്ളുന്ന ഭാവത്തിലാണ്. പാത്രഭേദമനുസരിച്ച് അതവർക്കു ലഭിച്ച് കൃതാർത്ഥരാവുന്നുമുണ്ട്.

ഭർത്തൃഹരിയുടെ 'ശൃംഗാരശതക' ശ്ളോകങ്ങളിൽ ചിലതു കണ്ഠസ്ഥമാക്കിയിട്ടുള്ള ഒരു അദ്ധ്യാപകന്, സംശയമാണ്, ഭോഗലാലസനായിരുന്ന ഈ മഹാരാജാവ് മഹാത്മാവാവുന്നതെങ്ങനെയെന്ന്. അദ്ദേഹത്തിൻെറ ജീവിതരീതി ഗ്രഹിച്ചില്ലെങ്കിൽ മുന്നും പിന്നും രചിച്ചിട്ടുള്ള നീതിശതകവും വൈരാഗ്യശതകവുംകൂടി ഒരാവർത്തി വായിക്കുകയെങ്കിലും ചെയ്തിരുന്നുവെങ്കിൽ ഈ സംശയാത്മാവിൻെറ ബുദ്ധി തെളിയുമായിരുന്നു. ഷെല്ലിയെയും ഷേക്സ്പിയറെയും പഠിപ്പിക്കുന്ന ഇന്നാട്ടിലെ ഒരദ്ധ്യാപകൻെറ ഗതികേടിൽ സഹതപിക്കുക. ഇതും ഒരു മായാവിലാസംതന്നെ! അർത്ഥാർത്ഥിയായ — ഐശ്വര്യത്തെ ആഗ്രഹിക്കുന്ന—ജ്ഞാനജിജ്ഞാസുവിനെ ബാധിക്കുന്ന വിക്ഷേപാവരണം, അഥവാ ഗീതയിൽ ഭഗവാൻ അരുരം ചെയ്യുന്നതുപോലെ "അനുഭവിക്കുന്തോറും ആസക്തി കൂടുന്നതും മതിയെന്നു തോന്നാത്തതും ഇഷ്ടംപോലെ രൂപമെടുക്കുവാൻ കഴിവുള്ളതുമായ ഈ കാമം (ആഗ്രഹം) എന്ന സ്ഥിര ശത്രുവാൽ ജ്ഞാനിക്കും അന്തഃകരണം മൂടപ്പെട്ടിരിക്കുന്നു."

വരരുചി, ഭട്ടി, വിക്രമാദിത്യൻ, ഭർത്തൃഹരി എന്നീ സർവ്വശാസ്ത്രവ്യുൽപന്നരായ നാലു രാജകുമാരൻമാരിൽ മൂത്തവനായ ഭർത്തൃഹരി മുറപ്രകാരം രാജ്യഭാരം ഏററു. ശാസ്ത്രവ്യുൽപത്തിയും ധർമ്മനിഷ്ഠയും നിമിത്തം ബന്ധുമിത്രാദികളും രാജ്യതന്ത്രജ്ഞൻമാരും അദ്ദേഹത്തെ ബഹുമാനിക്കുകയും സ്തുതിക്കുകയും ചെയ്തു. ജനരഞ്ജകപ്രവണതയും പ്രജാക്ഷേമതല്പരത

യും നിമിത്തം കാണപ്പെട്ട ദൈവമെന്നു ജനങ്ങരം വാഴ്ത്തി. ഈ പ്രശംസകരംക്കും സ്തുതികരംക്കും ബഹുമാനാദരങ്ങരംക്കും എല്ലാം ഭർത്തൃഹരി അർഹനായിരുന്നുവെങ്കിലും അദ്ദേഹം അവയ്ക്കു വഴങ്ങാതെ സദാ സ്വധർമ്മനിഷ്ഠനായിരുന്നു.

ഐശ്വര്യസ്യ വിഭൂഷണം സുജനതാ
ശൗര്യസ്യ വാക്ക്സംയമോ
ജ്ഞാനസ്യോപശമഃ ശ്രുതസ്യവിനയോ
വിത്തസ്യപാത്രേ വ്യയഃ
അക്രോധസ്തപസഃക്ഷമാപ്രഭവിതുർ ധർമ്മസ്യ
നിർവ്യാജതാ
സർവ്വേഷാമപി സർവ്വകാരണമിദം ശീലം പരം
ഭൂഷണം

"ഐശ്വര്യത്തിനു സജ്ജനങ്ങളുമായുള്ള ഇണക്കവും, പരാക്രമത്തിന് ആത്മപ്രശംസയില്ലായ്മയും, ജ്ഞാനത്തിനു ഉപശമവും, ശാസ്ത്രത്തിനു വണക്കവും, ധനത്തിനു സൽപാത്രത്തിൽ ദാനവും, തപസ്സിനു കോപമില്ലാതിരിക്കലും, വലിപ്പമുള്ളവന് സഹനശക്തിയും, പുണ്യകർമ്മത്തിനു പാപംകൂടാതിരിക്കലും അലങ്കാരമാകുന്നു. എല്ലാവർക്കും സർവ്വകാരണമായിരിക്കുന്ന ഈ ശീലം ഉൽക്കൃഷ്ടമായ ഭൂഷണമാകുന്നു."

നിന്ദന്തുനീതിനിപുണായദിവാസ്തുവന്തു
ലക്ഷ്മീസ്സമാവിശതുഗച്ഛതുവായഥേഷ്ടം
അദ്യൈവ വാമരണമസ്തുയുഗാന്തരേ വാ
ന്യായ്യാൽ പഥഃപ്രവിചലന്തിപദന്ന ധീരാഃ

"നീതിനിപുണൻമാരായിട്ടുള്ളവർ നിന്ദിക്കുകയോ സ്തുതിക്കുകയോ ചെയ്യട്ടെ; സമ്പത്തുണ്ടാവട്ടെ, ഇഷ്ടംപോലെ പൊയ്ക്കൊള്ളട്ടെ; ഇപ്പോരംത്തന്നെ മരണം സംഭവിക്കട്ടെ, അഥവാ അതു യുഗാവസാനത്തിലായിക്കൊള്ളട്ടെ; എന്തുതന്നെയായാലും ധീരൻമാർ സജ്ജനങ്ങളാൽ നിർദേശിക്കപ്പെട്ടിട്ടുള്ള മാർഗങ്ങളിൽനിന്നും വ്യതിചലിക്കുകയില്ല...." ഇത്യാദി നീതിധർമ്മങ്ങരം സ്വാഭാവികമായും സ്വധർമ്മത്തിന്നനുയോജ്യമായി ആചരിച്ചുകൊണ്ട് രചിച്ചതാണ് ഭർത്തൃഹരിശതകങ്ങരം. ഗൃഹസ്ഥാശ്രമത്തിൽ ഗൃഹനായികയ്ക്കാ

ണ് മുഖ്യസ്ഥാനം. എല്ലാംകൊണ്ടും പ്രഗത്ഭരായ തന്റെ സഹോദരൻമാരെയും അവരുടെ നിലയിൽ ധർമ്മമാർഗത്തിൽ അനുനയിച്ചിരുന്ന ഭർത്തൃഹരിക്ക് ഏതു സന്ദർഭത്തിലും അനായാസമായി രാജസിംഹാസനം വിട്ടൊഴിയാൻ പ്രയാസമില്ല. അങ്ങനെ രാജധർമ്മത്തിൽനിന്നു പാരമാർത്ഥികധർമ്മത്തിലേയ്ക്കു പദാർപ്പണം ചെയ്യാൻ കാലമായപ്പോൾ പട്ടമഹിഷിയുടെ ധർമ്മച്യുതി ഒരു കാരണമായി വന്നുചേർന്നുവെന്നുമാത്രം.

ലോകത്തിൽ ശ്രേഷ്ഠരെന്നു പൊതുവേ സമ്മതിച്ചിരിക്കുന്ന മഹാൻമാർ ഏതേതുവിധം പ്രവർത്തിക്കുന്നുവോ അതാതിനെ മററുള്ള ജനം അനുസരിക്കുന്നത് ലോകസമ്പ്രദായമാകുന്നു:—

യദ്യച്ഛീർഷണ്യാചരിതം
ദത്തദനുവർത്തതേ ലോക:—എന്നു ഭാഗവതത്തിലും,
യദ്യദാചരതിശ്രേഷ്ഠസ്തത്ത ദേവേതരോജന:
സയത്പ്രമാണം കുരുതേ ലോകസ്തദനുവർത്തതേ

എന്നു ഭഗവദ്ഗീതയിലും അരുൾചെയ്യുന്ന വിധം ജീവിച്ചിരുന്ന ഭർത്തൃഹരിക്ക് ഭൗതികതലത്തിൽനിന്ന് ആദ്ധ്യാത്മിക തലത്തിലേയ്ക്ക് ഉയരാൻ എളുപ്പമായിരുന്നു. ഋഷഭദേവൻ തന്നെക്കാൾ ധർമ്മകുശലനായി ഭരതനെ ഒരുക്കിനിർത്തിയിരുന്നതുപോലെ, ഭർത്തൃഹരിക്കു വിക്രമാദിത്യനും ഒരുക്കപ്പെട്ടിരുന്നു. ഈവിധം ജീവിതവും രചനയും താദാത്മ്യപ്പെട്ടിരിക്കുന്നതനുസരിച്ചു മാത്രമല്ല ലൗകികജീവിതത്തിന്റെ മുന്നും പിന്നും അടിസ്ഥാനവും ലക്ഷ്യവും ബോദ്ധ്യപ്പെടുത്താൻ ശ്രമിച്ചിരിക്കുന്നുവെന്നതാണ് ഭർത്തൃഹരി ശതകങ്ങളുടെ സവിശേഷത. ഈ നിലയിൽ നീതി—ശൃംഗാര ശതകങ്ങൾ ധർമ്മാർത്ഥ കാമങ്ങളുടെയും, വൈരാഗ്യശതകം മോക്ഷത്തിന്റെയും പ്രബന്ധങ്ങളാണെന്നു ഗ്രഹിക്കാം.

രണ്ടായിരം വർഷങ്ങൾക്കുമുൻപ് ഭാരതത്തെ മുഴുവൻ സാംസ്കാരികമായി പ്രചോദിപ്പിച്ച ചരിത്രഘട്ടത്തിന്റെ സ്ഫൂർത്തിദായകമായ ഈ ഭഗ്നാവശിഷ്ടം സമുദ്ധരിച്ച് സർവ്വാകർഷകമാക്കുകയെന്നത് ഒരു രാഷ്ട്രധർമ്മമാണ്. എന്നാൽ ഭർത്തൃഹരിശതകങ്ങളിൽക്കൂടി ഭർത്തൃഹരി

ചിരസ്മരണീയനായി ജനഹൃദയങ്ങളിൽ ജീവിക്കുന്നു. അതുതന്നെ ആ മഹാത്മാവിൻെറ ശാശ്വത സ്മാരകം. ഈ വിധ ചിന്താഗതികളോടെ ഭർത്തൃഹരിഗുഹയിൽനിന്നു ബഹിർ ഭാഗത്തേയ്ക്കു വന്നിട്ട് തിരിഞ്ഞുനിന്നു. ആ ഗുഹാന്തർഭാഗത്ത് 'ആരത്രികം' നടത്തുന്നതിൻെറ മണിനാദം മുഴങ്ങുന്നു; അതോടൊപ്പം മഹാത്മാവായ ഭർത്തൃഹരിയുടെ ശബ്ദവും മാറെറാലിക്കൊള്ളുന്നതായി കേരംക്കാം:—

ആയുർവർഷശതം നൃണാം പരിമിതം രാത്രൗ തദർദ്ധംഗതം
തസ്യാർദ്ധസ്യ പരസ്യ ചാർദ്ധമപരം ബാലത്വ വൃദ്ധത്വയോഃ
ശേഷം വ്യാധിവിയോഗ ദുഃഖസഹിതം സേവാദി ഭിർന്നീയതേ
ജീവേവാരിതരംഗ ചഞ്ചലതരേ സൗഖ്യം കുതഃപ്രാണിനാം?
മാതർമ്മേദിനി! താതമാരുത! സഖേ! തേജസ്സ്വ ബന്ധോജല!
ഭ്രാതർവ്യോമ! നിബദ്ധ ഏഷ ഭവതാ— മന്ത്യഃപ്രണാമാഞ്ജലി:
യുഷ്മൽസംഗവശോപജാത സുകൃത— സ്ഫാരസ്ഫുരന്നിർമ്മല—
ജ്ഞാനാപാസ്തസമസ്ത മോഹമഹിമാ ലിയേ പരബ്രഹ്മണി.

"ഒരുവൻെറ ആയുസ്സ് കൂടിയാൽ നൂറുവർഷം. അതിൽ പകുതി രാത്രി, ബാക്കി പകുതിയുടെ പകുതി ബാല്യവും വാർദ്ധക്യവുമായിപ്പോകുന്നു. ശേഷിച്ച കാലം രോഗം ബന്ധുമിത്രാദികളുടെ വിയോഗം മുതലായവയാൽ ദുഃഖകരമാകുന്നു. ജീവിതം തിരമാലകരംപോലെ. മനുഷ്യനു സുഖം എവിടെ?

അല്ലയോ മാതാവായ ഭൂമിദേവി! അല്ലയോ അച്ഛനായ കാറേറ! അല്ലയോ സ്നേഹിതരായ സൂര്യചന്ദ്ര നക്ഷത്രങ്ങളേ! അല്ലയോ സുഹൃത്തായ ജലമേ! ഞാൻ നിങ്ങരംക്ക് അഭിവാദനങ്ങരം അർപ്പിച്ചുകൊണ്ട് നിങ്ങളുടെ ബന്ധത്താൽ ഉളവായ സുകൃതംകൊണ്ട് പ്രശോഭിതവും നിർമ്മലവുമായിരിക്കുന്ന ജ്ഞാനത്താൽ സകല വിഷയമോഹങ്ങളെയും കൈവിട്ട് ശാശ്വതാനന്ദസ്വരൂപമായ പരബ്രഹ്മത്തിൽ ലയിക്കുന്നു."

# ഗിരിനാർ ശിഖരങ്ങൾ

സൗരാഷ്ട്രത്തിലെ ജൂനാഗാഢ് നഗരത്തിലും പരിസരങ്ങളിലും "വൈഷ്ണവജനതോ...." ഗായകനായ ശ്രീ നരസിംഹഭക്തൻെറ പവിത്ര സങ്കേതങ്ങരം സന്ദർശിച്ചിട്ടു നോക്കിയപ്പോരം രണ്ടു മണിയായി.

ഇനി ഗിരിനാർ കുന്നുകളിൽ ഏറിയിറങ്ങാൻ പററുകില്ല. മലമേൽ രാത്രി തങ്ങിയിട്ട് നാളെ മടങ്ങാമെങ്കിൽ പോകാം. നഗരത്തിൽനിന്ന് 10 നാഴിക അകലത്തിൽ മിക്കവാറും തൂക്കനെ കാണപ്പെടുന്ന ശിഖരമാണത്രെ ഗിരിനാറിൻെറ പ്രഥമ കൊടുമുടിയും പ്രവേശനദ്വാരവും. അവിടെ ചുററും പടർന്നുകിടക്കുന്ന കാട്ടുകളുടെ മദ്ധ്യത്ത് ആരംപ്പാർപ്പുണ്ടെന്നു പറഞ്ഞാൽ വിശ്വസിക്കാനാവില്ല. വന്യമൃഗങ്ങളും വേണ്ടുവോളം ഉണ്ടെന്നറിഞ്ഞു. അങ്ങകലെ വാനോളം ഉയർന്നുനിൽക്കുന്ന, ഭഗവാൻ ദത്താത്രേയൻെറയും ഗുരു ഗോരക്ഷനാഥൻെറയും, ജൈനതീർത്ഥങ്കരൻമാരുടെയും ദിവ്യചരിതങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്ന ആ കൊടുമുടിയിലേക്ക് ഒന്നുകൂടി നോക്കി. അതിൻെറ അടിവാരംവരെയെങ്കിലും പോകാമെന്നു കരുതി ഒരു ഓട്ടോറിക്ഷയിൽ തിരിച്ചു.

മാർഗമദ്ധ്യേ ഇരു പാർശ്വങ്ങളിലും ഭാഗവതകഥകളുമായി ബന്ധപ്പെട്ട പല പുണ്യ സങ്കേതങ്ങളുണ്ട് ദർശിക്കുവാൻ. വാഗേശ്വരീക്ഷേത്രവും കുന്നും കുഴിയുമായി 'രേവതാചല'മെന്ന കുന്നും കുന്നിൻചരിവിൽ ദാമോദരകുണ്ഡം, രേവതീകുണ്ഡം മുതലായ ജലാശയങ്ങളും

ദേവസ്ഥാനങ്ങളും തീർത്ഥാടകരുടെ ധർമ്മശാലകളും കാണാം. രേവതൻെറ വാസസ്ഥാനമായിരുന്നു രേവതാചലം. രേവതൻ സ്വപുത്രിയായ രേവതിയെ ശ്രീബലരാമന് വിവാഹം ചെയ്തുകൊടുത്തശേഷം ദ്വാരകയിൽ നിന്നിവിടെ വന്നു വസിച്ചിരുന്നു. ഗിരിനാറിനെ അപേക്ഷിച്ച് ഉയരം കുറഞ്ഞ രൈവതക, പുണ്യഗിരി, ഉജ്ജയന്തി, അശ്വത്ഥാമ, കുന്നുകളുടെ ഇടയ്ക്ക് വിസ്തൃതമായ സുദർശനതടാകവും 268 ഏക്കർ വിസ്തീർണ്ണമുള്ള കാനനവുമാണ്. സുഭദ്രാഹരണശേഷം അർജ്ജുനൻ ഈ രേവതാചലത്തിൽ നിന്ന് ഇന്ദ്രപ്രസ്ഥത്തിലേക്ക് തിരിച്ചതായി മഹാഭാരതത്തിൽ പറയുന്നു. മാഘൻെറ ശിശുപാലവധം നാലാം സർഗം മുഴുവൻ ഈ രേവത കുന്നിനെപ്പററിയാണ് വർണ്ണിച്ചിരിക്കുന്നത്. സ്കന്ദപുരാണത്തിലെ പ്രഭാസഖണ്ഡത്തിൽ ഗിർനാർ—രേവത കുന്നുകളുടെ താഴ്വര കാനനപ്രദേശം മുഴുവനും ശിവൻെറ അഴിഞ്ഞ വസ്ത്രാഞ്ചലമാണെന്നു വർണ്ണിച്ചിരിക്കുന്നു.

ഇവിടെ വളരെ പഴക്കമുള്ള ശ്രീകൃഷ്ണ, ശിവ, ദേവീ, ഹനുമാൻ ക്ഷേത്രങ്ങൾക്കിടയിൽ അശോകൻ, സ്കന്ദഗുപ്തൻ, രുദ്രദമൻ എന്നിവരുടെ ശിലാലിഖിതങ്ങൾ കാണാം. പൊതുവേ ധർമ്മാനുശാസനസംബന്ധമായ ശിലാലിഖിതങ്ങളാണവ. തൻെറ ധർമ്മയാത്ര—ധർമ്മമംഗലം—ഉദ്ഘാടനം ചെയ്യുന്ന വിവരം അശോകശാസനത്തിലും ചുററുമുള്ള ദേവസ്ഥാനങ്ങളും സുദർശന പുഷ്കരണിയിലും വേണ്ടവിധം പരിരക്ഷിച്ചു നടത്തേണ്ടുന്ന വിവരങ്ങൾ ഗുപ്തൻമാരുടെ ശാസനത്തിലും കാണാം.

ദാമോദരകുണ്ഡത്തിൽ നിന്ന് ബസിൽ ഗിർനാർ താഴ്വരയിലെ പ്രധാന പ്രവേശനദ്വാരത്തിൽ ചെന്നെത്തി. അവിടെയും ചെറുതും വലുതുമായ ചില ക്ഷേത്രങ്ങളും തീർത്ഥാടകർക്കു തങ്ങാനുള്ള ധർമ്മശാലകളും ഉണ്ട്. അപ്പോഴും ഏതാനും തീർത്ഥാടകർ മലയേറാൻ പുറപ്പെടുന്നതുകണ്ട് ഞങ്ങൾ ധൈര്യപ്പെട്ടു. ധനികകുടുംബത്തിലെ പ്രായമായവർ പല്ലക്ക് വാടകക്കുപിടിച്ചും യാത്രയ്ക്കൊരുമ്പെടുന്നു. ഒരാൾക്ക് 50 രൂപയിൽ കുറയാത്ത കൂലി കൊടുക്കണം പല്ലക്കിന്. ജാം നഗർ മഹാരാജാവിൻെറ കാ

ലത്തു 5000 അടി ഉയരമുള്ള ഗിർനാർ കൊടുമുടിയിലേക്ക് 14000 പടിക്കെട്ടുകൾകൊണ്ട് ആറടി വീതിയിൽ ഒരു നടപ്പാത നിർമ്മിക്കുകയും അങ്ങേ അററത്തോളം വൈദ്യുതീകരിക്കുകയും ചെയ്തതിനാൽ അത്രയും ആശ്വാസമായി.

ആദ്യമാദ്യം കഴിയുന്നതും വേഗതകൂട്ടി ഏറി. ഇരുവശത്തും കാടുകളിൽനിന്നും കരിംകുരങ്ങുകളും മയിൽപ്പക്ഷികളും വന്നെത്തിനോക്കും. ഈ പാതയിലുമുണ്ട് അവിടെയവിടെയായി പല താവളങ്ങൾ. എല്ലായിടത്തും കുടിക്കാനുള്ള ജലവും കരിമ്പുനീരും വെച്ചുകൊണ്ടിരിക്കുന്നവർക്ക് ഇഷ്ടദേവതാപ്രതിഷ്ഠകളുമുണ്ട്. കരിമ്പുനീരിനും ചായയ്ക്കും കൂടിയ വിലയാണ്. വെള്ളത്തിന് വില ചോദിക്കുകയില്ലെങ്കിലും കാണിക്ക സമർപ്പിക്കണം. എല്ലാം താഴെനിന്നു കൊണ്ടുവരണമല്ലോ. ആദ്യം നിരന്നും, പിന്നെ ചരിഞ്ഞും, ഒടുക്കം കുത്തനേയും ഉള്ളതായ ഏററങ്ങൾ അനുസരിച്ച് സാഹസഭാവം കൂട്ടിക്കൊണ്ടിരുന്നു. അവസാനം കാലുകളെ കൈകൊണ്ട് താങ്ങി മേൽപോട്ട് ഏന്തേറേണ്ടിവന്നു. അവസാന പടിക്കെട്ടുകൾ മുഴുവൻ പാറക്കെട്ടുകളിലാണ്. അൽപം അങ്ങോട്ടോ ഇങ്ങോട്ടോ തെററിയാൽ അഗാധമായ പാറയിടുക്കുകളിൽ ചെന്നുവീഴും. വീണാൽ പിന്നെ ശവംപോലും കിട്ടുകയുമില്ല. അവിടമൊക്കെ കടുവാക്കൂടുകളാണത്രേ. ''ഭൈരവാജപ്'' എന്നറിയപ്പെടുന്ന ഈ തൂക്കാംപാറയിൽനിന്ന് ചാടി പണ്ടും ചരിത്രകാലത്തും പല ജൈന സന്യാസിമാരും ആത്മസമർപ്പണം ചെയ്തിട്ടുണ്ട്. ഇപ്പോഴും അപൂർവ്വമായിട്ടെങ്കിലും ഇത്തരം ആത്മഹത്യകൾ ഇവിടെ നടക്കാറുണ്ട്. ഈ പാറമേൽ കെട്ടിപ്പടുത്തിരിക്കുന്ന വിശാലമായ വാതായനത്തിൽക്കൂടി അകത്തു കടന്നപ്പോൾ അത്ഭുതം! കൊടുമുടിയിലൊരു കൊച്ചു പട്ടണം ദൃശ്യമായി.

പെട്ടെന്ന് പ്രകൃതിയിലെ മാററം ഏറിവരുമ്പോൾ അനുഭവപ്പെട്ട ചൂടും ഉഷ്ണവും മാറി അനവരതം തണുത്ത കാററ്. ചുററുമുള്ള ദീപങ്ങളെയും മനുഷ്യരെയും അടിക്കടി അദൃശ്യമാക്കുന്ന കറുത്ത മേഘപടലങ്ങൾ ഊക്കോടെ ചെകിട്ടത്തടിച്ചു കടന്നുപോകുമ്പോൾ, തല മൂടിക്കെട്ടാതെ

നിർവ്വാഹമില്ല. ഈ ഉന്നതപീഠത്തിൽ—ഉച്ചിയിൽ—നിന്നുള്ള ഭൂവീക്ഷണം അത്ഭുതകരം. സ്ഥലപുരാണപ്രകാരം ഹിമവാൻെറ പുത്രനാണ് ഗിരിനാർ കൊടുമുടി. തൻെറ സഹോദരിയായ ശ്രീപാർവ്വതിയുടെ വിവാഹത്തിനു സന്നിഹിതരായ ത്രിമൂർത്തികളെയും ദേവൻമാരെയ്യം യഥോചിതം സൽക്കരിച്ച് സന്തുഷ്ടരാക്കിയ ഗിരിനാറിനെ വിഷ്ണുഭഗവാൻ അനുഗ്രഹിക്കുകയും ഗിരികളിൽവെച്ച് സർവ്വാരാദ്ധ്യമായ സവിശേഷത ഗിരിനാറിനു നൽകുകയും ചെയ്തു. ഇന്നും വർഷത്തിൽ നാലു പ്രാവശ്യം ഈ ഗിരിശിഖരങ്ങൾക്ക് പരിക്രമം ചെയ്യുന്ന തീർത്ഥാടന സമ്പ്രദായം പൂർവ്വാധികം വിപുലമായി നടത്തപ്പെടുന്നു. പ്രവേശനദ്വാരത്തിനടുത്ത് പ്രഥമമായി പ്രതിഷ്ഠിച്ചിരിക്കുന്ന ഗിരിനാർ അംബാജി ശ്രീപാർവ്വതിയാണ്. ക്ഷേത്രത്തോനുബന്ധിച്ചുള്ള ഒരു കെട്ടിടത്തിൽ രാത്രി താമസിച്ചു. കടലമാവുകൊണ്ടുള്ള പക്കാവടയും ചായയും അത്താഴമായി കഴിച്ചു.

അഞ്ചരമണിക്കൂർകൊണ്ട് ഈ കൊടുമുടിമേൽ എത്തിയ ഞങ്ങൾ വളരെ ക്ഷീണിച്ചിരുന്നതിനാൽ രാത്രി ഗാഢനിദ്രയിലാണ്ടു. പിറേറന്നു രാവിലെ എണ്ണീററ് ഗിരിനാർശിഖരത്തിൽതന്നെ നിമ്നോന്നതമായി കാണപ്പെടുന്ന മാർഗ്ഗങ്ങളിലൂടെ ശ്രീദത്താത്രേയ പീഠവും ശ്രീഗോരക്ഷനാഥപീഠവും പോയി ദർശിച്ചു. ഓരോ ശിഖരപീഠത്തിൻമേലും പരിമിതസ്ഥലത്ത് പ്രദക്ഷിണം ചെയ്ത് ഇറങ്ങുന്നതുവരെ വളരെ സൂക്ഷിക്കണം. എപ്പോഴും വീശിക്കൊണ്ടിരിക്കുന്ന കാററിൽ അടിപതറിപ്പോയാൽ താഴോട്ട് പതിച്ചതുതന്നെ.

മഹാഭാഗവതത്തിൽ തൻെറ 24 ഗുരുനാഥൻമാരെപ്പററി വർണ്ണിച്ചുകൊണ്ട് ജ്ഞാനോപദേശം ചെയ്യുന്ന അവധൂതജ്ഞാനിയാണ് ശ്രീദത്താത്രേയൻ. ത്രിമൂർത്തികളുടെ സൃഷ്ടിസ്ഥിതിലയ സ്വരൂപസമന്വയം മൂന്നു മുഖങ്ങളുള്ള ഈ മഹാജ്ഞാനിയിൽ ദർശിക്കാം. മഹാരാഷ്ട്രത്തിലും ഗുജറാത്തിലും മററും ദത്താത്രേയക്ഷേത്രമില്ലാത്ത സ്ഥലമില്ല. ഗിർനാർകുന്നു അദ്ദേഹത്തിൻെറ നിത്യ സാന്നിദ്ധ്യംകൊണ്ട് പരിപൂതമാണ്. ജനവിശ്വാസപ്രകാരം

ദത്തഭഗവാൻ പ്രതിദിനം കാശിയിൽ സ്നാനം ചെയ്തിട്ട് ദക്ഷിണഭാരതത്തിൽ ഭിക്ഷയെടുത്ത് കഴിക്കുകയും ഗിരിനാർ കുന്നിൽ വിശ്രമിക്കുകയും ചെയ്യുന്നു.

അടുത്തത് ശ്രീഗോരക്ഷനാഥപീഠമാണ്. സദ്ബോധയെന്ന ബ്രാഹ്മണനും പത്നി സാവിത്രിയും സത്സന്താനലാഭത്തിനുവേണ്ടി പല വ്രതങ്ങളും അനുഷ്ഠിച്ചെങ്കിലും ഫലിച്ചില്ല. ഒരിക്കൽ മത്സ്യേന്ദ്രനാഥനെന്ന യോഗി വിഭൂതിപ്രസാദം കൊടുത്തനുഗ്രഹിച്ചു. ഭക്തിപൂർവ്വം കഴിച്ചാൽ ഒരു ഉത്തമ പുത്രൻ ജാതനാകുമെന്നു യോഗി പറഞ്ഞുവെങ്കിലും, നേരത്തേതന്നെ ഇതുപോലെ സിദ്ധിച്ച അനുഗ്രഹങ്ങളും പ്രസാദങ്ങളും ഫലിക്കായ്കകൊണ്ട് വിശ്വാസം നഷ്ടപ്പെട്ടിരുന്ന സാവിത്രി ആരുമറിയാതെ ആ വിഭൂതി കാട്ടിലേയ്ക്കു എറിഞ്ഞു. പന്ത്രണ്ടു വർഷത്തിനുശേഷം അതുവഴി വന്ന ശ്രീമത്സ്യേന്ദ്രനാഥൻ ബ്രാഹ്മണ ദമ്പതികളോട് കുട്ടിയെപ്പററി അന്വേഷിച്ചു. ജ്ഞാനദൃഷ്ടികൊണ്ട് സ്ഥിതിമനസ്സിലാക്കിയ യോഗി ആ കൊടുങ്കാട്ടിൽ കേറിനിന്നുകൊണ്ട് "അലഘ്" എന്ന് ഉറക്കെ വിളിച്ചു. അതിൻെറ പ്രതിദ്ധ്വനിയെന്നോണം "ആദേശ്" എന്ന് വിളികേട്ടുകൊണ്ട് ഒരു താപസകുമാരൻ മുമ്പിൽ വന്നു നിന്നു. അയോനി സംഭവനായ ഈ ഗോരക്ഷനാഥൻ പിൽക്കാലത്തു ശിവോപാസനയിൽ പ്രമുഖനും ഉന്നതയോഗാചാര്യനുമായി. ഉത്തരഭാരതത്തിലും നേപാളത്തിലും ശ്രീലങ്കയിലും മററും ആരാധിക്കപ്പെടുന്നു. ഇദ്ദേഹത്തിൻെറ പ്രാദുർഭാവം ഗിരിനാരിലായതിനാൽ ഗോരക്ഷനാഥപീഠത്തിനിവിടെ വിശേഷമഹത്വം കല്പിച്ചിരിക്കുന്നു

ജൈനമതസ്ഥരെ സംബന്ധിച്ചേടത്തോളം സൗരാഷ്ട്രത്തിൽ അവരുടെ അഞ്ചു പുണ്യപർവ്വതങ്ങളിലൊന്നാണ് ഗിരിനാർ. ശത്രുഞ്ജയ, ആബു, അഷ്ടപാദ, സമേത ശിഖിരം എന്നിവയാണ് മററു നാലെണ്ണം. ദിഗംബര സമ്പ്രദായത്തിൽ പെട്ട ജൈനരുടെ ആചാര്യനായ ശ്രീനേമിനാഥൻ (അരിഷ്ടനേമി) ഗിരിനാറിലാണ് മഹാനിർവ്വണം പ്രാപിച്ചത്. 22 തീർത്ഥങ്കരൻമാരുടെയും ക്ഷേത്രങ്ങരം ഈ കുന്നിൻമുകളിൽ വെണ്ണക്കല്ലുകരം കൊണ്ട് നിർമ്മിച്ചി

രിക്കുന്നുവെന്നത് ഇക്കലെത്തും ഒരത്ഭുത പ്രവർത്തനമായേ കാണാൻ സാധിക്കൂ. എല്ലാം രാജകീയമായ തലയെടുപ്പോടെ ഇന്നും നിലകൊള്ളുന്നു. ഇടയ്ക്കിടെ ശുദ്ധജലം നിറഞ്ഞ ജലാശയങ്ങൾ ഉള്ളതിൽ ഗൗമുഖി, ഹനുമൻധാര, കമണ്ഡൽ കുണ്ഡം എന്നിവ പ്രമുഖങ്ങളാണ്. സാധു സന്ന്യാസിമാർ സ്ഥിരമായിരിയ്ക്കുന്ന ചില ആശ്രമങ്ങളും ബൗദ്ധ ഗുഹകളും കാട്ടിനിടയ്ക്കു കാണാം. ഇവ ഓരോന്നിനെ സംബന്ധിച്ചും പല കഥകൾ പറയാനുണ്ടാവും. മിക്ക താവളസ്ഥാനങ്ങളിലും ക്ഷേത്രങ്ങളിലും ശ്രീ രാമകൃഷ്ണപരമഹംസർ, സ്വാമിവിവേകാനന്ദൻ, ശ്രീ ശാരദാദേവി എന്നീ കലണ്ടർ പടങ്ങൾ സുലഭമായി തൂക്കിയിരിക്കുന്നതു കണ്ടു.

പിറേറന്നു (30–4–1977) ഉച്ചയ്ക്കുമേൽ 3 മണിയോടുകൂടി ഞങ്ങൾ ഗിരിനാർ കുന്നുകളിൽ നിന്നു താഴോട്ട് ഇറങ്ങി. "ഭൈവരവാ ജാപ്" എന്ന ഭയാനകശിലയുടെ ഒരു വശത്തു പരിഷ്കൃതരെങ്കിലും താടി വളർത്തിയ രണ്ടു ചെറുപ്പക്കാരെ കണ്ടു. അവർ ബോംബേ നഗരനിവാസികളാണ്. ഗിരിനാർ കുന്നുകളിലെ ഗുഹകളിൽ കടുവാ മുതലായ ഹിംസ്രജന്തുക്കളെ മിത്രങ്ങളാക്കി ഇരിക്കുന്ന ചില യോഗികൾ ഉണ്ടെന്നും അവരെ ദർശിച്ചു ആശീർവാദം വാങ്ങുന്നതു വലിയൊരു നേട്ടമാണെന്നും അതിനു സഹായിക്കുന്ന ചിലർ പുറത്തു സഞ്ചരിക്കുന്നുണ്ടെന്നും അവരെ പ്രതീക്ഷിച്ചിരിക്കയാണെന്നും ആ യുവാക്കൻമാരുമായി അല്പനേരത്തെ സംഭാഷണത്തിനിടയ്ക്ക് അറിയാൻ കഴിഞ്ഞു. ബോംബേയിലെ സമ്പന്ന ജീവിതത്തിൽ ലഭിക്കാത്ത എന്തോ ഒന്നിനെ അന്വേഷിച്ചിറങ്ങിയിരിക്കുകയാണവർ.

താഴെയിറങ്ങി ജൂനാഗാഡ് റെയിൽവേസ്റേറഷനിലേക്കു പോകുമ്പോൾ നരസിംഹ ഭക്തൻെറ "വൈഷ്ണവജനതോ" ഗാനം ആരോ മധുരമായി പാടുന്നത് കേട്ടു.

# ഗംഗാ മാഹാത്മ്യം

ആധിഭൗതികം, ആദ്ധ്യാത്മികം, ആധിദൈവികം— എന്നീ ത്രിവിധ വീക്ഷണത്തോടുകൂടിയതാണ് ഹിന്ദുക്കളുടെ 'ജലതീർത്ഥ' സങ്കല്പവും. ഭാരതപുണ്യഭൂമിയിൽ ഒഴുകി കിഴക്കേകടലിൽ ചെന്നു പതിക്കുന്ന പുഴകളെ നദികളെന്നും മററു ദിക്കുകളിലേക്കൊഴുകുന്നവയെ നദങ്ങളെന്നും വിശേഷിപ്പിച്ചിരിക്കുന്നു. കൂടാതെ ഭാരതത്തിൽ ഉടനീളം തീർത്ഥസ്ഥാനങ്ങളായ തടാകങ്ങളും കുണ്ഡങ്ങളും ഉണ്ട്. സർവ്വപ്രധാനതീർത്ഥം ഗംഗയാണെന്നത് ശ്രുതിയുക്ത്യനുഭവസിദ്ധമാകുന്നു. ഗംഗയോളം പ്രകീർത്തിക്കപ്പെടുന്ന ഒരു പുണ്യനദി വിശ്വത്തിൽ മററു എവിടെയും ദർശിക്കാനാവില്ല.

പ്രത്യക്ഷത്തിൽ, സമുദ്രനിരപ്പിൽ നിന്ന് പന്തീരായിരം അടി ഉയരത്തിൽ ഹിമശിഖരങ്ങളിൽനിന്നു ഉത്ഭവിച്ച് രണ്ടായിരത്തി അഞ്ഞൂറിൽപരം കി. മീ. ദൂരം ഒഴുകി ഗംഗാസാഗരത്തിൽ പതിക്കുന്ന ഗംഗാനദിയുടെ ഇരുകരകളിലും അനേകമനേകം തീർത്ഥഘട്ടങ്ങളും ക്ഷേത്രങ്ങളും ഉണ്ട്. ഭൗതികദൃഷ്ട്യാ ഗംഗാ ജലസമ്പർക്കത്താൽ ചുററുപ്രദേശങ്ങളെല്ലാം സസ്യശ്യാമളാഭവും ഫലഭൂയിഷ്ഠവുമാണ്. വീതരാഗയോഗികളായ ഈശ്വരോൻമുഖരായി ജീവിതസാധന നയിക്കുന്ന പുണ്യാത്മാക്കൾക്കെല്ലാം മുഖ്യാശ്രയമാണ് ഗംഗ. ചുരുക്കിപറഞ്ഞാൽ ഗംഗ, ഗായത്രി, ഗീത, ഗോവ്, ഗുരു ഈ പഞ്ചഗാരകങ്ങളും ഗംഗയെ ആശ്രയിച്ച് സ്ഥിതിചെയ്യുന്നു. ആധിഭൗതികാദ്ധ്യാ

ത്മിക ആവശ്യങ്ങളുടെ ഉറവിടമാണ് ഗംഗയെന്നു താല്പര്യം. വീതരാഗയോഗികളേയും ഋഷിമുനിമാരേയും സംബന്ധിച്ചിടത്തോളം ആധിദൈവിക പ്രചോദനസ്രോതവുമാണ്.

ഹരിദ്വാരം മുതൽ വടക്കോട്ട്, ഹിമാലയത്തിൽ പോഷക നദികൾ സന്ധിക്കുന്ന സ്ഥാനങ്ങളുൾപ്പെടെ ഗംഗോത്രി, ഗോമുഖം വരെ ഗംഗോത്ഭവസങ്കല്പങ്ങൾ ദൃശ്യമാണ്. ഗോമുഖത്തിനപ്പുറം എവിടെനിന്നു ഗംഗ ഉത്ഭവിക്കുന്നുവെന്നു തീർത്തുപറയുവാൻ ഇതേവരെ ആർക്കും കഴിഞ്ഞിട്ടില്ല. ഗംഗയുടെ യഥാർത്ഥ ഉത്ഭവസ്ഥാനം ഇന്നും അദൃശ്യം തന്നെ! അതിനാൽ ഗംഗ സമുദ്രത്തിൽ ചേരുന്ന ഗംഗാസാഗരംതൊട്ട് ഗംഗാദ്വാരമെന്നറിയപ്പെടുന്ന ഋഷീകേശം വരെ ഗംഗയുടെ ആധിഭൗതിക സ്വരൂപവും, അവിടെ നിന്ന് ഗോമുഖംവരെ ആദ്ധ്യാത്മിക സ്വരൂപവും, ഗോമുഖത്തിനപ്പുറം ആധി ദൈവിക സ്വരൂപവും ദർശിക്കാം. ഗംഗയെ ദേവിയായി ആവാഹിച്ച് ഉപാസിക്കുമ്പോൾ അഭയവും അമരത്വവും നൽകുന്ന തൃക്കൈകളിൽ അമൃതകുംഭവും താമരപുഷ്പവും ധരിച്ചുകൊണ്ട് മകരമത്സ്യവാഹനാരൂഢയായി വിരാജിക്കുന്നു. ഭക്തജനങ്ങൾക്കു അഭീഷ്ടപ്രദയായ ദേവി ശ്വേതവർണ്ണസ്വരൂപിണിയാണ്.

സ്വർഗംഗ, ആകാശഗംഗ, ഹൈമവതി, ജാഹ്നവി, ഭാഗീരഥി, പാതാളഗംഗ ഇത്യാദി നാമശതങ്ങളാൽ പ്രകീർത്തിക്കപ്പെടുന്ന ഗംഗ ശൈവ–വൈഷ്ണവ സ്വരൂപിണിയാണ്. ആധിദൈവികസത്തയുടെ പ്രതിരൂപമാണല്ലോ ആധിഭൗതികജഗത്ത്. ശ്രീവിഷ്ണുഭഗവാൻെറ പാദകമലങ്ങളിൽ നിന്നുത്ഭവിച്ച് ശ്രീ ശിവഭഗവാൻെറ ജഡാമകുടത്തിൽ വന്നു തങ്ങുന്ന ഗംഗയെ ഭഗീരഥൻെറ കഠിന തപസുകൊണ്ട് ഭൂമണ്ഡലത്തിലേക്കു പ്രവഹിപ്പിക്കുന്നതായിട്ടാണ് പുരാണങ്ങൾ ഉൽഘോഷിക്കുന്നത്. ഹിമവാൻെറ ഉച്ചി ഹിമാവൃതമായിരിക്കുന്ന ശ്രീനാരായണ പർവ്വതത്തിൻെറ അന്തർഭാഗത്ത് ചരണഭാഗത്തു നിന്നുത്ഭവിക്കുന്ന അളകനന്ദ ബദ്രീനാഥം വഴിക്ക് ഒഴുകുന്നതു പോലെ ദൃശ്യമല്ലെങ്കിലും നാരായണപർവ്വതത്തിൻെറ

ചരണഭാഗത്തു കൂടി അന്തർദ്ധാരയായി പ്രവഹിക്കുന്ന ഗംഗ മാനവസുമേരു എന്നറിയപ്പെടുന്ന സ്വർണ്ണപർവ്വതത്തിലൂടെ ശിവലിംഗീകൊടുമുടിയിൽ വന്നുചേരുന്നു. ഈ പർവ്വതശിഖരം ഗോമുഖത്തിന്റെ തെക്കുഭാഗത്താണ്. അവിടെ നിന്നും താഴോട്ട് ഗോമുഖത്തിലൂടെ ശക്തിയായി പ്രവഹിക്കുന്ന രൂപത്തിലാണ് നമുക്കു ആദ്യം ദൃഷ്ടിഗോചരമാവുന്ന ഗംഗോത്ഭവം.

ഗംഗോത്തരിയിൽനിന്നു 25 കി മീ. ദൂരമുള്ള ഗോമുഖത്തേക്കു യാത്ര അതികഠിനമാണ്. ഏതു സമയവും പാറപോലുള്ള മഞ്ഞിൻകട്ടകൾ അടർന്നുവീണുകൊണ്ടിരിക്കും. എന്നാൽ അനുഭവപ്പെടുന്ന പ്രകൃതിദൃശ്യങ്ങൾ അതീവമനോഹരവും നിർവൃതിദായകവുമാണ്. ഗോമുഖത്തിൽ നിന്നുതിരിയുന്ന ഗംഗയിൽ 10 കി. മീ. ദൂരം വരുമ്പോൾ ദേവനദി വന്നു ലയിക്കുന്നു. വീണ്ടും 10 കി. മീ. വരണം ഗംഗോത്തരിയിലേക്ക്. സാധാരണ നിലയിൽ സാഹസികരായ യാത്രക്കാർപോലും ഈ ഗംഗോത്തരിവരെ പോയി ഗംഗോത്ഭവം ദർശിച്ച് കൃതാർത്ഥരാവുന്നു. ദേവദാരുവൃക്ഷങ്ങളാലാവൃതമായ ഗംഗോത്തരിയിൽ ശ്രീ ശങ്കരഭഗവദ്പാദരാൽ പ്രതിഷ്ഠിക്കപ്പെട്ട ശ്രീ ഗംഗാക്ഷേത്രമുണ്ട്. കൂടാതെ യമുനാ, സരസ്വതി, ഭാഗീരഥൻ, ശ്രീ ശങ്കരഭഗദ്പാദർ എന്നീ മൂർത്തികളെയും പ്രതിഷ്ഠിച്ചിട്ടുണ്ട്. ഭൈരവനാഥമന്ദിർ എന്ന ഒരു പ്രത്യേകക്ഷേത്രവും തീർത്ഥാടകർക്കു തങ്ങാനുള്ള ധർമ്മശാലയും ഉണ്ട്. ഗംഗോത്തരിയിൽ സൂര്യകുണ്ഡം, വിഷ്ണുകുണ്ഡം, ബ്രഹ്മകുണ്ഡം തുടങ്ങിയ തീർത്ഥങ്ങളും ഭാഗീരഥൻ തപസ് ചെയ്തിരുന്ന ഭാഗീരഥശിലയും ഉണ്ട്. ഗംഗോത്തരിയും മഞ്ഞുകട്ടികൊണ്ടു മൂടുന്ന കാലങ്ങളിൽ 3 കി. മീ. താഴെ മാർക്കേണ്ഡേയ മഹർഷി തപസ് ചെയ്തിരുന്ന സ്ഥലത്തേയ്ക്ക് ദേവമൂർത്തികളെ ആവാഹിച്ചു പൂജാദി കർമ്മങ്ങൾ നടത്തപ്പെടുന്നു. ഇവിടെനിന്നും കുറച്ചകലെയായി കേദാരഗംഗ എന്ന നദി ഗംഗയോട് ചേരുന്നു. ഇതിനടുത്തു തന്നെ ഗംഗ ശിവലിംഗത്തിലേക്കു ധാരയായി ഒഴുക്കുന്ന ഗൗരികുണ്ഡം. പിന്നെയിങ്ങോട്ട് അളകനന്ദ, മന്ദാകിനി, വരുൺ, അസി, യമുന, സരസ്വ

തി, ബ്രഹ്മപുത്ര തുടങ്ങിയ അനേകം പോഷകപുണ്യ നദികൾ ഗംഗയിൽ ലയിക്കുന്നുണ്ട്.

ഗംഗാതീരത്തിലെ അനേകം പുണ്യതീർത്ഥസങ്കേതങ്ങളിൽ ഉത്തരകാശി, ഋഷികേശം ഹരിദ്വാരം, പ്രയാഗ, വാരാണസി, നവദ്വീപം, ഗംഗാസാഗരം മുതലായവ പ്രസിദ്ധങ്ങളാണല്ലോ.

പ്രാദേശികവും അന്താരാഷ്ട്രീയവുമായ പല പല പ്രധാന പുഴകളുള്ളതിൽ പുണ്യനദികളും ഉൾപ്പെടും. എന്നാൽ പല കാരണങ്ങളാൽ ഗംഗ പുണ്യനദികളുടെയെല്ലാം മാതാവാകുന്നു. വേദർഷികളുടെ തപോഭൂമിയാണ് ഗംഗാതീരത്തിന്റെ പൂർവ്വാർദ്ധം മുഴുവൻ. വേദങ്ങളിലും ഇതിഹാസപുരാണങ്ങളിലുമെല്ലാം ഗംഗാമാഹാത്മ്യം വെളിവാക്കീട്ടുണ്ട്.

"ഹ്രീംകാര ഹിമവദ്ഗംഗാ ഹ്രീങ്കാരാർണ്ണവ കൗസ്തുഭാ" എന്ന് ശ്രീ ലളിതാത്രിശതിയിലും മററും മന്ത്രസ്വരൂപിണിയായി സ്തുതിക്കപ്പെടുന്ന ഗംഗയുടെ മാഹാത്മ്യം ബൃഹദ്ധർമ്മപുരാണത്തിന്റെ അന്തിമ ഭാഗമായ "ഗംഗാധർമ്മ"ത്തിൽ സവിശേഷമായി പ്രതിപാദിച്ചിട്ടുണ്ട്. കൂടാതെ മഹാഭാരതം വനപർവ്വം 85—ാം അദ്ധ്യായത്തിലും ബ്രഹ്മപുരാണം 78—ാം അദ്ധ്യായത്തിലും പത്മപുരണം, വിഷ്ണുപുരാണം, ദേവീഭാഗവതം, ബ്രഹ്മവൈവർത്തപുരാണം, അഗ്നിപുരാണം, മത്സ്യപുരാണം, വായുപുരാണം, ബൃഹന്നാരദീയപുരാണം (പൂർവ്വോത്തരഭാഗങ്ങളിൽ), സ്കന്ദപുരാണം, ബ്രഹ്മാണ്ഡപുരാണം തുടങ്ങിയ പൗരാണിക ഗ്രന്ഥങ്ങളിലെല്ലാം വർണ്ണിച്ചിട്ടുണ്ട്.

"ന ഗംഗാസദൃശം തീർത്ഥം
ന ദേവഃ കേശവാൽ പരഃ"

എന്നാണ് ഭാരതത്തിൽ പറയുന്നത്.

ധാതുഃ കമണ്ഡലുജലം തദുരുക്രമസ്യ
പാദാവനേജന പവിത്രതയാ നരേന്ദ്ര
സ്വർധുന്യ ഭൂന്നഭസി സാപതതി നിമാർഷ്ടി
ലോകത്രയം ഭഗവതോ വിശദേവ കീർത്തി

"യജ്ഞപുരുഷനും ത്രിവിക്രമ സ്വരൂപനുമായ

സാക്ഷാൽ വിഷ്ണുഭഗവാന്റെ ത്രിലോകത്തെയും അതിക്രമിച്ച വാമപാദാംഗുഷ്ഠത്തിൽനിന്നുത്ഭവിച്ച് ഭഗവദ് പാദപങ്കജത്തെ പ്രക്ഷാളനം ചെയ്തുകൊണ്ട് ഗംഗാഭഗവതി ജഗത്പാപ നിവാരണാർത്ഥം സ്വർഗ്ഗത്തിൽ നിന്നു ഹിമാലയബ്രഹ്മസദനത്തിൽ അവതരിച്ചു. അവിടെനിന്നും ദേവി സീതാ, അളകനന്ദ, ചക്ഷു, ഭദ്രാ ഇത്യാദിനാമങ്ങളിൽ നാനാദിക്കുകളിലേക്കും പ്രവഹിച്ചു." എന്നു മഹാഭാരതത്തിൽ പറയുന്നു.

മനുഷ്യരുടെ ആധിഭൗതിക ദൃഷ്ടിയിൽ, ഗംഗയുടെ ആദി മദ്ധ്യാന്ത തീർത്ഥഘട്ടങ്ങളായ ഗംഗോത്രി, പ്രയാഗ, ഗംഗാസാഗരം എന്നീ മൂന്ന് തീർത്ഥസ്ഥാനങ്ങൾക്കും സവിശേഷത കല്പിച്ചിരിക്കുന്നു.

ത്രിഷുസ്ഥാനേഷു ദുർല്ലഭാ
ഗംഗോത്ഭേദേ പ്രയാഗേ ച
ഗംഗാസാഗരസംഗമേ.

ആദിജഗദ്ഗുരു ശ്രീ ശങ്കരാചാര്യകൃതം ഗംഗാഷ്ടക സ്തോത്രത്തിലും

ആദാവാദിപിതാമഹസ്യ നിയമ—വ്യപാരപാത്രേ ജലം
പശ്ചാത്പന്നഗശായിനോ ഭഗവതഃ—പാദോദകം പാവനം
ഭൂയഃശംഭുജടാവിഭൂഷണമണിർ—ജഹ്നോർ മഹർഷേരിയം
കന്യാകല്മഷനാശിനീഭഗവതീ—ഭാഗീരഥീ പാതുമാം

കാളിദാസ വിരചിതമായ ഗംഗാഷ്ടകസ്തോത്രത്തിലും

നമസ്തേഽസ്തുഗംഗേത്വദംഗ പ്രസാദാത്
ഭുജംഗാസ്തുരംഗാഃ കുരംഗാഃ—പ്ലവംഗാഃ
അനംഗാരിരംഗഃസസംഗാഃശിവാംഗാഃ
ഭുജംഗാധിപാംഗീ കൃതാംഗോ ഭവന്തി.

എന്നുമുള്ള ഈ രണ്ട് ശ്ലോകങ്ങളിൽ തന്നെ ഗംഗാമഹാത്മ്യം മുഴുവൻ അടങ്ങിയിരിക്കുന്നു.

മുൻ സൂചിപ്പിച്ചമാതിരി ഗംഗോത്ഭവവും ഗംഗാതടാകത്തിലെ അലൗകികവും അനിർവ്വചനീയവുമായ അനുഭൂതികളും ശരിക്കറിയണമെങ്കിൽ ശരീരശക്തിയും മനശ്ശക്തിയും ആവശ്യം വേണം. ഗതാഗതസൗകര്യങ്ങൾ വർദ്ധിച്ചിരിക്കുന്ന ഇക്കാലത്തുപോലും തപോനിഷ്ഠരായി നടന്നുപോകുന്ന ഒരാൾക്കു സിദ്ധിക്കുന്ന അലൗ

കികാനുഭൂതിയും ആത്മനിർവൃതിയും ഉല്ലാസയാത്രക്കാർക്ക് ലഭിക്കുവാൻ പ്രയാസം തന്നെ.

ഹിമവൽ വിഭൂതിയെന്നറിയപ്പെടുന്ന ശ്രീമത് തപോവനസ്വാമികൾ പല പ്രാവശ്യം ഗംഗാപരിക്രമം സാധിച്ചിട്ടുള്ള മഹാത്മാവാണ്. അദ്ദേഹത്തിൻെറ അനുഭവവാക്യങ്ങളിലൊന്നു ഇവിടെ ഉദ്ധരിച്ചുകൊണ്ട് തല്കാലം വിരമിക്കാം.

"ഗംഗ, ഗംഗ എന്നപേരോടുകൂടി ദ്രവരൂപത്തിൽ പ്രവഹിച്ചുകൊണ്ടിരിക്കുന്നത് സാക്ഷാൽ പരബ്രഹ്മം തന്നെ. മഹാപാതകികളെപ്പോലും സമുദ്ധരിക്കുവാൻ വേണ്ടി കൃപാനിധിയായ പരമാത്മാവ് തന്നെ പുണ്യതമമായ പാഥോരൂപത്തിൽ പൃഥിവിയിൽ അവതരിച്ചിരിക്കുന്നു. ഗംഗയെന്നത് സമുദ്രജലം പോലെയോ തടാകജലം പോലെയോ ഉള്ള വെറും ജലമല്ല. അവൾ സർവ്വാന്തര്യാമിയായി, സർവ്വാധിഷ്ഠാനമായ സാക്ഷാൽ പരബ്രഹ്മവസ്തു തന്നെ. എന്നാൽ ഭാഗീരഥി വെറും വെള്ളമല്ലെന്നും സർവ്വത്രപരിപൂർണ്ണമായ പരമാത്മവസ്തു തന്നെയെന്നുമുള്ളതിന്ന് എന്തൊരു പ്രമാണമാണുള്ളതെന്നു വല്ലവരും പ്രശ്നം ചെയ്യുന്നപക്ഷം, ശ്രദ്ധ ശ്രദ്ധ എന്നുമാത്രമാണ് ഒരു ഭാഗീരഥീഭക്തൻ അതിന്നുത്തരം പറയുക. അദ്ധ്യാത്മ കാര്യങ്ങളിൽ ബുദ്ധിശക്തിയിലധികം ശ്രദ്ധയാകുന്നു പ്രധാന്യമെന്നുള്ളത് സർവ്വമതങ്ങളും സർവ്വാചാര്യൻമാരും സമുദ്ഘോഷിക്കുന്ന ഒരു തത്വമാകുന്നു...."

# മതം മാററം: ഒരു ഭീഷണി!

പരശുരാമക്ഷേത്രം എന്ന കേരളത്തിൻെറ തെക്കേയററം കന്യാകുമാരിയും വടക്കേയററം ഗോകർണ്ണവുമാണല്ലോ. അക്കാലം കഴിഞ്ഞു വർണ്ണാശ്രമ ധർമ്മപ്രകാരം ആദ്യം ബ്രാഹ്മണരുടെയും തുടർന്ന് ക്ഷത്രിയരുടെയും മേൽക്കോയ്മയിൽ പല രാജ്യങ്ങളുണ്ടായി. ഭരണാധികാരികളായ ക്ഷത്രിയർ ധർമ്മനിഷ്ഠരായ ബ്രാഹ്മണരുടെ സഹകരണത്തോടെ ധർമ്മപരിപാലനവും പ്രജാപരിപാലനവും നിർവ്വഹിക്കണം. ഏതുതരം മനുഷ്യജീവിതത്തിൻേറയും മാദ്ധ്യമം അല്ലെങ്കിൽ ആധാരം ധർമ്മമായിരിക്കണം. നാട്ടിൻെറ സുരക്ഷിതത്വവും സുഭിക്ഷതയും ആരോഗ്യവും അഭിവൃദ്ധിയുമെല്ലാം ധർമ്മത്തിലധിഷ്ഠിതമാണ്. ധർമ്മച്യുതിയുണ്ടായാൽ പിന്നെ അധർമ്മവും അതിൻേറതായ അസ്വസ്ഥതകളും സംഘർഷങ്ങളും കഷ്ടതകളും ഉളവാകുകയും ചെയ്യും. ഇതാണ് പ്രപഞ്ചനിയതി.

ധർമ്മവും അധർമ്മവും നീതിയും അനീതിയും എന്നീ വിധ ദ്വന്ദ്വങ്ങൾ എക്കാലത്തും ഉണ്ടായിരിക്കും. പ്രജകളെ രഞ്ജിപ്പിച്ച് ഭരിക്കുകയെന്നത് രാജധർമ്മം. അതായത് പരസ്പര വിശ്വാസപൂർവ്വം കൊണ്ടും കൊടുത്തും ജീവിക്കുന്നതിനു ധർമ്മാധാരമെന്നപോലെ ഒരു ലക്ഷ്യവുമുണ്ട്. അതാണ് സർവ്വാന്തര്യാമിയായ ഈശ്വരൻ. ന്യായമാംവിധം ധനം സമ്പാദിക്കാം. അവരവരുടെ അർഹതയനുസരിച്ച് അവ ധർമ്മാചരണപൂർവ്വം അനുഭവിക്കാം. ഇതിനൊക്കെ

ധർമ്മം ആധാരവും ഈശ്വരൻ ലക്ഷ്യവുമായിരിക്കണമെന്ന താണ് മനുഷ്യധർമ്മം. അഥവാ മനുഷ്യനായി പിറന്ന ജീവൻെറ ഈ പ്രധാന ലക്ഷ്യപ്രാപ്തിക്കുവേണ്ടിയുള്ള ജീവിതതത്വമാണ് ഹിന്ദുധർമ്മം. അതു പരിരക്ഷിച്ച് പ്രജാപരിപാലനം ചെയ്യുന്നതിന് സ്ഥാപിതമായ കർമ്മപദ്ധതികളിൽ പ്രധാനം ക്ഷേത്രങ്ങൾ. അവിടെയും ചാതുർവ്വർണ്യ സമാജത്തിൻെറ സഹവർത്തിത്വവും കർമ്മനിഷ്ക്കർഷതകളും കാണാം. വേദവിത്തുക്കളും ബ്രഹ്മജ്ഞാനികളും ബ്രാഹ്മണർ; ധർമ്മനീതികൾ നടപ്പിലാക്കേണ്ടവർ ക്ഷത്രിയർ; കൃഷി–വാണിജ്യാദികളും പൊതുജന സേവനവും ചെയ്യുന്നവർ വൈശ്യ–ശൂദ്രൻമാർ. ചാതുർവർണ്യ വ്യവസ്ഥയാണിത്.

ഇത്രേവരെ എല്ലാവരും—ഇന്നാട്ടുകാരെല്ലാം—ഹിന്ദുക്കളാണ്. അന്യനാടുകളിൽനിന്നു വ്യാപാരാദികാര്യങ്ങൾക്കായും സന്ദർശകരായും ഇതര മതസ്ഥർ വരുമ്പോഴും ഉൽക്കടമായ ദേശീയ അതിഥി മര്യാദയനുസരിച്ച് അവരെ സ്വീകരിക്കുകയും സൽക്കരിക്കുകയും ചെയ്യും. സദ്ഭാവനയും സദാചാരവും പരസ്പരവിശ്വാസത്തിനും സഹവർത്തിത്വത്തിനും വഴിതെളിക്കും. സത്യധർമ്മാഭിമുഖമായി ചരിക്കുന്ന സദ്ബുദ്ധി പ്രകാശിക്കും. സന്തുഷ്ടിയും സന്തോഷവും വിവേകവും വിഭ്രാന്തിയും അനുഭവപ്പെടുകയും ചെയ്യും. എന്നാൽ സുഖ ദുഃഖ-മിശ്രസ്വരൂപമായ ഈ പ്രാപഞ്ചികജീവിതത്തിൽ പ്രകൃതിയും വികൃതിയും മാറിക്കൊണ്ടിരിക്കും. തദനുസരണം ധർമ്മാധർമ്മങ്ങളുടെയും ന്യായാന്യായങ്ങളുടെയും ഏററക്കുറവുകളും ഉണ്ടാവും. അവ സമതുലനപ്പെടുത്തി രഞ്ജിപ്പിക്കുവാൻ തക്ക ധർമ്മനിഷ്ഠയും വിവേക വൈരാഗ്യങ്ങളും ഉള്ളവരായിരിക്കണം ചാതുർവണ്യത്തലവൻമാർ.

ശാന്തമായിരിക്കുന്ന ജലാശയത്തിൽ വികൃതിക്കുട്ടൻ ഒരുവൻ കല്ലെടുത്ത് എറിഞ്ഞാൽ മതി നാലുപാടും ചലനമുണ്ടാക്കാൻ. ജലജന്തുക്കളെല്ലാം പരിഭ്രാന്തരായിട്ടിളകും. ശാന്തരും ശ്രദ്ധാലുക്കളുമായിരിക്കുന്ന ഒരു ജനസദസിലൊരുവൻ എന്തെങ്കിലും കൂവിവിളിച്ചുകൊണ്ട് എണീററാൽമതി അന്തരീക്ഷം പ്രക്ഷുബ്ധമാക്കാൻ. അതുപോലെ

ചാതുർവർണ്യക്കെട്ട് ഒന്നയയുകയേ വേണ്ടൂ 'അമ്പട ഞാനേ' എന്ന അഹന്ത ബഹിർഗമിക്കുവാൻ. ഒരു നുള്ള് ഉപ്പുമതി നിറകുടം പാലിനെ പിരിച്ചു വഷളാക്കാൻ. പ്രഭുത്വവും പ്രാബല്യവുമുള്ളവരുടെ 'അമ്പട ഞാനേ' ഭാവം പൊന്തിയപ്പോൾ സ്വാഭാവികമായും ചതുർവർണ്യക്കെട്ടിന് അയവുണ്ടാവുകയും തുടർന്ന് പരസ്പര സംഘർഷങ്ങളും ജാതിഭേദങ്ങളും പടർന്നു പന്തലിക്കുകയും ചെയ്തു. താത്വികബുദ്ധി ശോഷിക്കുകയും രാജസ—താമസ ബുദ്ധികൾ ധർമ്മ—നീതികളെ താന്തോന്നിത്തമെന്ന തിരസ്കരണിയിൽ മൂടുകയും ചെയ്തു. ഹിന്ദുസമുദായത്തിൻേറ ദുർദ്ദശ ഇവിടെ ആരംഭിക്കുന്നു.

അതിനുമുൻപും സമുദായത്തിൽ സംഘട്ടനങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും സാത്വികഭാവവും തജ്ജന്യമായ കർമ്മശക്തിയും മുന്തിയിരുന്നതിനാൽ ത്യാഗത്തിനും ഔദാര്യത്തിനും ലോഭമില്ല. ഐക്യവും ഐശ്വര്യവുമുള്ള ഒരു കുടുംബത്തിൽ അതിഥിക്കും ആ കുടുംബത്തെപ്പററി ബഹുമാനവും മതിപ്പും ഉണ്ടാവും. ദുരുദ്ദേശപൂർവം അതിഥി വേഷത്തിൽ വരുന്നവരെ പുറത്താക്കാനും വിഷമമുണ്ടാവില്ല. പക്ഷെ സ്വന്തം നിലതന്നെ സംശയാസ്പദമായിരിക്കെ വരുന്ന അതിഥികളും അന്യോന്യ വൈരനിര്യാതനബുദ്ധികളായ ആതിഥേയരെ കൂടുതൽ ഭിന്നിപ്പിച്ച് ചൂഷണം ചെയ്യാൻ ശ്രമിച്ചുകൂടായ്കയില്ല. വിദേശ സംഘടിത മതങ്ങളും ആദ്യമാദ്യം മാന്യരായ അതിഥികളായും, പിന്നീട് വ്യാപാരികളായും, ഒടുക്കം അക്രമികളായും വന്നു. ആദ്യത്തെ നിലയിലുള്ള ആതിഥ്യമര്യാദയ്ക്കും ഔദാര്യത്തിനും മാനുഷികമായ അന്തസും മതിപ്പും ഉണ്ട്. പിന്നീടിങ്ങോട്ട് ഔദാര്യവും അന്തസും മററും പരസ്പര പകപോക്കലിനും പ്രതികാരം വീട്ടലിനും വിധേയമായപ്പോൾ മിത്രഭാവേന വരുന്ന ശത്രുവിനെത്തന്നെ കൂട്ടുപിടിക്കാൻ തുടങ്ങി. സദ്ഗുണങ്ങൾ എല്ലാം ദൌർബല്യത്തിൻേറയും ഭീരുത്വത്തിൻേറയും പര്യായങ്ങളായി ഗണിക്കുവാനും തുടങ്ങി.

ഇത്തരം അവസ്ഥാവിശേഷങ്ങൾ മുൻപും പ്രകാരാന്തരേണ സംഭവിച്ചിട്ടുള്ള സന്ദർഭങ്ങളിൽ ഒരു ദൈവീകശക്തിയുടെ (സാത്വികശക്തിയുടെ) മദ്ധ്യസ്ഥതയിൽ പക

പോക്കൽക്കാരെ പരസ്പരം യോജിപ്പിക്കുവാൻ കഴിഞ്ഞിരുന്നു എന്നതിന് ആദ്യരാജാവായ പൃഥുചക്രവർത്തിയും ദേവേന്ദ്രനും തമ്മിലുണ്ടായ സംഘർഷവും മഹാവിഷ്ണുവിൻെറ മദ്ധ്യസ്ഥതയിൽ ഇരുവരും സമാധാനചിത്തരായി പൂർവ്വാധികം മൈത്രീബദ്ധരായതും ഒരു ദൃഷ്ടാന്തമാണ്. ആ ദിവ്യാത്മാക്കൾക്കുപോലും ചെയ്ത തെററിൻെറ തിക്തഫലത്തിൻെറ ഉത്തരവാദിത്തത്തിൽനിന്ന് ഒഴിയാൻ സാധിച്ചില്ലെന്നിരിക്കെ മനുഷ്യരുടെ കാര്യം പറയണമോ?

മാറിക്കൊണ്ടിരിക്കുന്ന പരിസ്ഥിതികളും രജസ്തമോഗുണങ്ങളുടെ ആധിക്യവുമനുസരിച്ച് "അമ്പട ഞാനേ" ഭാവം ഹിന്ദുസമുദായ ശരീരത്തിൽ പററിപ്പിടിച്ചു. ജാതികളും ഉപജാതികളും ഉച്ചനീചത്വങ്ങളുംകൊണ്ട് പരസ്പര ഭിന്നിപ്പും വർദ്ധിച്ചു. സദാചാരങ്ങൾ ഓരോന്നായി തെററിദ്ധരിക്കപ്പെടുകയോ മറയ്ക്കപ്പെടുകയോ ചെയ്തു. തൽസ്ഥാനത്ത് അനാചാരങ്ങളും ദുരാചാരങ്ങളും കൊടിയേറി. വിദേശമതങ്ങളുടെ നുഴഞ്ഞുകയററത്തിനും വ്യാപകത്വത്തിനും ഈ സ്ഥിതിയിലുള്ള ഹിന്ദുക്കളുടെ വിഘടിതാവസ്ഥ കളമൊരുക്കി. വിശ്വമതങ്ങളുടെയെല്ലാം മാതൃസ്ഥാനവും പ്രേരണാസ്രോതസ്സും ഹിന്ദുധർമ്മമാണെങ്കിലും അതിൻെറ പൈതൃകാവകാശം പേറുന്ന ഹിന്ദുസമുദായത്തിൽ സത്യധർമ്മങ്ങൾ മങ്ങുകയും കർത്തവ്യങ്ങൾ അവഗണിക്കപ്പെടുകയും ചെയ്തു. തത്വജിജ്ഞാസകൊണ്ടല്ല, ഒരുതരം പകപോക്കൽ മനോഭാവവും തൽക്കാലാവശതാനിവാരണത്തിന് ഉള്ളതിൽ ഭേദമെന്ന വിശ്വാസവുമാണ് ഇതര മതങ്ങളിലേക്ക് മാറാൻ ബഹുഭൂരിപക്ഷത്തെയും പ്രേരിപ്പിച്ചത്. അവരുടെ മതപരമായ, മതാധിഷ്ഠിതമായ കർത്തവ്യകർമ്മങ്ങളും തീക്ഷ്ണമായിരുന്നു. അതുകൊണ്ട് കർത്തവ്യവിമുഖരായ ബഹുഭൂരിപക്ഷം ഹിന്ദുക്കളെക്കാൾ സമർത്ഥമാംവിധം മത—സമൂഹ രംഗങ്ങളിൽ അന്യമതസ്ഥർ സ്ഥാനമുറപ്പിച്ചു. കാലവിശേഷമായ രാജനൈതിക (രാഷ്ട്രീയ) കക്ഷിപ്രവണതകളുടെ പാകത്തിനു വളർന്നു വികസിച്ചിട്ടുള്ളതാണ് ഇതര മതങ്ങൾ. ആ നിലവാരത്തിലുള്ള കർത്തവ്യബോധവും ഐക്യവും അവർക്കുണ്ടുതാനും. സ

ത്യധർമ്മാദികളേക്കാൾ ന്യായവാദം ഉയർത്തിപ്പിടിക്കുന്നതാണ് രാഷ്ട്രീയമെന്ന രാജനൈതികം.

നേരും നെറിയുംകെട്ട രാഷ്ട്രീയവും അശാസ്ത്രീയമായ ജാതിഭേദവും ചേർന്നു. ഇവിടെയും ധർമ്മച്യുതിയാണ്. വ്യക്തികളുടെ കർത്തവ്യകർമ്മത്തെക്കാൾ അതതു കക്ഷികളുടെയും ജാതിയുടെയും നിലനിൽപ്പാണ് അവർക്കാവശ്യം. സത്യവും ധർമ്മവും തെററിദ്ധരിച്ചും തെററിദ്ധരിപ്പിച്ചും തൻെറയും തൻെറ കക്ഷിയുടെയും കാര്യം കാണുക. ഏറെക്കുറെ സംഘടിതമതങ്ങളും ഇതുതന്നെയാണ് ചെയ്യുന്നത്. ഇതിനൊക്കെ ബലിയാടുകളാവുന്നതോ ഏറെക്കുറെ ഹിന്ദു ജാതികൾതന്നെ.

മാറിക്കൊണ്ടിരിക്കുന്ന ഈ സാമൂഹിക പശ്ചാത്തലങ്ങൾ ഓർമ്മിച്ചുകൊണ്ട് ഹിന്ദുസമുദായത്തിൻെറ തല്ക്കാലസ്ഥിതി നോക്കുമ്പോൾ മീനാക്ഷിപുരത്തെ കൂട്ടത്തോടെയുള്ള മതംമാററവും കന്യാകുമാരി ജില്ലയിലെ ഹിന്ദുക്കളുടെ വർദ്ധനശതമാനം ഗണ്യമായി കുറഞ്ഞിരിക്കുന്നതും പാകിസ്ഥാൻ വിഭജനത്തിനു മുൻപ് തന്നെ ആരംഭിച്ചതിൻെറ തുടർച്ചയാണെന്നു കാണാം. കാശ്മീരിൽ ദശാബ്ദങ്ങൾക്കുമുൻപ് കൂട്ടത്തോടെ മുസ്ലീങ്ങളാക്കപ്പെട്ട ഹിന്ദുക്കൾ വീണ്ടും മാതൃധർമ്മത്തിൽ ചേർക്കണമെന്നു അപേക്ഷിച്ചപ്പോൾ ശ്രദ്ധിക്കപ്പെടാതെപോയി. തുടർന്നു സിന്ധ്, ആസാം, ബീഹാർ, ഹൈദരാബാദ് മുതലായ സ്ഥലങ്ങളിൽ കൂട്ടത്തോടെ മതംമാററങ്ങളുണ്ടായതെല്ലാം ഒരു വിഭാഗം ഹിന്ദുക്കളുടെ പിന്തുണയോടുകൂടിയാണ്. വിഭജനത്തിനു ഏതാനും മാസം മുൻപ് തൃശ്ശിനാപ്പള്ളിയ്ക്കടുത്തു ആയിരത്തിൽപ്പരം ഹിന്ദുക്കളെ മതംമാററിയത് ലിയാഖത് അലിഖാൻെറ നേതൃത്വത്തിലും പെരിയാർ രാമസ്വാമി നായ്ക്കരുടെയും ഡോക്ടർഅംബേദ്ക്കറുടെയും ആശീർവാദത്തോടുകൂടിയുമായിരുന്നു. ഇപ്പോഴും നടന്നുകൊണ്ടിരിക്കുന്ന മതംമാററങ്ങളിൽ പ്രത്യക്ഷമായോ പരോക്ഷമായോ ചില ഹിന്ദുക്കൾ കൂട്ടുനിൽക്കുന്നുണ്ട്; ചില കക്ഷിരാഷ്ട്രീയക്കാർ പിന്തുണയ്ക്കുന്നുണ്ട്. സമുദായബോധമുള്ള ഹിന്ദുക്കളും ഹിന്ദുസംഘടനകളും ഇത്തരം രംഗങ്ങളിലെത്തുന്നത് വള

രെ വൈകിയായതിനാൽ പ്രശ്നപരിഹാരമാകുന്നുമില്ല.

കന്യാകുമാരിഹിന്ദുക്കളുടെ സ്ഥിതിയെപ്പററി എഴുതാൻ വിചാരിച്ചപ്പോഠം എങ്ങും തൊടാതെ ഇത്രയൊക്കെ കുറിച്ചു. പൊതുവെ പറഞ്ഞാൽ ഭാരതത്തിലെങ്ങുമുള്ള ഹിന്ദുക്കളുടെ സ്ഥിതിയാണിവിടെയും. ഇതര മതസ്ഥരുടെ സംഖ്യ ഗണ്യമായി കൂടാൻ കാരണം മതപരിവർത്തനം മാത്രമല്ല; കുടുംബാസൂത്രണവും കൂടിയാണ്. ഹിന്ദുക്കളുടെ സാമൂഹികവും ജാതിപരവുമായ അനീതികളും, സാമ്പത്തികമായ അവസരസമത്വരാഹിത്യവും, അന്യമതസ്ഥരുടെ പ്രലോഭനങ്ങളും മതംമാററങ്ങഠംക്കു വഴിയൊരുക്കിയിട്ടുണ്ട്. സ്വധർമ്മത്തിലെ അനശ്വരാദ്ധ്യാത്മികസത്തയെപ്പററി എല്ലാവരും ബോധവാൻമാരായിക്കൊള്ളണമെന്നില്ല. എന്നാൽ സ്വധർമ്മസംസ്ക്കാരം ബോദ്ധ്യപ്പെടുകയെങ്കിലും വേണ്ടേ? പ്രാബല്യവും പ്രഭുത്വവും ഉള്ള ഹിന്ദുക്കഠംക്ക് മധുരയിലെ ഒരു അഗ്രഹാരത്തിലെ തമിഴ് ബ്രാഹ്മണർ മുഴുവൻ ജസ്യൂട്ട് പാതിരി തന്ത്രങ്ങളിൽ കുടുങ്ങി മതം മാറിയതും അവഗണിക്കാവുന്നതല്ല. ഇതിനെക്കാഠം രസാവഹം കൂടിയായ ഒരു ഭീഷണി ഈയിടെ നാഗരുകോവിലിൽ കേഠംക്കുകയുണ്ടായി. ട്രാൻസ്പോർട്ട് കോപ്പറേഷന് തങ്ങളുടെ രാഷ്ട്രീയ നേതാവിൻെറ നാമകരണം ചെയ്തില്ലെങ്കിൽ കൂട്ടത്തോടെ മതംമാറുമെന്നു ഒരുകൂട്ടം ഹിന്ദുക്കഠം പത്രപ്രസ്താവനയിറക്കിയതാണ് ആ ഭീഷണി! മതംമാററത്തിന്നെതിരായി മുഖ്യമന്ത്രി രംഗത്തിറങ്ങിയപ്പോഠം ഉണ്ടായ ഒരു പ്രതികരണമാണിത്!

കേരളത്തിലെ നെല്ലറകളിലൊന്നായി വിശേഷിക്കപ്പെടുന്ന നാഞ്ചിനാട് തിരുവനന്തപുരം ജില്ലയുടെ ഒരു ഭാഗമാണെന്നു മാത്രമല്ല തിരുവിതാംകൂർ രാജ്യത്തിൻെറ മൂലസ്ഥാനവുമായിരുന്നു. തിരുവിതാംകോട്, കേരളപുരം, പത്മനാഭപുരം, കുലശേഖരം, തക്കല—അടുത്തടുത്ത് സ്ഥിതിചെയ്യുന്ന ഈ സ്ഥലങ്ങഠം ഉഠംപ്പെട്ടതാണ് പഴയ തിരുവിതാംകൂർ രാജ്യത്തിൻെറ തലസ്ഥാനം. രാജകുടുംബവുമായി ബന്ധപ്പെട്ട പല തറവാടുകളും അമ്മവീടുകളും ഇരുന്നയിടംപോലും അജ്ഞാതമായി. ചില

ത് നാമാവശേഷമായി. ഇവിടങ്ങളിലൊക്കെ മുസ്ലീങ്ങളും ക്രൈസ്തവരുമാണ് ഇപ്പോരം പ്രമാണികരം. പക്ഷെ അന്നത്തെ പ്രധാന ക്ഷേത്രങ്ങളെങ്കിലും ജീർണ്ണോദ്ധാരണം ചെയ്യേണ്ടുന്ന നിലയിൽ അവശേഷിച്ചിട്ടുണ്ട്. വീരവേലുത്തമ്പി ദളവാ, രാജാ കേശവദാസൻ തുടങ്ങിയ പല ചരിത്രപുരുഷൻമാരുടേയും തറവാട്ഭവനങ്ങരം ഈ കന്യാകുമാരി ജില്ലയിലാണ്. അഞ്ഞൂറുവർഷങ്ങരംക്കു മുമ്പ് നൂററുക്കു നൂറും ഹിന്ദുക്കളായിരുന്ന ഈ പ്രദേശത്തു ഇന്നു നാൽപതു ശതമാനവും അഹിന്ദുക്കളാണ്. അവരുടെ സ്ഥാപനങ്ങളും പ്രവർത്തനങ്ങളുമാണ് എല്ലാരംഗങ്ങളിലും മുന്നേറിക്കൊണ്ടിരിക്കുന്നത്. ഇന്നത്തെ പ്രബലരും ദുർബലരുമായ ഹിന്ദുക്കരം പലപ്പോഴും തൻകാര്യ സാദ്ധ്യത്തിനായി ഈ അഹിന്ദുക്കളെ ആശ്രയിക്കുന്നുമുണ്ട്.

പുള്ളിവിവര കണക്കുകരം ഉദ്ധരിക്കണമെന്നില്ല. അസൂയയും സ്പർദ്ധയും വളർത്തണമെന്നില്ല. ധർമ്മബോധം അല്പമെങ്കിലും ഉള്ള ഏതൊരാരംക്കും ബോദ്ധ്യപ്പെടുന്ന ചലനങ്ങളാണ്. അന്യമതസ്ഥരുടെ, സാമാന്യമാണെങ്കിലും അവർക്കു ബോദ്ധ്യപ്പെട്ട മതത്തിലുള്ള വിശ്വാസവും, നിഷ്ഠയും തജ്ജന്യമായ കർത്തവ്യകർമ്മങ്ങളുംകൊണ്ട് അവർ സമൃദ്ധിയും സാഫല്യവും അനുഭവിക്കുന്നു. കർത്തവ്യകർമ്മവിമുഖരായ ഹിന്ദുക്കരം നാരംക്കുനാരം ശോഷിച്ചുകൊണ്ടിരിക്കുന്നു. പഴിയെല്ലാം ജാതിഭേദത്തിന്റെ തലയിലിട്ടുകൊണ്ട്, അന്യമതസ്ഥരുടെ അന്യായമായ മതംമാററപ്രവർത്തനങ്ങളിൽ ചുമത്തിക്കൊണ്ട് ഒഴിഞ്ഞുമാറാൻ നോക്കേണ്ട. അവസരസേവയുടേയും ദുരഭിമാനത്തിൻേറയും ജീർണ്ണാവശിഷ്ടങ്ങരം പേറിക്കൊണ്ട്, നേരും നെറിയുമില്ലാത്ത കക്ഷിരാഷ്ട്രീയത്തിന്റെ അതിപ്രസരമേററുകൊണ്ട് അതാണ് ജൻമസാഫല്യമെന്നു മനോരാജ്യം കെട്ടുന്ന ഹിന്ദു സ്വയം തിരുത്തപ്പെടാതെ ഹിന്ദുവിന്റെ പ്രശ്നം പരിഹൃതമാവുകയില്ല. താൻ ഒരു ഹിന്ദുവാണെന്നും വിശേഷാത്തരമായ തന്റെ സംസ്ക്കാരം ഉരംക്കൊള്ളേണ്ടത് തന്റെ പ്രഥമവും പ്രധാനവുമായ കർത്തവ്യമാണെന്നുമുള്ള ശരിയായ ഉണർവ്വുണ്ടാ

വേണ്ടേ? എന്നിട്ട് തന്നോടും തൻെറ കുടുംബത്തോടും, സമുദായത്തോടും, രാജ്യത്തോടുമുള്ള കടപ്പാടിനെപ്പററി വക തിരിവുണ്ടാവേണ്ടേ? ഹിന്ദുക്കളുടെ നഷ്ടശിഷ്ടങ്ങളായ സമ്പത്തുക്കളും മങ്ങികൊണ്ടിരിക്കുന്ന കർമ്മക്ഷേത്രങ്ങളുമെമ്പാടുമുണ്ട്. അവയ്ക്കുനേരെ കർത്തവ്യവിമുഖരായി ധാർമ്മികാലസരായി, അനുകൂലസാഹചര്യങ്ങളെ വേണ്ടസമയത്തു വേണ്ടവിധം പ്രവർത്തിച്ച് സഫലമാക്കാതെ ഹിന്ദു ജീവിതം പുലരുന്നതെങ്ങനെ?

അകൃത്രിമവും അനശ്വരവുമായ സംസ്ക്കാരത്തിൻെറ ഉടമയാണ് ഓരോ ഹിന്ദുവും. ഈ ഉണർവ്വോടുകൂടി കർത്തവ്യോൻമുഖരായാൽ കന്യാകുമാരിയിലെന്നല്ല എതൊരു പ്രദേശത്തും ഹിന്ദുക്കളെ സംബന്ധിച്ചേടത്തോളം ഭയാശങ്കകൾക്കോ നിരാശയ്ക്കോ സ്ഥാനമില്ല.

# ഹരിജനപ്രശ്നം

സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം അനായാസേന പരിഹരിക്കാമായിരുന്ന ഒരു പ്രശ്നം, കക്ഷി രാഷ്ട്രീയക്കാരുടെ കൈമുതലാക്കിയതോടെ കീറാമുട്ടിയാക്കിയിരിക്കുന്നതായി കാണുന്നു. ഹരിജന പ്രശ്നത്തെയാണ് ഇവിടെ ഉദ്ദേശിക്കുന്നത്. എത്രയോ ഹരിജന എം. എൽ. ഏ. മാരും എം.പി.മാരും മന്ത്രിമാരും വന്നു, പോയി. ഹരിജനോദ്ധാരണത്തിന്റെ പേരിൽ കോടിക്കണക്കിനു രൂപ വകയിരുത്തി ചെലവഴിച്ചു. പ്രത്യേക സൗജന്യങ്ങളും യോഗ്യത കഴിവുകളും തുടർന്നുകൊണ്ടിരിക്കുന്നു. എല്ലാ രാഷ്ട്രീയ കക്ഷികളും ഹരിജനോദ്ധാരണാർത്ഥം വീറോടെ വാദിക്കുകയും പ്രസംഗിക്കുകയും ചെയ്യുന്നതിൽ 'ഞാൻ മുമ്പേ ഞാൻ മുമ്പേ' എന്നു നിൽക്കുന്നു. എന്നാൽ പ്രശ്നം പരിഹൃതമായില്ലെന്നു മാത്രമല്ല പൂർവ്വാധികം പരസ്പര വിദ്വേഷത്തിന്റേയും പകപോക്കലിന്റേയും പേക്കോലം കെട്ടിയിരിക്കുന്നതായി പ്രദർശിപ്പിക്കപ്പെടുന്നു! എരിയുന്ന തീയിൽ അതു കെടുത്താനെന്നും പറഞ്ഞ് ഇടയ്ക്കിടെ കുറേശ്ശെ എണ്ണ ഊററിക്കൊടുക്കുന്ന 'തന്ത്രം' നിർവ്വിഘ്നം തുടരുന്നു. കക്ഷിരാഷ്ട്രീയക്കാരുടെ കയ്യാളികൾക്ക് "ഹരിജനങ്ങളും-ജാതിഹിന്ദുക്കളും" 'വർണ്ണാശ്രമം' തുടങ്ങിയ സംജ്ഞകളുടെ ശസ്ത്രക്രിയകൾ തുടർന്നുകൊണ്ടിരിക്കുന്നു. പക്ഷെ ഹരിജനപ്രശ്നം പൂർവ്വാധികം മുഴച്ച് വഷളായിക്കൊണ്ടിരിക്കുന്നു!

സ്വാമി ദയാനന്ദസരസ്വതി, സ്വാമി വിവേകാനന്ദൻ, മഹാത്മാഗാന്ധി, ശ്രീനാരായണഗുരു തുടങ്ങിയ പുണ്യാത്മാക്കൾ ഒച്ചപ്പാടുകളൊന്നും കൂടാതെ സാംഗോപാംഗമായി നിർവ്വഹിച്ച അവശോദ്ധാരണത്തിൻെറ, ഹരിജനോദ്ധാരണത്തിൻെറ മുന്നേററം തമ്മിലടിക്കുന്ന കക്ഷിരാഷ്ട്രീയക്കാർ കോടിക്കണക്കിലുള്ള നാശനഷ്ടങ്ങളിലൂടെ, പരസ്പരവിദ്വേഷവിഷപ്രയോഗങ്ങളിലൂടെ ദേശീയാപമാനകരമാക്കിത്തീർത്തിരിക്കുന്നുവെന്നു കാണാം. അടിമത്വവും അയിത്തവും കൊടികുത്തിവാണിരുന്ന കാലത്തുപോലും പരസ്പരം വിശ്വസിക്കുകയും സഹായിക്കുകയും ചെയ്യുന്ന സംസ്ക്കാരം നഷ്ടപ്പെട്ടിരുന്നില്ല. ഇന്നു സംഘടിതകക്ഷികളുടെ കച്ചവടച്ചരക്കായി—വൻതോതിൽ മായം ചേർത്തു ലാഭമുണ്ടാക്കുന്ന സാധനമാക്കി—കരുതപ്പെടുന്ന സംസ്കാരം ഇനിയും എന്തെന്തു ദേശീയാപമാനങ്ങൾ വരുത്തി വിലക്കുകയില്ല! കക്ഷിരാഷ്ട്രീയക്കാർ ഓരോരുത്തരും പ്രശ്നത്തിൻെറ ഓരോ വശം പിടിച്ചു സർവ്വജ്ഞഭാവത്തിൽ വാദിക്കുന്നതുപോലും ആത്മാർത്ഥമായിരുന്നുവെങ്കിൽ പ്രശ്നപരിഹാരത്തിൻെറ ഒരു നാലക്കവെലയിൽ ഇതിനകം കൊണ്ടെത്തിക്കുമായിരുന്നു. പഠിപ്പും പുരോഗതിയും ഉദ്ധാരണവൃത്തികളെയും ത്വരിതപ്പെടുത്തിയിരിക്കണമല്ലോ. എന്നാൽ അന്യോന്യം അവിശ്വസിക്കാനും അധഃപ്പതിപ്പിക്കാനുമുള്ള പഠിപ്പും പുരോഗതിയുമാണ് ത്വരിതപ്പെട്ടിരിക്കുന്നത്. ദേശീയ—സംസ്കാരതലത്തിൽ ഉത്തമാദർശസ്വരൂപമായി തിളങ്ങേണ്ടുന്ന 'മഹാബലിചരിതം'പോലുള്ള പുരാണകഥകൾകൂടി 'ഉച്ചനീചത്വ'ത്തിൻെറ പ്രതീകമാക്കി കഥപറയുന്ന കുടിലസംസ്കാരമതികളിൽ നിന്നു മററെന്തു പ്രതീക്ഷിക്കാം!

ചുരുക്കത്തിൽ, നവഭാരതത്തിൽ ഹരിജനപ്രശ്നത്തെക്കാൾ മുന്തിനിൽക്കുന്നത് മനുഷ്യരിലെ 'ദേവാസുര'പ്രശ്നമാണ്. സംസ്കാരവും സദാചാരവുമുള്ളവർ ഏററക്കുറവുകളോടെ ഏതു സമുദായത്തിലുമുണ്ട്. തന്നെത്താൻ തിരുത്തി സഹജരോട് സ്നേഹവും സൗമ്യതയും പുലർത്തി സ്വാഭാവിക സന്തുഷ്ടിയിൽ ജീവിക്കുന്ന ഈ

സമാധാനകാംക്ഷികളേയും കടന്നാക്രമിക്കുന്നവരാണ് കക്ഷിരാഷ്ട്രീയക്കാർ. ദേശീയ സംസ്കാരവും തദനുസരണം ഭരിക്കുന്ന രാഷ്ട്രീയവും സജ്ജനങ്ങൾക്കു സ്വാഗതാർഹമാവും. പക്ഷെ ഈ രജസ്സത്വഗുണങ്ങളെ കടന്നുവെട്ടുന്ന രജസ്തമോഗുണങ്ങൾ ഏറിവരുന്നതാണ് നവഭാരതപ്രശ്നത്തിലെ കാതൽ. ഒരേ പിതാവിന്റെ സന്താനങ്ങളാണല്ലോ ദേവൻമാരും അസുരൻമാരും. അവരുടെ അമ്മമാരും സഹോദരിമാർ!

ഇന്നത്തെ ഹരിജനജാതിയിൽപെട്ട കാളിയനും ചടയനും ഒരേ മാതാപിതാക്കളുടെ സന്താനങ്ങൾ. വർണ്ണാശ്രമധർമ്മപ്രകാരം ശൂദ്രരാവാം. ഇരുവരും സർക്കാർ വക സൗജന്യങ്ങൾകൊണ്ട് വിദ്യാഭ്യാസം ചെയ്തു. ജ്യേഷ്ഠനായ കാളിയൻ സ്കൂൾ അദ്ധ്യാപകനും ചടയൻ രാഷ്ട്രീയ പ്രവർത്തകനുമായി. കാളിയൻ വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ അടുത്തുള്ള ഒരു ആശ്രമത്തിലെ സ്വാമിജി ഭാഗവതപാരായണ പ്രവചനം നടത്തുന്നത് ചെന്നിരുന്ന് കേൾക്കും. ജീവിതവുമായി പൊരുത്തപ്പെടാത്തതെന്നു തോന്നുന്ന തത്വങ്ങളെപ്പററി സ്വാമിജിയെ കാണുമ്പോഴൊക്കെ ചോദിച്ചു സന്ദേഹനിവൃത്തി നേടും. മററ് ഒഴിവുസമയങ്ങളിൽ നിരക്ഷരരായ സ്വസമുദായ കുട്ടികളെ എഴുതാനും വായിക്കാനും പഠിപ്പിക്കും; അതോടൊപ്പം സ്വാമിജിയിൽ നിന്നു കേട്ട ഭാഗവതാദി പുരാണകഥകളും പറഞ്ഞ് കൊടുക്കും.

രാഷ്ട്രീയപാർട്ടികളിലും സിനിമ—നാടകാദികളിലും മനസ് പതിച്ച ചടയന് അതിനൊന്നും സമയമില്ല. എങ്കിലും പാർട്ടിപ്രവർത്തനത്തിലൂടെ പ്രാസംഗികനായ സ: ചടയൻ എം. എൽ. എ. ആയി. ഭൂരിപക്ഷം ബ്രാഹ്മണ വിദ്യാർത്ഥികൾ പഠിക്കുന്ന അടുത്ത അഗ്രഹാര സ്കൂളിലേക്കു സ്ഥലം മാററപ്പെട്ട കാളിസാറിനെ (കാളിയൻ) ജാതിയുടെ പേരിൽ ആദ്യം ആരും അത്ര ബഹുമാനിച്ചില്ലെങ്കിലും വിദ്യാർത്ഥികളുടെയും രക്ഷകർത്താക്കളുടെയും ആദരവ് നേടാൻ കാലതാമസമുണ്ടായില്ല. സ്വധർമ്മനിഷ്ഠാപൂർവ്വം കടമ ചെയ്യുമ്പോൾ മററുള്ളവർ കൃതകൃത്യരാവുകയും താൻ കൃതാർത്ഥനാവുകയും ചെയ്യുന്ന

അനുഭവം. അതേ അഗ്രഹാരവാസിയായ കൃഷ്ണയ്യർ എന്ന കണ്ണയ്യരും ആ സ്ക്കൂളിൽ അദ്ധ്യാപകനാണെങ്കിലും കാളിസാറിന് കിട്ടുന്ന ബഹുമാനത്തിന്റെ ഒരംശംപോലും ആർജ്ജിക്കാൻ കഴിഞ്ഞില്ല. കാളിസാർ വിദ്യാർത്ഥികൾക്കെല്ലാം ഒരു മാതൃകാദ്ധ്യാപകനാണ്. സംസ്കാരബോധവും ധാർമ്മികഭാവവും സ്നേഹവായ്പും ആർജ്ജവബുദ്ധിയും കാളിസാറിന്റെ വാക്കിലും പെരുമാററത്തിലും പ്രതിഫലിക്കും. നേരെമറിച്ചുള്ള കോപതാപങ്ങളും സിനിമാ—രാഷ്ട്രീയസംസ്കാരവും മററുമാണ് കണ്ണയ്യർ കാട്ടുന്നത്. സ: ചടയനും കാളിയനും പിന്നോക്കസമുദായോദ്ധാരണത്തിൽ താല്പര്യമുള്ളവരാണ്. കാളിസാർ തന്നാൽ കഴിയുംവിധം ഹരിജനകുട്ടികളെ സാംസ്കാരികമായി ഉയർത്താൻ ശ്രമിച്ചു. പല സാമൂഹികസ്ഥാപനങ്ങളെ സമീപിച്ച് അവർക്ക് അന്നവസ്ത്രാദികൾ കൊടുപ്പിച്ചു. സ:ചടയൻ പാർട്ടി മുഖേന അവകാശങ്ങൾ പിടിച്ചുപററുന്ന ശ്രമത്തിലായിരുന്നു. പക്ഷെ അതിന്റെ ഗുണഭോക്താക്കൾ ആരാണെന്ന് ഒരെത്തും പിടിയുമില്ല. പരസ്പരാരോപണങ്ങളും വെറുപ്പും വിദ്വേഷവും അനുഭവപ്പെടുന്നുണ്ടുതാനും. കാളിസാറിന് പ്രവർത്തനരംഗത്ത് സ്നേഹം, സന്തോഷം, പരസ്പരവിശ്വാസം, ചാരിതാർത്ഥ്യം മുതലായവ അനുഭവപ്പെടുന്നു.

ഈവിധം എല്ലാ ജാതിമതസ്ഥരുടെയിടയിലും രണ്ടുവിധം സ്വഭാവക്കാരെ കാണാൻകഴിയും. കക്ഷിരാഷ്ട്രീയത്തിന്റെ അതിപ്രസരത്തിൽ സജ്ജനങ്ങളുടെ സൽപ്രവൃത്തികൾ പലർക്കും കാണാനാവുന്നില്ലെന്നുമാത്രം. ഒരു കാര്യം തീർച്ചയാണ്. ആശകളും ആവശ്യങ്ങളും നിവർത്തിച്ചുകൊടുത്തു കൊണ്ടുള്ള യാതൊരു പ്രവർത്തനത്തിനും തൃപ്തിപ്പെടാനാവില്ല—സാംസ്കാരികമായ അസ്തിവാരം ഉറയ്ക്കുന്നതുവരെ. അതിന്നാവട്ടെ ദേശീയവിദ്യാഭ്യാസം അതിന്റെ ശുദ്ധസ്വരൂപത്തിൽ നടപ്പിലാക്കുകയും വേണം. കക്ഷിരാഷ്ട്രീയത്തിന്റെ പരസ്പരവിദ്വേഷപ്രചാരത്തിൽ ഈ ദേശീയപ്രശ്നപരിഹാരത്തിന് ആർക്കുണ്ട് സമയവും സൗകര്യവും? അതിനാൽ അരനൂററാണ്ടിനു മുമ്പ് മഹാകവി ടാഗോർ രചിച്ച വരികളിലൂടെ നമുക്കും ആവർത്തിച്ച് പ്രാർത്ഥിക്കാം—

'എവിടെ മനസ് ഭയരഹിതമായിരിക്കയും, സങ്കോചമെന്യേ ശിരസ് ഉയരുകയും ചെയ്യുന്നുവോ, എവിടെ സങ്കുചിതങ്ങളായ ഗൃഹഭിത്തികളാൽ ലോകം ചെറുതുണ്ടങ്ങളായി വിഭജിക്കപ്പെടാതിരിക്കുന്നുവോ, എവിടെ വാക്കുകൾ സത്യത്തിന്റെ അത്യഗാധത്തിൽനിന്നു പുറപ്പെടുന്നുവോ, എവിടെ അക്ഷീണമായ പ്രയത്നം അതിന്റെ കരങ്ങളെ പരിപൂർണ്ണതയ്ക്കായി നീട്ടുന്നുവോ........ആ എന്റെ രാജ്യം ഉണരേണമേ.'

# വന്ദേമാതരം: ദേശീയതാമന്ത്രം

പത്തൊമ്പതാം നൂററാണ്ടിൻെറ പ്രാരംഭകാലം എന്തുകൊണ്ടും ഭാരതത്തിന് സ്വദേശാഭിമാനോത്തേജനപരമായ ഒരു കാലഘട്ടമായിരുന്നു. വിവിധ ചിന്താഗതികളുടേയും നവോൻമേഷങ്ങളുടേയും ഒരു വേലിയേററമുണ്ടായ കാലമാണിത്. ഉശിരും ചൊടിചൊടിപ്പുമുള്ള സ്വദേശാഭിമാനവും സ്വധർമ്മാഭിമാനവും അന്നെവിടെയും ദൃശ്യമായിരുന്നു. ഭാരതസന്താനങ്ങളായി പിറന്നതിൽ അഭിമാനം കൊണ്ട് ധീരദേശാഭിമാനികൾ ഒന്നിന് പിന്നിൽ ഒൻപതായി മുന്നോട്ടേക്ക് ഗമിച്ചു കൊണ്ടിരുന്നു. ഭാരതമാതൃപാദങ്ങളിൽ പ്രാണാഹുതി ചെയ്യാൻ തുനിഞ്ഞ വീരസന്താനങ്ങളെക്കണ്ട് ഭയചകിതരായ ഇംഗ്ലീഷുകാർ 'പാിച്ച പണികളെ'ല്ലാം പ്രയോഗിച്ചു നോക്കി. ദേശാഭിമാനികൾക്കെതിരായി അരങ്ങേറിയ അടവുകളൊന്നും ഫലിച്ചില്ല. ഈ സന്ദർഭത്തിലും ഭാരതസ്വാതന്ത്ര്യധീരാത്മാക്കൾക്ക് ആത്മവീര്യവും വിശ്വാസവുമരുളിക്കൊണ്ടൊരു മഹാമന്ത്രം ആസേതുഹിമാചലം മുഴങ്ങിക്കൊണ്ടിരുന്നു. 'അമ്മയെ നമസ്കരിക്കുന്നു' എന്നർത്ഥമുള്ള 'വന്ദേമാതരം' ലക്ഷോപലക്ഷം ഒന്നിച്ചുച്ചരിച്ചുകൊണ്ടിരുന്നു. ഭാരതരാഷ്ട്രത്തിൻെറ ആ സാമഗാനം ദ്വീപാന്തരങ്ങളിലും ഏററുപാടി.

## ശ്രീ ബങ്കിമചന്ദ്രൻ

ആധുനിക സാഹിത്യകാരൻമാരിൽ പലരിലും സ്വാ

ധീനശക്തി ചെലുത്തിയിട്ടുള്ള വിദേശീയ പ്രവണതകൾ ബങ്കിമചന്ദ്രനേയും പിടികൂടിയിരുന്നു. ഇംഗ്ലീഷ് ഭ്രമവും പ്രലോഭനങ്ങളും അടിമപ്പെടുത്തുന്നതിനു മുമ്പായി ഭാരതീയ ശാസ്ത്രങ്ങൾ അഭ്യസിക്കുവാനും ഭാരതീയധർമ്മം മനനം ചെയ്യാനുമുള്ള മഹാഭാഗ്യം അദ്ദേഹത്തിനു സിദ്ധിച്ചിരുന്നു. അങ്ങിനെ ബംഗാളി സാഹിത്യത്തിൽ ഒരു നവീന പന്ഥാവ് വെട്ടിത്തുറക്കാൻ ശ്രീ ബങ്കിമചന്ദ്രചാറർജിയുടെ സാഹിത്യസൃഷ്ടികൾക്ക് സാധിച്ചു. ആദർശനിർഭരമായ ഒരു പ്രശാന്ത ലോകത്തിന്റെ സ്വരൂപവും ചിന്താഗതിയും ജനങ്ങളിൽ സംക്രമിപ്പിക്കാൻ അദ്ദേഹം തന്റെ കലാസൃഷ്ടികളിലൂടെ പരിശ്രമിച്ചു. അതിനാവശ്യമുള്ള ഏകാഗ്രതയും പാടവവും അദ്ദേഹത്തിന് സ്വായത്തമായിരുന്നു. കലാമോഹനങ്ങളും ചരിത്രപരവും സമുദായോദ്ധാരണപരവുമായ ആഖ്യായികകളിലൂടെ ശ്രീ ബങ്കിമചന്ദ്രൻ സാഹിത്യസമ്രാട്ടായിത്തീർന്നു. സമുദായദൂഷ്യങ്ങൾ അകററി ശുദ്ധീകരിക്കണമെന്ന ഉദ്ദേശത്തിൽ മനഃശാസ്ത്രപരമായ പല കഥകളും അദ്ദേഹം എഴുതി. കവിതകളും ഉപന്യാസങ്ങളും വഴി ഭാരതീയനവോത്ഥാനത്തിനദ്ദേഹം പ്രചോദനമേകി.

'വംഗദർശന'പത്രികയിൽക്കൂടി സ്വദേശീയസാഹിത്യകലകളെ പ്രോത്സാഹിപ്പിച്ചുകൊണ്ടിരുന്ന ശ്രീ ബങ്കിമചന്ദ്രചാററർജി സർവ്വോപരി അനർഘവും അഭൗമവുമായ ആർഷസംസ്കാരത്തിന്റെ വൈശിഷ്ട്യങ്ങളെ പ്രകാശിപ്പിക്കാൻ പ്രയത്നിച്ചിരുന്നു. അദ്ദേഹം ശ്രീമദ്ഭഗവത്ഗീതക്ക് വ്യാഖ്യാനമെഴുതുകയും ശ്രീകൃഷ്ണചരിതത്തെ സ്വദേശരാഷ്ട്രഭാവത്തിന് ഉത്തേജനമാകുന്ന വിധത്തിൽ ആവിഷ്കരിക്കുകയും ചെയ്തു. സാർവ്വജനീനമായ സ്വദേശീയാദർശങ്ങളുടെ നാനാഭാവശബളമായ സജീവചിത്രങ്ങളാണ് ബങ്കിമചന്ദ്രന്റെ കലാലോകത്തിൽ നമുക്ക് ദർശിക്കുവാൻ കഴിയുന്നത്. ഈ ഉന്നതകലാകാരനായ സാഹിത്യസമ്രാട്ടിനാൽ വിരചിതമായ 'വന്ദേമാതര'ത്തിന്റെ മേൻമകളും മാഹാത്മ്യങ്ങളുമെന്താണെന്ന് വാക്കുകളെക്കൊണ്ട് വിവരിക്കാവുന്നതല്ല. ഭാരതീയസത്തയുമാ

യി അത്രമാത്രം ഇണങ്ങിച്ചേർന്ന ഒരു 'രാഷ്ട്രഗാഥ' ലോകഭാഷകളിലിതേവരെ ഉണ്ടായിട്ടില്ല.

## വന്ദേമാതരത്തിൻെറ ഉദ്ഭവം

എ. ഡി. 1865 നു ശേഷമാണ് ശ്രീ ബങ്കിമചന്ദ്രചാററർജിയുടെ നല്ല നോവലുകൾ പ്രചുരപ്രചാരമാർജ്ജിച്ചത്. ചരിത്രപ്രധാനമായ 'ആനന്ദമഠം' നോവലിൽ ദേശപ്രേമികളായ ഒരു സംഘം സന്യാസിമാർ ഗാനം ചെയ്തുകൊണ്ടു മുന്നേറുന്നതായിട്ടാണ് 'വന്ദേമാതരഗാനം' നിബന്ധിച്ചിരിക്കുന്നത്. മാതൃഭൂമിയുടെ പാരവശ്യത്തിനും അന്തർദാഹത്തിന്നും പരിഹാരമുണ്ടാക്കിയ ആ മാതൃസങ്കീർത്തനത്തിൻെറ മാന്ത്രികശക്തി ക്രമേണ ദേശമെങ്ങും വ്യാപിച്ചു. 'വന്ദേമാതരം' പാടിത്തുടങ്ങിയ ഭാരതമാതാവിൻെറ വീരസന്താനങ്ങൾ അപ്രതിമപ്രഭാവൻമാരായിത്തീർന്നു. വന്ദേമാതരശ്രവണമാത്രയിൽ ഭാരതീയർ ആനന്ദപുളകംകൊണ്ടു; ശത്രുക്കൾ വെടികൊണ്ട പന്നികളെപ്പോലെ പായാൻ തുടങ്ങി. വന്ദേമാതരധ്വനിവിശേഷത്താൽ ബ്രിട്ടീഷ് പട്ടാളവും പിണിയാളുകളും വിരണ്ടു തുടങ്ങി. 'വരുവിൻ, വരുവിൻ! വന്ദേമാതരം പാടിക്കൊണ്ട് മാതൃസേവനാർത്ഥം മുന്നേറുവിൻ' എന്നു ഭാരതത്തിൻെറ നാനാ ഭാഗങ്ങളിലും ആഹ്വാനകാഹളം മുഴങ്ങി. ബ്രിട്ടീഷ് പീരങ്കികളുടെ അലർച്ചകൾ ആ ദേശാഭിമാനികളെ പിന്തിരിപ്പിച്ചില്ല. 'വന്ദേമാതര'ത്തിൻെറ ശീതളച്ഛായയിൽ നിന്നുകൊണ്ട് ഭാരതീയഭാഷകളിലെല്ലാം വന്ദേമാതരഗാനങ്ങൾ വിരചിതമായി. ശത്രുഭീഷണികളെ വകവെക്കാതെ തെക്കുനിന്നു മഹാകവി ഭാരതിയും "അച്ചമില്ലൈ, അച്ചമില്ലൈ, അച്ചമെൻപതില്ലയേ!" എന്നേററുപാടി. അങ്ങനെ ദേശസേവകരുടെ കണ്ഠനാളങ്ങളിലൂടെ നിർഗ്ഗളിച്ച വന്ദേമാതരഗാനം ദേശത്തിൻെറ നാനാഭാഗങ്ങളിലും വിപ്ലവതരംഗങ്ങൾ ഉല്പാദിപ്പിച്ചുകൊണ്ട് ദൂരദേശവ്യാപകമായി. വംഗദേശത്തിൽനിന്നും പൊങ്ങിയുയർന്ന ആ മഹാമന്ത്രം ആസേതുഹിമാചലം ദേശാഭിമാനത്തിൻെറ നിശിതമായ ഒരാവേശം ജനിപ്പിച്ചുകൊണ്ട് മാറെറാലിക്കൊണ്ടിരുന്നു. വിദേശീയർക്കും 'വന്ദേമാതര'ത്തിനോടുള്ള

താല്പര്യവും ജിജ്ഞാസയും വർദ്ധിച്ചു. ഐ. സി. എസുകാരനായ ലീയും മററും പാശ്ചാത്യഭാഷകളിലേക്ക് 'വന്ദേമാതര'ത്തെ പരിഭാഷപ്പെടുത്തി. അന്നത്തെ പ്രമുഖ ദേശീയ നേതാവായ ശ്രീ. അരവിന്ദഘോഷ് തൻെറ 'കർമ്മയോഗിൻ' പത്രത്തിലൂടെ 'വന്ദേമാതര'ത്തിൻെറ വിശിഷ്ടമായ ഒരു വിവർത്തനമെഴുതി പ്രസിദ്ധപ്പെടുത്തി.

## ഗ്രഹണവും മോചനവും

ഏഴാണ്ടുകാലം ഭാരതത്തിൽ സ്വേച്ഛാധിപതിയും സർവ്വാധികാരിയുമായിരുന്ന കർസൺ പ്രഭൃതികഠ, വെള്ളക്കാർക്കുതന്നെ എന്നെന്നും ഭാരതത്തെ അടക്കിഭരിച്ചുകൊണ്ടിരിക്കാനുള്ള അടിസ്ഥാനങ്ങളിട്ടിട്ടുപോയ മഹാകൗശലക്കാരനായിരുന്നു. ബ്രിട്ടീഷുകാരുടെ വലയിൽ ആദ്യം കുടുങ്ങിയതും വലപൊട്ടിച്ചുവെളിയിൽ ചാടാൻ ആദ്യകാലത്തുതന്നെ ചേഷ്ടിച്ചതും ബംഗാളികളാണത്രെ. 1905—ൽ ബംഗാഠ വിഭജനത്തിനുള്ള തീരുമാനമുണ്ടായി. അങ്ങനെ അന്നുതന്നെ ഭൂരിപക്ഷം മുസ്ലിംകളുഠപ്പെട്ട പ്രദേശത്തെ ഭാഗിച്ച് പിരിക്കാനും ഹിന്ദു—മുസ്ലിം സമരം ത്വരിതപ്പെടുത്തി മുതലെടുക്കാനും വെള്ളക്കുറുക്കൻമാർ തീരുമാനിച്ചുറച്ചതാണ്. വിഭജനവൃത്താന്തം കേട്ട ആബാലവൃദ്ധം ബംഗാളികളും വന്ദേമാതരാരവത്തോടുകൂടി ഗംഗാനദീതീരങ്ങളിൽ അണിനിരന്നു. ആത്മരക്ഷയ്ക്കുള്ള രക്ഷാബന്ധനങ്ങഠ അവർ പരസ്പരം ബന്ധിച്ചു. സ്വദേശരക്ഷയ്ക്കുവേണ്ടി അവർ ദൃഢവ്രതമെടുത്തു. 'വന്ദേമാതരം' ഉദ്ഘോഷിച്ചുകൊണ്ട് അവർ മാതൃസേവനാർത്ഥം പ്രതിജ്ഞാബദ്ധരായി. നാട്ടിൻെറ നാനാഭാഗങ്ങളിലും വന്ദേമാതരം ഏററുപാടി. അന്നുമുതൽ 'വന്ദേമാതരം' സർവ്വാദരണീയമായി സർവ്വത്ര വ്യാപിച്ചു. സൗഹൃദസന്ദർശനങ്ങളിൽ 'വന്ദേമാതരം' നമസ്തെയായി. ജപധ്യാനങ്ങഠക്കും തൊഴാനും എല്ലാം വന്ദേമാതരം തന്നെ. ഭാരതദേശീയതയുടെ 'ഹരിഃ ശ്രീ'യായിത്തീർന്നു വന്ദേമാതരം!

'വന്ദേമാതര'ത്തിന് വിപരീതാർത്ഥങ്ങഠ കൽപ്പിച്ചുകൊണ്ട് ഭരണാധികാരികളും അവരുടെ പിണിയാളുകളും

തോക്കുകളും കുന്തങ്ങളുമേന്തി തെരുവുകളിലേക്കിറങ്ങി. 'വന്ദേമാതര'മെന്നാൽ വെള്ളക്കുരങ്ങിനെപിടിച്ചു പിളർന്നെറിയണമെന്നാണർത്ഥമെന്ന് ചിലർ വ്യാഖ്യാനിച്ച് കേരം പ്പിച്ചു. മററുചിലർ നാട്ടിൽ നടക്കുന്ന അടിപിടി അക്രമങ്ങരംക്കും വെട്ട് കുത്ത് കൊലപാതകങ്ങരംക്കും ആധാരം 'വന്ദേമാതര'മാണെന്ന് ഭാഷ്യമെഴുതി! 'വന്ദേമാതര'ത്തിന് വായ്തുറന്നുകൂടെന്ന് ഉടനെ അധികാരികരം ഉത്തരവുമിറക്കി. 'വന്ദേമാതരം' ഉച്ചരിക്കുന്നതിന് വായ്തുറന്നാലുടനെ വെടിയുണ്ടകളേൽക്കാൻ തയ്യാറായിരിക്കണമെന്ന ആ ഭീകരവാഴ്ചയിലും ദേശ്ഭക്തർ വന്ദേമാതരഘോഷത്തോടുകൂടി സ്വാതന്ത്ര്യസമരവേദിയിലേക്കു പാഞ്ഞു. സ്വദേശിപ്രസ്ഥാനങ്ങളെല്ലാം വന്ദേമാതരമയമായിത്തീർന്നു. സ്വദേശീയ ഉൽപ്പന്നങ്ങരംക്കെല്ലാം വന്ദേമാതര നാമകരണം ചെയ്തു. അന്ന് മൂകൻമാരെപ്പോലും വാചാലരാക്കിക്കൊണ്ടിരുന്ന വന്ദേമാതരത്തിൻെറ ആകർഷണശക്തി വ്യാപിക്കാത്തയിടമില്ലെന്നായി.

അന്നത്തെ അർദ്ധബംഗാരം ഗവർണ്ണറായിരുന്ന സർ ബുള്ളർ ഭയചകിതനായിത്തീർന്നു. 'വന്ദേമാതര'ത്തിനെതിരായി ബുള്ളറുടെ ബുള്ളററുകരം ചീറിപ്പാഞ്ഞുതുടങ്ങി. വന്ദേമാതരംപാടിയ വിദ്യാർത്ഥികരം പഠിക്കുന്ന വിദ്യാലയങ്ങളുടെ ഗവ: അംഗീകാരങ്ങരം റദ്ദ് ചെയ്തു. തീയിൽ പെട്രോരം ഒഴിച്ച അനുഭവമാണ് ഇതുകൊണ്ടെല്ലാമുണ്ടായത്.

ബാരിസാൽ നഗരത്തിൽ ഭാരതീയ രാഷ്ട്രീയ സമ്മേളനം നടക്കുകയാണ്. ശ്രീ സുരേന്ദ്രനാഥബാനർജിയാണ് സമ്മേളനത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചിരുന്നത്. സമ്മേളനത്തിൽ പങ്കെടുക്കുന്നവരെല്ലാം 'വന്ദേമാതരം' എന്നെഴുതിയിരുന്ന ടൗവ്വലുകരം ധരിച്ചിരുന്നു. വന്ദേമാതരഗാനാലാപനത്തോടുകൂടിയ ജാഥകരം സമ്മേളനസ്ഥലത്തേക്ക് നീങ്ങിക്കൊണ്ടിരുന്നു. ജാഥകളുടെ മുന്നിലും പിന്നിലുമായി പോലീസ്സും പട്ടാളവും അണിനിരന്ന് ലാത്തിച്ചാർജ്ജ് തുടങ്ങി. അന്ന് ലാത്തിച്ചാർജ്ജിൻെറ പേരിൽ നരനായാട്ടാണ് അവിടെ നടമാടിയത്. മനുഷ്യശിരസ്സുകരം ഉടയ്ക്കപ്പെടുന്ന ദയനീയരംഗം! രക്തപ്പുഴകളൊഴുകി. എന്നിട്ടും വന്ദേമാതരം ഗഗനഭേദകമായി അന്തരീക്ഷത്തിൽ അല

തല്ലിക്കൊണ്ടിരുന്നു. വന്ദേമാതരമെന്ന് ശബ്ദമുയർത്തി വായ്മൂടുന്നതിനുമുമ്പേ ശ്രീ. മനോരഞ്ജനഗുഹനെ തൂക്കി കുളത്തിലേക്കെറിഞ്ഞു. ശ്രീ ബാനർജിയെയും മററും കരിങ്കൽത്തുറുങ്കിലടച്ചിട്ടു. ഇതെല്ലാം അന്നത്തെ പൂർവ്വബംഗാൾ ഗവർണ്ണറായ ബുള്ളരുടെ വന്ദേമാതരവിരുദ്ധ നടപടികളുടെ ഘോരദൃശ്യങ്ങളായിരുന്നു. ഫലമെന്തായി? പതിൻമടങ്ങ് ശക്തിവായ്പോടെ വന്ദേമാതരം അന്തരീക്ഷമെങ്ങും അഖണ്ഡമായി മുഴങ്ങിക്കൊണ്ടിരുന്നു. വന്ദേമാതരത്തിൻെറ ഊക്കേറിയ അലകൾ ദേശത്തിൻെറ എല്ലാ കോണുകളിലും ചെന്നടിച്ചു. ഉറങ്ങിക്കിടന്നിരുന്നവരെ തട്ടിയുണർത്തി ചൊടിപ്പിച്ചുവിട്ടു. യുവാക്കളിൽ ദേശീയ ഉണർവ്വും ആവേശവും ആളിജ്ജ്വലിപ്പിച്ചു. ഇതെല്ലാം വിദൂരവീക്ഷണത്തിൽ കൂടിയെങ്കിലും നോക്കിക്കൊണ്ടിരുന്ന ഇന്ത്യൻ മന്ത്രിമാർ തലപുകഞ്ഞാലോചിച്ചുതുടങ്ങി. വന്ദേമാതരവിരുദ്ധനടപടി പിൻവലിക്കാൻ ആജ്ഞാപിച്ചെങ്കിലും ബുള്ളർക്കതു പിടിച്ചില്ല. അയാൾ ഉദ്യോഗം രാജിവെച്ചിട്ട് നാട്ടിലേക്കു കെട്ടുകെട്ടി.

1905—മുതൽ 1910—വരെ വന്ദേമാതരമന്ത്രത്തിൽ മുക്തരായ ദേശാഭിമാനികൾക്ക് അനുഭവിക്കേണ്ടിവന്ന യാതനകൾ സീമാതീതമാണ്. എന്നാൽ അതിലേറെ യാതനകൾ വന്ദേമാതര വിരുദ്ധനടപടികൾ കൈക്കൊണ്ട വെള്ള സർക്കാരിനും അനുഭവിക്കേണ്ടിവന്നു. ഭാരതത്തെ ഈ നിലയിൽ അടക്കിഭരിച്ചുകൊണ്ടിരിക്കാൻ സാദ്ധ്യമല്ലെന്ന ഭയാശങ്കകൾ അവരിലും ഭീതിയുളവാക്കിക്കൊണ്ടിരുന്നു. 'വന്ദേമാതരം' ചൊല്ലിയുള്ള പ്രതിജ്ഞകൾ നിഷ്ഫലമാവുമോ? വിഭജനത്തെ വീറോടെ ചെറുത്തുനിന്ന ജനകീയ ഹിതം നിറവേറുകതന്നെ ചെയ്തു. 1911 ഡിസംബർ 12ാംനു- ജോർജ് ചക്രവർത്തി അഞ്ചാമൻ ഇംഗ്ളണ്ടിൽ നിന്നും ഇന്ത്യയിൽ വരികയും ഡൽഹിയിൽവെച്ചൊരു ഡർബാർ നടത്തുകയും ചെയ്തു. ബംഗാൾ വിഭജനം റദ്ദ് ചെയ്തിരിക്കുന്നതായി അദ്ദേഹം പ്രഖ്യാപിച്ചതോടെ ജനങ്ങൾ തൽക്കാലത്തേക്കെങ്കിലും സമാധാനചിത്തരായി. അതിൽപിന്നെ വന്ദേമാതരം സർവ്വസാധാരണമായി പാടാമെന്ന നിലയിലായി. അന്നുമുതൽ ദേശഭക്തൻമാരുടെ മുദ്രാവാക്യമായിത്തീർന്നു വന്ദേമാതരം.

## വന്ദേമാതരം വിഭാവനം ചെയ്യുന്ന ഭാരതം

സ്വദേശീയ സ്വാതന്ത്ര്യസമര ചരിത്രത്തിന്റെ ഭൂരിഭാഗവും വന്ദേമാതരത്തിന്റെ ചരിത്രമത്രെ. ജനനിയും ജൻമഭൂമിയും സ്വർഗ്ഗത്തേക്കാൾ ശ്രേഷ്ഠമാണെന്ന മഹാദർശത്തിലധിഷ്ഠിതമാണ് വന്ദേമാതരഗാനം. വന്ദേമാതരം ഒരു രാഷ്ട്രഗാഥമാത്രമല്ല, അത് ഭാരതരാഷ്ട്രത്തിന്റെ സഞ്ജീവനിമന്ത്രംകൂടിയാണ്. ഭാരതീയഹൃദയങ്ങളിൽ അത് എളുപ്പത്തിൽ വേരൂന്നിയതിന്റെ രഹസ്യവുമതാണ്. ഭൂമുഖത്തിന്റെ ഒരു വിഭാഗമെന്ന നിലയിലോ അനേകകോടി ജനങ്ങളുടെ വാസസ്ഥലമെന്ന നിലയിലോ മാത്രമല്ല, ദിവ്യമായ മാതൃചൈതന്യത്തിന്റെ മൂർത്തീകരണമെന്ന നിലയിലാണ് മാതൃഭൂമിയെ ഭാരതീയർ ദർശിക്കുന്നത്. 'തോമാര ഇ പ്രതിമാഗഡി മന്ദിരേ മന്ദിരേ' (മന്ദിരം പ്രതി അമ്മ ഭവതിയുടെ പ്രതിമയെ ഞങ്ങൾ പ്രതിഷ്ഠിച്ചുകൊള്ളട്ടെ.) എന്ന ആവേശജനകമായ പ്രാർത്ഥനയും അതിലുൾക്കൊള്ളുന്നു. മാതൃഭൂമിയെ ഭാരതീയർ വിഭാവനം ചെയ്യുന്ന വിധത്തിലാണ് വന്ദേമാതരവും ആവിർഭവിച്ചത്.

'അമ്മേ, അവിടുന്ന് സുഹാസിനിയും സുമധുരഭാഷിണിയും സുഖദയും വരദയുമാണ്' എന്ന് സ്തുതിക്കുന്നതോടൊപ്പം "ത്രിശതകോടി കണ്ഠ കളകളനിനാദകരാളയും ദ്വിത്രിശതകോടി ഭുജൈർധൃതഖരകരവാൾ ധാരിണിയുമായ ജഗജ്ജനനി" അബലയല്ലെന്നും ഓർമ്മിപ്പിക്കുന്നുണ്ട്. ബഹുബല ധാരിണിയും രിപുദള വാരിണിയുമായ വിശ്വജനനി (കേ ബലേ മാ തുമി അബലേ?) അരുളിച്ചെയ്താലും അവിടുന്ന് അബലയാണോ? ദശ പ്രഹരണ ധാരിണിയായ ദുർഗ്ഗാഭഗവതിയും, കമലദള വിഹാരിണിയായ ലക്ഷ്മീദേവിയും വിദ്യാദായിനിയായ വാണീമാതാവും അവിടുന്നാണ്. ഞങ്ങളുടെ ധർമ്മ കർമ്മങ്ങളും വിദ്യാധനങ്ങളും ബാഹുക്കളുടെ ശക്തിയും ഹൃദയത്തിലെ ഭക്തിയും ശരീരത്തിലെ പ്രാണനും നിന്തിരുവടിതന്നെ! അല്ലയോ സർവ്വശക്തിസ്വരൂപിണീ, അവിടുത്തെ മഹേച്ഛയ്ക്ക് വിധേയരായി ജീവിക്കുന്ന ഞങ്ങളെ പരിപാലിച്ച് സംരക്ഷിച്ചാലും. 'നമാമി കമലാം അമലാം.....ധരണീം ഭരണീം മാതരം'

വന്ദേമാതരഗാനമുണ്ടായി ഏതാണ്ട് നാൽപ്പത് വർഷം കഴിഞ്ഞ് വിശ്വമഹാകവി ടാഗോർ വിരചിച്ച പ്രഭാതഗീതത്തി (ജനഗണമന) ലും ഈ മാതൃഭാവം പ്രതിഫലിപ്പിച്ചിരിക്കുന്നത് കാണാം. പ്രഭാതഗീതം ഇന്നത്തെ രാഷ്ട്രഗീതമായംഗീകരിച്ചിട്ടുണ്ടെങ്കിലും അതിലെ 4–ാം ഖണ്ഡികയിലെ "ദുഃസ്വപ്നേ ആതങ്കേ രക്ഷാകരിലേ അങ്കേ സ്നേഹമയീതുമി മാതാ!" എന്ന വരികൾ പഠിച്ചവരാരെല്ലാമോ?

## ശ്രീ അരവിന്ദനും വന്ദേമാതരവും

'വന്ദേമാതര' ഭക്തിയിൽ അഗ്രഗണ്യനാണ് ശ്രീ. അരവിന്ദഘോഷ്. അദ്ദേഹം രാഷ്ട്രീയപ്രവർത്തനങ്ങളിൽ നിന്നും വിരമിച്ച് മഹർഷികളുടെ താപസജീവിതം നയിച്ചിരുന്ന ഘട്ടങ്ങളിലും വന്ദേമാതരമാഹാത്മ്യം വെളിപ്പെടുത്തിക്കൊണ്ടിരുന്നു.

ശ്രീ. അരവിന്ദൻ രാഷ്ട്രനായകനായി പ്രവർത്തിച്ചിരുന്ന ആദ്യകാലങ്ങളിൽ 'വന്ദേമാതരം' എന്നൊരു പത്രംതന്നെ നടത്തിവന്നിരുന്നു. അദ്ദേഹത്തിന്റെ വന്ദേമാതര ലേഖനങ്ങളിലൂടെ സ്വാതന്ത്ര്യസമരത്തിൽ മായാത്ത മുദ്രകളാണ് പതിപ്പിച്ചിരുന്നത്. ബ്രിട്ടീഷ് സാമാനബഹിഷ്കരണ പ്രസ്ഥാനത്തിന്റെ ഒന്നാം വാർഷിക ദിനമായ 1906 ആഗസ്റ്റ് 7-ന് ശ്രീ. അരവിന്ദൻ സഹപ്രവർത്തകരോടൊന്നിച്ച് 'വന്ദേമാതരം' പ്രസിദ്ധീകരിച്ചു. 'വന്ദേമാതരം' പത്രത്തെ മുടക്കാൻവേണ്ടി ബ്രിട്ടീഷുകാർ നാനാ തന്ത്രങ്ങളും പയററിനോക്കി. ശ്രീ. വിവേകാനന്ദസ്വാമികളുടെ സഹോദരനായ ഡോ: ഭൂപേന്ദ്രനാഥദത്തനെ ഈ സന്ദർഭത്തിലാണ് അറസ്ററുചെയ്തത്. നാനാവിധ യാതനകളാൽ ക്ഷീണിതനായിട്ടുണ്ടെന്ന് സർക്കാർ വ്യാമോഹിതരായപ്പോഴും അടിപതറാതെ ശ്രീ. അരവിന്ദഘോഷ് എഴുതി: "മർദനം നിസാരമാണ്. പക്ഷെ ഈശ്വരേച്ഛയ്ക്കൊത്ത് ഒരു ശക്തിയുള്ള രാഷ്ട്രം നിർമ്മിക്കുന്നതിന് ഉദ്യുക്തരായ നാം ഈശ്വരനെ വഞ്ചിക്കാൻ ശ്രമിക്കുകയാണെങ്കിൽ അത് ആപത്താണ്. അദ്ദേഹത്തിന്റെ ചൂളയിൽ നാം കാരിരുമ്പുകളാണ്. നമ്മിൽ വീഴുന്ന ഈ അടികൾ നശിപ്പിയ്ക്കാനല്ല, നന്നാക്കാനാണ്. യാതന അനുഭവിക്കാതെ വളർച്ചയില്ല." ദേശസേവകർക്കിന്നും ആശ്വാ

സമേകുന്ന അമൃതവാണികളാണിവ. 'വന്ദേമാതര' ലേഖന ങ്ങളെ മുൻനിർത്തി 1907 ആഗസ്ററ് 16—ാം തിയതി ശ്രീ. അരവിന്ദൻ അറസ്ററ്ചെയ്ത് ബ്രിട്ടീഷ് തുറുങ്കിലടയ്ക്കപ്പെട്ടു.

## 'വന്ദേ മാതരം' ഇന്ന്

വന്ദേമാതരം യഥേഷ്ടം ചെല്ലാമെന്നായപ്പോഠം ദേശസ്നേഹികളുടെ ആത്മാർത്ഥതയുടെ നെല്ലും പതിരും തിരിയാറായി. ദേശദ്രോഹികളുടെ ഫണങ്ങളുയർന്നുതുടങ്ങി. 'വന്ദേമാതര'ത്തിൽ ഹിന്ദുഛായയുള്ളതിനാൽ തങ്ങഠംക്കത് സ്വീകാര്യമല്ലെന്ന് മുസ്ലിംകഠം പരിഭവിക്കുവാൻ തുടങ്ങി. നേതാക്കൻമാരിൽ ചിലർ മനസില്ലാമനസോടെ അതു ശരിവച്ചു. 'ത്വംഹി....' എന്ന് കുടങ്ങുന്ന ഖണ്ഡിക മാററിയിട്ടു വന്ദേമാതരം ചൊല്ലിയാൽ മതിയാവുമെന്നായി ചിലർ. 'വന്ദേമാതരം' മുദ്രാവാക്യംതന്നെ ഹിന്ദുഛായയുള്ളതാണെന്നും അത് ഉച്ചരിക്കാൻ പാടില്ലെന്നും മുസ്ലിംകഠം വീണ്ടും പരിഭവപ്പെടുക മാത്രമല്ല, വന്ദേമാതരത്തിനെതിരായി 'ജിഹാദ്' മുഴക്കുകയും ചെയ്തു. കോൺഗ്രസണികളിൽ സഹിഷ്ണതയുടെ നാമത്തിൽ ഭീരുത്വം കുടികൊണ്ടുതുടങ്ങിയതിൻെറ ഫലമായി ആ ദേശീയ മഹാവാക്യത്തെ അംഗഭംഗപ്പെടുത്താൻ ശ്രമം നടന്നു. ഇഷ്ടമുള്ള മുദ്രാവാക്യങ്ങഠം സ്വീകരിക്കാമെന്നനുവദിച്ചിട്ടും മുസ്ലിംകഠം സ്വന്തംപാർട്ടിയും സ്വന്തംമുദ്രാവാക്യവുമുണ്ടാക്കി വേർപിരിഞ്ഞുപോയി. ശേഷിച്ച കോൺഗ്രസ് മൗലവിമാരെ ഉദ്ദേശിച്ചെങ്കിലും വന്ദേമാതരം കരുതലോടെ ഉച്ചരിക്കണമെന്നായി. ക്രമേണ വന്ദേമാതരത്തിൻെറ സ്ഥാനം 'ഇങ്കിലാബ് സിന്താബാദ്' കരസ്ഥമാക്കി. 1942—ലെ സ്വാതന്ത്ര്യസമരത്തിൽ 'ഇങ്കിലാബ് സിന്താബാദും' തിരിച്ചടിച്ചു. 'സിന്താബാദ്പക്ഷം' അഞ്ചാംപത്തികളായി മാറിക്കൊണ്ട് ചെയ്ത വഞ്ചനകഠം ചരിത്രപ്രസിദ്ധമാണല്ലോ. വീണ്ടും കോൺഗ്രസ് ഭരണമേറെറടുത്ത സ്വതന്ത്രഭാരതത്തിനൊരു രാഷ്ട്രഗാഥ വേണമെന്ന പ്രശ്നമുദിച്ചു. സ്വാതന്ത്ര്യസമരത്തിൽ ഉത്തേജനം നല്കിക്കൊണ്ടിരുന്ന വന്ദേമാതരമോ, വിശ്വമഹാകവിയുടെ

പ്രഭാതഗീത (ജനഗണമന) മോ ഏതാണ് വേണ്ടതെന്നായി. വന്ദേമാതരത്തിനോളം ചരിത്രപാരമ്പര്യവും ആത്മീയപശ്ചാത്തലവും പ്രഭാതഗീതത്തിനില്ലെങ്കിലും കോൺഗ്രസിൻെറ മതേതരസ്വഭാവവും മുൻപിന്നാലെയുള്ള മുസ്ലിം പരിഭവവും മററും മററും പ്രഭാതഗീതത്തിൻെറ പ്രഥമ ഖണ്ഡിക മാത്രം രാഷ്ട്രഗാഥയാക്കി അംഗീകരണം നല്കി. അതും സ്വാഗതാർഹംതന്നെ. ദേശഭക്തരെ സംബന്ധിച്ചിടത്തോളം പ്രഭാതഗീതവും (ജനഗണമന) സ്വീകാര്യവും സ്വന്തവുമാണ്. മാത്രല്ല, അതൊരു നിതാന്തസത്യം വെളിപ്പെടുത്തിക്കൊണ്ടാണ് പ്രതിദിനവും കോടാനുകോടി കണ്ഠങ്ങളിൽക്കൂടി നിർഗ്ഗളിച്ചുകൊണ്ടിരിക്കുന്നത്. അഖണ്ഡഭാരതമെന്ന യാഥാർത്ഥ്യമല്ലാതെന്താണത്? "പഞ്ചാബ്, സിന്ധു, ഗുജറാത്ത, മറാഠാ, ദ്രാവിഡ, ഉത്കല, വംഗാ" എന്ന വരിയിലെ സിന്ധ് ഇന്ന് എവിടെയായാലും പഞ്ചാബും ബംഗാളും വികൃതമായിരുന്നാലും അഖണ്ഡഭാരതം നമ്മുടെ ജൻമാവകാശമാണെന്നല്ലേ പ്രഭാതഗീതം ഉൽഘോഷിക്കുന്നത്?

ഇന്ത്യൻ നാഷണൽ കോൺഗ്രസെന്ന 'ഭാരതീയ മഹാജനസഭ'യുടെ പ്രത്യാശാമന്ത്രവും മുദ്രാവാക്യവുമായി നിലകൊണ്ടിരുന്ന 'വന്ദേമാതരം' ഉച്ചരിക്കുന്നവരും ആദരിക്കുന്നവരുമായ കോൺഗ്രസുകാർ ഇന്നെത്രപേരുണ്ടെന്ന് അന്വേഷിച്ചറിയേണ്ടിയിരിക്കുന്നു! ഒരു കാര്യം തീർച്ചയാണ്. വന്ദേമാതരം എന്നെന്നും ദേശഭക്തരുടെ മുദ്രാവാക്യമായിരുന്നു. സ്വതന്ത്രഭാരതത്തിലെ വിദ്യാലയങ്ങളെല്ലാം പാഠ്യവിഷയമാക്കി സർവ്വസാധാരണയായി പഠിക്കേണ്ടതായ വന്ദേമാതരഗാനത്തെ, കാര്യം കണ്ടവർ അവമതിക്കുന്നുണ്ടെങ്കിൽ അതിൻെറ ഫലമനുഭവിക്കാതെ വഴിയുമില്ല. ഭാരതമാതാവിൻെറ കൂറുള്ള സന്താനങ്ങാംക്ക് 'വന്ദേമാതരം' എന്നെന്നും പ്രിയങ്കരമായിരിക്കുമെന്നതിൻെറ ലക്ഷണമാണ് ഹിന്ദുമഹാസഭ, ഭാരതീയ ജനസംഘം തുടങ്ങിയ തനി ഭാരതരാഷ്ട്രീയകക്ഷികളിൽ ഇന്നും 'വന്ദേമാതരം' മുഴങ്ങിക്കൊണ്ടിരിക്കുന്നത്. വന്ദേമാതരം വിഭാവനം ചെയ്യുന്ന ഭാരതത്തേയും, ഭാരതം വിഭാവനം ചെയ്യുന്ന വന്ദേമാതരത്തേയും ആദരിക്കാത്ത ഭാരതീയർ ഭാര

തീയരാവുന്നതെങ്ങിനെ? എന്തുകൊണ്ടെന്നാൽ 'ജനനീ ജന്മഭൂമിശ്ച സ്വർഗ്ഗാദപി ഗരീയസി' എന്നതാണല്ലോ ഭാരതീയ മതം.

ജയ് ജയ് വന്ദേമാതരം

# ഹിന്ദുധർമ്മ പാഠശാലകൾ

ഹിന്ദുമത പാഠശാലകളെ സംബന്ധിച്ച പ്രശ്നങ്ങൾക്ക് സമാധാനം പറയുന്നതിനു മുൻപ് അതെന്താണെന്ന് അറിയേണ്ടതായിട്ടുണ്ട്. ഹിന്ദുമതം പഠിക്കുന്ന വിദ്യാലങ്ങൾ ഭാരതത്തിൽ ആവശ്യമുണ്ടോ? പലമതങ്ങളുള്ള ഈ 'മതേതര'രാജ്യത്തിൽ എന്തിനാണ് പ്രത്യേക മതപാഠശാലകൾ? എല്ലാ മതങ്ങളുടേയും സാരം ഒരു വിഷയമായംഗീകരിച്ച് ഇപ്പോഴത്തെ വിദ്യാലയങ്ങളിൽ പഠിപ്പിച്ചാൽ പോരേ എന്നു രാജനൈതികവാദികളായ മതവിശ്വാസികൾ അഭിപ്രായപ്പെടും. മതം വേണമെങ്കിൽ വീട്ടിലിരുന്നോ അതാതുമതക്കാരുടെ ദേവാലയങ്ങളിൽവെച്ചോ പഠിച്ചോട്ടെ, അതിനെന്തിനു പ്രത്യേക പാഠശാലകൾ എന്നു മിതവാദികൾ സംശയം ഉന്നയിക്കുമ്പോൾ, ഒരുതരം പുരോഗമനവാദികൾ തീർത്തുപറയും മതം കറുപ്പാണ്, അതു കുഴിച്ചുമൂടേണ്ടതാണെന്ന്. ഇനി മതവിശ്വാസികളിൽത്തന്നെ വലിയൊരു വിഭാഗം മതത്തിൻെറ ആവശ്യകതയെപ്പററി ധാരാളം സംസാരിക്കുമെങ്കിലും അവരുടെ കുട്ടികൾക്കു സ്ക്കൂളിലും കോളേജിലും വളരെ പഠിക്കാനുള്ളതുകൊണ്ട് മതപാഠശാലയിൽ പോകാൻ സൗകര്യപ്പെടുന്നില്ലെന്നുപറഞ്ഞ് ഒഴിഞ്ഞുമാറുന്നവരാണ്. ഈ പരിതഃസ്ഥിതിയിൽ ഭാരതത്തിൻെറ പൗരാണികവിദ്യാഭ്യാസപദ്ധതിയെപ്പററി അല്പം ക്ഷമയോടെ ഓർമ്മിക്കുന്നതു ശരിയായ ധാരണയ്ക്കു സഹായകമായിരിക്കും.

**എന്ത്?**

വർണ്ണസങ്കരത്താൽ ജാതിഭേദങ്ങളും ഉച്ചനീചത്വങ്ങളും ഉണ്ടാവുന്നതിനുമുമ്പ് പരമ്പരാപ്രാപ്തമായ ദേശീയ വിദ്യാഭ്യാസപദ്ധതിപ്രകാരം കുഞ്ഞുങ്ങൾക്ക് സ്വഗൃഹത്തിലും ഗുരുഗൃഹത്തിലുംവച്ച് രണ്ടുതരം വിദ്യാരംഭങ്ങൾ നടത്തിയിരുന്നു. ആദ്യത്തെ ആ ഗുരുസ്ഥാനം മാതാപിതാക്കൻമാർക്കുതന്നെ. 'ഓം' എന്ന പ്രണവം ശിശുനാവിലേക്കു ആവാഹിച്ചു തുടങ്ങുന്ന ശിശുവിദ്യാഭ്യാസത്തിൽ വിവിധ പുഷ്പങ്ങളുടേയും വേദപ്രതീകങ്ങളുടേയും മനോഹരപ്രകൃതിദൃശ്യങ്ങളുടേയും മാദ്ധ്യമത്തിൽ മാതാ, പിതാ, ഗുരു ദൈവങ്ങളോടുള്ള ബന്ധവും കടപ്പാടും മനസ്സിലാക്കുകയും, ഗുരുകുലത്തിൽചേർന്നു ഉത്സാഹപൂർവ്വം അനുസരിക്കേണ്ടതെന്തെല്ലാമെന്നു ശീലിക്കുകയും ചെയ്യുന്നു. അങ്ങനെ മുഴുമനസ്സോടെ ഗുരുഗൃഹത്തിൽ ചേർന്നു ഉപനയനപൂർവ്വം വിദ്യാരംഭം നടത്തുന്ന രണ്ടാം ഘട്ടത്തിൽ, അവിടത്തെ ജീവിതരീതികളുമായി ഇണങ്ങിച്ചേരുവാൻ വിഷമമുണ്ടാവില്ല. കുട്ടികളുടെ ഭാവിനൻമയ്ക്കു ഉതവുന്ന ആചാരാനുഷ്ഠാനങ്ങളും കർശനമായ കൃത്യനിഷ്ഠകളും അനായാസം പിന്തുടരത്തക്കവിധമായിരിക്കും ഗുരുകുല നിയമങ്ങൾ. സ്വഗൃഹത്തിൽ വിത്തുപാകി കിളുർപ്പിച്ച തൈകൾ, ഉഴുത് വളമിട്ടൊരുക്കിയ നിലത്തിലേക്ക് പറിച്ചുനടുന്നതുപോലെയുള്ള പരിവർത്തനമാണിത്. പ്രായേണ എട്ടുവയസ്സിലായിരിക്കും കുട്ടികളെ ഗുരുഗൃഹത്തിൽ ചേർക്കുക. ഗുരുഗൃഹമെന്നാൽ അതു ആശ്രമമോ, ഗുരുകുലമോ ആയിരിക്കും. ഈശ്വരാർപ്പണ ജീവിതംനയിക്കുന്ന ഗുരുവും ഗുരുപത്നിയും ശിഷ്യരുടെ ശേഷിയും ശേമുഷിയുമനുസരിച്ച്, അവരെ ബ്രഹ്മചാരി–വിദ്യാർത്ഥികളാക്കി വളർത്തുന്നു. കുട്ടികളുടെ വാസനയനുസരിച്ച്, ശരീരം, ബുദ്ധി, മനസ്സ് എന്നീ നിലവാരങ്ങളിൽ അവരെ സമർത്ഥൻമാരും വിദ്വാൻമാരുമാക്കി സ്വഗുരുകുലത്തിനു സൽപ്പേരുണ്ടാക്കണമെന്നല്ലാതെ മറ്റൊരുദ്ദേശവുമുണ്ടായിരുന്നില്ല.

ഇത്തരം ഗുരുകുലങ്ങളിൽ സാമ്പത്തികമായി ദരിദ്രരും ധനികരും ഉണ്ടായിരുന്നു. പ്രജകളും രാജാക്കൻമാരും ഉണ്ടായിരുന്നു. പക്ഷെ ഈ ബാഹ്യഭേദങ്ങളൊന്നും ഗുരുകുലം നടത്തിപ്പിന് ബാധകമാവില്ല. അവിടെ എല്ലാ കുട്ടികളും ഏകോദരസഹോദരങ്ങളെപ്പോലെ ജീവിച്ചുകൊള്ളണം. അതുപോലെ വർണ്ണഭേദങ്ങളോ സ്ത്രീ—പുരുഷ വ്യത്യാസങ്ങളോ ഗുരുകുല വിദ്യാഭ്യാസത്തിനുതടസ്സമാവില്ല. പക്ഷെ വിദുഷികളായ ഗുരുപത്നിമാർതന്നെ പ്രായമായ കന്യകകളുടെ മേൽനോട്ടം വഹിച്ചിരുന്നു. അങ്ങനെ ഗാർഗ്ഗി, മൈത്രേയി തുടങ്ങിയ എത്രയോ ഋഷിപത്നിമാർ ആചാര്യകളായിരുന്നിട്ടുണ്ട്. കുമാരൻമാരെപ്പോലെ കുമാരികളും ബ്രഹ്മചര്യാശ്രമത്തിൽ പൂർണ്ണവിദ്യാഭ്യാസം ചെയ്തിട്ട് ഗൃഹസ്ഥാശ്രമത്തിൽ പ്രവേശിച്ചിരുന്നു എന്ന്—"ബ്രഹ്മചര്യേണ കന്യാ യുവാനം വിന്ദതേപതിം"—ഇത്യാദി വേദവാക്യങ്ങൾ വ്യക്തമാക്കുന്നു. സന്ധ്യോപാസന, യജ്ഞം മുതലായ നിത്യകർമ്മങ്ങൾ വേദമന്ത്രോച്ചാരണപൂർവ്വം അനുഷ്ഠിച്ചും, ഗൃഹകാര്യങ്ങളിലും സദസ്സുകളിലും വിദഗ്ദ്ധകളും വിദ്യാരൂപിണികളായും വിളങ്ങിയ കുടുംബിനികൾ വേദശാസ്ത്രാദികൾ അഭ്യസിച്ചിരുന്നുവെന്നതിനു "ഇമം മന്ത്രം പത്നിപഠേത്" ഇത്യാദി സ്മൃതിസൂത്രങ്ങളും തെളിവാണ്. അതുപോലെ ഉപനയനസംസ്ക്കാരത്താൽ സന്നദ്ധരായ ഏതൊരാൾക്കും വേദശാസ്ത്രങ്ങൾ പഠിക്കാനുള്ള അധികാരമുണ്ടായിരുന്നു. വേദസ്വരൂപിയായ ഭഗവാൻ സ്വയം അരുൾചെയ്യുന്നു: "മാനവരാശിക്കാകമാനം മംഗളപ്രദമായ വേദസൂക്തങ്ങൾ, ഞാൻ ഉപദേശിച്ച പ്രകാരം നിങ്ങളും പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുവിൻ." ഈ താല്പര്യമുള്ള വേദസൂക്തങ്ങളിൽ ഒന്നിതാ:

യഥേമാം വാചം കല്യാണീമാവദാനി ജനേഭ്യഃ
ബ്രഹ്മരാജന്യാഭ്യാം ശൂദ്രായ ചാര്യായച
സ്വായ ചാരണായ.—(യജൂർവ്വേദം 26—2)

പാചകവിദ്യ, കന്നുകാലിവളർത്തൽ (ഗോസംരക്ഷണം) തുടങ്ങി, പരലോക (ചന്ദ്ര—നക്ഷത്രാദിമണ്ഡല) ശാസ്ത്രംവരെ താത്വികമായും പ്രായോഗികമായും പഠി

പ്പിച്ചിരുന്ന പ്രാചീനഗുരുകുലാശ്രമങ്ങൾ എത്രയെങ്കിലുമുണ്ടായിരുന്നു. അചാര്യ—ഗോത്രപരമ്പരയുടെ പേരുകളിലും ആരാധനാവൈവിദ്ധ്യങ്ങളിലും അവ നടത്തപ്പെട്ടിരുന്നുവെങ്കിലും പൊതുവായി ആദ്ധ്യാത്മികമായ അടിസ്ഥാനവും ആത്മമോക്ഷവും ജഗത്തിൻെറ ഹിതവും ലക്ഷ്യമായും അംഗീകരിച്ചിരുന്നു.

ഈ വിദ്യാഭ്യാസക്രമത്തിൻെറ ഒരു സംക്ഷിപ്തരൂപം ഇപ്രകാരമാണ്:—

1. 'ഗായത്രി'മന്ത്രം അനുസന്ധാനം ചെയ്യേണ്ടവിധം ശീലിപ്പിക്കുന്നതോടൊപ്പം പ്രപഞ്ചതത്വം ഗ്രഹിപ്പിക്കുക.

2. സന്ധ്യോപാസനയും അഗ്നിഹോത്രവും അനുഷ്ഠിക്കുവാൻ പഠിപ്പിക്കുക. ഇതു ഒരു ലളിതകലാ രൂപത്തിൽ അനുഷ്ഠിക്കുകയും ശീലിപ്പിക്കുകയും ചെയ്തിരുന്നതുകൊണ്ട് അന്നത്തെ കുട്ടികൾക്ക് ഏററവും ഉൽസാഹപ്രദവും ഉൻമേഷകരവുമായ ഒരു വിഷയമാണിത്. ഇതിലെ ആചമനമാർജ്ജനാദി പ്രിയകളിലും ഹോമസവിത്തുകൾ സംഭരിക്കുന്നതിലും മററും അടങ്ങിയിരിക്കുന്ന ബാഹ്യാഭ്യന്തര കലാവിഷ്ക്കരണങ്ങളും സ്ഫൂർത്തീദായകമായ മാനസോല്ലാസവും ഒന്നു വേറെതന്നേയാണ്. അതു സദ്വാസനകളെ ഉണർത്തി വികസിപ്പിക്കുകയും സദാചാരത്തിൽ താൽപര്യമുളവാക്കുകയും ചെയ്യുന്നു.

3. ശരിയായ ഉച്ചാരണങ്ങളും, അക്ഷരവിജ്ഞാനീയവും 'ശിക്ഷ'ക്രമത്തിൽ അഭ്യസിക്കുക.

4. വ്യാകരണം, അഷ്ടദ്ധ്യായി, ഭാഷ്യാദിഗ്രന്ഥങ്ങളുടെ പഠനം.

5. നിരുക്തവും നിഘണ്ഡുവും പഠിക്കുക. ഋഷി ആശ്രമങ്ങളുടെ കാലഘട്ടങ്ങൾക്കുശേഷം യാസ്ക്കൻെറ ഗ്രന്ഥങ്ങളാണ് ഇതിനു വേണ്ടി ഗുരുകുലങ്ങൾ അംഗീകരിച്ചിരുന്നത്.

6. ഛന്ദസ്സുകൾ എന്ന വൃത്തങ്ങൾ. ഇതിനും പിൽക്കാലത്ത് പിംഗളാചാര്യൻെറ ഗ്രന്ഥങ്ങൾ പ്രാമാണികഗ്രന്ഥമായംഗീകരിച്ചിരുന്നു.

7. വേദപഠനം. സാംഗോപാംഗമായി അഭ്യസിക്കുന്ന പദ്ധതി വൈദീകകാലത്തു സാർവ്വത്രികമായംഗീകരിച്ചിരുന്നു. ഋക്ക്, യജ്ജു. സാമം, അഥർവ്വം എന്നീ വേദങ്ങൾക്കോരോന്നിനും രണ്ടു വർഷം വീതം, അങ്ങനെ കുറഞ്ഞത് 8 വർഷം വേദപഠനത്തിനു വിനിയോഗിച്ചിരുന്നു. വേദപഠനത്താൽ സമ്പൂർണ്ണജ്ഞാനം സമ്പാദിക്കുവാനും സാധിച്ചിരുന്നു,

8. ഷഡ്ദർശനങ്ങൾ, ദശോപനിഷത്തുകൾ മുതലായവ.

9. മനുസ്മൃതി, വാല്മീകി രാമായണം. മഹാഭാരതം എന്നിവ അഭ്യസിക്കുന്നതോടൊപ്പം ഷോഡശസംസ്കാരങ്ങൾ, പഞ്ചമഹായജ്ഞം, വർണ്ണാശ്രമധർമ്മം എന്നിവ വേണ്ടവിധം ഗ്രഹിക്കുന്നു. ഇതിൽ കാമശാസ്ത്രം മുതൽ വിശ്വവിജ്ഞാനീയം വരെ ഉൾപ്പെടും.

10. ആയുർവ്വേദം. ശരീരശാസ്ത്രം, പഞ്ചഭൂതം, ആരോഗ്യം, രോഗനിദാനം, ഔഷധവിജ്ഞാനീയം, ശസ്ത്രക്രിയ, നിത്യനൈമിത്തികകർമ്മങ്ങളുടെ ആരോഗ്യവശം, ത്രിഗുണാത്മകമായ ആഹാരക്രമങ്ങൾ, ആതുര ശുശ്രൂഷ മുതലായി അനുദിനജീവിതസംബന്ധമായ പല കാര്യങ്ങളും ആയുർവ്വേദ പഠനത്തിലുൾപ്പെടുന്നു.

11. ധനുർവ്വേദം. രാഷ്ട്രീയം, രാജനൈതികം, രാജ്യഭരണം, പ്രജാപരിപാലനം മുതലായ രാജ്യതന്ത്രങ്ങൾ അഭ്യസിക്കുന്ന വേദശാഖയാണിത്. കായികാഭ്യാസങ്ങൾ, വ്യൂഹനിർമ്മാണം, നയോപായരഞ്ജന രീതികൾ, ശത്രു–മിത്രങ്ങളെ തിരിച്ചറിയുന്നതിനുള്ള വഴികൾ, ശാസ്ത്രാസ്ത്രവിദ്യ, സൈനിക നിരകൾ എന്നിവ എങ്ങനെ, ഏതു വിധമെന്നെല്ലാം പരിശീലിപ്പിക്കുന്നു.

12. അർത്ഥവേദം. സാമ്പത്തികശാസ്ത്രം, ശില്പ്പവിദ്യ, സൂര്യസിദ്ധാന്തം മുതലായ ജ്യോതിശ്ശാസ്ത്രങ്ങൾ, ബീജഗണിതം, അങ്കഗണിതം, ഭൂഗോളവിജ്ഞാനം, ഭൂഗർഭവിദ്യ, ഖഗോളവിജ്ഞാനം, ചന്ദ്ര–നക്ഷത്രമണ്ഡലസ്ഥിതിഗതികൾ എന്നിവ ഈ വിഭാഗത്തിൽ പഠിപ്പിക്കുന്നു.

13. ഗന്ധർവ്വവേദം, സംഗീതം, നൃത്തം, ചിത്രമെഴുത്ത് തുടങ്ങിയ നാനാതരം കലാവിദ്യകൾ ഈ വകുപ്പിൽ അഭ്യസിപ്പിക്കുന്നു.

ഇങ്ങനെ വിദ്യാർത്ഥികളുടെ വാസനയും കഴിവുമനുസരിച്ച് ഏതു വിഷയവും ഐശ്ചികമായി സ്വീകരിച്ച് അതിൽ വിദഗ്ധപാണ്ഡിത്യം സമ്പാദിക്കുവാനുള്ള ആശ്രമസംവിധാനങ്ങളിൽ വാല്മീകി ആശ്രമം, കണ്വാശ്രമം, സാന്ദീപനി ആശ്രമം മുതലായവ ഉദാഹരണമായി പറയാം. ഈ ബ്രഹ്മചര്യാശ്രമത്തിൽനിന്നും സിദ്ധിക്കുന്ന പഠിപ്പും പരിശീലനവും നിമിത്തം ഒരു വ്യക്തിയുടെ പൂർണ്ണജീവിതത്തിനുള്ള അസ്തിവാരം സുദൃഢമായിത്തീരുന്നു. സ്ഥിരമായ ഒരു അടിസ്ഥാനവും ലക്ഷ്യവുമുള്ള ജീവിതത്തിനു ഭയമോ സംശയമോ ഉണ്ടാവില്ല. പ്രാഥമികമായി ലഭിക്കുന്ന ശിശുവിദ്യാഭ്യാസത്തിൽതന്നെ ധർമ്മബോധം ഉണർത്തപ്പെടുന്നു. പിന്നീട് അനുദിന കർമ്മാനുഷ്ഠാനങ്ങളിലൂടെ അതു വളർന്നുവികസിക്കും. ആരാധനാസമ്പ്രദായത്തിൽ മതഭേദങ്ങൾ അന്നും ഉണ്ടായിരുന്നുവെങ്കിലും അവയെ ഇണക്കുന്ന ധർമ്മം മാദ്ധ്യമമായി നിലകൊണ്ടിരുന്നു. നാനാത്വത്തിലൂടെ ഏകത്വമാണു ലക്ഷ്യം. ഇന്നു ഹിന്ദുമതമെന്നറിയുന്ന ധർമ്മം, അന്നു സനാതനധർമ്മം, ആർഷധർമ്മം, വൈദികധർമ്മം എന്നീ പേരുകളിലറിയപ്പെട്ടിരുന്നു. അതായത് പൊതുവായതും സ്ഥായിത്വമുള്ളതുമായ സനാതനധർമ്മത്തിന്റെ തത്വങ്ങൾ ആർക്കും മറയ്ക്കാനോ മാററാനോ സാദ്ധ്യമല്ല. അതിനെ അവലംബിച്ചുകൊണ്ടുള്ള ഉപധർമ്മങ്ങൾ കാലദേശാനുസരണം പുതുപ്പിക്കുകയും പരിഷ്കരിക്കുകയും ചെയ്യാം. വ്യക്തിഗതം, സാമൂഹികം, കുടുംബം, രാഷ്ട്രം ഇത്യാദി ഉപധർമ്മങ്ങൾ പരിഷ്കരിക്കുന്നതുതന്നെ സനാതനധർമ്മത്തെ രക്ഷിക്കുന്ന വിധത്തിലായിരിക്കണം. സ്വാർത്ഥജന്യമായ അഹന്തയ്ക്കു വിധേയമായി ഉപധർമ്മങ്ങൾക്കു മാററം വരുത്തിയാൽ അതു അധർമ്മമായി പരിണമിക്കും. അങ്ങനെയാണ് ആസുരവൃത്തികളും അസുരഗണങ്ങളും ഉണ്ടാവുന്നത്.

ഇങ്ങനെ 'ഹിന്ദുമത പാഠശാലകൾ' എന്നു പേരിടാതെതന്നെ 'ഹിന്ദുധർമ്മം' സ്വാഭാവികമായും പഠിപ്പിച്ചിരുന്ന

ലോകോത്തരമായ ഒരു വിദ്യാഭ്യാസപദ്ധതി ഭാരതത്തിൽ നടപ്പിലുണ്ടായിരുന്നു. സഹസ്രാബ്ദങ്ങളോളം നിലനിന്നിരുന്ന ഈ ഉന്നത വിദ്യാഭ്യാസത്തിന്റെ കാലദേശാനുസൃതമായ ഒരു ലഘുമാതൃകയെങ്കിലുമാവണം ഹിന്ദുമത പാഠശാലകൾ.

## എന്തിന് ?

സമുദായത്തലപ്പത്തിരുന്ന ചിലരുടെ സ്വാർത്ഥജന്യമായ ദുഷ്പ്രവണതകൾ നിമിത്തം വേദാർത്ഥം ദുർവ്യാഖ്യാനം ചെയ്യാനും തദനുസരണം നിത്യകർമ്മാനുഷ്ഠാനങ്ങൾ തിരിച്ചുവിടാനും തുടങ്ങിയതോടെ അതു അനാചാരത്തിനും അന്തഃഛിദ്രത്തിനും വഴിയൊരുക്കി. ഈ കാലഘട്ടത്തിന്റെ മൂർദ്ധന്യദശയിലാണ് ശ്രീബുദ്ധമുനിയുടെ അവതാരം. 'ധർമ്മം ശരണം ഗച്ഛാമി' തുടങ്ങിയ ശരണത്രയങ്ങൾ തന്നെ ജനസാമാന്യരിൽ ധർമ്മബോധമുളവാക്കുന്നതിന്റെ മന്ത്രദീക്ഷയാണ്. ആ മഹാത്മാവ് പുനരുദ്ധരിക്കുകയും പ്രചരിപ്പിക്കുകയും ചെയ്ത ധർമ്മം, ശുദ്ധസനാതനധർമ്മംതന്നെ. അതു കാലോചിതമായ രീതിയിൽ നിർവ്വഹിച്ചുവെന്നുമാത്രം. ശ്രീബുദ്ധദേവനുശേഷം 500 വർഷക്കാലം അദ്ദേഹം ഉപദേശിച്ച ഭാവത്തിലും രീതിയിലും ധർമ്മപ്രചാരം നടക്കുകയും, പരസഹസ്രം ഹിന്ദുക്കൾ ബുദ്ധമുനിയെ ആചാര്യനായി സ്വീകരിക്കുകയും ചെയ്തു. അവർ ബുദ്ധവിഹാരങ്ങൾ, മഠങ്ങൾ, കലാശാലകൾ മുതലായവ ലോക വിശ്രുതമായ രീതിയിൽ സ്ഥാപിച്ച് നടത്തിവന്നിരുന്നു. എന്നാൽ ത്യാഗത്തിന്റെ പിന്നാലെ വന്നണയുന്ന കാമിനീകാഞ്ചനങ്ങൾ ബുദ്ധവിഹാരങ്ങളിൽ വർദ്ധിച്ചതനുസരിച്ച് ഭിക്ഷു–ഭിക്ഷുണികളിൽ അലസതയും, അകർമ്മണ്യതയും സ്വാധീനം ചെലുത്തി. തന്നിഷ്ടംപോലെ വേദകർമ്മഭാഗങ്ങളെ ദുരുപയോഗപ്പെടുത്തി ഛിദ്രിച്ച പ്രബല ഹിന്ദുവിഭാഗങ്ങളെക്കാൾ കടുത്ത അധഃപതനമായിരുന്നു ഇത്.

അങ്ങനെ കാലക്രമേണ ആചാര്യദൂഷ്യങ്ങളും മതഭേദങ്ങളും അധികരിച്ച വിഘടിതാവസ്ഥയിൽ വിദേശ മുസ്ലീങ്ങളുടെ ആക്രമണങ്ങളുണ്ടായി. ദുർബ്ബലരും അസം

ഘടിതരുമായിരുന്ന ജനവിഭാഗങ്ങളെ മതം മാററാനും കൊന്നൊടുക്കാനും ധർമ്മസ്ഥാപനങ്ങളെ നശിപ്പിക്കുവാനും മുസ്ളിംമതാന്ധരായ അക്രമികൾക്കു നിഷ്പ്രയാസം സാധിച്ചു. എങ്കിലും ആദിജഗത്ഗുരു ശ്രീശങ്കരഭഗവദ് പാദരുടെ പ്രാദുർഭാവം നിമിത്തം ഹിന്ദുക്കൾ പ്രതിരോധശക്തരായിരുന്നു. ബുദ്ധഭിക്ഷുക്കളും വിഹാരങ്ങളും നിർമ്മാർജ്ജനം ചെയ്യപ്പെട്ടു. ഷണ്മതസ്ഥാപനം വഴി ശ്രീശങ്കരാചാര്യരുടെ ധർമ്മകാഹളം നാലുദിക്കിലും മുഴങ്ങി. ദേശത്തിൻെറ നാനാഭാഗങ്ങളിലും സ്ഥാപിച്ച ശ്രീശങ്കരമഠങ്ങളും, ദശനാമിസന്ന്യാസിസംഘങ്ങളും ധർമ്മപതാക നിലനാട്ടി. തുടർന്നു ആചാര്യൻമാരും ഭക്തകോടികളും മുഖേന അതാതു ദേശകാലസ്വഭാവമനുസരിച്ച് ധർമ്മപ്രചാരം സാധിച്ചുകൊണ്ടിരുന്നു.

വീണ്ടും വെള്ളവിദേശാക്രമണവും ക്രൈസ്തവമതത്തിൻെറ അരങ്ങേററവുംകൊണ്ട് ദ്വിവിധശത്രുനിരയുണ്ടായി. ആര്യസമാജം, ശ്രീരാമകൃഷ്ണസംഘം മുതലായ ധർമ്മസ്ഥാപനങ്ങളാണ് ഹിന്ദുക്കൾക്കീസന്ദർഭത്തിൽ മാർഗ്ഗദർശനം നൽകിയത്. വേദശാസ്ത്രങ്ങൾ ജനസാമാന്യർക്ക് കാണാൻ പോലും കഴിയാത്ത പരിതസ്ഥിതിയിൽ ഋഷി ദയാനന്ദസരസ്വതിയുടെ വേദകാഹളം പുതിയ ഉണർവ്വുണ്ടാക്കി. ഈശ്വരാനുഭൂതിയിലൂടെ നിർഗ്ഗളിച്ച ശ്രീരാമകൃഷ്ണഉപദേശങ്ങൾ ധർമ്മശാസ്ത്രങ്ങളുടെ സർവ്വജനീനമായ വ്യാഖ്യാനമാകുന്നു. ഭാരതത്തിലങ്ങോളമിങ്ങോളം ചുററിസഞ്ചരിച്ച് നാട്ടിൻെറ നാഡിമിടിപ്പ് മനസ്സിലാക്കിയ സ്വാമി വിവേകാനന്ദൻ ഏററവും ആധുനികമായരീതിയിൽ ഹിന്ദുധർമ്മം പ്രചരിപ്പിച്ചു. നൂററാണ്ടുകളായി ഹിന്ദുസമുദായ ഗാത്രത്തെ കാർന്നുകൊണ്ടിരിക്കുന്ന രോഗങ്ങളറിഞ്ഞ് അതിനു പ്രതിവിധികളും അദ്ദേഹം നിർദ്ദേശിച്ചു. ആലസ്യം, ആത്മവിശ്വാസരാഹിത്യം, അസമത്വം, ഈർഷ്യ, പരസ്പരവിദ്വേഷം, അപകർഷതാബോധം മുതലായവ ആഴത്തോളം വേരൂന്നിയ സമുദായത്തിൽ എങ്ങിനെ ദേശീയതയും ധർമ്മബോധവും ഐക്യവും വളരും? സമസ്തവിഭവങ്ങളും സമ്പന്നമായിട്ടുള്ള ഒരു ദേശത്തിൻെറ മക്കൾ ദീനരും ദരിദ്രരും പരാധീനരു

മായിരിക്കുന്നതെന്തുകൊണ്ട്? രോഗനിദാനമറിഞ്ഞ് പരിഹാരം നിർദ്ദേശിച്ച സ്വാമി വിവേകാനന്ദൻ ദേശീയ നേതാക്കൻമാരോടാഹ്വാനം ചെയ്തു "നമ്മുടെ വേദങ്ങളിലും പുരാണങ്ങളിലും നിഗൂഢങ്ങളായിക്കിടക്കുന്ന മഹാസത്യങ്ങരം പുറത്തുകൊണ്ടുവന്ന് അവയെ രാജ്യം മുഴുവനും പ്രചരിപ്പിക്കുകയെന്നതാണ് നമ്മുടെ സത്വരശ്രദ്ധ പതിയേണ്ട ആദ്യത്തെ കൃത്യം" എന്ന്.

"മനുഷ്യനിൽ ഇപ്പോരംത്തന്നെ അന്തർലീനമായിക്കിടക്കുന്ന പൂർണ്ണതയെ പ്രകടമാക്കുകയാണ് വിദ്യാഭ്യാസം." അരനൂററാണ്ടിനു മുൻപുവരെ നിലവിലുണ്ടായിരുന്ന കുടിപള്ളിക്കൂടങ്ങളിലും കളരികളിലുംകൂടി ഈ വിദ്യാഭ്യാസ നിർവ്വചനം ഒരുവിധം പ്രായോഗികമായിരുന്നു. 'ഹരിഃ ശ്രീഗണപതയെ നമഃ' എന്നു എഴുത്തിനിരുത്തുന്ന സന്ദർഭത്തിൽ തന്നെ മാതൃഭാഷയോടൊപ്പം സംസ്കൃതവും പഠിപ്പിച്ചിരുന്നു. വിദ്യാർത്ഥിയുടെ ബുദ്ധിയും സാമർത്ഥ്യവുമനുസരിച്ച് തമിഴ്, കർണ്ണാടകം, ഹിന്ദി മുതലായ സഹോദരഭാഷകളും പഠിക്കാം. സംസ്കൃത പഠനത്തിനു പ്രാധാന്യമുണ്ടായിരുന്നതിനാൽ ഇതരഭാഷകരം പഠിക്കുന്നതിനു പ്രയാസമുണ്ടായില്ല. ഹിന്ദുധർമ്മത്തിന്റെ അടിസ്ഥാനതത്വങ്ങരം ഹൃദിസ്ഥമാക്കാനും അനായാസേന കഴിഞ്ഞിരുന്നു. ഈ കുടിപ്പള്ളിക്കൂടങ്ങളും ആശാൻ കളരികളും മററും സാമാന്യ വിദ്യാഭ്യാസത്തോടൊപ്പം മതപാഠശാലകളുടെ ആവശ്യവും അങ്ങനെ നിർവ്വഹിച്ചിരുന്നു.

എന്നാൽ വിവിധോദ്ദേശവിദ്യാഭ്യാസപരിഷ്കരണങ്ങളിൽ ദേശീയ—ആദ്ധ്യാത്മിക മൂല്യങ്ങരം താഴ്ത്തപ്പെടുകയും, വിദേശ പ്രവണതകളുടെ അതിസമ്മർദ്ദവും ജനസംഖ്യയും വർദ്ധിച്ചതോടെ ഹിന്ദുധർമ്മപ്രചാരം പൂർവ്വാധികം ബുദ്ധിപൂർവ്വവും സുസംഘടിതവുമായ രീതിയിൽ നിർവ്വഹിക്കണമെന്നായി. സംഘടിതമായും ലോകവ്യാപകപിന്തുണയോടുകൂടിയും നടത്തപ്പെടുന്ന മുസ്ലിം—കൃസ്ത്യൻ മതപ്രചരണങ്ങരം ദേശീയമായതെന്തും വിദേശീകരിക്കുന്ന രീതിയിലാണ്. ഇന്നാട്ടിന്റെ രൂപഭാവങ്ങളും പേരും കലാചാരവും സംസ്കൃതിയും

മററും അറേബ്യയുടെയും റോമിൻേറയും കുട്ടിമാതൃക കളാക്കി കൃതാർത്ഥരാവാനാണ് അവരുടെ പരക്കം പാച്ചിൽ. തങ്ങളുടെ വിദ്യാഭ്യാസ പദ്ധതികൊണ്ട് ഭാരതീയരെല്ലാം മതം മാറിയില്ലെങ്കിലും അവരിൽ അപകർഷതാബോധമുളവാക്കി 'എല്ലാമതവും സമ്മത'മെന്ന നിലയ്ക്കെങ്കിലും മയം വരുത്തണമെന്ന ഇംഗ്ലീഷുകാരുടെ പണിയും ഫലപ്രദമായി. പഠിപ്പുള്ള പല ഹിന്ദുക്കളും നിർമ്മതൻമാരെന്നോ യുക്തിവാദികളെന്നോ നടിച്ച് അന്യരെ സ്തുതിക്കുന്നവരും സ്വന്തമാളുകളെ നിന്ദിക്കുന്നവരുമായി പരിണമിച്ചിട്ടുണ്ട്. വിദേശങ്ങളിൽ അവിടത്തെ പ്രവണതകളുമായി താദാത്മ്യം പ്രാപിച്ച് പ്രചാരപ്പെടുന്ന ബുദ്ധമതം മാതൃധർമ്മത്തിൽനിന്നു വ്യതിചലിച്ച ആദർശങ്ങരം ഉരംക്കൊണ്ടതാണ്. അതിൻെറ മറെറാരുരൂപമാണ് 'നവീന ബുദ്ധമത'മെന്ന പേരിൽ മാതൃധർമ്മത്തെത്തന്നെ കടപുഴക്കി എറിയണമെന്ന സിദ്ധാന്തത്തോടുകൂടി ഇപ്പോരം ഭാരതത്തിലെ അധ:കൃതസമുദായങ്ങളിൽ വ്യാപിച്ചിരിക്കുന്നത്. മാർക്സിസത്തിൻെറ ഇരമ്പിക്കയററവും സർക്കാരിൻെറ ദുർബലമായ മതേതരത്വവും സംഘടിത മതങ്ങളുടെ മുന്നേററവും എല്ലാം കൂടി ഭാരതത്തിൻെറ ദേശീയസത്തയെ നിർമ്മാർജ്ജനം ചെയ്യാൻ പോരുന്ന പ്രവണതകളോടുകൂടി പ്രവർത്തിക്കുന്നു. ഭാരതത്തിൻെറ ദേശയസത്ത ഹിന്ദുസംസ്കൃതിയണ്. സർവ്വമതസഹിഷ്ണുതയും സമന്വയവും പുലർത്തുന്ന ഹിന്ദുസംസ്കൃതി നിർവ്വീര്യമായാൽ പിന്നെയെന്തായിരിക്കും പുലരുക?

ഇതരസംഘടിത മതങ്ങളെപ്പോലൊരു മതമല്ല ഹിന്ദുധർമ്മം. ആരാധനാസമ്പ്രദായങ്ങളും മതങ്ങളും എത്രയെങ്കിലുമുണ്ടാവാം. മനുഷ്യരുടെ സ്വഭാവവൈവിദ്ധ്യമനുസരിച്ച്, അവരവരുടെ മനപ്പാകതക്കനുസരിച്ച് ഇഷ്ടമുള്ളതു സ്വീകരിക്കാം. ഹിന്ദുധർമ്മം ഈ വൈരുദ്ധ്യങ്ങളെ എല്ലായ്പോഴും പ്രോത്സാഹിപ്പിക്കുന്നു. യാതൊരു മതത്തോടും അസഹിഷ്ണുത കാട്ടുകയോ വിദ്വേഷം പുലർത്തുകയോ ചെയ്യാതെ എല്ലാ വൈരുദ്ധ്യങ്ങളെയും ഔദാര്യപൂർവ്വം വീക്ഷിക്കുന്നതാണ് ഹിന്ദുധർമ്മം. അതായത് 'നാനാത്വത്തിലൂടെ ഏകത്വം' എന്ന സമന്വയതത്വം ഹി

ന്ദുധർമ്മത്തിലല്ലാതെ മറെറാരു മതത്തിലും കാണാനാവില്ല. ഈ സാർവ്വജനീനവും സർവ്വമതൈക്യപരവുമായ വൈശിഷ്ട്യവും മതങ്ങളുടെയെല്ലാം മാതൃത്വത്തിന്നൊരു കാരണമായി ഹിന്ദുധർമ്മത്തിനുണ്ട്; ആദ്യമുണ്ടായ മതം എന്ന നിലയ്ക്കുമാത്രമല്ല, ഭാരതത്തിൻെറ ദേശീയസത്തയെന്ന കാരണത്താലും സർവ്വമത സഹിഷ്ണുതയുള്ള ഒരു സമന്വയ ഘടകമെന്നതിനാലും ഭാരതവിദ്യാലയങ്ങളിൽ ഹിന്ദുധർമ്മം പഠിപ്പിച്ചിരുന്നുവെങ്കിൽ മതകലഹങ്ങളും വിദ്വേഷങ്ങളും ഒഴിവാക്കാമായിരുന്നു. നിർഭാഗ്യവശാൽ രാജനൈതികപ്രലോഭനങ്ങളിൽ കുടുങ്ങിയ നമ്മുടെ നേതാക്കൻമാർക്ക് ഈ സദ്ബുദ്ധിയുണ്ടായാലുമില്ലെങ്കിലും പ്രായോഗികതലത്തിൽ അസമർത്ഥരായിത്തീർന്നു.

സ്വാമി വിവേകാനന്ദൻ വളരെമുമ്പ് താക്കീതു ചെയ്തിരുന്നമാതിരി മൂന്നുവിധം ശത്രുക്കാം ഹിന്ദുധർമ്മത്തെയും ഹിന്ദുക്കളേയും സ്വന്തം അണികളിൽ കുറുക്കിയിടുന്നതിനോ നശിപ്പിക്കുന്നതിനോ പരസ്യമായും പരോക്ഷമായും ശ്രമിച്ചുകൊണ്ടിരിക്കുന്നു. സ്വമതത്തിൽ ജനസംഖ്യ പെരുക്കി രാജനൈതികനേട്ടങ്ങളുണ്ടാക്കാനുള്ള ബുഭുക്ഷയല്ലാതെ ഈ ആക്രമണങ്ങളുടെ അടിത്തട്ടിൽ വേറൊരുദ്ദേശവുമില്ല. അതിനുവേണ്ടി മതഭ്രാന്തിളക്കിവിടുന്നുവെന്നു മാത്രം. ഇണങ്ങിച്ചേർന്നില്ലെങ്കിൽ പിണക്കിച്ചേർക്കുന്ന അടവുകാം. നിർമ്മതൻമാരുടെ താന്തോന്നിത്തങ്ങളിലും ഇതേ രാജനൈതിക ഉദ്ദേശങ്ങാം തന്നെയാണുള്ളത്. മുസ്ലീം വർഗ്ഗീയശക്തിയും ക്രിസ്ത്യൻ മിഷനറിബലവും ഹിന്ദുക്കളിൽ തന്നെയുള്ള നിർമ്മത—നാസ്തിക—മാർക്സിസ—യുക്തിവാദിനിരകളും സംഘടിതരായി ശത്രുഭാവേന പ്രവർത്തിക്കുമ്പോാം ദേശീയവും ധാർമ്മികവുമായ മൂല്യങ്ങാം സംരക്ഷിക്കേണ്ട കർത്തവ്യം ഏതൊരു മനുഷ്യസ്നേഹിക്കും ഉണ്ട്. സദ്ഭാവത്തെക്കാഠം പതിൻമടങ്ങ് ദുഷ്പ്രവണതകാം അടിമുടി അതിക്രമിച്ചുകൊണ്ടിരിക്കുമ്പോാം അത്രതന്നെ സുസംഘടിതരൂപത്തിൽ പ്രവർത്തിക്കുന്ന ധാർമ്മികശക്തിക്കേ അധാർമ്മികശക്തിയുടെ ഊക്കുകുറയ്ക്കാനാവൂ. അങ്ങനെ ചെയ്തില്ലെങ്കിൽ ഇപ്പോാം തന്നെ നടമാടുന്ന വർഗ്ഗ—വർഗ്ഗീയകലഹങ്ങളും അരാ

ജകത്വവും ഹിന്ദുക്കളെ മാത്രമല്ല മനുഷ്യത്വത്തെത്തന്നെ ഗ്രസിച്ചുകളയും. അതിനാൽ തൻെറയും തൻെറ സന്തതികളുടെയും സദ്ഗതി ഇച്ഛരിക്കുന്ന വ്യക്തികളും നാട്ടിൻെറയും സമുദായത്തിൻെറയും ക്ഷേമം പ്രസംഗിക്കുന്ന നേതാക്കൻമാരും സംഘടനകളും സർവോദാരമായ സനാതനധർമ്മത്തിൻെറ പ്രചാരത്തിനും അറിവിനും പ്രാധാന്യം കൊടുത്തു പ്രവർത്തിക്കേണ്ടതാണ്. തടസ്സപ്പെട്ടിരിക്കുന്ന പരമ്പരാപ്രാപ്തധർമ്മപഠനത്തിനു പ്രാമുഖ്യം കൊടുത്തു പ്രവർത്തിക്കേണ്ടതാണ്. ഇതിനു കാലോചിതമായ ധർമ്മപാഠശാലകൾതന്നെ വേണം. ഇന്നത്തെ വിദ്യാലയങ്ങളിലും കലാശാലകളിലും അതു പ്രതീക്ഷിക്കാനാവാത്തവിധം സങ്കീർണ്ണമാകയാൽ പ്രത്യേക ഹിന്ദുധർമ്മപാഠശാലകൾ ഓരോ സ്ഥലത്തും സ്ഥാപിച്ചു നന്നായി നടത്തേണ്ടിയിരിക്കുന്നു. ഹിന്ദുക്കൾ സ്വധർമ്മത്തെപ്പററി ബോധവാൻമാരാവുമ്പോൾ, സ്വസംസ്കൃതിയെന്തെന്നറിയുമ്പോൾ ഇന്നത്തെ ജാതിഭേദവഴക്കുകൾ അസ്തമിക്കും. അന്യമതങ്ങളുടെ അതിക്രമണങ്ങൾ അവസാനിക്കും, ധർമ്മവിരുദ്ധവാദങ്ങൾ പൊളിയും, ദേശീയത പ്രകാശോജ്ജ്വലമാവുകയും മനുഷ്യസാഹോദര്യവും സമാധാനവും പുനഃസ്ഥാപിതമാവുകയും ചെയ്യും. എല്ലാവിധ വൈരുദ്ധ്യങ്ങളുടെയും വൈവിധ്യങ്ങളുടെയും സമന്വയശക്തിയായ ഹിന്ദുധർമ്മത്തിനുള്ള സനാതന സ്വഭാവമാണിത്. അന്യമതക്കാരെയോ അന്യരാജ്യങ്ങളെയോ മതംമാററി ചേർക്കുന്ന അത്യാഗ്രഹം ഹിന്ദുധർമ്മത്തിനോ ഭാരതദേശത്തിനോ ഒരിക്കലും ഇല്ല. അതും ഭാരതസംസ്കാരം എന്ന ഹിന്ദുധർമ്മത്തിൻെറ ഒരു സവിശേഷതയാണല്ലോ.

മതപാഠശാലകളെപ്പററി സ്വാമി വിവേകാനന്ദനോ മഹാത്മാഗാന്ധിയോ അധികമൊന്നും പറഞ്ഞിട്ടില്ലെങ്കിൽ, അവർ നിർദ്ദേശിക്കുകയും പുനരാവിഷ്കരിക്കുകയും ചെയ്ത വിദ്യാഭ്യാസാദർശം തികച്ചും ദേശീയസംസ്കൃതിയുടെ അടിസ്ഥാനത്തിലാണെന്ന വാസ്തവം നാം ഓർമ്മിക്കണം. ഹിന്ദുധർമ്മം സ്വാഭാവികമായും അഭ്യസിക്കുവാനും അനുസന്ധാനം ചെയ്യാനും അഭിരുചിയുളവാക്കുന്ന ദേശീയ വിദ്യാഭ്യാസാദർശമാണത്. വിധിവൈപരീത്യ

ത്താൽ സ്വാതന്ത്ര്യം കിട്ടി വർഷങ്ങൾ കഴിഞ്ഞിട്ടും ആ മഹാത്മാക്കൾ സ്വപ്നത്തിൽ കണ്ട ദേശീയ വിദ്യാഭ്യാസപദ്ധതി നടപ്പിലാക്കാൻ സാധിച്ചിട്ടില്ലെന്നു മാത്രമല്ല, വിദേശമേൽക്കോയ്മയിലെ വിദ്യാഭ്യാസക്രമത്തിലുണ്ടായിരുന്ന സാമാന്യമര്യാദകൾപോലും നിർമ്മാർജ്ജനം ചെയ്യപ്പെട്ടിരിക്കുന്നു. ഈ നില ഇനിയും തുടർന്നാൽ ലോകത്തിനു ശാന്തി–സമാധാനങ്ങളുടെ മാർഗദർശനം നൽകുന്ന ഭാരതമഹത്വം മങ്ങുമെന്നു മാത്രമല്ല സ്വന്തം നാട്ടിൽത്തന്നെ വഴിതപ്പുന്ന പരിതാപാവസ്ഥ നേരിടുകയും ചെയ്യും.

"സ്വഭാവ സംസ്ക്കാരമാണ് വിദ്യാഭ്യാസത്തിന്റെ ശരിയായ അടിക്കല്ലെന്നു" എല്ലാ മഹാത്മാക്കളും ഏകസ്വരത്തിൽ അഭിപ്രായപ്പെട്ടിട്ടുണ്ടെങ്കിലും ഇന്നതു അപൂർവ്വവസ്തുവായിത്തീർന്നിരിക്കയാണല്ലോ. മഹാത്മാഗാന്ധിയുടെ വാക്കുകളിൽ ചിലതെങ്കിലും ഇവിടെ ശ്രദ്ധിക്കുക:–

'ആത്മീയവും ധാർമ്മികവുമായ പഠനം വിദ്യാർത്ഥികൾക്കു അത്യന്താപേക്ഷിതമാണെന്നും അതു പഠിപ്പിക്കുവാൻ തദനുസരണമായ ഗുണങ്ങൾ അദ്ധ്യാപകർക്കുണ്ടായിരിക്കണമെന്നും എനിക്കു ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ആത്മിക വികാസമെന്നതു സ്വഭാവസംസ്ക്കാരമാണ്. അതു (ലൗകികക്ഷേമത്തോടൊപ്പം) ഈശ്വര സാക്ഷാൽക്കാരത്തിനും ആത്മാനുഭൂതിക്കും ഉതകുന്ന സാധനയാണ്. യുവജനങ്ങളുടെ പരിശീലനത്തിലെ ഒരു മുഖ്യഭാഗമാണ് അതെന്നും അതു കൂടാതെയുള്ള സർവ്വപരിശീലനങ്ങളും നിഷ്പ്രയോജനങ്ങളാണെന്നു മാത്രമല്ല ദോഷകരമായേക്കാവുന്നതുകൂടിയാണെന്നുമാണ് എന്റെ അഭിപ്രായം.

'ഇന്നു ഭാരതത്തിലെ വിദ്യാർത്ഥിലോകത്തിൽ കാണുന്ന കുഴപ്പത്തിനെല്ലാം കാരണം, ഇന്നത്തെ വിദ്യാർത്ഥികൾ പ്രാചീനപാരമ്പര്യത്തിൽനിന്നു ഉച്ഛിന്നൻമാരാക്കപ്പെട്ടിട്ടുള്ളതാണ്.

'വിദ്യാർത്ഥികളിൽ നാം കാണുന്ന അച്ചടക്കരാഹിത്യവും ജീവിതത്തിലെ എല്ലാ കാര്യങ്ങളിലും നാം കാണുന്ന അനാസ്ഥയും ജീവിതത്തിലെ പ്രാധാന്യമുള്ള ഏററവും വലിയ കാര്യങ്ങളെ വിദ്യാർത്ഥിലോകം അഭിമുഖീകരിക്കുന്നതിൽ കാണിക്കുന്ന നിസ്സാരത്വവും കുട്ടികൾ

യാതൊന്നിൽനിന്നു ഇന്നുവരെ പോഷണം സാധിച്ചിരുന്നുവോ ആ പാരമ്പര്യത്തെ വേരോടെ പിഴുതുകളയുകനിമിത്തം ഉണ്ടാവുന്നതാണ്.

'ധാർമ്മികവിദ്യാഭ്യാസം ഉപേക്ഷിക്കയെന്നത് കൃഷിക്കാരന് നിലം ശരിയായി ഉപയോഗിക്കാൻ അറിയാൻ പാടില്ലാത്തതുകൊണ്ട് നിലം തരിശിട്ട് കളവിളയാൻ അനുവദിക്കുന്നതുപോലെയാണ്.

'സംസ്കൃതഭാഷ കുറച്ചുകൂടി സമഗ്രമായി പഠിക്കാൻ സാധിച്ചില്ലല്ലോ എന്ന കാര്യത്തിൽ ഞാൻ അഗാധമായി ദുഃഖിക്കുന്നു. കാരണം പിന്നീടെനിക്ക് ബോദ്ധ്യംവന്നു, ഓരോ ഹിന്ദുബാലനും ബാലികയും നല്ലപോലെ സംസ്കൃതജ്ഞാനം നേടണമെന്ന്.

'എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഭഗവത്ഗീത പഠിപ്പിക്കണമെന്നുള്ളതിൽ ഞാൻ പക്ഷപാതിയാണ്. ഒരു ഹിന്ദു ആൺകുട്ടിക്കോ പെൺകുട്ടിക്കോ ഗീത അറിഞ്ഞുകൂടെന്നുള്ളത് ലജ്ജാകരമായി കരുതപ്പെടണം.

'ദക്ഷിണാഫ്രിക്കയിലായിരുന്നപ്പോരം കീർത്തനങ്ങരം മനഃപ്പാഠമാക്കി ചൊല്ലുവാൻ ഞാൻ കുട്ടികളെ നിഷ്കർഷിച്ചിരുന്നു. സദാചാരതത്വങ്ങളെക്കുറിച്ചുള്ള പുസ്തകങ്ങളിൽനിന്നു ഞാൻ അവർക്ക് ഓരോ ഭാഗങ്ങരം വായിച്ചുകൊടുക്കുകയും ചെയ്തിരുന്നു. ഈ ആത്മീയവ്യായാമം അദ്ധ്യാപകൻെറ ജീവിതത്തെയും സ്വഭാവത്തെയും ആശ്രയിച്ചാണിരിക്കുന്നത്. കുട്ടികളുടെയിടയിലായിരിക്കുമ്പോഴാകട്ടെ, അല്ലാത്തപ്പോഴാകട്ടെ, ഗുരുനാഥൻ തൻെറ പെരുമാററത്തെ കളങ്കരഹിതമാക്കുവാൻ ജാഗരൂകനായിരിക്കണം.'

രാജനൈതികവും സാംസ്കാരികവുമായ ആശയങ്ങരം അവയുടേതായ പരിമിതികളിലൂടെ പ്രകടിപ്പിച്ച മഹാത്മാഗാന്ധിക്കും ഭാരതത്തിലെ അടിസ്ഥാനവിദ്യാഭ്യാസപദ്ധതിയിൽ ധർമ്മപാഠങ്ങരം പ്രഥമവും പ്രധാനവുമായുണ്ടായിരിക്കണമെന്ന ദൃഢാഭിപ്രായമാണുള്ളത്. ഇനി ഗാന്ധിജിക്കു മുൻപുതന്നെ സർവ്വതന്ത്ര സ്വതന്ത്രനായ സ്വാമി വിവേകാനന്ദൻ ഭാരതവിദ്യാർത്ഥികരം ആദ്യം പഠിക്കേണ്ടത് ഹിന്ദുധർമ്മം—വേദാന്തം—ആണെന്നു ആവർത്തിച്ചാവർത്തിച്ച് ഉദ്ബോധിപ്പിച്ചിട്ടുണ്ട്. ഹിന്ദു ഉണർന്നാ

ലേ ഭാരതം ഉണരൂവെന്നു കണ്ടറിഞ്ഞ സ്വാമികരം അരുരം ചെയ്തു:

'ധർമ്മത്തെപ്പററിയുള്ള ബോധം കൂടാതെ കേവലം അർത്ഥപരമോ ഭോഗപരമോ ആയ വിദ്യാഭ്യാസം കൊടുക്കുന്നത് രാജ്യത്തിന് ആപൽകരമാകുന്നു.

'ആശയങ്ങളെ സാമാന്യജനങ്ങളുടെ ഭാഷയിൽ പഠിപ്പിക്കണം. അതേ സമയത്ത് അതോടൊപ്പം സംസ്കൃതാഭ്യസനവും തുടരണം. എന്തെന്നാൽ സംസ്കൃതവാക്കുകളുടെ ധ്വനിതന്നെ നമുക്കു പാരമ്പര്യമായ ഒരു ഗൗരവവും ശക്തിയും കരുത്തും തരും.

'നമ്മുടെ ശ്രദ്ധയെ അർഹിക്കുന്ന ഒന്നാമത്തെ പ്രവൃത്തി നമ്മുടെ ഉപനിഷത്തുക്കരം, പുരാണങ്ങരം എന്നിവയിൽ നിബദ്ധങ്ങളായിരിക്കുന്ന ആശ്ചര്യകരങ്ങളായ സത്യങ്ങളെ ആ ഗ്രന്ഥങ്ങളിൽനിന്നു പുറത്തുകൊണ്ടുവന്നു രാജ്യംമുഴുവൻ വാരിവിതയ്ക്കുക എന്നുള്ളതാണ്. നിങ്ങളുടെ ധർമ്മത്തിലെ മഹാസത്യങ്ങളെ ലോകത്തിലെല്ലാവർക്കും ഉപദേശിക്കുക. നമ്മുടെ ദേശീയസൗധം കെട്ടിപ്പടുത്തിരിക്കുന്ന നട്ടെല്ലും ജീവകേന്ദ്രവും അടിത്തറയും ധർമ്മം, ധർമ്മം ഒന്നുമാത്രമാണ്.

'ഈ വേദാന്തസങ്കൽപങ്ങരം പുറത്തുവരണം; അല്ലാതെ വനത്തിലും ഗുഹയിലും അമർന്നാൽ പോരാ, പുറത്തുവന്നു ബാറിലും ബഞ്ചിലും പ്രസംഗവേദിയിലും പ്രവർത്തിക്കണം. പഠിക്കുന്ന വിദ്യാർത്ഥിയോടൊപ്പം പ്രവർത്തിക്കണം. ഓരോ പുരുഷനേയും സ്ത്രീയേയും ശിശുവിനേയും—അവരുടെ തൊഴിലെന്തുമാകട്ടെ, അവർ താമസിക്കുന്നതെവിടെയുമാകട്ടെ—ഈ വേദാന്തസങ്കല്പങ്ങരം ആഹ്വാനം ചെയ്യുന്നു. അതിൽ ഭയപ്പെടാനെന്തുണ്ട്? മുക്കുവരും മററും ഉപനിഷത്തുക്കളിലെ ആദർശം പ്രായോഗികമാക്കുന്നതെങ്ങനെയെന്നോ? വഴികാട്ടിയുണ്ട്. അപരിമിതമാണത്. ധർമ്മം അപരിമിതമാണ്. ആർക്കും അതിനപ്പുറം പോകാവതല്ല. ആർജ്ജവത്തോടെ ചെയ്യുന്നതെല്ലാം നിങ്ങരംക്ക് നല്ലതാണ്. എത്ര നിസാരകാര്യവും വേണ്ടപോലെ ചെയ്താൽ അത്ഭുതഫലങ്ങരം ഉളവാകും. അതിനാൽ ഓരോരുത്തരും തനിയ്ക്കാകുന്നതു ചെയ്യട്ടെ, എത്ര ചെറുതും.

മുക്കുവൻ താൻ ചൈതന്യമാണെന്നു കരുതിയാൽ, അവൻ മെച്ചപ്പെട്ട മുക്കുവനാകും. വിദ്യാർത്ഥി ചൈതന്യമാണെന്നു കരുതിയാൽ അവൻ മെച്ചപ്പെട്ട വിദ്യാർത്ഥിയാകും. വക്കീൽ താൻ ചൈതന്യമാണെന്നു കരുതിയാൽ അയാരം മെച്ചപ്പെട്ട വക്കീലാകും. ഇതുപോലെ മററുള്ളവരും....മുക്കുവനെ വേദാന്തം പഠിപ്പിച്ചാൽ അവൻ പറയും, 'നിങ്ങളെപ്പോലെതന്നെ ഞാനും മനുഷ്യനാണ്; ഞാനൊരു മുക്കുവൻ. നിങ്ങളൊരു ദാർശനികൻ. പക്ഷെ നിങ്ങളിലുള്ള ഈശ്വരൻ എന്നിലുമുണ്ട്.' ഇതാണു നമുക്കാവശ്യം. ആർക്കും ഒരു വിശേഷാവകാശവുമില്ല; അവസരം എല്ലാവർക്കും സമം. എല്ലാവരേയും പഠിപ്പിക്കുക, ദിവ്യത ഉള്ളിലുണ്ടെന്ന്. അപ്പോരം ഓരോരുത്തനും സ്വന്തം രക്ഷ കിണഞ്ഞു നേടിക്കൊള്ളും.'

പരമ്പരാപ്രാപ്തമായ വിദ്യാഭ്യാസത്തിന്റെ സ്ഥാനത്ത് വന്ന ഇന്നത്തെ പരിഷ്കൃത വിദ്യാഭ്യാസത്തിൽ സ്വാമിജിയുടെയും ഗാന്ധിജിയുടെയും ആദർശങ്ങരം മരുന്നിനുപോലും പ്രാപ്തമല്ല. വിപരീതാദർശങ്ങരം വേണ്ടതിലധികമുണ്ടുതാനും. ക്രൈസ്തവ—മുസ്ലിം വിദ്യാലയങ്ങളിൽ അതാതുമത—വർഗീയാന്തരീക്ഷങ്ങരം പൂർവ്വാധികം പൂത്തു തഴക്കുന്നു. ഹിന്ദു ഉടമയിലുള്ള മിക്ക വിദ്യാലയങ്ങളും മുൻപറഞ്ഞ നിർമ്മത—നാസ്തിക—മാർക്സിസ—യുക്തിവാദി കൂടുകളായിത്തീർന്നിരിക്കുന്നു. സർക്കാർ വിദ്യാലയങ്ങളാകട്ടെ 'മതേതര' മൂടുപടമിട്ട ഘോഷാസമ്പ്രദായത്തിലും പുരോഗമിക്കുന്നു. അങ്ങനെ വിദ്യാഭ്യാസപരിഷ്കരണങ്ങളിലൂടെ, കുളിപ്പിച്ച് കുഞ്ഞിനെയില്ലാതാക്കിയതുപോലെ, ഉള്ള ദേശീയ—ധർമ്മഭാവങ്ങളും നിഷ്പ്രഭമാക്കിത്തീർത്തിരിക്കുന്നു. ഇതിനിടയ്ക്കു വിദേശ രാജനൈതികസെല്ലുകരം വിദ്യാലയങ്ങരംതോറും കടന്നൽകൂടുകളുണ്ടാക്കി വിദ്യാർത്ഥികളെ വേട്ടയാടിക്കൊണ്ടിരിക്കുന്നു. മുസ്ലിങ്ങരം കുടിപാർക്കുന്ന മൊഹല്ലകളിലെല്ലാം അവരുടെ അറബി മദർസകളുണ്ട്. അതിൽ അഞ്ചുവയസുള്ള എല്ലാ ബാലികാബാലൻമാരും വിദേശഭാഷയിൽ ഓതാൻ നിർബന്ധപഠനം നടത്തുന്നതോടൊപ്പം മുസ്ലിം മതവർഗ്ഗീയത പോഷിപ്പിക്കുകയും ചെയ്യുന്നു. ക്രിസ്ത്യാനി

കൾ അവരുടെ ചർച്ചുകളിലും വിദ്യാലയങ്ങളിലും മററും നടത്തപ്പെടുന്ന രവിവാരപാഠശാലകളിലൂടെ ക്രസ്തുമതം പഠിപ്പിക്കുന്നു. ഇവയെല്ലാം സർവ്വവ്യാപക സുസംഘടിത വ്യവസ്ഥകളോടുകൂടി, പൊതുവിദ്യാലയങ്ങളെക്കാൾ കൃത്യനിഷ്ഠയോടുകൂടി നടത്തപ്പെടുന്നതു കണ്ടിട്ടുകൂടി ഹിന്ദുക്കളുടെ അപകർഷചിത്തം തെളിയുന്നില്ല. അക്കാരണത്താൽതന്നെ കോൺവെൻറുകളിലും ക്രിസ്ത്യൻ സണ്ടേ സ്ക്കൂളുകളിലും ക്രൈസ്തവകുട്ടികളോടൊപ്പം ഹിന്ദു കുട്ടികളും പോയി ബൈബിൾ പഠിക്കുന്നതും കാണാം.

## എങ്ങനെ?

അങ്ങനെ ദേശീയവും ധാർമ്മികവുമായി ശൂന്യാന്തരീക്ഷത്തിൽ കഴിയുന്ന ഹിന്ദുബാലികാബാലൻമാർക്കു പ്രത്യേക ധർമ്മപാഠശാലകൾ അത്യന്താപേക്ഷിതമായിരിക്കുന്ന കാലഘട്ടമാണിത്. 'ഹിന്ദുധർമ്മപാഠശാല'യെന്നു പറഞ്ഞതു മനപ്പൂർവ്വമാണ്. ഇതര മതങ്ങളെപ്പോലെ ഇടുങ്ങിയ അർത്ഥത്തിലല്ല ധർമ്മപ്രയോഗം. വേണമെങ്കിൽ ഇതര മതസ്ഥരായ കുട്ടികൾക്കുകൂടി ഹിന്ദുധർമ്മം പഠിച്ച് കൂടുതൽ നല്ല മതഭക്തൻമാരും ദേശസ്നേഹികളുമാവാനുള്ള സന്ദർഭവും സൗകര്യവും ഹിന്ദുധർമ്മപാഠശാലകളിലൂടെ ഉണ്ടാവണം.

ഹിന്ദുഉടമസ്ഥതയിലുള്ള വിദ്യാലയങ്ങളിലും കലാശാലകളിലുമെല്ലാം ഹിന്ദുധർമ്മപാഠശാലകൾ നല്ല രീതിയിൽ നടത്തപ്പെടണം. എല്ലാ ക്ഷേത്രങ്ങളിലും മഠങ്ങളിലും ആശ്രമങ്ങളിലും ഹിന്ദുധർമ്മപാഠശാലകൾ ഉണ്ടായിരിക്കണം. വിഭാഗീയമായ ദുരഭിമാനമുപേക്ഷിച്ച് എല്ലാ ഹിന്ദു സ്ഥാപനങ്ങളും ഏകോപിച്ച് ഇതിനൊരു ദൂരവ്യാപകമായ വിപുലപദ്ധതി തയ്യാറാക്കി പ്രവർത്തിക്കേണ്ടിയിരിക്കുന്നു. അതല്ലാതെ അവിടവിടെ അർദ്ധശ്വാസം വലിക്കുന്ന ചില മതപാഠശാലകൾ കൊണ്ടുമാത്രം പരിഹാരമാവില്ല. പരമ്പരാഗതമായ ദേശീയ വിദ്യാഭ്യാസം നിലച്ചിരിക്കുന്ന സ്ഥിതിക്കു ഹിന്ദുധർമ്മ പാഠശാലകളുടെ അത്യാവശ്യകത വ്യക്തമായി കാണാം. അഥവാ ഇനിയും യഥാർത്ഥ ബോധമുണ്ടാകാത്തവർക്ക് അതുളവാക്കാനുള്ള

ശ്രമം പ്രഥമവും പ്രധാനവുമായുമുണ്ടാവണം. എന്തെന്നാൽ ബോധപൂർവ്വമല്ലാത്ത ഏതൊരു പ്രവൃത്തിയും വിജയിക്കുകയില്ല. 50 വർഷങ്ങരംക്കു പിൻപുതന്നെ മുസ്ലീം—ക്രിസ്ത്യൻ മതപാഠശാലകളെ അനുകരിച്ച് ഹിന്ദുമതപാഠശാലകരം പല സ്ഥലങ്ങളിലും ആരംഭിച്ചിട്ടുണ്ട്. കുറേ വർഷത്തിനുമുൻപ് തിരുവിതാംകൂർ ദേവസ്വം ബോർഡിലെ പ്രത്യേക മേൽനോട്ടത്തിലും പണച്ചെലവിലും ഓരോക്ഷേത്രവും കേന്ദ്രമാക്കി ഹിന്ദുമതപാഠശാലകരം വിപുലമായി ആരംഭിക്കുകയും കുറേ ദൂരം ഒരു വിധം നന്നായി നടത്തുകയും ചെയ്തിട്ടുണ്ട്. പക്ഷെ ഹിന്ദുത്വാഭിമാനത്തിൻെറയും, അനുഭവജ്ഞാനത്തിൻെറയും ഭാവനാശക്തിയുടെയും അഭാവത്തിൽ അവ പലതും അലസിപ്പോയി. പേരുള്ള കുറേപ്പേരെക്കൊണ്ടു ഒരു ബോർഡുണ്ടാക്കിയതുകൊണ്ടോ, പെൻഷൻ പററിയ കുറെ അദ്ധ്യപകരെ ചുരുങ്ങിയ പ്രതിഫലത്തിൽ ലഭിച്ചതുകൊണ്ടോ, പഠിക്കുവാൻ പത്തുകുട്ടികളെ കിട്ടിയതുകൊണ്ടോ ദേവസ്വത്തിൽനിന്നു ഒരു ഗ്രാൻറ് ലഭിച്ചതുകൊണ്ടോ നല്ല മതപാഠശാലയെന്നു അഭിമാനിക്കാനാവില്ല.

അപൂർവം ചില വ്യക്തികളുടെ ധർമ്മാഭിമാനവും ഉൽസാഹവും തദനുസൃതമായ അശ്രാന്തപരിശ്രമവും കൊണ്ട് ചില ഹിന്ദുമത പാഠശാലകരം നന്നായി നടത്തുന്നുവെന്നതു വിസ്മരിക്കുന്നില്ല. കൂടാതെ ഇഴഞ്ഞിഴഞ്ഞ് നടത്തപ്പെടുന്ന പല ഹിന്ദുമതപാഠശാലകളുമുണ്ട്. 'ഒന്നും ഇല്ലാത്തതിനേക്കാരം ഭേദമല്ലേ' എന്നു സമാധാനപ്പെട്ടുകൊണ്ടിരിക്കാനുള്ള കാലവും കടന്നുപോയിരിക്കുന്നു. കഴിഞ്ഞ 50 വർഷക്കാലമായി ഈ 'ഒന്നുമില്ലാത്തതിനേക്കാരം ഭേദം' കണ്ടും കേട്ടും സഹികെട്ടിരിക്കുന്നു. ഒരു സമുദായമെന്ന നിലയിൽ ഹിന്ദുക്കരം പ്രവർത്തിക്കുന്നതിൻെറ ലക്ഷണമല്ല ഇത്. കാലത്തിൻെറ ആവശ്യമനുസരിച്ചു വളരാനും വികസിക്കുവാനും ഹിന്ദുസമുദായം സന്നദ്ധരാണെങ്കിൽ അതിൻെറ പ്രവർത്തനസാമർത്ഥ്യവും ഐക്യവും പ്രബലപ്പെടണം. സമുദായത്തിൻെറ ബോധപൂർവമായ സുസംഘടിത മുന്നേററത്തിൽ ഹിന്ദുധർമ്മപാഠശാലകരം ഇല്ലാത്ത ഒരു സ്ഥലവും ഉണ്ടായിരിക്കാൻ പാടില്ല.

ഹിന്ദുവിദ്യാലയങ്ങളിലും ക്ഷേത്രങ്ങളിലും മാത്രമല്ല, ഗ്രാമത്തിലെ കരകറംതോറും നഗരത്തിലെ തെരുവുകറം തോറും ഹിന്ദുധർമ്മപാഠശാലകറം ഉണ്ടായിരിക്കണം. മറേറതു പ്രസ്ഥാനത്തിലുമെന്നതിനേക്കാറം കുട്ടികറംക്ക് ഉത്തേജനവും ഉൽസാഹവും ഉളവാക്കാൻ തക്കവിധം സംവിധാനം ചെയ്ത ഹിന്ദുധർമ്മപാഠശാലകറം ഉണ്ടാവണം. അതിനെന്താണ് ചെയ്യേണ്ടത്?

ആദ്യമായി നിലവിലുള്ള ഹിന്ദുമത പാഠശാലകളുടെയും ഹിന്ദുസംഘടനകളുടെയും ദേവസ്വങ്ങളുടെയും പ്രതിനിധിസമ്മേളനം നടത്തി ഹിന്ദുധർമ്മപാഠശാലകളുടെ ആവശ്യകതയെപ്പററി ഐകരൂപ്യമുള്ള ഒരു പൊതുധാരണ അംഗീകരിക്കണം. അതിൻെറ അടിസ്ഥാനത്തിൽ രാജ്യവ്യാപക പ്രാതിനിദ്ധ്യമുള്ള ഭരണസമിതിയും തദനുസൃതമായ കർമ്മപദ്ധതിയും രൂപീകരിക്കണം. പാകതയും ഭക്തിവിശ്വാസങ്ങളുമുള്ള കുറെ ചെറുപ്പക്കാരെയും അദ്ധ്യാപകരെയും തെരഞ്ഞെടുത്തു ഹിന്ദുധർമ്മപാഠശാലാദ്ധ്യാപക പരിശീലനം നൽകണം. ഇതിനിടക്ക് പേരും പെരുമയുമുള്ള വ്യക്തികളുറംപ്പെടെ ഹിന്ദുധർമ്മാഭിമാനമുള്ളവർ ഒന്നുചേർന്ന് ധർമ്മപാഠശാലകറം നടത്തുന്നതിന് വീടുവീടാന്തോറും ഒരു പ്രചരണപര്യടനം നടത്തണം. അങ്ങനെ ഓരോ സ്ഥത്തും സ്ഥാപിക്കപ്പെടുന്ന ഹിന്ദുധർമ്മപാഠശാലകളിൽ പഠിപ്പിക്കുന്നതിനു ഹിന്ദുത്വാഭിമാനപൂർവ്വം മുന്നോട്ടു വരുന്ന അദ്ധ്യാപകർക്ക് പ്രോത്സാഹജനകമായ പ്രതിമാസവേതനംനൽകണം. ഒരു അദ്ധ്യാപകൻെറ ക്ലാസിൽ 50 വിദ്യാർത്ഥികളെങ്കിലും ഉണ്ടായിരിക്കണം. സ്കൂറം—കോളേജ് വിദ്യാർത്ഥികറംക്കു പ്രായഭേദമനുസരിച്ച് വകുപ്പുവിഭജനം നടത്തി പ്രത്യേക പാഠ്യക്രമങ്ങളനുസരിച്ച് ക്ലാസുകറം നടത്താം. ഭരണസമിതിഅംഗങ്ങളും അദ്ധ്യാപകൻമാരും മാസത്തിലൊരിക്കലെങ്കിലും വിദ്യാർത്ഥികളുടെ രക്ഷകർത്താക്കളുമായി സമ്പർക്കപ്പെട്ടുകൊണ്ടിരിക്കണം. ഹിന്ദുധർമ്മപാഠശാലയുടെ പ്രാധാന്യമറിയാത്ത രക്ഷാകർത്താക്കറം ഇന്നത്തെ സങ്കീർണ്ണമായ കുടുംബാന്തരീക്ഷത്തിൽവച്ച് കുട്ടികളെ എന്താണു പഠിപ്പിക്കുക! ഹിന്ദുധർമ്മപാഠശാലയിൽ പോകുന്നതുകൊണ്ടു വിദ്യാർത്ഥികളുടെ സ്കൂറം—കോ

ളേജ്‌വിദ്യാഭ്യാസത്തെ ശോഷിപ്പിക്കുകയില്ലെന്നും നേരെമ റിച്ച് പോഷിപ്പിക്കുകയാണ് ചെയ്യുന്നതെന്നുമുള്ള യാഥാർത്ഥ്യം ബന്ധപ്പെട്ടവരെ ബോദ്ധ്യപ്പെടുത്തിക്കൊണ്ടിരിക്കണം.

സമയത്തിൻെറ വിലയറിഞ്ഞ് ചിട്ടപ്പെടുത്തിയ പാഠ്യക്രമമനുസരിച്ച്, ഉറങ്ങുന്ന കുട്ടികളെയും ഉണർത്തി ഉത്സാഹവും ഉത്തേജനവുമേകാൻ തക്കവിധം പഠിപ്പിക്കുവാനുള്ള മഹാപ്രസാദവും സ്ഥിരോൽസാഹവും അദ്ധ്യാപകൻമാർക്കുണ്ടായിരിക്കണം. പാഠ്യക്രമമനുസരിച്ച് ലഘുവായ സന്ധ്യാവന്ദനം, നിത്യകർമ്മാനുഷ്ഠാനം, സൂര്യനമസ്കാരം, യോഗാസനം, സംസ്കൃതം, സ്തോത്രകീർത്തനങ്ങൾ, വേദമന്ത്രോച്ചാരണം എന്നിവ കുറേശ്ശെ പരിശീലിപ്പിക്കാം. താത്വികമായി ആദ്യം ഹിന്ദുധർമ്മത്തെപ്പററി സമഗ്രമായി പരിചയപ്പെടുത്തണം. എന്നിട്ട് വേദോപനിഷത്തുകളിലും പുരാണേതിഹാസങ്ങളിലുമുള്ള കഥകൾ ഗുണപാഠങ്ങളോടുകൂടി പറഞ്ഞുകൊടുക്കണം. മഹർഷിമാരുടെയും മഹാത്മാക്കളുടെയും ജീവചരിത്രങ്ങൾ, അവതാരലീലകൾ എന്നിവ അതിലുൾപ്പെടും. ശ്രീരാമകൃഷ്ണദേവൻ, സ്വാമി വിവേകാനന്ദൻ, ദയാനന്ദ സരസ്വതി, രാമതീർത്ഥർ, അരവിന്ദൻ, ഗാന്ധിജി തുടങ്ങിയ ആധുനികമഹാത്മാക്കളുടെ ഉപദേശങ്ങൾ, ജ്ഞാനപ്പാന, ഭജഗോവിന്ദം, ഹരിനാമകീർത്തനം മുതലായ ലളിത ഗ്രന്ഥങ്ങൾ, സർവ്വമാന്യമായ ഭഗവദ്ഗീത, രാമായണ—മഹാഭാരതകഥകൾ എന്നിവയെപ്പററി സമഗ്രമായ അറിവുണ്ടായതിനുശേഷം വിസ്താരമായ ധർമ്മശാസ്ത്രവും തത്വശാസ്ത്രവും അഭ്യസിപ്പിക്കാം. ആത്മീയ വ്യായാമത്തോടൊപ്പം കായികാദ്ധ്വാനത്തിൻെറ പ്രാധാന്യവും ഉൽബോധിപ്പിക്കണം.

വിദ്യാർത്ഥികളുടെ ധാരണാശക്തിയും മനപ്പാകതയുമനുസരിച്ച് മനസ്, ബുദ്ധി, ശരീരനിലവാരങ്ങളിൽ സംസ്കൃതരാവാൻതക്കവിധം പഠിപ്പിക്കണം. ബലൂൺ പോലെ ഊതിവീർപ്പിച്ച ദുരഭിമാനത്തിൻെറയും ഛിദ്രവാസനകളുടെയും സ്ഥാനത്തു ആത്മവിശ്വാസവും സദ്വാസനകളും വികസിക്കണം. മാതാപിതാ ഗുരുജനങ്ങളോ

ടുള്ള കടപ്പാടുകളെപ്പററി ബോധ്യപ്പെടുത്തുന്നതോടൊപ്പം സമുദായബോധവും, ധർമ്മാഭിമാനവും ദേശാഭിമാനവും പോഷിപ്പിക്കണം. വാർഷികപരീക്ഷകാംക്കു പുറമേ, ഗുരുപൂർണ്ണിമ, രാമനവമി, നവരാത്രി, കൃഷ്ണജയന്തി, ഗീതാജയന്തി മുതലായ പുണ്യദിനങ്ങളിൽ മത്സരപരീക്ഷകാം നടത്തി വിജയികാംക്കു പാരിതോഷികങ്ങാം നല്കാം. ദീപാവലി, ഓണം മുതലായ ഒഴിവുദിവസങ്ങളിൽ ഹിന്ദുധർമ്മ പാഠശാലകളുടെ സംയുക്ത 'സെമിനാർ' സംഘടിപ്പിക്കാം. അടുത്തുള്ള പ്രധാന തീർത്ഥാടന സ്ഥലത്തേക്കോ ധർമ്മസ്ഥാപനങ്ങളിലേക്കോ പഠനയാത്രകാം സംഘടിപ്പിക്കാം. ഓരോ മൂന്നുമാസം കൂടുമ്പോഴും ജില്ലാടിസ്ഥാനത്തിലും, ആറുമാസം അല്ലെങ്കിൽ ഒരു വർഷം കൂടുമ്പോാം പ്രാദേശികാടിസ്ഥാനത്തിലും പാഠശാലാദ്ധ്യാപകരുടെയും ഭരണസമിതി അംഗങ്ങളുടെയും രക്ഷകർത്താക്കളുടെയും സംയുക്തസമ്മേളനങ്ങാം കൂടി പാഠശാലാപ്രവർത്തനങ്ങളെ ഉത്തേജിപ്പിച്ചുകൊണ്ടിരിക്കണം.

വ്യക്തി, കുടുംബം, സമുദായം, രാഷ്ട്രം എന്നീ നിലകളിലെല്ലാം ജീവിതഭദ്രതയും ക്ഷേമവും നിലനിർത്താനും സംരക്ഷിക്കുവാനും ഹിന്ദുധർമ്മപാഠശാലകാം അത്യാവശ്യമാണ്. മാറിയ പരിത:സ്ഥിതികാംക്കനുസരിച്ച്, ഹിന്ദുധർമ്മത്തിലെ ഉപധർമ്മമായ കാലധർമ്മമനുസരിച്ച് ഹിന്ദുസമുദായത്തിൻെറ മുഖ്യകർത്തവ്യമാണത്. ധർമ്മശാസ്ത്രം വിധിക്കുന്ന നിമിത്ത കർമ്മങ്ങളിൽ പ്രധാനപ്പെട്ട സാമൂഹിക കർമ്മപദ്ധതിയാണത്. വേറെന്തുതന്നെ വയററുപിഴപ്പിനു അഭ്യസിച്ചാലും ഈ ധാർമ്മികവിദ്യാഭ്യാസം സിദ്ധിച്ചില്ലെങ്കിലെന്തുപ്രയോജനമെന്നാണ്മാനവധർമ്മം ചോദിക്കുന്നത്. "ശൈശവേ/ഭ്യസ്ഥ വിദ്യാനാം" -ശൈശവത്തിൽ വിദ്യാഭ്യാസം ചെയ്യണമെന്നും, "കൗമാര ആചരേൽ പ്രാജ്ഞോ ധർമ്മാൻ ഭാഗവതാനിഹ" ബാല്യത്തിൽത്തന്നെ ബുദ്ധിയുള്ളവർ ഭാഗവത ധർമ്മങ്ങാം അഭ്യസിക്കണമെന്നും നമ്മുടെ പൂർവ്വികൻമാർ അനുശാസിച്ചിരിക്കുന്നതു ഈ ധാർമ്മിക വിദ്യാഭ്യാസത്തെപ്പററിയാണ്. "ഈ വിദ്യാഭ്യാസം മക്കളെ വേണ്ടുംവിധം ചെയ്യിക്കാത്ത

മാതാപിതാക്കരം സ്വസന്താനങ്ങളുടെ പരമശത്രുക്കളായി ത്തീരും. അവരുടെ മൂഢൻമാരായ മക്കരം വിദ്വത്സഭക ളിൽ അരയന്നങ്ങളുടെയിടയിൽ . നിൽക്കുന്ന കൊററിയെ പ്പോലെ ശോഭയില്ലാത്തവരും തിരസ്ക്കരിക്കപ്പെട്ടവരും ആയിത്തീരുന്നു''

മാതാശത്രു: പിതാ വൈരീ
യേന ബാലോ ന പാഠിത:
ന ശോഭതേ സഭാമദ്ധ്യേ
ഹംസമദ്ധ്യേ ബകോയഥാ - എന്നാണ് 'ചാണക്യ നീതി' വിധിക്കുന്നത്. 'അദ്ധ്യാത്മ. വിദ്യാ വിദ്യാനാം' എന്നു ഗീതയിലും, 'വിദ്യയാ/മൃതമശ്നുതേ' എന്നു വേദത്തിലും പറയുന്ന ഉത്തമ വിദ്യാഭ്യാസം ഈ ഹിന്ദു ധർമ്മപാഠശാലകളിൽ കൂടിവേണം സമ്പാദിക്കുവാൻ.

ഇതൊരു പ്രധാന ജീവൽപ്രശ്നമായി കരുതിയാൽ ആർക്കും ഒരു പ്രയാസവുമുണ്ടാവില്ല. വിഭാഗീയവും ദു രഭിമാനപരവുമായ പ്രവണതകളെക്കാരം, ഇതൊരു ജീവി ത ധർമ്മമാണെന്നു കരുതുമെങ്കിൽ ഏകോപിച്ചു പ്രവർ ത്തിക്കാനുള്ള സന്മനസും ഉണ്ടാവണമല്ലോ. സന്മന സും സല്ക്കാര്യസന്നദ്ധതയുമുണ്ടെങ്കിൽ, ഇതിൻെറ ആ വശ്യത്തിനുള്ള ധനഃസ്ഥിയും താനേ മെച്ചപ്പെട്ടുകൊള്ളും. ആത്മർത്ഥതയുണ്ടെങ്കിൽ പണം പ്രശ്നമേഅല്ല, അതു പിന്നാലെ വന്നുകൊള്ളും. ധർമ്മവും സദാചാരവും വിക സ്വരമായാൽ ത്യാഗ—സേവനഭാവങ്ങരം പരിപുഷ്ടമാ വും. അപ്പോരം ധനം സദുപയോഗപ്പെടുന്ന വിധത്തിൽ ചെലവഴിക്കാനുള്ള പ്രേരണയും പ്രചോദനവുമുണ്ടാവും. ധർമ്മ—സദാചാരവഴിയ്ക്കു ധനവിനിയോഗമുണ്ടായാൽ ജീവിതസുഖവും മനഃശാന്തിയും അനുഭവപ്പെടും. ഇങ്ങനെ നാനാപ്രകാരേണ ചിട്ടപ്പെടുത്തി സുസംഘടിതവും സു സ്ഥിരവുമായി അഭിവൃദ്ധിപ്പെടക്കത്തവിധം ഹിന്ദുധർ മ്മപാഠശാലകരം സാർവത്രികമായി നടത്താൻ സാധിച്ചാൽ ഹിന്ദുസമുദായത്തിൻെറ ഭാവിയെപ്പററി ഭയാശങ്കകരം വേ ണ്ട. ജീവിതപ്രധാനമായ ഈ ധർമ്മ കൈങ്കര്യത്തിൽ ഓരോ ഹിന്ദുവിൻെറയും സത്വരശ്രദ്ധ പതിഞ്ഞ്പ്രാവർത്തിക മായാൽ മററു പ്രശ്നങ്ങളെല്ലാം താനെ പരിഹൃതമായി ക്കൊള്ളും.

# "ധർമ്മസാരമിദം ജഗത്"

1969ലെ 'നവരാത്രി സോവനീറിൽ' ചേർത്തിരുന്ന 'ഈശ്വരൻ അകത്തോ പുറത്തോ?' എന്ന ലേഖനം, അതു ദ്യോതിപ്പിക്കുന്നമാതിരി ഗഹനമായ ധർമ്മതത്വപ്രതിപാദനമോ പാണ്ഡിത്യപ്രൗഢമായ വേദാന്തചർച്ചയോ അല്ല. ബഹുമാന്യനായ ലേഖനകർത്താവും അങ്ങനെ ഉദ്ദേശിച്ചിരിക്കയില്ല. 'ഈശ്വരൻ' എന്നതിനെക്കാൾ തല്ക്കാല ഹിന്ദുക്കളിൽ ഭൂരിപക്ഷത്തിൻെറ മതപരമായ ജീവിതനിലവാരം പ്രതിഫലിപ്പിക്കുന്നതോടൊപ്പം അടിസ്ഥാനപരമായ ധർമ്മധാരണയുടെ അഭാവത്തേയും അതു വെളിപ്പെടുത്തുന്നു. അക്കാരണത്താൽതന്നെ പ്രാധാന്യമർഹിക്കുന്ന ഒരു പ്രശ്നമാണ് പ്രസ്തുത ലേഖനദ്വാരാ കൈകാര്യം ചെയ്തിരിക്കുന്നത്. മത—ധർമ്മതല്പരരായ ഹിന്ദുക്കളിൽ തന്നെ ധർമ്മതത്വങ്ങൾ വായിച്ച് അറിയുന്നവർ വളരെ അപൂർവ്വമാണെങ്കിലും വ്യാവഹാരികജീവിതത്തിലെ പൊരുത്തക്കേടുകളിൽ ഉൽസുകരുമാണ്. ഈ സ്ഥിതിവിശേഷത്തിൻെറ കാരണമെന്താണ്? ഇതു ആരോഗ്യകരമാണോ, ഇല്ലെങ്കിൽ പോംവഴിയെന്തു ഇത്യാദി വിചാരവിനിമയത്തിനും കർത്തവ്യപ്രേരണയ്ക്കും അല്പമെങ്കിലും സഹായകമാവണമെന്നു മാത്രമേ ഈ ലേഖനംകൊണ്ടും ഉദ്ദേശിക്കുന്നുള്ളു.

ഒരിടത്തരം കുടുംബത്തിലെ അഭ്യസ്തവിദ്യരും ഉദ്യോഗസ്ഥൻമാരും വിവിധ രാജനൈതിക കക്ഷികളിലെ നേതാക്കൻമാരും ഒരു സന്യാസിയും ഉൾപ്പെട്ട മൂന്നാം തല

മുറയുടെ ഭാഗ്യവാനായ പിതാമഹൻ വേണ്ട ഒരുക്കങ്ങളോടുകൂടി തീർത്ഥാടനത്തിനു തിരിക്കുന്നതും ക്ഷേത്രങ്ങളിലും തീർത്ഥസ്ഥലങ്ങളിലും കാണുന്ന വിപരീതാനുഭവങ്ങൾ അദ്ദേഹത്തെ നിരാശനാക്കുന്നതും 'മേലാൽ ദൈവത്തെ അകത്തുവെച്ചു പൂജിച്ചാൽമതി'യെന്നു തീരുമാനിക്കുന്നതുമാണ് ഈശ്വരൻ അകത്തോ പുറത്തോ എന്ന ലേഖനത്തിലെ ഉള്ളടക്കം. ഭാഗവത പാരായണക്കാരായാലും ശരി, ക്ഷേത്രപ്രവർത്തകൻമാരായാലും ശരി, ഒരു കാര്യത്തിൽ എല്ലാവരുടേയും ചിന്ത ഏകാഗ്രമാണ്. അവരുടെ സമ്പാദ്യം വർദ്ധിപ്പിക്കുന്ന സംഗതിയിൽ, അതിലൊന്നിൽമാത്രം. ചില ദിക്കിൽ ദേവന്റെ ബിംബം ആവരണം നീക്കി ദർശിക്കേണമെങ്കിൽ വലിയ ഫീസ് ചുമത്തുന്നു. മററൊരിടത്ത് 'മേൽശാന്തിയിൽനിന്ന് നേരിട്ട് പ്രസാദംവാങ്ങുവാൻ പ്രത്യേകം പണം, ഇങ്ങനെ നീണ്ടുപോകും ആ പട്ടിക. ഈ നിലയിൽ ഭക്തിയും വിശ്വാസവുമുള്ള ഏതു സത്യാന്വേഷിക്കാണ് മനസിന് മടുപ്പും വൈയർത്ഥിക ബോധവും വന്നുചേരാതിരിക്കുക എന്നൊരു ചോദ്യവും ഭാഗ്യവാനായ ആ വയോവൃദ്ധ തീർത്ഥാടകൻ ഉന്നയിക്കുന്നുണ്ട്. ഇതിൽ ഭക്തിയും വിശ്വാസവുമുള്ള സത്യാന്വേഷിയെപ്പററി വിശദമായറിയേണ്ടിയിരിക്കുന്നു.

എങ്കിലും ഈശ്വരൻ അകത്തും പുറത്തും എല്ലായിടത്തും നിറഞ്ഞും വ്യാപിച്ചുമിരിക്കുന്നുവെന്ന ഹിന്ദുധർമ്മതത്വം ഗ്രഹിച്ചവർക്കു അകത്തോ പുറത്തോ എന്ന സന്ദേഹത്തിനിടയില്ല. പിന്നെ ക്ഷേത്രാരാധന, തീർത്ഥാടനം മുതലായവ സോദ്ദേശമായിട്ടുള്ളതാണെന്നും അവ യാതൊരു പിറുപിറുപ്പുംകൂടാതെ ആത്മവിശ്വാസപൂർവ്വം നടത്തിയാൽ ജീവിതസാഫല്യത്തിനു സഹായകരമായിരിക്കുമെന്നും സാമാന്യധർമ്മം പഠിപ്പിക്കുന്നു. ഹിന്ദുക്ഷേത്രങ്ങളിലും സ്ഥാപനങ്ങളിലും കാണപ്പെടുന്ന അനാരോഗ്യകരമായ പ്രവണതകൾക്കും പെരുമാററങ്ങൾക്കും കാരണം സാമാന്യ ധർമ്മബോധത്തിന്റെ അഭാവമാണ്. വിശേഷകർമ്മങ്ങൾ ചെയ്യുന്നവർക്കും ചെയ്യിക്കുന്നവർക്കുംകൂടി സാമാന്യധർമ്മബോധമില്ല. ഒരു സമുദായമെന്നനിലയിൽ ഹിന്ദുക്കൾക്കുണ്ടായിട്ടുള്ള അവനതികൾ

ക്കും അധഃപതനങ്ങൾക്കും കാരണവുമിതുതന്നെ. ഉന്നത തത്വജ്ഞാന പ്രസംഗികൾപോലും സാമാന്യധർമ്മത്തെ അവഗണിച്ചതിന്റെ ദുഷ്പരിണാമം നാം കാണുന്നുണ്ട്. അവസാനം അവരുടെ പ്രസംഗം കേൾക്കാനാളില്ലാതായിരിക്കുന്നു. 'വേദാന്തം' എന്ന പരമജ്ഞാനം ബഹുഭൂരിപക്ഷം ഹിന്ദുക്കൾപോലും പരിഹാസപദമായി പരിഗണിക്കുന്നു. പിന്നെ ഇതര മതപ്രചാരകർ അവഹേളിക്കുന്നതിൽ ആശ്ചര്യപ്പെടാനുണ്ടോ?

സത്യവിദ്യയാണ് വേദം. വേദശാസ്ത്ര വിഹിതകർമ്മങ്ങളാലും വേദനിഷിദ്ധകർമ്മങ്ങളാലും ഉല്പന്നമായ രണ്ടുതരം വൃത്തികൾ അന്തഃകരണത്തിലുണ്ട്. ഇവയിലാദ്യത്തേതിന് ധർമ്മമെന്നും രണ്ടാമത്തേതിന് അധർമ്മമെന്നും പറയുന്നു. മനോവാക്കായങ്ങളെല്ലാം ഈ പ്രവൃത്തികളിൽ ഭാഗഭാക്കാവുന്നുണ്ടല്ലൊ. ഇതിൽ മനസിന്റെ സംയമപ്രധാനമായ വൃത്തി ധാർമ്മികവും, മനസിന്റെ വികാരപ്രധാനമായ പ്രവൃത്തി അധാർമ്മികവുമാകുന്നു. മനുഷ്യപ്പിറവി സാർത്ഥകമാവണമെങ്കിൽ ബാല്യത്തിൽത്തന്നെ ധാരണംചെയ്യേണ്ടതാണ് ധർമ്മം. ഈ ധർമ്മംതന്നെ പ്രവൃത്തിധർമ്മമെന്നും നിവൃത്തിധർമ്മമെന്നും രണ്ടുവിധത്തിലുണ്ട്—'പ്രവൃത്തം ച നിവൃത്തം ച ദ്വിവിധം ധർമ്മവൈദികം' ഇതിൽ അനാസക്തമായി ബ്രഹ്മജ്ഞാനത്തിനായിമാത്രം അനുഷ്ഠിക്കപ്പെടുന്നത് നിവൃത്തിധർമ്മം, ലൗകികവും പാരലൗകികവുമായ സുഖേച്ഛയോടുകൂടി ചെയ്യുന്നതു പ്രവൃത്തിധർമ്മം. പ്രവൃത്തിധർമ്മം സാമാന്യധർമ്മമെന്നും വിശേഷധർമ്മമെന്നും രണ്ടു പ്രകാരത്തിലുണ്ട്. മനുഷ്യത്വത്തിന്റെ പ്രഥമവും പ്രധാനവുമായ മന്ത്രദീക്ഷയാണ് സാമാന്യ ധർമ്മദ്വാരാ മനുഷ്യൻ സ്വീകരിക്കുന്നത്. അതായത് ദേശ—കാല—മത—വർഗ്ഗഭേദമെന്യേ മാനവസമുദായത്തിന്നാകമാനം ഒരുപോലെ സ്വീകാര്യമായിട്ടുള്ളതാണ് സാമാന്യധർമ്മം. മററു വിശേഷധർമ്മങ്ങൾക്കെല്ലാം ആധാരഭൂമിയാണ് സാമാന്യധർമ്മം. അഥവാ സാമാന്യധർമ്മത്തിന്റെ വിഭൂതികളാണ്, വിശേഷഭാവങ്ങളാണ് വിശേഷധർമ്മങ്ങൾ,

ഹിന്ദുധർമ്മശാസ്ത്രങ്ങളിലെല്ലാം പ്രകീർത്തിച്ചിരി

ക്കുന്ന ഈ സാമാന്യധർമ്മത്തെ അവഗണിച്ചുകൊണ്ട് വിശേഷധർമ്മത്തിൻേറതായ എത്ര പ്രൗഢപ്രസംഗങ്ങൾ ചെയ്താലും ഗ്രന്ഥങ്ങൾ രചിച്ചാലും അവ വെറും കാല്പനികമായി കരുതുകയേയുള്ളൂ. അന്യമതസ്ഥർക്കും ഹിന്ദുക്കൾക്കും സാമൂഹികനിലവാരത്തിൽ ഇന്നു കാണുന്ന ഭീമമായ അന്തരത്തിൻെറ കാരണവും ഇവിടെ കണ്ടെത്താം. സനാതനമായ തത്വസംഹിതകളുണ്ടായിരുന്നിട്ടും ഹിന്ദുസമുദായം നാഥനില്ലാക്കളരിപോലെ കാണപ്പെടുന്നു. താരതമ്യേന ഏതാനും നൂററാണ്ടുകൾക്കുമുൻപുമാത്രം സംഘടിക്കപ്പെട്ട ഇതര മതസ്ഥർക്കു ഹിന്ദുക്കളോളം പാരമ്പര്യവും പരമ്പരജ്ഞാന–വിജ്ഞാനഭണ്ഡാരങ്ങളും കുറവാണെങ്കിലും അവർ ഹിന്ദുക്കളെക്കാൾ സാമൂഹ്യശക്തരും സമ്പത്സമൃദ്ധരും സംഘബലവാൻമാരുമായി പുരോഗമിക്കുന്നു. അവരുടെ പള്ളികളും സ്ഥാപനങ്ങളും അനുശാസനാബദ്ധമായി കൃത്യനിഷ്ഠയോടുകൂടി അഭിവൃദ്ധിയിൽ നിന്ന് അഭിവൃദ്ധിയിലേക്ക് വളർന്നുകൊണ്ടിരിക്കുമ്പോൾ ഹിന്ദുക്കൾ ഈ വിധത്തിൽ വളരുകയോ വികസിക്കുകയോ ചെയ്യുന്നില്ലെന്നു മാത്രമല്ല, പൂർവ്വികൻമാർ നൽകിയിട്ടുപോയവ സംരക്ഷിക്കുവാൻപോലും അപ്രാപ്തരായി കാണപ്പെടുന്നു. ഹിന്ദുക്ഷേത്രങ്ങളും സ്ഥാപനങ്ങളും വേണ്ടവിധം പുലർത്തുന്നതിനോ ഉദ്ദേശലക്ഷ്യങ്ങൾക്കനുസൃതമായി ആത്മമോക്ഷത്തിനും ജഗത്ഹിതത്തിന്നുമായി ഉപയോഗപ്രദമാക്കുന്നതിനോ അശക്തരായിക്കഴിയുന്നു. ഇതിൻെറ രഹസ്യമെന്താണ്? ഹിന്ദുക്കൾ സാമാന്യധർമ്മത്തെ അവഗണിച്ച് അവമതിക്കുമ്പോൾ, അതിനെ അന്യമതസ്ഥർ സാമൂഹികമായാചരിക്കുന്നതു തന്നെ.

സാർവജനീനമായ ഹിന്ദുധർമ്മതത്വങ്ങൾ സർവ്വലോകങ്ങൾക്കും സമസ്തകാലങ്ങൾക്കും സമാദരണീയവും സ്വീകാര്യവുംതന്നെ. പക്ഷെ, പൂർവസ്വത്തിനെപ്പററി അഭിമാനപൂർവം പറഞ്ഞുകൊണ്ടിരുന്നാൽ മതിയോ? അഭിമാനപൂർവം അതു സംരക്ഷിക്കുകയും അഭിവൃദ്ധിപ്പെടുത്തുകയും ചെയ്യണ്ടേ? അങ്ങനെ ചെയ്യാതെയിരുന്നാൽ പൂർവസ്വത്തുക്കൾതന്നെ അന്യാധീനമായിപ്പോകുന്നതു കാണുന്നില്ലേ?

അതുപോലെ ഹിന്ദുധർമ്മശാസ്ത്രങ്ങളിൽ ആധാരധർമ്മമായി പ്രതിപാദിച്ചിരിക്കുന്ന സാമാന്യധർമ്മം ഹിന്ദുക്കളുടെ വ്യക്തിഗതവും സാമൂഹികവുമായ ജീവിതത്തിൽനിന്നു തിരോഭവിക്കുകയും ആവേശഭരിതരായ ഇതരമതസ്ഥർ അതിനെ സ്വന്തമായി സമൂഹതലത്തിൽ ആചാരനിബദ്ധമാക്കുകയും ചെയ്തു. അതിനാൽ അവർ ലൗകികജീവിതത്തിലെങ്കിലും പ്രേയസ്സിദ്ധരായും മതരംഗങ്ങളിൽ ശ്രേയസിൻെറ വക്താക്കളായും ഉയർന്നുവന്നു. ഹിന്ദുക്കളുടെ സ്ഥിതിയോ? വലിയ തത്വങ്ങരം പറയുമെങ്കിലും സ്വന്തം വീട്ടിലും സമുദായത്തിലും ധാർമ്മികമായ കടമകരം ചെയ്യാൻപോലും അലസരായി കഴിയുന്നു. അയൽക്കാരൻ പട്ടിണികിടന്നു ചത്താലും തൻെറ വീടും കൂടും പെരുപ്പിച്ചുകാട്ടുന്നതിലാണ് വ്യഗ്രത. അടുത്തുള്ള ക്ഷേത്രം ജീർണ്ണിച്ചു നശിച്ചുകൊണ്ടിരിക്കുന്നതിൻെറ നേരെ കണ്ണടച്ചുകൊണ്ട് തൻേറതായ ഒരു മാളിക കെട്ടിപ്പടുക്കാനാണ് ഉൽസാഹം. സ്വസമുദായം എങ്ങനെ അധ:പതിച്ചാലും താനും തൻെറ ഭാര്യാപുത്രാദികളും സസുഖം വാഴണം. ഇത്തരത്തിൽപോകുന്ന ഹിന്ദുക്കളുടെ മതത്തെയും സമുദായത്തെയും അന്യമതസ്ഥർ അധിക്ഷേപിക്കുകയും ആക്രമിക്കുകയും ചെയ്യുന്നതിൽ അൽഭുതപ്പെടാനുണ്ടോ?

പേരും പെരുമയും പദവികളുമുള്ള ഒരു കുടുംബമായിക്കൊള്ളട്ടെ, അവരിൽ കൊഴുത്ത ശമ്പളം വാങ്ങുന്ന ഉദ്യോഗസ്ഥൻമാരും ഏതു മന്ത്രിസഭ ഭരിച്ചാലും പിടിച്ചുനിൽക്കാൻ സാദ്ധ്യമാംവിധം വിവിധ രാജനൈതികകക്ഷികളിൽ നേതൃത്വമുള്ളവരും ഉണ്ടായിക്കൊള്ളട്ടെ, അവരിൽ ചിലർ സൗകര്യംപോലെ ഏതെങ്കിലും ക്ഷേത്രവിശേഷങ്ങളിൽ പങ്കെടുത്തും ഇലപ്രസാദം വാങ്ങിയും ഭക്തിതാൽപര്യം പ്രദർശിപ്പിച്ചുകൊള്ളട്ടെ, പൂർവ്വപുണ്യ പരിപാകം കൊണ്ട് ഒരു ഭക്തനോ സന്യാസിയോ ആ കുടുംബത്തിൽ ഉണ്ടായെന്നുമിരിക്കട്ടെ ഇങ്ങനെ എല്ലാവിധ ഭാഗ്യങ്ങളും സ്വാധീനമായിരുന്നാലും സാമാന്യധർമ്മം വളർന്നു വികസിക്കുവാൻ വഴിതെളിച്ചില്ലെങ്കിൽ കടുത്ത നിരാശയും തീരാദു:ഖവുമായിരിക്കും അന്തിമഫലം. സമ്പന്നരായ ചില മാ

ന്യൻമാർ തങ്ങളുടെ ദാനംകൊണ്ട് ധർമ്മവിരുദ്ധ പ്രവണതകളെ പ്രോത്സാഹിപ്പിക്കുന്നതുതന്നെ തൻെറ യശസ്സിനെ നിലനിർത്താനാണത്രെ. ആസ്തികരായ ഇവർ അറിയുന്നില്ല, എന്താണ് ചെയ്യുന്നതെന്ന്! "നിങ്ങരം രഹസ്യമായി ഹൈന്ദവമായ ആരാധനകരം നടത്തുന്നു, എങ്കിലും അല്ലയോ സഹോദരൻമാരെ നിങ്ങരം വായിക്കുന്ന ഗ്രന്ഥങ്ങരം മുഹമ്മദീയരുടേതാണ്; അവരുടെ ആചാരങ്ങരം അനുഷ്ഠിക്കുകയും ചെയ്യുന്നു" എന്ന് നൂററാണ്ടുകരംക്കുമുൻപ് ഗുരുനാനാക്ക് പറഞ്ഞത് കാലപരിവർത്തനത്തിൽ ഇന്നും ശരിയാണ്. അവശ്യം അനുഷ്ഠിക്കേണ്ടതായ സ്വധർമ്മത്തിൽ ശ്രദ്ധയില്ല; പരധർമ്മത്തിൽ പരവശതകൊള്ളുന്നുമുണ്ട്. "സ്വധർമ്മെ സിധനം ശ്രേയഃ പരധർമ്മോ ഭയാവഹഃ" എന്നീ ഗീതാവാക്യങ്ങളും മററും തന്നിഷ്ടം പോലെ ദുർവ്യാഖ്യാനംചെയ്തു സ്വാർത്ഥതക്കായി അനർത്ഥം പ്രചരിപ്പിക്കുകയും ചെയ്യും. പ്രവൃത്തിയിൽ ധർമ്മം പ്രതീഫലിച്ചില്ലെങ്കിൽ പിന്നെ വാക്കിലും വിചാരത്തിലും ധർമ്മമുണ്ടാകുന്നതെങ്ങനെ? ചിത്രം കണ്ടറിയാൻ ഒരു ആധാരം ഉണ്ടായിരിക്കണമല്ലോ. സനാതനമായ ഹിന്ദുധർമ്മത്തിൻെറ ആധാരമാകട്ടെ സാമാന്യധർമ്മവുമാണ്.

'ശൈശവേഽഭ്യസ്ഥ വിദ്യനാം' എന്നു നിർദ്ദേശിച്ചിരിക്കുന്നപ്രകാരം ശൈശവത്തിൽത്തന്നെ പരിശീലിപ്പിക്കേണ്ട പ്രഥമവും പ്രധാനവുമായ വിദ്യയാണിത്. 'മനുസ്മൃതി'യെന്ന മാനവധർമ്മശാസ്ത്രത്തിൽ ഈ സാമാന്യധർമ്മം നിർവ്വഹിച്ചിരിക്കുന്നതിപ്രകാരമാണ്:—

ധൃതിഃ ക്ഷമാ ദമോഽസ്തേയം ശൗചമിന്ദ്രിയ നിഗ്രഹഃ
ധീർവിദ്യാ സത്യമക്രോധോ ദശകം ധർമ്മ ലക്ഷണം.

സാരം:—ധൈര്യം, ക്ഷമ, ദമം, ആസ്തേയം, ശൗചം, ഇന്ദ്രിയനിഗ്രഹം, ബുദ്ധി, വിദ്യ, സത്യം, അക്രോധം എന്നിവ ധർമ്മത്തിൻെറ പത്തു ലക്ഷണങ്ങളാകുന്നു.

ഏതൊരു വിപരീത പരിത:സ്ഥിതിയിലും ജീവിതത്തിൻെറ അടിസ്ഥാനതത്വത്തിൽനിന്നു, ഉന്നതലക്ഷ്യത്തിൽനിന്നു വ്യതിചലിക്കാത്ത മനോദാർഢ്യത്തെ ധൈര്യമെന്നു നിർവ്വചിച്ചിരിക്കുന്നു. 'സത്യപി സാമർത്ഥ്യം അപകാരസഹനം ക്ഷമാ' ശാരീരികവും മാനസികവുമായ

ഏതെങ്കിലും കഷ്ടതയിലകപ്പെടുമ്പോഴും സമതുലിതാവസ്ഥവിട്ട് അന്യരെ ഉപദ്രവിക്കാൻ ഒരുമ്പെടാതിരിക്കുക. പ്രത്യേകിച്ചും സ്വധർമ്മാനുയായികളോട് അറിഞ്ഞുകൊണ്ടുതന്നെ പൊറുക്കുക. സാമർത്ഥ്യമുണ്ടായിരുന്നിട്ടും അങ്ങേയററം സഹനശക്തി കാട്ടുന്നതു ക്ഷമ. ദുർവ്വാസനകളിൽനിന്നു മനസിനെയകററി നിയന്ത്രണാധീനമാക്കുന്നതു ദമം. അന്യരുടെ മുതലിനെക്കണ്ടു ആശിക്കാതേയും അതിനെ സ്വന്തമാക്കാൻ ശ്രമിക്കാതെയുമിരിക്കുന്ന ഭാവമാണ് ആസ്തേയം. ബാഹ്യാഭ്യന്തര പവിത്രതയാണ് ശൗചംകൊണ്ട് ഉദ്ദേശിക്കുന്നത്. വിചാരശുദ്ധി, കർമ്മശുദ്ധി, കുലശുദ്ധി, ദേഹശുദ്ധി, വാക്ക്ശുദ്ധി ഈ അഞ്ച് വിധം ശുദ്ധികളും ശൗചത്തിൽ ഉൾപ്പെടുന്നു. ഇന്ദ്രിയങ്ങളെ യഥോചിതം നിയന്ത്രിച്ച് ധർമ്മപന്ഥാവിൽ പ്രവർത്തിപ്പിക്കുന്നതുതന്നെ ഇന്ദ്രിയനിഗ്രഹം. അഞ്ചു ജ്ഞാനേന്ദ്രിയങ്ങളും അഞ്ചു കർമ്മേന്ദ്രിയങ്ങളും ഏർപ്പെട്ടിരിക്കുന്ന വിചാരവിനിമയങ്ങളും പ്രവൃത്തികളും വിവേകപൂർവ്വം നിയന്ത്രിക്കുക. ഇഷ്ടാനിഷ്ടങ്ങളും ഹിതാഹിതങ്ങളും ധർമ്മാധർമ്മങ്ങളും നിശ്ചയിക്കുന്ന തെളിഞ്ഞ ബുദ്ധിയെയാണ് 'ധീ'യെന്നു പറയുന്നത്. വിദ്യയെന്നാൽ ഇവിടെ അദ്ധ്യാത്മവിദ്യയെന്നാണർത്ഥം. മറെറന്തെല്ലാം വിദ്യകൾ അഭ്യസിച്ചാലും മനുഷ്യജീവിതത്തിൻെറ ആദ്യവും അവസാനവും അദ്ധ്യാത്മവിദ്യയിലധിഷ്ഠിതമായിരിക്കണം. വിചാരം, വാക്ക്, പ്രവൃത്തി ഇവ മൂന്നിലും സത്യദീക്ഷയുണ്ടായിരിക്കണമെന്നു സത്യനിർവ്വചനം. ഓരോന്നിനും അതതിൻെറ നിലയ്ക്കു ഒരു സത്യമുണ്ട്. ഈ ഉപസത്യങ്ങളെല്ലാം പരമസത്യത്തിലേക്കു നയിക്കുവാൻ സഹായകമായിരിക്കണമെന്നു താല്പര്യം. ഉദാഹരണത്തിനു നമ്മുടെ വരുമാനത്തിൽനിന്നു ഒരു അംശം ധാർമ്മികമായ ഒരു കാര്യത്തിനുവേണ്ടി ചെലവഴിക്കുന്നതു നമ്മുടെ കർത്തവ്യമാണ്. അതിനെ ദാനമെന്നു പറഞ്ഞുകൂട. ധർമ്മവളർച്ചയ്ക്കുവേണ്ടി പാത്രമറിഞ്ഞു പ്രത്യേകാവസരങ്ങളിൽ നൽകുന്നതാണ് ദാനം. കർത്തവ്യകർമ്മത്തെ ദാനമെന്നുപറയുന്നതു അസത്യമാണ്. അതുപോലെ സത്യം പ്രിയവും ഹിതവുമാ

യിരിക്കണമെന്നുമുണ്ട്. കോപമില്ലായ്മയാണ് അക്രോധം. അക്രോധത്തിന്റെ ഹിതാഹിതങ്ങൾ നോക്കേണ്ടതായിട്ടുണ്ട്. ഈ ധർമ്മലക്ഷണങ്ങളിൽത്തന്നെ തപസ്, ശ്രദ്ധ, ആർജ്ജവം, ധ്യാനം മുതലായ ഗുണങ്ങളും ഉൾപ്പെടുന്നു.

ഈ ധർമ്മഗുണങ്ങളുടെ താത്വികവും പ്രായോഗികവുമായ അദ്ധ്യയനം ബാല്യകാലത്തിൽത്തന്നെ സിദ്ധിക്കത്തക്കവിധം വ്യവസ്ഥകളും സ്ഥാപനങ്ങളും ഉണ്ടായിരുന്ന ഭാരതത്തിൽ ഒരുകാലത്തു സർവ്വമാന്യമായ സാമാന്യധർമ്മം സർവ്വത്ര ക്ഷേമവും സമാധാനവും പുലർത്തിയിരുന്നു. ഇക്കാലത്തും ധർമ്മബോധമുള്ള ഹിന്ദുക്കളെങ്കിലും ഒത്തൊരുമിച്ച് ഇത്തരമൊരു മഹായജ്ഞത്തിനു പരിശ്രമിച്ചാൽ നമ്മുടെ ക്ഷേത്രങ്ങളും ആശ്രമങ്ങളും കേന്ദ്രമാക്കി ഈ സാമാന്യധർമ്മം പഠിപ്പിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യാം. പണ്ടുപണ്ടേ അദ്ധ്യാത്മികസന്ദേശവാഹകരായ ഹിന്ദുക്കളുടെ ജീവിതതത്വംതന്നെ ത്യാഗമാണ്. ഇന്നു ത്യാഗവുമില്ല, ഭോഗവുമില്ല; രണ്ടുംകെട്ട സ്ഥിതിവിശേഷമാണ് ഹിന്ദുക്കളുടേത്. നാം ഭോഗലോലുപരെന്നു അധിക്ഷേപിച്ചിരുന്ന വിദേശികളും വിമതസ്ഥരും ലൗകികജീവിതത്തിന്റെ ഭദ്രതയ്ക്കും അഭിവൃദ്ധിക്കും വേണ്ടിയുള്ള സാമാന്യ മര്യാദകളെങ്കിലും സമയോചിതം കൈകാര്യം ചെയ്യാൻ വശമാക്കിട്ടുണ്ട്. ഹിന്ദുക്കളാകട്ടെ "ഇതോ നഷ്ടഃ തതോ ഭ്രഷ്ടഃ" ഇവിടെയുള്ളതെല്ലാം നഷ്ടവുമായി അവിടെനിന്നു ഭ്രഷ്ടരുമായെന്ന അവസ്ഥയിലാണ്. ഈ ശോചനീയാവസ്ഥ മാറണമെങ്കിൽ ശൈശവത്തിൽത്തന്നെ സാമാന്യധർമ്മം ഗ്രഹിക്കാനുള്ള വഴിയൊരുക്കണം. കഴിഞ്ഞ തലമുറയുടെ അലസതാജന്യമായ അപരാധങ്ങൾ നിമിത്തം ധർമ്മവിമുഖരായിത്തീർന്നിരിക്കുന്ന പുതിയ തലമുറക്കു ബുദ്ധിയും ധർമ്മബോധവുമുള്ളവർ സമ്പാദിച്ചുകൊടുക്കേണ്ട ശാശ്വതസമ്പത്താണിത്.

ധർമ്മാർത്ഥകാമമോക്ഷങ്ങളെന്ന പുരുഷാർത്ഥസിദ്ധിക്കെന്നുമാത്രമല്ല, ഐഹികവും പാരത്രികവുമായ എല്ലാവിധ ക്ഷേമൈശ്വര്യങ്ങൾക്കും ലൗകികസമാധാനത്തിനും ആത്മമോക്ഷത്തിനും എല്ലാം കാരണമായിട്ടുള്ളതു ധർമ്മം മാത്രമാകുന്നു. ഈ ധർമ്മം അനുഷ്ഠിക്കാതെകണ്ട്

എത്ര വലിയവരായിത്തീർന്നാലും അന്തിമാനുഭവം നിരാശയും ദുഃഖവുമായിരിക്കും. അതിനാൽ വ്യക്തിപരവും സാമൂഹികവും രാഷ്ട്രീയവുമായ എല്ലാ ജീവതലങ്ങളിലും സർവ്വമാന്യമായ ധർമ്മശക്തി പ്രോജ്വലിക്കുവാൻ തക്കവിധം പ്രവർത്തിക്കുക; അതു മാത്രമാണ് ഇന്നത്തെ വിഷമപ്രശ്നങ്ങഠക്കെല്ലാം പരിഹാരം.

ധർമ്മാദർത്ഥഃ പ്രഭവേതധർമ്മാൽ പ്രഭവതേസുഖം
ധർമ്മേണ ലഭതേസർവ്വം ധർമ്മസാരമിദം ജഗത്.

# സദാചാരം—ക്ഷേമമാർഗ്ഗം

സദാചാരവക്താക്കളെ, പരിഷ്കാരവക്താക്കൾ പരിഹസിച്ചിരുന്ന ഒന്നുരണ്ടു തലമുറകൾ പിന്നിട്ടിരിക്കുന്നു. 'വക്താക്കളെ'ന്നു മനഃപൂർവ്വം പറഞ്ഞതാണ്. സദാചാരവക്താക്കളുടെ അനാചാരങ്ങളും അലസതയും അവസരത്തിനൊത്തു ചിന്തിക്കാനാവാത്ത ദൗർബല്യങ്ങളും ചേർന്നപ്പോൾ സദാചാരാഭിമാനം അനാചാരാഭിമാനമായി പരിണമിച്ചു. ഈ അടിസ്ഥാനത്തിൽ നടപ്പിലായ കീഴ്വഴക്കങ്ങൾതന്നെ പിൽക്കാലത്ത് അനാചാരങ്ങളെ സാധൂകരിക്കുവാനുള്ള പ്രമാണങ്ങളുമായിത്തീർന്നു. ഈ അനുകൂല സാഹചര്യം തനിക്കുതാൻപോന്ന പ്രമാണികൾക്കു വഴിയൊരുക്കി. സാമ്പത്തികസ്ഥിതിയും കുറേ ആജ്ഞാനുവർത്തികളും ഉള്ളവർക്കു സാമർത്ഥ്യമനുസരിച്ച് സമുദായമുന്നണിയിലേക്ക് വരാം. അവർക്കു ധർമ്മസൂക്തങ്ങളോ ആപ്തവാക്യങ്ങളോ യഥേഷ്ടം കൈകാര്യം ചെയ്യാമെന്നായി. അങ്ങനെ അജ്ഞതയും അനാചാരങ്ങളും വ്യാപകമായി. അഹന്താജന്യമായ ദുരാചാരങ്ങൾക്കനുസൃതമായി ഉച്ചനീചത്വങ്ങൾ കല്പിച്ച് ചാരിതാർത്ഥ്യം കൊള്ളാൻ വ്യാമോഹിച്ചു. ജാതികളും ഉപജാതികളും തന്നിബദ്ധമായ അനീതികളും അനാചാരങ്ങളുടെ തുടർച്ചയാണ്.

അങ്ങനെ സത്യധർമ്മാദി ദൈവീഗുണങ്ങൾ മനുഷ്യജീവിതത്തിൽ പ്രകാശിക്കുക വിരളമായി. ധർമ്മവും അധർമ്മവും വേർതിരിച്ചറിവാൻ വഹിയാത്ത സ്ഥിതിവിശേഷം!

അസ്വസ്ഥവും അസ്വതന്ത്രവുമായ സമൂഹത്തിൽ അവിവേകത്തിൻെറ ദുരൂഹമായ ആവരണവും തജ്ജന്യമായ സുഖദുഃഖസങ്കല്പങ്ങളും പടർന്നു പന്തലിച്ചു.

സദാചാരവക്താക്കളെ പരിഹസിച്ചുകൊണ്ട് രംഗപ്രവേശം ചെയ്ത പരിഷ്കാര വക്താക്കളിൽ പലരും സദാചാരങ്ങളെ മനസ്സിലാക്കുവാൻ ശ്രമിക്കുന്നതിനുപകരം ധിക്കരിക്കുവാനും കൂട്ടിച്ചേർത്ത വർണ്ണശബളാഭമായ അനാചാരങ്ങൾ പരിഷ്കാരത്തിൻെറ പേരിൽ ഇറക്കുമതി ചെയ്യാനും തുടങ്ങി. സദാചാരകുത്തകക്കാരെ മുട്ടുകുത്തിച്ചെന്ന അഭിമാനത്താൽ അപഥസഞ്ചാരം ചെയ്തവരുടെ പരിഷ്കാരവും പുരോഗമനവും ഇരുട്ടുകൊണ്ട് ഓട്ടയടയ്ക്കുന്ന വിദ്യയാണെന്നു പലർക്കും ബോദ്ധ്യപ്പെട്ടപ്പോഴേക്കും സമയം വൈകിപ്പോയി. കാലം ആർക്കുവേണ്ടിയും കാത്തുനിൽക്കുകയില്ലല്ലോ. വയലിലെ ചളി പററിയതു കഴുകിക്കളയാൻ അഴുക്കുചാലിലെ ചളിവെള്ളം ഉപയോഗിച്ചമാതിരിയായി. വെളുക്കാൻ തേച്ചതു പാണ്ഡായ് മട്ടായി. അസത്യവും അധർമ്മവുമാണ് അനാചാരഫലം. മുൻപ് വ്യക്തികളിലും കുടുംബങ്ങളിലും അവിടവിടെയായി ഒതുങ്ങിനിന്ന ദുരാചാരം നവംനവമായ നാമരൂപങ്ങളിൽ വ്യാപിച്ചു. അധികൃതാംഗീകാരം കൂടിയായപ്പോൾ ദുഷ്ക്കർമ്മങ്ങളുടെ വേഗത അഥവാ 'പുരോഗമനം' ശീഘ്രഗതി വരിച്ചു. ആർക്കും എവിടെയും എന്തും ചെയ്യാമെന്ന സ്ഥിതിവിശേഷത്തിൽ എന്തൊക്കെ കിട്ടിയാലും ആർത്തരായ ജനം, തങ്ങൾ വിതച്ചതു കൊയ്തെടുക്കുന്ന ജനനേതാക്കൾ, തലകീഴ്മറിഞ്ഞുകൊണ്ടിരിക്കുന്ന വ്യവസ്ഥിതി.

രോഗശമനത്തിനു കൊടുക്കപ്പെടുന്ന ആയുർവേദകഷായം സ്വാദിഷ്ഠമായിരിക്കയില്ല. സൗഖ്യപ്പെടണമെങ്കിൽ ആ കഷായം സേവിക്കണം. പഥ്യാചരണപൂർവ്വം സേവിച്ചാൽ അത്രയും നന്ന്. ബാഹ്യവികാരങ്ങളെ സംയമം ചെയ്തുകൊണ്ട് ഒരു നല്ല കാര്യം പറയാനും പ്രവർത്തിക്കാനും ആദ്യമാദ്യം അത്ര രസകരമായിരിക്കയില്ല. അതുപോലെതന്നെ അച്ചടക്കപൂർവ്വം വിചാരിക്കുവാനും. എന്നാൽ ജീവിതസൗഖ്യം അനുഭവപ്പെടണമെങ്കിൽ ആദ്യം കയ്ക്കും പിന്നെ മധു

രിക്കുമെന്ന പഴഞ്ചൊല്ല് കണക്കിലെടുക്കണം. അന്യരെ ദുഃഖിപ്പിക്കുന്ന വിചാരവും വാക്കും പെരുമാററവും പുലർത്തിക്കൊണ്ട് സ്വയം സുഖിക്കാമെന്നു ആരും വ്യാമോഹിക്കേണ്ട. താൻ അന്യരെ ബഹുമാനിക്കുന്നെങ്കിൽ മാത്രമേ തനിക്കും ബഹുമാനം കിട്ടൂ. പ്രായത്തിലും ജീവിതാനുഭവങ്ങളിലും തന്നേക്കാൾ മുതിർന്നവരെ ആദരിക്കാത്തവന്നു അടുത്ത തലമുറക്കാരിൽനിന്ന് ആദരവ് എങ്ങനെ പ്രതീക്ഷിക്കാം?

ഈശ്വരനിലും ഈശ്വരശക്തിയിലും വിശ്വസിക്കുക, ഈശ്വരഗുണങ്ങളായ ജീവകാരുണ്യം, ധർമ്മാഭിരുചി, സത്യദീക്ഷ, ഗുരുജനങ്ങളോട് വിനയം, സമൻമാരോട് സമാദരവ്, താഴ്ന്നവരോട് സഹാനുഭൂതിയും സഹായകമായ പെരുമാററവും, അത്യാവശ്യമായവമാത്രം തനിക്കുവേണ്ടി സ്വീകരിക്കുകയും മററുള്ളവരുടെ ആവശ്യം അറിഞ്ഞുകൊടുക്കാവുന്നിടത്തോളം കൊടുക്കുകയും ചെയ്യുക, സാമാന്യമര്യാദകളെ കഴിയുന്നതും പാലിക്കുക, ആശ്രമം, ക്ഷേത്രം എന്നിങ്ങനെ മതപരവും ആദ്ധ്യാത്മികവുമായ കേന്ദ്രങ്ങളിൽ പോകുമ്പോഴും ഗുരുജനങ്ങളെ കാണുമ്പോഴും മററും അനുസരിക്കേണ്ടുന്ന വിശേഷമര്യാദകൾ, അത്യാവശ്യം, ആവശ്യം, അനാവശ്യം ഇവയറിഞ്ഞ് സമയം സദുപയോഗപ്പെടുത്തുക ഇത്യാദി എത്രയെത്ര കാര്യങ്ങൾ പ്രതിദിന ജീവിതത്തിൽ സദാചാരനിഷ്ഠമായനുഷ്ഠിക്കേണ്ടിയിരിക്കുന്നു. ഇവയൊന്നും അറിയാനുള്ള വകതിരിവ് ഇല്ലാത്ത ജനനേതാക്കളും ഗുരുജനങ്ങളും അനാചാരത്തിന്റേതായ തിരിച്ചടിയേൽക്കാതെന്തു ചെയ്യും?

മാതാപിതാക്കൾ, ഗുരുജനങ്ങൾ, ജനനേതാക്കൾ എന്നിവർ പറയുന്നതും പെരുമാറുന്നതും അനുകരിക്കുവാനും ആചരിക്കുവാനും സ്വാഭാവികമായും താല്പര്യമുള്ളവരാണ് ജനങ്ങൾ. ആചാരവിചാരങ്ങളുടെ അസ്തിവാരം ബാല്യത്തിൽതന്നെ ഉറപ്പിക്കുന്നതിന് മാതാപിതാക്കൾക്കുസാധിക്കണം. അതിന്നവരും സദാചാരതല്പരരായിരുന്നേ പററൂ. മുതിർന്നവരുടെ വാക്കും പ്രവൃത്തിയും പ്രമാണമാക്കിക്കൊണ്ടാണ് പുതുതലമുറ വരുന്നത്. അവർ സദാചാരനിഷ്ഠരാണെങ്കിൽ ഏകദേശമെങ്കിലും പുതുതല

മുറയിലും പ്രതിഫലിക്കണം. ദുരാചാരമാണെങ്കിൽ അതായിരിക്കും സ്വാധീനിക്കുക—

യദ്യദാചരതി ശ്രേഷ്ഠസ്തത്തദേവേതരോ ജന:
സയത് പ്രമാണം കുരുതേ ലോകസ്തദനുവർത്തതേ.

എന്ന ഭഗവദ്വചന പ്രകാരം കർമ്മവ്യവസ്ഥകളെ അതിക്രമിച്ച ജ്ഞാനികൾ, അവതാരപുരുഷൻമാർ എന്നിവർക്ക് ഈ ലോകത്തിലെ വ്യവസ്ഥകളൊന്നും ബാധകമല്ല. നിത്യശുദ്ധബുദ്ധസ്വതന്ത്രരാണവർ. ആ മഹാത്മാക്കൾപോലും സദാചാരതല്പരരായിരിക്കുന്നത് ലോകക്ഷേമത്തിനുവേണ്ടിയാണ്. നിത്യകർമ്മാനുഷ്ഠാനങ്ങളിൽ ശ്രീകൃഷ്ണഭഗവാൻപോലും ബദ്ധശ്രദ്ധനായിരുന്നുവെന്ന് മഹാഭാഗവതത്തിൽ കാണാം. അതിനാൽ തനിവേദാന്തികൾക്കും മഹാവാക്യമുച്ചരിച്ചുകൊണ്ട് സദാചാരത്തെ അവഗണിക്കാവുന്നതല്ല. അവഗണിച്ചാൽ അവരുടേയും ജീവിതം അലങ്കോലപ്പെടുമെന്നു താല്പര്യം. അപ്പോൾപ്പിന്നെ സാധാരണ ജനങ്ങളുടെ—ലക്ഷ്യത്തിലേക്ക് ഉയരേണ്ടവരായ മനുഷ്യരുടെ—സ്ഥിതിയെന്താവും?

വ്യാവഹാരികസത്യത്തിൽ നിന്നു പാരമാർത്ഥിക സത്യത്തിലേക്കു ജ്വലിക്കുന്ന ധർമ്മപ്രകാശത്തിലൂടെ ജീവൻ നയിക്കപ്പെടണമെങ്കിൽ ജീവിതത്തിൻെറ നാനാതലങ്ങളിലും അതിൻേറതായ സദാചാരനിഷ്ഠവേണം. സദാചാരത്തിൽ നിന്നു ധർമ്മബോധവും തദനുസരണമായ ചേഷ്ടകളും ഉളവാകുന്നു. ഐഹികമായ ജീവിതക്ഷേമവും പാരമാർത്ഥികമായ ജീവിതലക്ഷ്യവും സാധിക്കുന്നതിനു ശ്രുതിയുക്ത്യനുഭവസിദ്ധമായ സദാചാരം അറിഞ്ഞ് ആചരിക്കുകതന്നെ വേണം—

സർവ്വാഗമാനാമചാര: പ്രഥമംപരികല്പതേ
ആചാരപ്രഭവോധർമ്മ: ധർമ്മസ്യ പ്രഭുരച്യുത:

# സേവാധർമ്മം

സനാതനധർമ്മത്തിലന്തർഗതമായ ഉപധർമ്മങ്ങളിൽ മുഖ്യം സേവാധർമ്മമാകുന്നു. മനുഷ്യജീവിതത്തെ നാല് ആശ്രമങ്ങളായി ചിട്ടപ്പെടുത്തിയിരിക്കുന്നതിലും സേവാധർമ്മത്തിനു മാർഗദർശനം നൽകിയിരിക്കുന്നു. വിദ്യ അഭ്യസിക്കുന്ന ബ്രഹ്മചര്യാശ്രമത്തിൽ (ബാല്യ—കൗമാരദശയിൽ) സേവനമനുഷ്ഠിക്കേണ്ടത് ഏതുഭാവത്തിൽ എങ്ങനെയാണെന്നു താത്വികമായും പ്രായോഗികമായും പരിശീലിക്കപ്പെടുന്നു. ഗൃഹസ്ഥാശ്രമത്തിൽ പഞ്ചയജ്ഞങ്ങളിലൂടെ നിത്യവും അനുഷ്ഠിക്കേണ്ടുന്ന കർമ്മസംവിധാനമുണ്ട്. ജീവകാരുണ്യം, അതിഥിസൽക്കാരം അഥവാ മനുഷ്യയജ്ഞം, ഇഷ്ട—പൂർത്തകർമ്മങ്ങൾ, സംസ്ക്കാരകർമ്മങ്ങൾ, ഉപാസനാവിധാനങ്ങൾ ഇത്യാദി എല്ലാ മണ്ഡലങ്ങളിലും സേവാധർമ്മം അന്തർലീനമായിരിക്കുന്നതു കാണാം. വാനപ്രസ്ഥാശ്രമം തികച്ചും പരോപകാരപ്രദമായ പൊതുജനസേവയും ആതുരശുശ്രൂഷയുംകൊണ്ടു നിറഞ്ഞിരിക്കുന്നു. സർവ്വവും ത്യാഗം ചെയ്യുന്ന സന്യാസാശ്രമമാകട്ടെ സേവനധർമ്മത്തിന്റെ പരമോച്ചനിലയാണ് കാട്ടുന്നത്.

ഉള്ളവരിൽനിന്ന് ഇല്ലാത്തവർക്ക് കൊടുപ്പിക്കുന്ന ദാനധർമ്മം അതിന്റെ മറെറാരു വശമാണ്. പേരിനോ പെരുമയ്ക്കോ വേണ്ടിയല്ല, പാത്രമറിഞ്ഞ് ദാനം ചെയ്യുകയെന്നത് സഹജമായ മനുഷ്യധർമ്മം മാത്രമാണ്. ഭക്ഷണം പാകം ചെയ്യുന്നതുപോലും അവരവർക്കുവേണ്ടി മാത്രം ആയിരി

ക്കരുതെന്നു പ്രത്യേകം നിഷ്കർഷയുണ്ട്. തനിക്കുവേണ്ടി മാത്രം ഭക്ഷണം പാകം ചെയ്യുന്നവൻ ഭക്ഷണത്തോടൊപ്പം പാപമാണ് ഭുജിക്കുന്നതെന്ന് ഭഗവൽഗീതയിലും അരുളചെയ്യുന്നു. പ്രതിഫലം ഇച്ഛിക്കാതെയും ചോദിക്കാതെയും ആതുരശുശ്രൂഷ ചെയ്യണം. കിട്ടുന്നതൊക്കെ പരിമിതാവശ്യങ്ങരം നിർവ്വഹിക്കുന്നതിനും പുണ്യകാര്യങ്ങരംക്കുംവേണ്ടി അപ്പഴപ്പോരം ചെലവഴിക്കണം.

സർവ്വജീവജാലങ്ങളോടും തുല്യബുദ്ധിയോടെപെരുമാറണമെന്നുവരെ സനാതനധർമ്മം എന്ന ഹിന്ദുധർമ്മം നമ്മെ ഉദ്ബോധിപ്പിക്കുന്നു. അത്രത്തോളം ഉയർന്നില്ലെങ്കിലും കുറഞ്ഞപക്ഷം സഹജാതരായ മനുഷ്യരോട് കാലദേശാനുസൃതം ഏതുവിധം പെരുമാറണമെന്നെങ്കിലും നാം അറിഞ്ഞിരിക്കേണ്ടതല്ലേ? പൊതുവേ "സാമാന്യധർമ്മ"മെന്നു നിർവ്വചിച്ചിരിക്കുന്നതിനാൽ മനുഷ്യസഹജമായ കർമ്മപദ്ധതിയിൽപെട്ടതാണിത്. ഇതുതന്നെ ഏററവും ധർമ്മനിഷ്ഠവും താരതമ്യേന പാരമാർത്ഥിക ലക്ഷ്യത്തിലേക്കു നയിക്കുന്നതുമായ ഭാവത്തിൽ—നരനെ നാരായണനെന്ന ഭാവത്തിൽ—സേവിക്കുന്നതിനെയാണ് സേവാധർമ്മമെന്നു പറയുന്നത്. നമ്മുടെ ധർമ്മശാസ്ത്രങ്ങരം അനുശാസിക്കുന്നതും സ്വാമി വിവേകാനന്ദനെപ്പോലുള്ള മഹാത്മാക്കരം സ്വജീവിതവും ഉപദേശങ്ങളുംകൊണ്ട് നമുക്കു കാട്ടിത്തന്നതുമായ ഈ സേവാധർമ്മംപോലും തെററിദ്ധരിക്കപ്പെടുന്നുണ്ടെങ്കിൽ അതു ആ ശാസ്ത്രങ്ങളുടേയോ മഹാത്മാക്കളുടേയോ കുററമല്ല; നമ്മുടെ അപാകതയാണ് വെളിപ്പെടുത്തുന്നത്.

ഈ അപാകത പോക്കി അന്തക്കരണശുദ്ധി നേടുന്ന വിധത്തിൽ സൽക്കർമ്മങ്ങരം ചെയ്യണമെന്നു ശാസ്ത്രം വിധിക്കുന്നു. ചെയ്യുന്നതു ചെറിയകാര്യമായാലും വലുതായാലും ഒററയ്ക്കായാലും കൂടിച്ചേർന്നായാലും ധാർമ്മിക മാദ്ധ്യമത്തിൽ വിലയിരുത്തേണ്ടതാണവ. അഹന്തയ്ക്കും അന്യരുടെ പ്രലോഭനങ്ങരംക്കും വിധേയനായി നിവർത്തിയില്ലാതെ നിർബന്ധിതനായി ചെയ്യുന്നതുകൊണ്ട് സൽക്കർമ്മങ്ങളുടെയുംവീര്യം ക്ഷയിക്കുകയാണ് ചെയ്യുന്നത്. അതിനാൽ "ഇന്നതു ചെയ്യണം ഇന്നത് ചെയ്യരുത്" എന്നിങ്ങ

നെ വേദവചനങ്ങളുണ്ട്. ഈ ധർമ്മങ്ങളെല്ലാം, അതുകൊണ്ട്, നന്നായി ചെയ്യണം; ദുരഭിമാനം പുലർത്തരുത്. ഞാൻ, എൻെറ എന്ന മമാകാരസ്വരൂപമായ അഹന്തകൂടാതെ ചെയ്യണം. അങ്ങനെ ധർമ്മം പ്രാപിപ്പാൻ ഉപായമായി ഈശ്വരാരാധനം, ശാസ്ത്രാധ്യയനം, ദാനം, തപസ്, സത്യം, ക്ഷമ, ദമം, ഔദാര്യം—ഈ എട്ടെണ്ണം നേരത്തേ അഭ്യസിച്ചുകൊള്ളണമെന്നു ശാസ്ത്രവിധിയുണ്ട്.

വേദാന്തം പഠിപ്പിക്കുന്ന ഉപനിഷത്തിൽപോലും ദാനധർമ്മം ചെയ്യേണ്ടുന്ന വിധം എത്ര സ്പഷ്ടമായി ഉൽബോധിപ്പിക്കുന്നുവെന്നു നോക്കുക:- "ആദരവോടെ ദാനം ചെയ്യണം, അനാദരവായി ദാനം പാടില്ല. കഴിവുപോലെ ദാനം ചെയ്യണം. ഇത്രയല്ലേ ഉള്ളൂ എന്നു ലജ്ജിച്ചു ദാനം ചെയ്യണം, വല്ല പിഴയും വന്നുവോ എന്നു ഭയന്നു (അത്രത്തോളം ശ്രദ്ധാപൂർവ്വം) ദാനം ചെയ്യണം. മൈത്രീഭാവത്തിൽ വേണം ദാനം ചെയ്യുവാൻ—

ശ്രദ്ധയാദേയം. അശ്രദ്ധയാ *f* ദേയം.
ശ്രിയാദേയം. ഹ്രിയാദേയം ഭിയാദേയം.
സംവിദാദേയം. — തൈത്തരീയം 1—11—4"

ഇനി സ്വാമി വിവേകാനന്ദൻെറ അമരവാണികൾ ശ്രദ്ധിക്കാം:— "നാം ജീവിതത്തെ ഏതുതരം മാനസികാവസ്ഥയിൽ നിന്നു നോക്കുന്നുവോ അതനുസരിച്ച് അതു നല്ലതോ ചീത്തയോ ആയിത്തീരുന്നു—സ്വതവേ അതുനല്ലതുമല്ല, ചീത്തയുമല്ല. അഗ്നി സ്വതവേ നല്ലതോ ചീത്തയോ അല്ല. അതു ചൂടുതരുമ്പോൾ "അഗ്നി എത്ര വിശേഷം" എന്നു നാം വാഴ്ത്തുന്നു. അതു നമ്മുടെ കൈപൊള്ളിക്കുമ്പോൾ നാം അതിനെ കുററംപറയുന്നു. എങ്കിലും സ്വതവേ അഗ്നി നല്ലതോ ചീത്തയോ അല്ല. നാം അതിനെ ഉപയോഗപ്പെടുത്തുന്ന രീതിയനുസരിച്ച് നല്ലതെന്നോ ചീത്തയെന്നോ ഉള്ള തോന്നൽ അതു നമ്മിൽ ഉണ്ടാക്കുന്നു. ഈ ലോകത്തിൻെറ കഥയും അതുതന്നെ. അതു സമ്പൂർണ്ണമാണ്, എന്നുവെച്ചാൽ അതിൻെറ ഉദ്ദേശത്തെ സമ്പൂർണ്ണം നിറവേററുവാൻ മതിയായതാണ്....

എങ്കിലും നാം നൻമചെയ്യണം; അന്യരെ സഹായിക്കാൻ കിട്ടുന്ന അവസരം ഒരു ഭാഗ്യമാണെന്ന ബോധം എ

ല്ലാ സമയവും നമുക്കുണ്ടെങ്കിൽ, നൻമചെയ്യാനുള്ള ആഗ്രഹം ഏററവും മഹത്തായ പ്രേരകശക്തിയാണ്. നിങ്ങരം ഉയർന്നനിലയിലിരിക്കുന്നു എന്ന ഭാവത്തോടെ ദാനം ചെയ്യരുത്. ഒരു ദാനം ചെയ്യാനും അതുമൂലം നിങ്ങളെതന്നെ സഹായിക്കാനും സന്ദർഭം നൽകിക്കൊണ്ട് അർഹിക്കുന്ന ഒരാരം വന്നുവല്ലോ എന്നു വിചാരിച്ച് കൃതജ്ഞനായിരിക്കുക. അനുഗ്രഹിക്കപ്പെടുന്നത് ദാനം വാങ്ങുന്നവനല്ല, ദാനം ചെയ്യുന്നവനാകുന്നു. ഈ ലോകത്തിൽ ഔദാര്യവും കാരുണ്യവും അഭ്യസിച്ചു തദ്വാരാ നിർമ്മലനും പൂർണ്ണനും ആയിത്തീരാനുള്ള അവസരം ലഭിച്ചതിൽ നന്ദിയുള്ളവരായിരിക്കുക. എല്ലാ സൽപ്രവൃത്തിയും നമ്മെ നൈർമ്മല്യത്തിലേയ്ക്കും പൂർണ്ണതയിലേയ്ക്കും നയിക്കാൻ ഉതകുന്നു.

നമുക്കു പരമാവധിചെയ്യാൻ കഴിയുന്നതെന്ത്? ആശുപത്രി പണിയുകയോ, റോഡുണ്ടാക്കുകയോ, ധർമ്മശാലകരം നിർമ്മിക്കുകയോ ചെയ്യാം. ഒരു ധർമ്മ പ്രവർത്തനം സംഘടിപ്പിച്ച് അതിൻെറ പേരിൽ ഇരുപതോ മുപ്പതോ ലക്ഷം ഡോളർ പിരിച്ച്, പത്തുലക്ഷം കൊണ്ട് ഒരു ആശുപത്രി ഉണ്ടാക്കി, മറെറാരു പത്തുലക്ഷം മദ്യപാനത്തിനും നൃത്തഗാനങ്ങരംക്കും ചെലവഴിച്ച് പിന്നത്തേതിൻെറ പകുതിഭാഗം ഭാരവാഹികരം കട്ടെടുത്ത് ശേഷിക്കുന്നത് സാധുക്കളിൽ ചെന്നുചേരാൻ സംഗതിയാക്കിയെന്നുവരാം. എന്നാൽ ഇതിലെല്ലാം എന്തിരിക്കുന്നു? നമ്മുടെ റോഡുകളെയും ആശുപത്രികളെയും കെട്ടിടങ്ങളെയും വൻനഗരങ്ങളെത്തന്നെയും തൂത്തടിച്ചുകൊണ്ടുപോവാൻ ഒരഗ്നിപർവ്വതം പൊട്ടിയാൽ മതി. ലോകത്തിനു നൻമചെയ്യുന്നതിനെപ്പററിയുള്ള നമ്മുടെ മൂഢജല്പനങ്ങളെല്ലാം അവസാനിപ്പിക്കുകതന്നെ. അതു എൻെറയോ നിങ്ങളുടെയോ സഹായം കാത്തു നില്ക്കുന്നില്ല. എന്നിരുന്നാലും നാം കർമ്മത്തിലേപ്പെടുകയും നിരന്തരം നൻമചെയ്യുകയും വേണം, അപ്പോരം അതു നമുക്കുതന്നെ അനുഗ്രഹമാകുന്നു. നമുക്കു പരിപൂർണ്ണതയിലെത്താൻ ആ ഒരു മാർഗ്ഗമേയുള്ളു. നാം സഹായിച്ചിട്ടുള്ള ഒററയാചകനെങ്കിലും നമ്മോടു ഒററ പൈസയ്ക്കും കടപ്പാടില്ല. ദാനം ശീലിക്കാൻ നമുക്കു അവസ

രം തന്നതുനിമിത്തം നാം അയാളോടാണ് സർവ്വഥാ കടപ്പെട്ടിരിക്കുന്നത്.

നാം ലോകത്തിനു നൻമചെയ്തിട്ടുണ്ടെന്നോ നമുക്കതിനു കഴിവുണ്ടെന്നോ വിചാരിക്കുന്നതും ഇന്നയിന്ന ആളുകളെ സഹായിച്ചിട്ടുണ്ടെന്നു മനസ്സിൽ കരുതുന്നതും തികച്ചും തെററാകുന്നു. ഇതൊരു മൂഢവിചാരമാകുന്നു. എല്ലാ മൂഢവിചാരങ്ങളും ദുഃഖത്തെ ജനിപ്പിക്കും. നാം ഒരുത്തനെ സഹായിച്ചു എന്നു വിചാരിക്കുകയും അതിനയാരം നമ്മോടു നന്ദികാണിക്കണമെന്നു പ്രതീക്ഷിക്കുകയും ചെയ്യുന്നു. അയാരം അപ്രകാരം ചെയ്യാഞ്ഞാൽ നമുക്കു അസുഖമുളവാകുന്നു. നാം ചെയ്തതിനുപകരം വല്ലതും ഇങ്ങോട്ടു കിട്ടണമെന്നു പ്രതീക്ഷിക്കുന്നതെന്തിന്? നിങ്ങരം സഹായിക്കുന്ന മനുഷ്യനോടു കൃതജ്ഞനായിരിക്കുക: അയാളെ ഈശ്വരനായി വിചാരിക്കുക. സഹജീവികളുടെ സേവനം മുഖേന ഈശ്വരനെ ആരാധിക്കാൻ അനുവദിക്കപ്പെടുകയെന്നത് ഒരു വിശേഷാനുഗ്രഹമല്ലയോ? നാം യഥാർത്ഥത്തിൽ അനാസക്തരായിരുന്നുവെങ്കിൽ, വൃഥാ പ്രതീക്ഷകളിൽ നിന്നുളവാകുന്ന ഇത്തരം വിഷാദങ്ങരം കൂടാതെ കഴിക്കാനും മനഃപ്രസാദത്തോടുകൂടി സൽകർമ്മങ്ങരം ചെയ്വാനും നമുക്കു കഴിയുമായിരുന്നു. ഒരിക്കലും ദുഃഖവും കഷ്ടപ്പാടും ഉളവാകുന്നതല്ല. ലോകം സുഖ ദുഃഖസമ്മിശ്രമായി എക്കാലവും അങ്ങനെ പൊയ്ക്കൊണ്ടിരിക്കും".

വളരെ മുമ്പുതന്നെ സമ്പന്നതയിലും സമ്പത്സമൃദ്ധിയിലും ഉന്നതിയിലെത്തിയ പാശ്ചാത്യരുടെയിടയിൽവെച്ച് സ്വാമി വിവേകാനന്ദൻ പറഞ്ഞ ഈ വാക്കുകരം ഇന്നത്തെ ഭാരതം സവിശേഷം ശ്രദ്ധിക്കേണ്ടതാണ്. ദാനധർമ്മാദികളും സമൂഹസേവയും മററും ധർമ്മമാർഗ്ഗത്തിൽ നിന്നു വ്യതിചലിച്ചുകൊണ്ടിരിക്കുന്ന ഈ സന്ദർഭത്തിൽ സംസ്കാരനിഷ്ഠമായ വ്യക്തികളിലൂടെ ശരിയായ മാർഗ്ഗദർശനം സിദ്ധിക്കണം. സത്യനിഷ്ഠമായ സേവാധർമ്മം സനാതന ധർമ്മത്തിൻെറ പരിശീലനഭാഗമാണ്. അതു വേണ്ടവിധം അനുഷ്ഠിച്ചാൽ പരമസുഖത്തിലേക്കും പരമക്ഷേമത്തിലേക്കും കൊണ്ടെത്തിക്കുമെന്നതിന്നു സന്ദേഹമില്ല.

# നാരായണ ധർമ്മം

മഹർഷിമാർ മന്ത്രദ്രഷ്ടാക്കരം എന്നറിയപ്പെടുന്നു. പഞ്ചഭൂതാത്മകമായ ഈ പ്രപഞ്ചത്തിന്നതീതമായി കടന്നുചെന്ന് പ്രഞ്ചസത്തയെ കണ്ടെത്തി അനുഭൂതികളിലൂടെ ആ അനന്തസത്തയിലെ നിഗൂഢശക്തികളെ മന്ത്രബദ്ധമാക്കി പ്രകാശിപ്പിച്ചവർ. മഹർഷിമാർ മനുഷ്യർ തന്നെയാണ്. മനുഷ്യരിൽ ധർമ്മനിഷ്ഠരായി, തപോധനൻമാരായി പ്രപഞ്ചസത്തയെന്ന സത്യത്തെ സാക്ഷാത്കരിച്ചവർ മഹർഷിമാർ.

അനന്തകോടി ജീവജാലങ്ങളിൽവച്ചേററവും വിശേഷബുദ്ധിയും വിവേകവും ചിന്താശക്തിയും ഉള്ളത് മനുഷ്യനാണ്. ഈ മനുഷ്യജീവിതത്തിലിരുന്നുകൊണ്ടുവേണം ജീവൻെറ പരമലക്ഷ്യം പ്രാപിക്കുവാൻ. ഇതരപ്രാണികളെ അപേക്ഷിച്ചു മനുഷ്യന് ജീവിതസ്വാതന്ത്ര്യവും, ബുദ്ധിശക്തിയും ഉണ്ടെങ്കിലും ശുദ്ധവും മുക്തവുമായ ബുദ്ധി ഉപയോഗിച്ചു ലക്ഷ്യബോധപൂർവ്വം പ്രയത്നിക്കുവാൻ ബാദ്ധ്യസ്ഥനാണ്. അന്ത:കരണംവരെ ചെന്നെത്തുന്ന ജീവിതവീക്ഷണം ഇതരപ്രാണികളെ അപേക്ഷിച്ച് പരിഷ്കൃതമെങ്കിലും, ഐഹികപരിധിയുടേതാണ്. ജന്തുസഹജമായ സുഖദു:ഖങ്ങളുടേതാണ്. അതിനപ്പുറം കടന്നുചെല്ലുകയെന്ന ജീവൻെറ ലക്ഷ്യം സാധിക്കുവാൻ പ്രാണസന്ധാരണത്തിലൂടെ അന്തർമുഖമായി പ്രയത്നിക്കേണ്ടിയിരിക്കുന്നു. ബഹിർമുഖമായ വ്യവഹാരങ്ങളെ ബുദ്ധിപൂർവ്വം പ്രയോഗിക്കുമ്പോരം കർമ്മമായി. സംസ്ക

രിക്കപ്പെട്ട കർമ്മമാണ് ധർമ്മം.

കർമ്മത്തിൽ കർമ്മം, അകർമ്മം, വികർമ്മം എന്നിങ്ങനെ പലവിധമുള്ളതുപോലെ ധർമ്മത്തിനുമുണ്ട് പല വശങ്ങൾ. സദ്കർമ്മവും ദുഷ്കർമ്മവും ഉള്ളതുപോലെ ധർമ്മവും അധർമ്മവുമുണ്ട്. ധർമ്മത്തിൽത്തന്നെ പ്രവൃത്തിധർമ്മവും, നിവൃത്തിധർമ്മവുമെന്ന് പൊതുവായി രണ്ടുതരം. ഇതിൽ ലൗകിക പ്രേയസ്സിനായിട്ടുള്ള ഈശ്വരോപാസനകളും യജ്ഞകർമ്മങ്ങളുമെല്ലാം കർമ്മത്തിൽ പ്രവൃത്തിധർമ്മത്തിൽപെടും. സ്വാർത്ഥപരമായ സ്ഥൂലധർമ്മകർമ്മങ്ങൾ സൂക്ഷ്മവും പരോപകാരപ്രദവുമായി പരിണമിക്കുമ്പോൾ ത്യാഗം, ഭക്തി, നിസ്വാർത്ഥസേവനം തുടങ്ങിയ സദ്ഗുണങ്ങൾ ആന്തരികമായി ഉദ്ദീപ്തമാവുന്നു. ആ അവസ്ഥയിൽ പ്രവൃത്തിധർമ്മത്തിൽനിന്ന് നിവൃത്തിധർമ്മത്തിലേക്കുള്ള മാർഗ്ഗദർശനം സിദ്ധിക്കുകയും അന്യഥാ ഗ്രഹണവും അഗ്രഹണവും മാറിത്തെളിയുകയും ചെയ്യുന്നു. അതോടെ പരമപുരുഷാർത്ഥം അഥവാ പരമധർമ്മം പ്രാപിക്കുവാനുള്ള അന്തർമുഖസാധനയായി. ഇങ്ങനെ സദാചാരമെന്ന സാമാന്യധർമ്മത്തിൽ തുടങ്ങി ഈശ്വര സാക്ഷാത്കാരമെന്ന പരമധർമ്മത്തിലെത്തിക്കുന്ന ജീവന്റെ മനുഷ്യജീവിതക്രമമാണ് ധർമ്മം.

മനുഷ്യസൃഷ്ടിയോളം പഴക്കമുള്ള ഈ ധർമ്മം ദുരാചാരികളുടെയും അധർമ്മികളുടെയും അശുദ്ധികൊണ്ട് മറയ്ക്കപ്പെടുമ്പോഴൊക്കെ അവതാരങ്ങൾ, മഹർഷിമാർ, ജ്ഞാനികൾ, ഭക്തൻമാർ തുടങ്ങിയ മഹാത്മാക്കളിലൂടെ അനുഭവഗോചരമാക്കിച്ചെയ്യുന്നു. കാലദേശാദിഭേദമനുസരിച്ച് പ്രവൃത്തിധർമ്മങ്ങൾക്ക് വൈവിധ്യം കാണാമെങ്കിലും നിവൃത്തിധർമ്മത്തിന്—സനാതനധർമ്മമായ പരമധർമ്മത്തിന്റെ ഉദ്ദേശലക്ഷ്യങ്ങൾ ഒന്നുതന്നെയാണ്; ദു:ഖനിവർത്തിയും പരമസുഖപ്രാപ്തിയും. ഈ വഴിക്ക് പൂർവ്വികരാം പുണ്യാത്മാക്കൾ അതതു കാലങ്ങളിൽ ചെയ്തുവന്നിട്ടുള്ളതുപോലെ, കാലാനുസൃതം ജാതിഭേദമന്യേ ജീവിതലക്ഷ്യപ്രാപ്തിക്ക് ഉതകുംവിധം ശ്രീനാരായണഗുരുദേവനാൽ ഉപദിഷ്ടമായ ധർമ്മമാണ്. ''ശ്രീനാരായണ ധർമ്മം.'' സനാതനധർമ്മശാസ്ത്രങ്ങൾ തന്നെയാണ് ഇതി

ൻെറയും പരമപ്രമാണം.

ലക്ഷ്യബോധത്തോടുകൂടി പ്രവൃത്തിധർമ്മത്തിൽ ചരിക്കുന്നവർക്ക് സന്ദേഹനിവർത്തിക്ക് ധർമ്മശാസ്ത്രം ഉണ്ട്. ധർമ്മശാസ്ത്രം ഗ്രഹിക്കാനിടയില്ലാത്തവർക്ക് ധാർമ്മിക ജീവിതം നയിക്കുന്ന പുണ്യാത്മാക്കളുടെ ഉപദേശം സഹായകമായിരിക്കും. അങ്ങിനെ ധർമ്മനിഷ്ഠമായി മുന്നോട്ടു പോകുമ്പോൾ നിവർത്തിധർമ്മം പ്രകാശിച്ചുതുടങ്ങും. നിവർത്തിധർമ്മത്തിൽ പ്രവേശിച്ചുകഴിഞ്ഞാൽ പിന്നെ ശുദ്ധമായ തൻെറ അന്ത:കരണത്തിലൂടെ അപ്പപ്പോഴുണ്ടാകുന്ന സംശയങ്ങൾക്കു സമാധാനം നേടിക്കൊണ്ട് ജീവിതലക്ഷ്യം പ്രാപിക്കാം,

പത്തു സർഗങ്ങളിലായി സാമാന്യജനങ്ങൾക്ക് മനസിലാവുന്നവിധം ധർമ്മോപദേശം ചെയ്യുന്ന നാരായണഗുരുപരമ്പരാഗതമായ ധർമ്മശാസ്ത്രങ്ങളെ കാലോചിതം പ്രകാശിപ്പിച്ചിരിക്കുന്നു. വേദോക്തപ്രകാരം ബ്രഹ്മചര്യവ്രതവും ഗൃഹസ്ഥാശ്രമധർമ്മവും അനുഷ്ഠിച്ചതിനു ശേഷം സന്യാസധർമ്മം സ്വീകരിക്കണമെന്നും ഗുരുദേവൻ ഊന്നിപ്പറയുന്നുണ്ട്. അറുപതു വയസായാൽ പിന്നെ സേവനേച്ഛയും, മോക്ഷേച്ഛയുമല്ലാതെ മററൊരാഗ്രഹവും മനുഷ്യജീവിതത്തിൻെറ മൂല്യമറിയുന്ന ഒരാൾക്കുണ്ടാവാൻ പാടില്ല എന്നാണ് ധർമ്മാനുശാസനം. ജൻമാന്തരങ്ങളായി ജീവനിൽ ചേർന്നിട്ടുള്ള കർമ്മവാസനകളെല്ലാം ഈ മനുഷ്യജൻമത്തിലെ സദ്കർമ്മങ്ങൾ—ധർമ്മാചരണം—കൊണ്ട് ഒടുങ്ങുമ്പോഴാണ് ശാശ്വതമായ ദുഃഖനിവർത്തിയും സുഖപ്രാപ്തിയും ഉണ്ടാവുക. അതിന് ഗൃഹസ്ഥാശ്രമധർമ്മവും സഹായകമാണ്. അപൂർവ്വം വ്യക്തികൾക്ക് പൂർവ്വസുകൃതമനുസരിച്ച് ഗൃഹസ്ഥാശ്രമത്തിൽ പ്രവേശിക്കാതെയും സന്യാസിയാവാൻതക്ക പാകതയുണ്ടായിരിക്കാം.സന്യാസത്തിൻെറ തയ്യാറെടുപ്പാണ് വാനപ്രസ്ഥാശ്രമം. ബ്രഹ്മചര്യധർമ്മം ഗൃഹസ്ഥാശ്രമധർമ്മത്തിൻെറയും, വാനപ്രസ്ഥം സന്യാസാശ്രമത്തിൻെറയും അസ്ഥിവാരങ്ങളാണ്. ഈ വിധം ആശ്രമധർമ്മങ്ങൾ വേണ്ടവിധം അറിഞ്ഞാചരിച്ചാൽ വ്യക്തിപരവും സമഷ്ടിപരവുമായ യോഗക്ഷേമങ്ങൾ പുലരുകയും, ജീവിതലക്ഷ്യപ്രാപ്തി സു

ഗമമായിത്തീരുകയും ചെയ്യും. ഇത് ആദിനാരായണൻ മുതൽ ശ്രീനാരായണഗുരുവരെ പ്രകാശിപ്പിച്ചുതന്ന മനുഷ്യ ജീവിതമൂല്യങ്ങളാണ്.

'ധർമ്മ'പദത്തിൻെറ നിർവചനം വേദങ്ങളിലും ഇതിഹാസപുരാണങ്ങളിലും സ്മൃത്യാദിശാസ്ത്രങ്ങളിലും പലവിധത്തിൽ കാണുന്നതിൻെറ രഹസ്യമിതാണ്. ആധിഭൗതികം. ആദ്ധ്യാത്മികം, ആധിദൈവികം എന്നീ നിലകളിൽ ധർമ്മാചരണത്തിൻെറ രൂപഭാവങ്ങൾക്കും വ്യത്യാസമുണ്ടാവും. അടിസ്ഥാനപരമായ സനാതനധർമ്മത്തിന് മാററമില്ലെങ്കിലും ഉപധർമ്മങ്ങൾക്ക് ഉപാധിഭേദമനുസരിച്ച് മാററമുണ്ടാവും. ഈ സ്ഥിതിയിൽ വഹിക്കുക, നിലനിർത്തുക, സൂക്ഷിക്കുക, പരിപാലിക്കുക, ഉയർത്തിപ്പിടിക്കുക തുടങ്ങിയ അർത്ഥഭേദങ്ങളുണ്ട്. പരോക്ഷം, പ്രത്യക്ഷം, ആദ്ധ്യാത്മികം എന്നിങ്ങനെ വേദമന്ത്രങ്ങൾക്ക് മൂന്നുവിധം അർത്ഥമുള്ളത് ധർമ്മത്തെയും സംബന്ധിക്കുന്നുണ്ട്. കർത്തവ്യകർമ്മം, നിഷ്കാമകർമ്മം, സേവനകർമ്മം, യജ്ഞകർമ്മം (പഞ്ചമഹായജ്ഞങ്ങൾ മുതലായ ഈശ്വരോപാസന) ഇത്യാദി കർമ്മങ്ങളൊക്കെ തൻെറ ആത്മശുദ്ധീകരണത്തിനുതകുംവിധം ആശ്രമധർമ്മങ്ങളിൽ അനുഷ്ഠിക്കപ്പെടേണ്ടവയാണ്. ഇവ്വിധം പരസ്പരബോധപൂർവ്വം ധർമ്മം അനുഷ്ഠിച്ച് ജീവിക്കുന്നവർക്ക് തത്വബോധാത്മകമായ പരമധർമ്മം ക്ഷിപ്രസാദ്ധ്യമായി ഭവിക്കുന്നു. മനുഷ്യരാശിയുടെയെന്നല്ല, വിശ്വത്തിൻെറതന്നെ സുഖസമാധാനങ്ങൾ അന്തർഭവിച്ചിരിക്കുന്നത് ഈ ധർമ്മനിഷ്ഠയിൽ മാത്രമാണ്.

ജീവനെ— വ്യക്തിയെ— ശുദ്ധീകരിക്കുന്നതുപോലെ ആരോഗ്യപ്രദമായ രീതിയിൽ സമൂഹത്തെ ഒന്നിച്ചുനിർത്തുന്നതും നയിക്കുന്നതും ഈ ധർമ്മഗുണങ്ങളാണ്.

ധാരണാദ്ധർമ്മ ഇത്യാഹുഃ
ധർമ്മോദ്ധാരയതേ പ്രജാഃ
യദ്യദ്ധാരണ സംയുക്തഃ
സധർമ്മ ഇതിനിശ്ചിതഃ

ധർമ്മത്തിൽനിന്നുമാണ് അർത്ഥകാമങ്ങൾ പുഷ്ടിപ്പെടേണ്ടത്; അധർമ്മത്തിൽനിന്നല്ല. അതായത് ഭൗതികമാ

യ ആഗ്രഹങ്ങൾ സാധിക്കേണ്ടതും ധനാർജ്ജനം ചെയ്യേണ്ടതുമെല്ലാം ധർമ്മവിദിതകർമ്മത്തിലൂടെ ആയിരിക്കണം. അങ്ങനെയല്ലെങ്കിൽ പരിണാമം ദുഃഖഭൂയിഷ്ഠമായിരിക്കും. അതാണ് വേദവ്യാസമഹർഷി ചോദിക്കുന്നത്:

"സ ധർമ്മകിംനസേവ്യതേ?" എന്ന്. അതിനാൽ അവരവരുടെയും സമൂഹത്തിന്റെയും സുഖക്ഷേമങ്ങൾക്കും ജീവൻമുക്തിക്കും ഉതകുന്ന ധർമ്മങ്ങളെ അറിഞ്ഞു അനുഷ്ഠിക്കണമെന്നത് മനുഷ്യജീവിതത്തിന്റെ സർവ്വപ്രധാന കർത്തവ്യമാകുന്നു. ഇതാണ് ശ്രീനാരായണഗുരു 'ശ്രീനാരായണധർമ്മ'ത്തിലൂടെ പ്രകാശിപ്പിച്ചിരിക്കുന്നതും.

# ഹിന്ദുമതത്തിൽ ഇല്ലാത്തതെന്ത്?

പടികടന്നുവന്ന നവാഗതൻ സ്വയം പരിചയപ്പെടുത്തി 'മി...മേനോൻ'. ഉത്തരേന്ത്യൻ നഗരങ്ങളിൽ....ഉദ്യോഗത്തിലായിരുന്നു. ഒരു ആംഗ്ലോഇന്ത്യൻ ലേഡിയെ വിവാഹം ചെയ്ത് ഭാര്യയും മക്കളുമായി....നഗരത്തിൽ തന്നെ സെററിൽ ചെയ്തു. കന്യാകുമാരി കാണാൻ വന്ന കൂട്ടത്തിൽ സ്വാമിയേയും കാണാമെന്നു കരുതി ഇങ്ങോട്ടുവന്നു. ഭാര്യയും മക്കളും ലോഡ്ജിൽ ഇരിക്കുന്നു.

'നല്ലത്....നിങ്ങളുടെ വിവാഹം പള്ളിയിൽവെച്ചായിരിക്കുമല്ലോ....'

'അതെ കത്തോലിക്കാപള്ളിയിൽ....പക്ഷെ ഞങ്ങരം പള്ളിയിലും പോകാറില്ല....റിട്ടയഡ് ആയ ശേഷം ചില കല്ല്യാണങ്ങരംക്കുവേണ്ടി പള്ളിയിൽ പോകാറുമുണ്ട്....'

"അപ്പോരം ക്രിസ്തുമതത്തിൽ നിങ്ങരംക്കു വിശ്വാസമില്ലേ?

ക്രിസ്തുമതത്തിലെന്നല്ല, ഒരുമതത്തിലും എനിക്ക് വിശ്വാസമില്ല...."

"നിങ്ങളെപ്പററി വിശ്വാസമുണ്ടോ?"

"ഉണ്ട്, ഇല്ലെങ്കിൽപിന്നെ ജീവിക്കുവാൻ പററുമോ!"

"എന്നാൽ അതും ഒരു മതമാണ്—ജീവിതമതം. പക്ഷെ, നിങ്ങളുടെ മരണത്തോടുകൂടി അതും അവസാനിക്കുന്നു. ഇപ്പോഴാകട്ടെ, രേഖാപൂർവ്വം നിങ്ങളും ഭാര്യ-മക്കളോടൊപ്പം ക്രിസ്ത്യാനിയാണ്."

"മററു മതങ്ങളെക്കാരം ഊററംകൊള്ളാൻ ഹിന്ദുമതത്ത്വ

ലെന്താണുള്ളത്?"

"മററ് അമ്മമാരേക്കാൾ സ്വന്തം അമ്മയെപ്പററി നിങ്ങൾ ഊററംകൊള്ളുന്നില്ലേ, അതിലെന്താണ് പ്രത്യേകത?"

"അത് വ്യക്തിജീവിതസംബന്ധിയാണ്."

അതിനെക്കാൾ വ്യക്തിജീവിതസംബന്ധിയാണ് ഹിന്ദുമതം. പെററമ്മ ഒരു ജീവിതത്തിലെ മാതൃത്വമാണർഹിക്കുന്നത്. ഹിന്ദുമതമാകട്ടെ വ്യക്തിജീവിതകർത്താക്കളെന്ന് അഭിമാനമുള്ള കോടാനുകോടിജീവൻമാരുടെയും അവർക്കെല്ലാമുള്ള മതങ്ങളുടെയും മാതൃത്വം വഹിക്കുന്നു.

"അതെങ്ങനെ?"

"ഈശ്വരാംശമെങ്കിലും കർമ്മകുടുക്കുകളിൽപെട്ട്, ആരോഹണാവരോഹണരീതിയിൽ, ജൻമജൻമാന്തരങ്ങളായി സഞ്ചയിച്ച പുണ്യഫലമായി മനുഷ്യജൻമമെടുക്കുന്ന ജീവൻെറ ഉദ്ധാരണം ലക്ഷ്യമാക്കീട്ടുള്ളതാണ് ഹിന്ദുമതം—കൂടിയാൽ നൂറുകൊല്ലം കൊണ്ടവസാനിക്കുന്ന ഇഹജീവിതമല്ല. എന്നാൽ ലക്ഷ്യപ്രാപ്തിക്കു സഹായകമാംവിധം ചിട്ടപ്പെടുത്തിയ ജീവിതം ഏതു രംഗത്തായാലും നയിക്കണമെന്ന നിഷ്ക്കർഷയുണ്ട്. അതു പാരമ്പര്യവും സ്വധർമ്മവുമനുസരിച്ച് ബാല്യത്തിലേ വേണ്ടതുമാണ്. ഇക്കണക്കനുസരിച്ച് വിശ്വമതങ്ങളെല്ലാം സനാതന—ഹിന്ദു-മതത്തിൻെറ ഓരോ ശാഖകൾ മാത്രമാകുന്നു".

"അപ്പോൾ ബാല്യത്തിലേ പ്രത്യേകമൊരു മതത്തിൽ വിശ്വസിക്കാത്ത എൻെറ സ്ഥിതിയെന്ത്?"

"ഇന്നലെ' കൈവിട്ടുപോയി. 'നാളെ' എന്താവുമെന്നു നിശ്ചയമില്ല.'ഇന്ന്' സ്വാധീനമാണ്. ജാഗ്രതയോടുകൂടി നിമിഷനേരവും പാഴാക്കാതെ വേണ്ടത് വേണ്ടവിധം ഗ്രഹിച്ച് ധർമ്മം ആചരിച്ച് ജീവിക്കുക."

## എന്തൊരു വിധിവൈപരീത്യം!

മേനോൻെറ മുഖത്തിൽ വിരസത തളംകെട്ടുന്നു. അപ്പോഴേക്ക് നാലഞ്ച് ഇററലി ദേശീയർ വന്നു. അവരെ നയിക്കുന്ന ലൂസിക്ക് ലളിതമായി ഇംഗ്ലീഷിൽ സംസാരിക്കുവാൻ ക[illegible]മുണ്ട്. കൂടെ വന്നവർക്ക് അവരുടെ മാതൃഭാഷ

യേ അറിയാവൂ. ലൂസി വന്നഉടനെ കുറെ പഴവും ഒരു നൂറുരൂപാനോട്ടും ശ്രീകൃഷ്ണസ്വാമി സന്നിധിയിൽ ഭക്ത്യാദരപൂർവ്വം സമർപ്പിച്ച് നമസ്കരിച്ചു. പിന്നീട് സ്വാമിയേയും നമസ്കരിച്ചു. ഇററലിയിലെ റോമൻ കത്തോലിക്ക മതസ്ഥരാണവർ. ഹിന്ദുആചാരപ്രകാരമുള്ള അവരുടെ പെരുമാററംകണ്ട മേനോൻെറ മുഖഭാവത്തിലെ വിരസതമാറി, അത്ഭുതം സ്ഫുരിച്ചു. തിരുവണ്ണാമലയിലിരിക്കുന്ന സത്യാനന്ദസ്വാമിയുടെ നിർദ്ദേശമനുസരിച്ച് ഇവിടെവന്ന ഇററലിയിലെ റോമൻ കത്തോലിക്കർപോലും ഹിന്ദുസംസ്കാരവും ആചാരവും സ്വായത്തമാക്കിയിരിക്കുന്നു! ഭാരതത്തിൽ മനുഷ്യപ്പിറവി ലഭിക്കുന്നതുതന്നെ ഭാഗ്യം. ഹിന്ദുവായി ജനിക്കുന്നതോ മഹാഭാഗ്യം. ധർമ്മനിഷ്ഠരായ പുണ്യാത്മാക്കളുടെ സത്സംഗമുണ്ടാവുന്നത് പരമഭാഗ്യം. ഇതാ ഇവിടെ ജനിക്കുന്ന പല ഹിന്ദുക്കളും ആ പരമഭാഗ്യത്തിൽ പങ്കാളികളാവാതെ തീർത്ഥക്കരപാപികളെപ്പോലെ ചത്തതിനൊക്കുമേ ജീവിച്ചിരിക്കിലുമെന്നു കഴിയുന്നു. എന്തൊരു വിധിവൈപരീത്യം!

ലൂസി തൻെറ കൂടെ വന്നവരുടെ സന്ദേഹം പറഞ്ഞു: ഇതരമതങ്ങളെക്കാരം ഹിന്ദുമതത്തിൻെറ വൈശിഷ്ട്യമെന്ത്?

"ഹിന്ദുധർമ്മസിദ്ധാന്തമനുസരിച്ച് ഏകനും സർവ്വജ്ഞനും സർവ്വവ്യാപിയും നിരാകാരനും സച്ചിദാനന്ദസ്വരൂപനുമാണ് ഈശ്വരൻ. എന്നാൽ മനുഷ്യരുടെ—ജീവൻെറ—ഉദ്ധാരണത്തിനായി ആ പരിപൂർണ്ണൻതന്നെ അനേക രൂപഭാവങ്ങളിൽ അനുഭവഗോചരനാണ്. അപ്പോഴും പരിപൂർണ്ണതയ്ക്ക് യാതൊരു കുറവുമുണ്ടാവുന്നില്ല.

ജീവൻെറ സംസാരഗതിയിൽ ഏതുതരം കർമ്മമായാലും അവനവൻ ചെയ്ത കർമ്മങ്ങളുടെ ഫലം അനുഭവിച്ചേ തീരൂ. കർമ്മസിദ്ധാന്തത്തോടൊപ്പം പൂർവ്വജൻമവും പുനർജ്ജൻമവും ശരിയായി ഗ്രഹിക്കേണ്ടതാണ്.

വേണ്ടതു വേണ്ടപോലെ, അറിവും അനുഭവവുമുള്ള സദ്ഗുരുവിൽനിന്ന് ഗ്രഹിച്ച് അനുഷ്ഠിച്ചാൽ ജീവിതലക്ഷ്യമായ ഈശ്വരപ്രാപ്തി ഈ ജൻമത്തിൽ ഇപ്പോരം തന്നെ സാധിക്കും.

സ്വാഭാവികമായും ശുദ്ധതത്വസത്താമാത്രസ്വരൂപനായ ഈശ്വരന്റെ അംശമായ ജീവൻ തന്റെ പാരമാർത്ഥികസ്വരൂപം അറിയാതെ ഉഴലുന്നു....''

ലൂസി: ''അറിവുണ്ടെന്നു അഭിമാനിക്കുന്നവർപോലും ഹിന്ദുമതതത്വങ്ങളെപ്പററി വ്യത്യസ്താഭിപ്രായങ്ങൾ പറയുന്നുവല്ലോ....''

അതും ഹിന്ദുധർമ്മത്തിന്റെ മഹത്തായ ഉദാരതയാലാണ്. അവരവരുടെ കർമ്മവാസനകളനുസരിച്ച് അറിഞ്ഞതും അനുഭവിച്ചതും പറയുന്നു. ആത്യന്തികമായ പാരമാർത്ഥികനില വരെ വൈവിദ്ധ്യങ്ങളും വൈരുദ്ധ്യങ്ങളും നിലനിൽക്കും. മാത്രമല്ല ഒരു പരിധിവരെ വ്യാവഹാരിക ജീവിതത്തിൽ അതാവശ്യവുമാണ്.

ഒരാൾക്ക് കിട്ടിയ വൈരരത്നത്തിന്റെ മതിപ്പുവിലയറിയാൻ പച്ചക്കറി വ്യാപാരിയോട് അന്വേഷിച്ചു. വൈരം തന്നാൽ പകരം ഒരു കുട്ട കത്തിരിക്കാ കൊടുക്കാമെന്നു പറഞ്ഞു. അടുത്ത അരിക്കടയിൽ ചെന്നന്വേഷിച്ചു. ഒരു ചാക്ക് അരികൊടുക്കാമെന്നു അരിക്കച്ചവടക്കാരൻ. ഇങ്ങനെ ഓരോ വ്യാപാരിയും വൈരത്തിന് നിശ്ചയിച്ച മൂല്യം വ്യത്യസ്തമാണെന്നു മാത്രമല്ല, യഥാർത്ഥ വിലയുടെ ലക്ഷത്തിലൊരംശംപോലും മതിക്കാനും കഴിഞ്ഞില്ല. അവസാനം രത്നവ്യാപാരി ആ വൈരം പത്തുലക്ഷം രൂപകൊടുത്തു വാങ്ങി.

## സുഖവും ദുഃഖവും

ഇതുപോലെ ഹിന്ദുമതത്തെയും ഓരോരുത്തരുടെ സംസ്ക്കാരമനുസരിച്ച് കാണുന്നു. ചിലർ ആകാശത്തെപ്പോലെ വിശാലമായും സമുദ്രത്തെപ്പോലെ ആഴമേറിയതായും പരാമർശിക്കും. സ്വധർമ്മാചരണത്തിലൂടെ ശരീര-മനസ്-ബുദ്ധികളുടെ ത്രികരണശുദ്ധി സാധിച്ചവർ മാത്രം ഹിന്ദുധർമ്മത്തിന്റെ പാരമാർത്ഥിക സ്വരൂപം കാണുന്നു-ഒരു ജലാശയത്തിൽനിന്നു അവരവരുടെ പാത്രവലിപ്പമനുസരിച്ച് വെള്ളം കോരിയെടുക്കുന്നതുപോലെ....''

''സംസ്കാരം ശരിയായ അർത്ഥത്തിൽ എന്താണ്?'' ലൂസി കൂടെ വന്നവരുടെ സംശയം ആവർത്തിച്ചു.

"ജീവനെ ശുദ്ധതത്വസ്വരൂപമാക്കിത്തീർക്കുന്ന പ്രക്രിയ. ഇതു സാത്വികപാരമ്പര്യംകൊണ്ടും ധർമ്മാചരണം കൊണ്ടും സാധിക്കാം. അധർമ്മാചരണങ്ങൾ നിമിത്തം കുസംസ്കാരത്തിലഭിരുചി വർദ്ധിപ്പിച്ച് ജീവന്റെ അധഃപതനത്തിനിടയാക്കുന്നവരാണ് ഭൂരിപക്ഷവും. സാത്വികപാരമ്പര്യവും ധർമ്മാചരണവുമുള്ളവർ ക്രമപ്രവൃദ്ധമായി ജീവിതലക്ഷ്യം പ്രാപിച്ച് കൃതകൃത്യരാവുന്നു. പാപവും പുണ്യവും അനുസരിച്ച് ദു:ഖവും സുഖവും അനുഭവപ്പെടും. ജീവിതനിലവാരത്തിൽ ഈവക ദ്വന്ദ്വങ്ങൾ വരികയും പോവുകയും ചെയ്യും. അർഹതയുള്ളതുമാത്രമേ അതിജീവിക്കൂ. ആദ്ധ്യാത്മിക സംസ്കാരമുള്ളവർ ആത്യന്തിക സുഖത്തിനും സമാധാനത്തിനും അർഹരായിത്തീരുന്നു."

"ആദ്ധ്യാത്മിക സംസ്കാരമില്ലെങ്കിലും വിജ്ഞാനംകൊണ്ട് ജീവിതം സുഖഭൂയിഷ്ഠവും സമാധാനപൂർണ്ണവുമാക്കിക്കൂടെ? വിജ്ഞാനത്തിന്റെ അൽഭുതനേട്ടങ്ങൾ...." മി....മേനോന്റെ ചൊടിച്ചുകൊണ്ടുള്ള ചോദ്യം മുറിച്ചുകൊണ്ടുതന്നെ മറുപടി പറയേണ്ടിവന്നു.

## ജ്ഞാനവിജ്ഞാനങ്ങൾ

"ജ്ഞാനമെന്നും വിജ്ഞാനമെന്നും ജ്ഞാനത്തിനു രണ്ട് വശങ്ങളുണ്ട്. ജ്ഞാനം സ്വാഭാവികമായി ജീവനിൽ ഉള്ളതാണ്. അത് ഈശ്വരീയവും സനാതനവും സത്യവുമായ വിദ്യാസ്വരൂപമാകുന്നു. ജീവസൃഷ്ടിയായ വിജ്ഞാനം ബുദ്ധി, മനസ്സ്, ശരീരം എന്നിവകൊണ്ട് പോഷിപ്പിക്കപ്പെടുന്നതും മായാധീനമായ പ്രപഞ്ചത്തിന്റെ അത്ഭുതപ്രതിഭാസങ്ങളെല്ലാം കാട്ടി സുഖിപ്പിക്കുകയും ദുഃഖിപ്പിക്കുകയും ചെയ്യുന്നതുമാണ്. മനോബുദ്ധി ശരീരങ്ങളായ ത്രിവിധകരണങ്ങളെയും കടന്നു സ്വയം ബോദ്ധ്യപ്പെടേണ്ടതാണ് ജ്ഞാനം. അതിനാൽ ജ്ഞാനം വിദ്യാസ്വരൂപിണിയെന്നും വിജ്ഞാനം അവിദ്യാസ്വരൂപിണിയെന്നും അറിയപ്പെടുന്നു. വ്യവഹാരത്തിൽ ജ്ഞാനത്തെ ആദ്ധ്യാത്മശാസ്ത്രമെന്നും വിജ്ഞാനത്തെ ഭൗതികശാസ്ത്രമെന്നും പറയുന്നു.

വിജ്ഞാനാനുഭൂതികളുടെയെല്ലാം അന്ത്യത്തിൽ അവശേഷിക്കുന്ന ഇനിയെന്തെന്ന ഏററവും വലിയ ചോദ്യത്തിനു സമാധാനം നല്കുന്നതാണ് ജ്ഞാനം. വിജ്ഞാനത്തിൻേറതായ സർവ്വമണ്ഡലങ്ങളും ഓരോന്നായി കണ്ടറിഞ്ഞ് 'ഇതല്ല ഇതല്ല' (നേതി നേതി) എന്നു ത്യജിച്ച മഹർഷീശ്വരൻമാർ മുഖേന ജ്ഞാനം പ്രകാശിതമായി. ശ്രുതിയുക്ത്യനുഭവസിദ്ധമായ ആ പരമതത്വംതന്നെ ഈശ്വരൻെറ പാരമാർത്ഥികസ്വരൂപം. അത് സത്യം, ശുദ്ധം, അനന്തം, അവർണ്ണനീയം, സച്ചിദാനന്ദം, സനാതനം.

ആ പരമലക്ഷ്യപ്രാപ്തിക്ക് ഓരോ ജീവനും അവകാശമുണ്ട്. ഓരോരുത്തരുടെ കർമ്മവാസനയനുസരിച്ച് ഇന്നല്ലെങ്കിൽ നാളെ, ഈ ജൻമത്തിലല്ലെങ്കിൽ അടുത്ത ജൻമത്തിൽ ലക്ഷ്യത്തിലെത്തുകയും വേണം.

വിജ്ഞാനത്തിൻെറ ആധുനിക പ്രവണതകളും അതിനപ്പുറവും പ്രകടിപ്പിച്ചിരുന്നതിൻെറ പ്രമാണങ്ങൾ ഹിന്ദുവേദങ്ങൾ, ശാസ്ത്രങ്ങൾ, ഇതിഹാസങ്ങൾ, പുരാണങ്ങൾ എല്ലാററിലും കാണാം. ആകാശവാണി, ദൂരദർശനം, വൈദ്യുതി, ഗോളാന്തരയാത്ര, സ്ഥൂല–സൂക്ഷ്മസ്വരൂപങ്ങളായ പലവിധ യന്ത്രതന്ത്രമന്ത്രനിബദ്ധമായ ശാസ്ത്രങ്ങൾ, തിരസ്കരണ്യാദി വിദ്യകൾ ഇത്യാദി എത്രയെത്ര!

ഇന്നത്തെ ബഹിരാകാശതാവളസങ്കൽപ്പം സഹസ്രാബ്ദങ്ങൾക്കുമുൻപ് സാക്ഷാത്കരിച്ച ത്രിശങ്കുസ്വർഗ്ഗത്തിൻെറ തുടർച്ച മാത്രമാണ്. ബഹുവിധവിമാനങ്ങൾ, പൈലട്ട് ഇല്ലാത്ത നാല്നിലവിമാനങ്ങൾ, ബഹുദൂരം വായുവേഗത്തിൽചെന്നു ശത്രുസംഹാരം ചെയ്തിട്ട് തിരിച്ചുവന്നു പൂർവ്വസ്ഥിതിയിലിരിക്കുന്ന ദിവ്യായുധങ്ങൾ ഇത്യാദി ലോകത്തിൻെറ സുഖദുഃഖമാത്രകളെ വർദ്ധിപ്പിക്കുന്ന വിജ്ഞാനവും വിജ്ഞാനവിഭവങ്ങളും ഓരോ യുഗത്തിൻെറയും സ്വഭാവവും മനുഷ്യപ്രകൃതിയുമനുസരിച്ച് ഉണ്ടാവുകയും നശിക്കുകയും ചെയ്തിട്ടുണ്ട്. സൃഷ്ടിയുടെ കൂടപ്പിറപ്പാണ് സ്ഥിതിയും സംഹാരവും. വിജ്ഞാനസൃഷ്ടികളിൽ ജീവിതശീലം ഉണ്ടായവർക്കു അതില്ലെങ്കിൽ ജീവിക്കുവാനും പ്രയാസം. ആശകൾ അധികരി

ക്കുന്നതനുസരിച്ച് നിരാശ, ഭയം, രാഗം, ദ്വേഷം, പക, കള്ളം, കപടം, കൊള്ള, കൊല, അന്യായം, അധർമ്മം എല്ലാം പെരുകും. സ്നേഹം, ദയ, വിവേകം, ത്യാഗം, ഈശ്വരവിശ്വാസം, ധർമ്മാചാരം, ന്യായം, നീതി എല്ലാം നാമമാത്രമായിത്തീരും. ഏതിനും എന്തിനും സംഘടിതബലത്തെ ആശ്രയിക്കുക കലിയുഗസ്വഭാവവുമാണ്....''

മി. മേനോൻ:—ഇതൊക്കെ ഹിന്ദുമതത്തിൽ പറഞ്ഞിട്ടുണ്ടോ?

''അതെ. ഹിന്ദുമതത്തിൽ ഇല്ലാത്തതൊന്നും ഇവിടെ പറഞ്ഞില്ല. ആദിയിൽ പ്രകാശിക്കുകയും പിന്നീട് ശ്രവണമനനദ്വാരാ പ്രചരിക്കുകയും ഈ യുഗത്തിൽ ഗ്രന്ഥരൂപത്തിൽ കാണുകയും ചെയ്യുന്ന വേദത്തിലും അതിൻെറ ആഖ്യാനോപാഖ്യാനങ്ങളായ ഇതിഹാസപുരാണങ്ങളിലും എല്ലാം വർണ്ണിച്ചിട്ടുണ്ട്. ഈ ഗ്രന്ഥങ്ങൾ എല്ലാമില്ലെങ്കിൽ ഒന്നെങ്കിലും ബാല്യത്തിലേ അറിവും അനുഭവവുമുള്ള ഗുരുവിൻെറ കീഴിൽ ഗുരുത്വപൂർവം പഠിക്കണമെന്നാണ് വ്യവസ്ഥ. അതു സാധിച്ചില്ലെങ്കിൽ വിജ്ഞാനബുദ്ധിപൂർവം അർത്ഥവാദം, അപവാദം, സിദ്ധാന്തം എന്നീ ത്രികോണരീതിയിൽ പഠിക്കണം. ജ്ഞാനബുദ്ധിപൂർവം പ്രത്യക്ഷം, പരോക്ഷം, അപരോക്ഷം എന്നീ ക്രമത്തിൽ ഗ്രഹിക്കുവാൻ സാധിക്കണം. അപ്പോൾ ബോദ്ധ്യപ്പെടും ഹിന്ദുമതത്തിൽ ഇല്ലാത്തതായി യാതൊന്നുമില്ലെന്ന്.''

## ഗുരു അനിവാര്യം

ലൂസിയും കൂട്ടരും വിടപറയാനായി നമസ്കരിച്ചുകൊണ്ടെണീററു: ''ഞങ്ങൾ ഇററലിയിൽ തിരിച്ചെത്തിയ ഉടനെ സ്വാമിജിക്ക് ഇഷ്ടമായ ഒന്ന് അയക്കുവാൻ ആഗ്രഹിക്കുന്നു; എന്താണ് വേണ്ടത്?''

''നിങ്ങളുടെ സൗഹാർദ്ദത്തിനു നന്ദി; ഈ സന്യാസിക്ക് വേണ്ടതെല്ലാം ഇവിടെയുണ്ട്. പ്രത്യേകിച്ച് ഒന്നും അയയ്ക്കണമെന്നില്ല. നിങ്ങൾക്കുവേണ്ടി ഒരപേക്ഷ—ഹിന്ദുധർമ്മത്തെപ്പററി മേൽക്കുമേൽ അറിയാനും അനുഭവപ്പെടുത്താനും ശ്രമിച്ചുകൊണ്ടിരിക്കുക; ഭഗവാൻ ശ്രീകൃഷ്ണൻ

നിങ്ങളെ അനുഗ്രഹിക്കട്ടെ.''

അവർ നന്ദിപൂർവം ഭഗവൽപ്രസാദം സ്വീകരിച്ചുകൊണ്ട് വിടപറഞ്ഞു. അവരെ അനുഗമിക്കാനുള്ള വെമ്പലോടെഎണീററ മി. മേനോന് ഒരു സംശയം—''അപ്പോൾ ഒരു ഗുരുവിനെ ആശ്രയിക്കാതെ ഈശ്വരസാക്ഷാത്കാരം സാദ്ധ്യമല്ലേ? അദ്ധ്യാത്മശാസ്ത്രങ്ങൾ വായിച്ചാൽ പോരേ?''

''പൂർവ്വസംസ്കാരവും സ്വദ്ധ്വാസനയമനുസരിച്ച് അപൂർവം ചില പുണ്യാത്മാക്കൾക്കു അതുപോരായെന്നില്ല. പക്ഷേ സദ്ഗുരുസാന്നിദ്ധ്യം സന്ദർഭമനുസരിച്ച് അവരെ സമീപിക്കാറുണ്ടെന്നും അതു മററുള്ളവരെ ബോദ്ധ്യപ്പെടുത്താനല്ലെന്നും മനസ്സിലാക്കണം. നാം നിത്യവും കണ്ടും കേട്ടുമിരിക്കുന്ന കാര്യങ്ങൾ ഗ്രഹിക്കുവാൻ പോലും ഒരു മാർഗ്ഗദർശകനെ—ഗുരുവിനെ—ആശ്രയിക്കുന്നുവെന്നിരിക്കെ അതിനേക്കാൾ അവ്യക്തവും സൂക്ഷ്മവുമായ അദ്ധ്യാത്മശാസ്ത്രം ഗ്രഹിക്കുവാൻ സദ്ഗുരുവിൻെറ സഹായം അത്യന്താപേക്ഷിതമല്ലേ? തന്നിഷ്ടംപോലെ നേടുന്ന അദ്ധ്യാത്മജ്ഞാനം വികലവും വികടവുമാവാം. എന്നുമാത്രമല്ല ആത്മപീഡനത്തിനും പരപീഡനത്തിനും അതു വഴിയൊരുക്കുകയും ചെയ്യും. പരോപകാരായ പുണ്യായ പാപായ പരപീഡനം—ഹിന്ദുധർമ്മത്തിൻെറ മുഖ്യമായ ഒരു മുദ്രാവാക്യമാണിത്.''

മി. മേനോനും അല്പം പ്രസന്നഭാവത്തോടെ വീണ്ടും കാണാമെന്നു പറഞ്ഞു കൈകൂപ്പി.

# ശാക്തമതം

'ഏകം സത് വിപ്രാബഹുധാ വദന്തി' ഏകവും അദ്വൈതവുമായ ഈശ്വരനെ പണ്ഡിതൻമാർ പല നാമരൂപങ്ങളിൽ പറഞ്ഞുതരുന്നു. മനുഷ്യരുടെ വാസനാവിശേഷവും മനപ്പരിപാകതയുമനുസരിച്ച് ഓരോരുത്തർക്കു ഹിതകരമായ നാമരൂപങ്ങളും തദനുസരണം സാധനയും ആവശ്യമാകുന്നു. ലൗകികവും പാരത്രികവുമായ സൗഖ്യത്തിനും മോക്ഷത്തിനും ഭിന്നമാർഗ്ഗങ്ങളിലൊന്നിനെ കണ്ടെത്തി അതുവഴി ചരിച്ചേ തീരൂ. അന്തിമലക്ഷ്യപ്രാപ്തി വരെ സ്വധർമ്മാനുഷ്ഠാനത്തിൽനിന്നു ഒഴിഞ്ഞുമാറാനും പററുകയില്ല. ഇതാണ് ആരാധനാസമ്പ്രദായങ്ങളിലെ വൈവിധ്യത്തിനു കാരണം. ആദിമുതൽക്ക് നടപ്പിലുണ്ടായിരുന്ന ഈ ആരാധനാസമ്പ്രദായങ്ങളെ ആദിജഗദ്ഗുരു ശ്രീ ശങ്കരാചാര്യർ ആറു മതങ്ങളാക്കി ചിട്ടപ്പെടുത്തി. ഗാണപത്യം, സൗരം, കൗമാരം, ശൈവം, വൈഷ്ണവം, ശാക്തം എന്നീ ഷണ്മതങ്ങളാണവ.

സഹസ്രനാമാവലികളാൽ പ്രകീർത്തിക്കപ്പെടുന്ന ഈശ്വരനെപ്പോലെ ഈശ്വരിക്കുമുണ്ട് പല നാമരൂപഭേദങ്ങൾ. ലൗകിക നിലവാരത്തിൽനിന്നു ആദ്ധ്യാത്മിക നിലവാരത്തിലേക്കുയരുമ്പോൾ ഈശ്വരനും ഈശ്വരിയും ഭിന്നമല്ലെന്നു കാണും. 'ഓം ശിവശക്ത്യൈക്യരൂപിണ്യൈനമ :'— ഇത് ശ്രീലളിതാസഹസ്രനാമാവലിയിലെ 999–ാം മന്ത്രം. ദീപവും പ്രകാശവും, വാക്കും അർത്ഥവും എന്നപോലെ ശിവനും ശക്തിയും അഭിന്നമാണെന്ന് താൽ

പര്യം. ഇതിനും മേലേയാണ് നാമരൂപങ്ങൾക്കതീതമായ ബ്രഹ്മസാക്ഷാൽക്കാരം. ഈ ആത്മസാക്ഷാല്ക്കാരം സിദ്ധിക്കുന്നതുവരെ ദ്വൈത—വിശിഷ്ടാദ്വൈതാദി സാധനാപഥങ്ങളിലൂടെ കടന്നുചെല്ലേണ്ടിയിരിക്കുന്നു. ആത്മമോക്ഷവും ലോകഹിതവും ജീവിതലക്ഷ്യമാക്കിയ പുണ്യാത്മാക്കൾ ബ്രഹ്മസാക്ഷാല്ക്കാരത്തിനുശേഷവും ബഹുജനഹിതത്തിനുവേണ്ടി പ്രവർത്തിച്ചുകൊണ്ടിരിക്കും. അദ്വൈതിയായ ആദിശ്രീശങ്കരാചാര്യരുടെ ഷണ്മതസ്ഥാപനോദ്ദേശ്യവുമതുതന്നെ.

വേദത്തിലെ ശ്രീസൂക്തം മുതലിങ്ങോട്ടു നോക്കിയാൽ എല്ലാ വിധത്തിലും ബൃഹത്തരമായ ഒരു ആരാധനാസമ്പ്രദായമാണ് ശാക്തമതമെന്നു കാണാം. സാഗരോപമം വിശാലമായ ഹിന്ദുധർമ്മത്തിൽ, വൻനദികളെന്നപോലെ ലയിച്ചിരിക്കുന്ന മതങ്ങളിൽ സുപ്രധാനമായ ഒന്നാണത്. സർവ്വേശ്വരശക്തിയെ ജഗന്മാതാവായി, പരാശക്തിയായി ആരാധിക്കുന്ന സമ്പ്രദായം, ശാക്തമതം. അംബിക—അമ്മ—എന്നാൽ പെററമ്മയെന്നുമാത്രമല്ല അർത്ഥം. അമ്മയുടെ സ്വാഭാവിക ഗുണങ്ങളോടുകൂടിയവരെല്ലാം മാതാക്കളാണ്; അഥവാ ജഗത്ജനനിയുടെ ഭിന്നരൂപങ്ങളാകുന്നു. പൂർണ്ണപരിശുദ്ധി, നിസ്സ്വാർത്ഥത, സഹിഷ്ണത, വാത്സല്യം, ത്യാഗം, പ്രേമം, കാരുണ്യം ഇത്യാദിസ്വാഭാവികഗുണങ്ങൾ എവിടെ കുടികൊള്ളുന്നുവോ അവിടെ ശക്തിത്വം—മാതൃത്വം പൂർണ്ണമായി വിളങ്ങുന്നു, അവിടെ ശ്രദ്ധയും ഭക്തിയും, ജ്ഞാനവും വളർന്നു വികസിക്കും. അവിടെ ഭയകൗടില്യാദികൾക്ക് സ്ഥാനമില്ല. നിർഭയമായി സ്വധർമ്മാചരണം നടക്കുന്ന അഭയസ്ഥാനമാണത്.

'മാതൃദേവോ ഭവ' 'ജനനീ ജൻമഭൂമിശ്ച സ്വർഗ്ഗാദപി ഗരീയസീ' ഇത്യാദി വേദോക്തികൾ മാതൃത്വമഹിമകളെയാണ് പ്രകീർത്തനം ചെയ്യുന്നത്. മററു മതങ്ങൾക്കെന്നപോലെ ശാക്തമതത്തിൻേറയും ആധാരം വേദംതന്നെ. എന്നാൽ എല്ലാ മതങ്ങളിലുമുണ്ട് ദേവ്യുപാസന. എല്ലാ രാജ്യങ്ങളിലുമുണ്ട് ശക്ത്യാരാധന. അതിൻെറ ശാസ്ത്രീയ സമ്പത്ത് സനാതനധർമ്മത്തിലും അനുഭൂതിസമ്പത്ത് ഭാരതത്തിലും നിറഞ്ഞിരിക്കുന്നുവെന്നുമാത്രം. സ്വാമിവി

വേകാനന്ദൻ പറയുന്നു:—

'വേദങ്ങളിലെ 'മനു' ദേവനെ പേഴ്സ്യക്കാർ 'അഹ്രിമ' നായി മാററി. പ്രശ്നത്തിനു പൗരാണികമായ സമാധാനത്തിന്റെ കാലം കഴിഞ്ഞു. പ്രശ്നം ഉത്തരമോ പരിഹാരമോ ഇല്ലാതെ പിന്നെയും ശേഷിച്ചു.

'വേദങ്ങളിലെ ദേവീസ്തോത്രങ്ങളിൽ മറെറാരാശയമുണ്ട്. അതിതാണ്: "ഞാൻ പ്രകാശമാണ്; ഞാൻ സൂര്യനിലേയും ചന്ദ്രനിലേയും പ്രകാശമാണ്. സകല ജീവികളേയും ഉൻമേഷിപ്പിക്കുന്ന വായു ഞാനാണ്," പിൽക്കാലത്ത് അംബാരാധനയായി വികസിക്കുന്ന അങ്കുരമിതാണ്. അംബാരാധനകൊണ്ട് പിതാവും മാതാവും തമ്മിൽ വ്യത്യാസം വകവെച്ചിട്ടില്ല. അതിലെ പ്രഥമാശയം 'ശക്തി' യാണ്—സകല ജീവികളിലും കുടികൊള്ളുന്ന ശക്തി.

'ഞാൻ സകല ജീവജാലങ്ങളുടെയും ചക്രവർത്തിനിയാണ്: സകലത്തിലും വർത്തിക്കുന്ന ശക്തിയാണ്, എന്നിങ്ങനെ അർത്ഥമുള്ള മന്ത്രം പ്രാചീനവേദത്തിൽ കാണുന്നു.

'അംബാരാധന സ്വയം ഒരു സവിശേഷ ദർശനമാകുന്നു. ശക്തി നമ്മുടെ പ്രഥമാശയമാണ്". മനുഷ്യന്റെ ഓരോ അടിവെപ്പിലും അതിന്റെ ആഘാതം അനുഭൂതമാകുന്നുണ്ട്. ആന്തരമായി അനുഭവപ്പെടുന്ന ശക്തി ആത്മാവും ബാഹ്യമായി അനുഭവപ്പെടുന്നത് പ്രകൃതിയും. ഇവ രണ്ടും തമ്മിലുള്ള പോരാട്ടമാണ് മനുഷ്യജീവിതം. നാം അറിയുന്നതും അനുഭവിക്കുന്നതുമെല്ലാം ഈ രണ്ടു ശക്തികളുടെ സംയുക്തഫലമത്രേ. നൻമയിലും തിൻമയിലും ഒരുപോലെ സൂര്യൻ പ്രകാശിക്കുന്നതു മനുഷ്യൻ കണ്ടു. ജഗത്തിലുള്ള സർവ്വത്തിൻേറയും പിന്നിലുള്ള 'സമഷ്ടിശക്തി'യെന്ന ഒരു പുതിയ ഭാവന ഈശ്വരനെപ്പററി രൂപം കൊണ്ടു. അങ്ങനെ ജഗൻമാതൃഭാവന ഉടലെടുത്തു.

'അമ്മയുടെ മുമ്പിൽ എന്നേക്കുമായി നിരുപാധികം ആത്മസമർപ്പണം ചെയ്താലേ നമുക്കു ശാന്തി ലഭിക്കൂ. ഭയത്തിനോ പ്രലോഭത്തിനോ വഴങ്ങാതെ, അമ്മയെ സ്നേഹിക്കുക. നല്ലതിലും ചീത്തയിലും എല്ലാററിലും ഒരുപോലെ അവളെ ദർശിക്കുക. അപ്പോൾ മാത്രമേ, അമ്മയുടെ തനിസ്വരൂപമായ അഭേദാവസ്ഥയും നിത്യാനന്ദവും നമു

ക്കു കിട്ടൂ. അതുവരെ ദുരിതങ്ങൾ നമ്മെ പിന്തുടരും. അമ്മയിൽ വിശ്രമിക്കുമ്പോഴെ നാം സുരക്ഷിതരായിരിക്കൂ''.

(വി. സാ. സ IV, 390)

വേദത്തിൽ ശ്രീസൂക്തം, ദേവീസൂക്തം മുതലായവ അംബാരാധനയുടെ മൂലപ്രമാണങ്ങളാണ്. കേനോപനിഷത്തിൽ 'ബഹുശോഭമാനം ഉമാം ഹൈമവതീം' എന്നു പ്രകീർത്തിക്കുന്നു. പരാശക്തിയുടെ വിഭൂതി വർണ്ണനം ചെയ്യുന്ന പ്രത്യേക ഉപനിഷത്തുക്കളും പുരാണങ്ങളും നിരവധി സ്തോത്രഗ്രന്ഥങ്ങളും ഉണ്ട്. ബഹവൃചോപനിഷത്ത്, ത്രിപുരോപനിഷത്ത്, ഭാവനോപനിഷത്ത് ഇത്യാദി ഉപനിഷത്തുക്കൾ; ദേവീഭാഗവതം, കാളിക–മാർക്കണ്ഡേയാദി പുരാണങ്ങൾ എന്നിവ പ്രസിദ്ധങ്ങളാണ്. രാമായണത്തിലും മഹാഭാരതത്തിലും ധർമ്മസമരത്തിൻെറ വിജയത്തിന്നായി ദേവ്യാരാധന നടത്തിയതായി കാണുന്നു. രുഗ്മിണീദേവി ദേവീക്ഷേത്രത്തിൽചെന്നു ആരാധന നടത്തിയിട്ട് വിവാഹത്തിനു തിരിക്കുന്നതായി ശ്രീ മഹാഭാഗവതത്തിൽ വർണ്ണിച്ചിരിക്കുന്നു. ബ്രഹ്മാണ്ഡപുരാണത്തിൽ ശ്രീലളിതാസഹസ്രനാമവും, ലളിതാത്രിശതിയും, ഭഗവതീപൂജ ചെയ്യുന്ന ക്രമങ്ങളും അടങ്ങിയിരിക്കുന്നു. സപ്തശതീ എന്നു പ്രസിദ്ധമായ ദേവീമാഹാത്മ്യം മാർക്കണ്ഡേയ പുരാണത്തിലുള്ളതാണ്. ആഗമരഹസ്യം, സംഹിത, യാമളം, ആർണ്ണവം, തന്ത്രം തുടങ്ങിയ എത്രയോ ഗ്രന്ഥങ്ങൾ ദേവീപൂജാക്രമങ്ങളേയും തത്വങ്ങളേയും വിവരിക്കുന്നതായിട്ടുണ്ട്.

ശ്രീ കൈലാസത്തിൽനിന്ന് ശ്രവിച്ചതിൻവിധം, ശ്രീ ഗൗഡപാദാചാര്യരിൽ നിന്നു ഗ്രഹിച്ച ആദി ശ്രീ ശങ്കരാചാര്യർ രചിച്ചതായ 'സൗന്ദര്യലഹരി'സ്തോത്രം, കാളിദാസൻെറ 'ശ്യാമളാദണ്ഡകം' മുതലായ ദേവീ സ്തോത്രങ്ങൾ പ്രഥമഗണനീയങ്ങളാണ്. സൗന്ദര്യലഹരിയിലെ ഒരു ശ്ലോകത്തിൽ, പരമശിവൻ ലോകനൻമയ്ക്കായി പല തന്ത്രശാസ്ത്രങ്ങൾ അരുളിച്ചെയ്തുവെന്നും, പിന്നീട് പരമേശ്വരിയുടെ ഇഛാനുസരണം സർവ്വതന്ത്രസാരമായ ശ്രീ തന്ത്രം എന്ന ശ്രീ വിദ്യ ഉപദേശിച്ചതായും പറയുന്നു. ശ്രീ വിദ്യയിൽ എല്ലാവിധ ദേവീ ഉപാസനക്രമങ്ങളും അടങ്ങി

യിരിക്കുന്നുവെന്ന് കണ്ട് അതിനെ വിസ്തരിക്കാനായി ദത്താത്രേയൻ 18000 ശ്ലോകങ്ങളുള്ള 'ദത്തസംഹിത' രചിച്ചു. അതുതന്നെ ശ്രീ പരശുരാമൻ ഉപദേശിച്ചവിധത്തിൽ 6000 ശ്രീ സൂത്രങ്ങളായി രൂപാന്തരപ്പെട്ടു. ശ്രീ പരശുരാമശിഷ്യനായ സുമേധസ് ഈ സംഹിതയും സൂത്രങ്ങളും ക്രോഡീകരിച്ച് സംഗ്രഹിച്ചതാണ് 'പരശുരാമകല്പസൂത്രം'. 'നാരദപഞ്ചരാത്ര'ത്തിൽ ദശമഹാവിദ്യകളെപ്പററി ശാക്തേയമായി വർണ്ണിച്ചിട്ടുണ്ട്.

ശാക്തമന്ത്രശാസ്ത്രം വൈദികവും അവൈദികവുമെന്നു രണ്ടായി തിരിക്കപ്പെട്ടിരിക്കുന്നു. വൈദികമാർഗ്ഗം ആത്മമോക്ഷത്തിനും ബഹുജനഹിതത്തിനും ഹേതുവായി ഭവിക്കുന്നു. അവൈദികമാർഗ്ഗം പ്രായേണ സ്വാർത്ഥസിദ്ധികൾക്കായി പ്രയോഗിക്കപ്പെടുന്നു. ഇതുതന്നെ പല രൂപഭേദങ്ങളിലൂടെ ബൗദ്ധ–ജൈനമതങ്ങളെയും മററു വിദേശ മതങ്ങളെയും സ്വാധീനിച്ചിട്ടുണ്ട്. പുരുഷാർത്ഥപ്രാപ്തിക്കുള്ള ഉപായങ്ങളെ ദുരുപയോഗപ്പെടുത്തിയതിന്റെ പരിണാമഫലമാണിത്. കൗളമാർഗ്ഗം, മഹാസമ്മോഹനതന്ത്രം, വാതുളതന്ത്രം, ഹൃദ്ഭേദതന്ത്രം, ഗുഹ്യതന്ത്രം, കലാവാദം, കലാസാരം, ഗണികാമതം, രസവാദം, വീണാകൃതന്ത്രം, രൂപഭേദാദിതന്ത്രം മുതലായവ ഈ വാമാചാരസംബന്ധികളാണ്. എട്ടുതരം ചന്ദ്രകലാവിദ്യകൾ, അഞ്ചുതരം ശുഭാഗമതന്ത്രങ്ങൾ, സനന്ദനസനൽക്കുമാരസംഹിതകൾ, രാജയോഗപരമായ ഐക്യാനുസന്ധാനക്രമങ്ങൾ എന്നിവ ശ്രീ വിദ്യയോടു യോജിക്കുന്ന വൈദികമാർഗ്ഗങ്ങളാകുന്നു.

ഒരേ ലക്ഷ്യത്തിലേക്കു നയിക്കുന്ന ഭിന്നമാർഗ്ഗങ്ങളാണ് ശ്രീ വിദ്യയും ബ്രഹ്മവിദ്യയും. 'ഗായത്രീ' മന്ത്രം രണ്ടിനും താങ്ങും തണലുമായി സാധകർക്കനുഭവപ്പെടും. ഏതിനും ത്യാഗവും തപസ്സും കൂടിയേ തീരൂ. മാർഗ്ഗദർശകനായി ഒരു ഗുരുവും വേണം. യോഗ്യനായ ഒരു ഗുരുവിന്റെ അഭാവത്തിൽ, കള്ളം കപടമറിയാത്ത ഒരു ശിശു മാതാവിനോടെന്ന പോലെ ജഗൻമാതാവിങ്കൽ ഭക്തനാവാൻ ശ്രമിക്കണം, ഈ നിലയിൽ സ്തോത്രങ്ങളും സത്സംഗവും ക്ഷേത്രവും മററും ഏററവും സഹായകമായിരി

ക്കും. ശ്രദ്ധയും ഭക്തിയും നിലയുറച്ചു കഴിഞ്ഞാൽ പിന്നെ ഭക്തന്റെ ഹിതാഹിതങ്ങൾ ജഗൻമാതാവ് നോക്കിക്കൊള്ളും. താൻ ആരെന്നറിഞ്ഞാൽ പിന്നീട് അറിയാൻ യാതൊന്നുമില്ലയോ അതുതന്നെയാണ് ബ്രഹ്മവിദ്യ. ഈ വേദാന്ത വിദ്യയുടെ ശാക്തമായ രൂപമാണ് ശ്രീവിദ്യ. ശാക്തവേദാന്തത്തിൽ ഇതിനെ ശക്തിവിശിഷ്ടദ്വൈതം എന്നു പറയുന്നു. ഈ ബ്രഹ്മവിദ്യാസ്വരൂപിണിയുടെ ഉപാസന തീവ്രസാധകർക്കു സുസാദ്ധ്യമാണ്. 'അന്തർയാഗക്രമാരാദ്ധ്യാ,' അന്തർമുഖസമാരാദ്ധ്യാ—ബഹിർമുഖസുദുർല്ലഭാ' ഇത്യാദി തിരുനാമങ്ങൾതന്നെ അതു വ്യക്തമാക്കുന്നുണ്ട്, വിറളിപിടിച്ചുതിരിയുന്ന അഞ്ചിന്ദ്രിയങ്ങളേയും നിയന്ത്രിച്ചുനടത്തുന്ന മാനസപൂജയ്ക്കെന്നപോലെ ബാഹ്യപൂജകളും സഫലമാവണമെങ്കിൽ തദനുസരണം ഏകാഗ്രചിത്തരായി അനുഷ്ഠിക്കേണ്ടതായിട്ടുണ്ട്,

ബാലത്രയക്ഷരീ, ഷഡാക്ഷരീ, നവാക്ഷരീ, പഞ്ചദശാക്ഷരീ, ഷോഡാക്ഷരീ എന്നിവ പ്രധാന ദേവീമന്ത്രങ്ങൾ. ശ്രീ ഗുരുവിങ്കൽനിന്നു ദീക്ഷ സ്വീകരിച്ച്, മന്ത്രദീക്ഷാനുസന്ധാനം ചെയ്തു മന്ത്രസിദ്ധി നേടുകയെന്നത് പണ്ടത്തെപ്പോലെ ഇന്നും സാദ്ധ്യമാണ്. മുൻസൂചിപ്പിച്ചതുപോലെ, ബ്രഹ്മവിദ്യയെന്ന വേദാന്തം പറയുന്ന സത്യങ്ങളെ അനുഭവത്തിൽ കൊണ്ടുവരാൻ വഴികാട്ടുന്നതാണ് ശ്രീവിദ്യ. മന്ത്രവും തന്ത്രവും യന്ത്രവും ശ്രീവിദ്യയിലടങ്ങിയിരിക്കുന്നു. ശ്രീവിദ്യയുടെ മുഖ്യതന്ത്രം പഞ്ചദശാക്ഷരിയും,മുഖ്യയന്ത്രം ശ്രീചക്രവും, മുഖ്യതന്ത്രം ഐക്യാനുസന്ധാനവുമാണ്. മന്ത്രത്തിന്റെ ഗൂഢാർത്ഥം രൂപപ്പെടുത്തികാട്ടുന്നതു യന്ത്രം. അതിൽ ചിത്തത്തെ നിലനിർത്തുന്നതിന് ഉപയോഗപ്പെടുന്ന ബാഹ്യപൂജയും മാനസികപൂജയും അഷ്ടാംഗയോഗവും മററു സാധനക്രമങ്ങളും തന്ത്രത്തിലടങ്ങുന്നു,

ഓരോ ദേവതയ്ക്കുമുണ്ട് പ്രത്യേക യന്ത്രങ്ങളും ഉപാസനാപദ്ധതികളും. ജഗൻമാതൃ ഉപാസനയ്ക്കു മുഖ്യ യന്ത്രം ശ്രീ ചക്രം—

ബിന്ദുത്രികോണ വസുകോണദശാരയുഗ്മ—
മന്വശ്ര നാഗദളസംയുത ഷോഡശാരം

വൃത്തത്രയം ച ധരണീ സദനത്രയം ച
ശ്രീ ചക്രമേതദുദിതം പരദേവതായാഃ

ബിന്ദു, മുക്കോണം, അഷ്ടകോണം, രണ്ടു ദശകോണങ്ങൾ, ചതുർദശകോണങ്ങൾ, അഷ്ടദളങ്ങൾ, ഷോഡശദളങ്ങൾ, മൂന്നുവൃത്തങ്ങൾ, മുപ്പുരകോടുകൾ എന്നിങ്ങനെ നിർമ്മിക്കപ്പെട്ടത് പരദേവതയുടെ ശ്രീചക്രം. ഇതിൽ ഊർദ്ധ്വമുഖമായിരിക്കുന്ന നാലുമുക്കോണങ്ങൾ ശിവചക്രവും, അധോമുഖമായുള്ള അഞ്ചുമുക്കോണങ്ങൾ ശക്തിചക്രവും ആകുന്നു. ഇവയുടെ ഐക്യരൂപമാണ് പരാശക്തി—ശിവശക്ത്യൈക്യരൂപിണി.

ബ്രഹ്മാ, വിഷ്ണു, മഹേശ്വരൻ എന്നീ ത്രിമൂർത്തികൾ സുമേരുവിന്റെ മൂന്നു ശിഖരങ്ങളിലും നാലാമത്തേതായ ശിഖരത്തിൽ മദ്ധ്യസ്ഥയായി ദേവി വിരാജിക്കുന്നതായുമുള്ള വർണ്ണനയും ഈ ഐക്യഭാവത്തെയാണ് കാട്ടുന്നത്. വൈഷ്ണവീ, വിഷ്ണുരൂപിണി, വിഷ്ണുമായാ വിലാസിനീ, സുമേരുമദ്ധ്യശൃംഗസ്ഥ ഇത്യാദിനാമാവലികളും, ദൈവീഹ്യേഷാഗുണമയീമമ മായാ ദുരത്യയാ എന്ന ഗീതാവചനവും, "ശയാനമബ്ധൗലളിതേതവൈവ നാരായണാഖ്യം പ്രണതോസ്മിരൂപം" എന്നു കൂർമ്മ പുരാണത്തിലെ ഹിമവാന്റെ വചനവും മററും അംബികയുടെ വിവിധരൂപഭാവങ്ങളെയാണ് വെളിപ്പെടുത്തുന്നത്.

"യാദേവീ സർവ്വഭൂതേഷു ശ്രദ്ധാരൂപേണ സംസ്ഥിതാ" എന്നു ദേവീമഹാത്മ്യത്തിൽ സ്തുതിച്ചിരിക്കുന്നതുപോലെ നമ്മിലുള്ള 'ശ്രദ്ധ' ഏകാഗ്രപ്പെടുത്തി ഉണർത്താമെങ്കിൽ മന്ത്ര—യന്ത്ര—തന്ത്രങ്ങളൊന്നും വശമില്ലെങ്കിൽപോലും ദേവീകാരുണ്യത്തിനു പാത്രമാവും. ഇതുവെളിപ്പെടുത്തുന്ന ദൃഷ്ടാന്തങ്ങൾ ആദിമുതൽ ഇന്നുവരെ നിരവധിയുണ്ട്. രാമപ്രസാദൻ, രാമകൃഷ്ണദേവൻ, അരവിന്ദയോഗി എന്നീ മഹാത്മാക്കളെപ്പോലെ എത്രയോ ജീവിതദൃഷ്ടാന്തങ്ങൾ ഇന്നും മാർഗ്ഗദർശനം നൽകുന്നതായിട്ടുണ്ട്. അന്വേഷിക്കുന്നവർ കണ്ടെത്തുന്നുവെന്നുമാത്രം. ഹിന്ദുക്കളിൽ മാത്രമല്ല അന്യമതസ്ഥരിലും ശ്രദ്ധയുള്ള പലരും ശാക്തമാർഗ്ഗത്തിലൂടെ ജൻമസാഫല്യം നേടിയിട്ടുണ്ട്. ഇതിന്നൊരുദാഹരണമായി സർ ജോൺവുഡ്റോഫിന്റെ

ജീവിതം നോക്കുക:

ബ്രിട്ടീഷ് ഭരണകാലത്ത് അവിഭക്ത ബംഗാളിലെ ഹൈക്കോർട്ട് ജഡ്ജിയായിരുന്നു സർ ജോൺവുഡ്റോഫ്. നിയമവിരുദ്ധമായ പ്രവൃത്തികളിൽ പങ്കെടുത്തു വെന്ന കുററത്തിന്ന് കീഴ്ക്കോടതിയിൽ ശിക്ഷിക്കപ്പെട്ട ഒരു യോഗിയുടെ കേസ് ഹൈക്കോടതിയിൽ വന്നപ്പോൾ അദ്ദേഹത്തിന് ആ കേസ് കൂലങ്കഷമായി പഠിക്കാനിടയായി. യുദ്ധകാലപരിതസ്ഥിതികൾ നിമിത്തം ലണ്ടനിലുള്ള തൻെറ കുടുംബാംഗങ്ങളുമായി യാതൊരു സമ്പർക്കവും പുലർത്താൻ കഴിയാതെ മാസങ്ങളോളമായി മനോവേദനയിലിരിക്കുന്ന സന്ദർഭം. യോഗിയുടെ കേസ് വിചാരണ നടന്നുകൊണ്ടിരുന്നപ്പോൾ ശാക്തതന്ത്രങ്ങളെപ്പററി അറിയാനുള്ള അഭിരുചി ഉണ്ടായി. ആ യോഗിയെ ഒരു ദിവസം തൻെറ ബംഗ്ലാവിൽ വരുത്തി സബഹുമാനം സ്വീകരിച്ചിരുത്തിയിട്ട് സർ ജോൺ പറഞ്ഞു:— 'അങ്ങ് ഒരു മഹായോഗിയാണെന്നു കേട്ടറിഞ്ഞു. പല സിദ്ധികളും വശമുണ്ടത്രെ. അങ്ങനെയാണെങ്കിൽ താങ്കളുടെ യോഗസിദ്ധി ഉപയോഗപ്പെടുത്തി എൻെറ ലണ്ടനിലുള്ള കുടുംബത്തിൻെറ തൽക്കാലസ്ഥിതി എന്താണെന്നു പറയാമോ?' 'ഓഹോ' യോഗി ജഡ്ജിയുടെ വെല്ലുവിളി സ്വീകരിച്ചു. അപ്പോൾത്തന്നെ ആ ബംഗ്ലാവിലൊരു മുറിയിൽ വാതിലും അടച്ചിട്ട് തനിച്ചിരുന്ന യോഗി ഒരു മണിക്കൂറിനുശേഷം പുറത്തു വന്നു. ജഡ്ജിയുടെ ലണ്ടനിലുള്ള ബന്ധുക്കളെ നേരിട്ട് കണ്ട് സ്ഥിതിഗതികൾ അറിഞ്ഞമാതിരി സകല വിവരങ്ങളും അദ്ദേഹം പറഞ്ഞു. ജഡ്ജിയുടെ ലണ്ടനിലെ ഭവനം അഗ്നിക്കിരയായതും കുടുംബാംഗങ്ങൾ താമസിക്കുവാൻ ഒരു വീടില്ലാതെ പലനാൾ അലഞ്ഞുതിരിഞ്ഞതും യുദ്ധക്കെടുതികൾ നിമിത്തം കഷ്ടതകൾ അനുഭവിക്കേണ്ടിവന്നതും ഇപ്പോൾ നല്ലൊരു ചുററുപാടിൽ കിട്ടിയ ഭവനത്തിൽ വിഷമംകൂടാതെ വസിക്കുന്നതും എല്ലാം യോഗി പറഞ്ഞുകേട്ടപ്പോൾ ജഡ്ജി അത്ഭുതപ്പെട്ടു. ഏതാനും ദിവസങ്ങൾക്കുശേഷം ലണ്ടനിലെ ബന്ധുക്കളിൽനിന്നു സർ വുഡ്റോഫിനു കിട്ടിയ എഴുത്തിൽ, അദ്ദേഹം അയച്ചിരുന്ന ഭാരതയോഗി വീട്ടിൽ

വന്നു കണ്ടുവെന്നു എഴുതിയിരുന്നതോടൊപ്പം യോഗി പറഞ്ഞ വിവരങ്ങളെല്ലാം പറഞ്ഞിരുന്നു. സർ ജോൺവുഡ്റോഫിനു ആശ്ചര്യവും അത്ഭുതവും മാത്രമല്ല, തുടർന്നു ഈ മഹാവിദ്യയെപ്പററി കൂടുതൽ അറിയണമെന്ന ജിജ്ഞാസയുമുണ്ടായി.

യോഗിയെ നിരപരാധിയെന്നു ഹൈക്കോടതി വിധിച്ച് അദ്ദേഹത്തെ വിമുക്തനാക്കാൻ ഉത്തരവായി. തുടർന്ന് സർജോൺവുഡ്റോഫിൻെറ ജീവിതത്തിലും മഹത്തായ ഒരു പരിവർത്തനമുണ്ടായി. അദ്ദേഹം ഹിന്ദുധർമ്മശാസ്ത്രങ്ങരം പ്രമാണികരായ പണ്ഡിതൻമാരിൽ നിന്നും പഠിക്കുവാൻ തുടങ്ങി. സംസ്കൃതത്തെപ്പററി കേട്ടുകേരംവിമാത്രമുണ്ടായിരുന്ന ആ സായ്പ് ഒരു സംസ്കൃതവിദ്വാനെ സമീപിച്ച് സംസ്കൃതം അഭ്യസിക്കുവാൻ തുടങ്ങി. ഹിന്ദുധർമ്മത്തിൽ അഭിരുചിയും വിശ്വാസവും വർദ്ധിച്ചതോടൊപ്പം അദ്ദേഹം ശാക്തമതപ്രകാരം മന്ത്രദീക്ഷസ്വീകരിച്ച് സാധനകരം അനുഷ്ഠിച്ചു. പല അനുഭവസിദ്ധികളും ഉണ്ടായതോടുകൂടി ശക്ത്യാരാധനയെ സംബന്ധിച്ച പ്രചാരത്തിനും സന്നദ്ധനായി. പിന്നീട് 'ആർതർ അവലോൺ' എന്നു പ്രസിദ്ധനായ സർ ജോൺവുഡ്റോഫ് ഇംഗ്ലീഷിൽ രചിച്ചിട്ടുള്ള പല ഗ്രന്ഥങ്ങളും ശാക്തമതത്തിൻെറ പ്രാമാണിക ഗ്രന്ഥങ്ങളായി കരുതപ്പെടുന്നു.

ബാഹ്യാരാധനയിലൂടെ പ്രസിദ്ധി നേടിയ ഉദാഹരണങ്ങളിൽ ഒന്നുമാത്രമാണിത്. എന്നാൽ സിദ്ധികരംക്കു മുഖ്യത്വം കൊടുക്കാതെ ആത്മമോക്ഷത്തിനും ബഹുജനഹിതത്തിനുംവേണ്ടി ജീവിതസമർപ്പണം ചെയ്ത ധന്യാത്മാക്കരം, ഭക്തൻമാർ, കർമ്മയോഗികരം എല്ലാക്കാലത്തും ശതകണക്കിനുണ്ടായിരുന്നു: ഇനിയും ഉണ്ടായിക്കൊണ്ടിരിക്കുകയും ചെയ്യും. ബാഹ്യമായ ആരാധനാക്രമങ്ങളെല്ലാം, ഉന്നതിയിലേക്കു പൊയ്ക്കൊണ്ടിരിക്കുന്ന ഒരു ഭക്തനു ക്രമേണ വേണ്ടിവരുന്നില്ല. സ്വദേഹം യജ്ഞശാല, ജ്ഞാനേന്ദ്രിയങ്ങരം പൂജാപാത്രങ്ങരം, കർമ്മേന്ദ്രിയങ്ങരം മററു ഉപകരണങ്ങരം സുഖദുഃഖാദിസമദൃഷ്ടിമന്ത്രദീക്ഷ, അതതു ഇന്ദ്രിയദേവതകരം ബ്രാഹ്മണർ, ജീവൻ യജമാനൻ,

ബുദ്ധി പത്നി, കോപതാപാദികൾ സമിത്തുക്കൾ എന്നിങ്ങനെ തന്റെ ജീവിതംതന്നെ രൂപാന്തരപ്പെടുത്തുന്ന ഭക്തയോഗിക്ക് ബാഹ്യാനുഷ്ഠാനങ്ങൾ എന്തിന്ന്? 'സൗന്ദര്യലഹരി'യിലെ ഈ പ്രാർത്ഥനതന്നെ അതിനു പ്രത്യക്ഷദൃഷ്ടാന്തവുമാണല്ലോ:—

ജപോജല്പഃ ശില്പം സകലമപിമുദ്രാവിരചനാ
ഗതിഃ പ്രദക്ഷിണ്യക്രമണമശനാദ്യാഹുതി വിധി:
പ്രണാമഃ സംവേശഃ സുഖമഖിലമാത്മാർപ്പണ
ദൃശാ
സപര്യാപര്യായസ്തവ ഭവതുയന്മേ വിലസിതം.

എന്റെ ആത്മസമർപ്പണഭാവംകൊണ്ട് സാധാരണ സംഭാഷണങ്ങളും മന്ത്രജപമായി ഭവിക്കട്ടെ, കൈത്തൊഴിലുകളുംപ്പെടെ പ്രവൃത്തികളെല്ലാം പൂജാമുദ്രകളായി ഭവിക്കട്ടെ, നടക്കുന്നതു പ്രദക്ഷിണമായും, ഭക്ഷണ—പാനീയങ്ങൾ ഹോമമായും കിടക്കുന്നതു നമസ്കാരമായും ഭവിക്കട്ടെ, ഇനിയും എന്റെ എല്ലാ പ്രവൃത്തികളും അങ്ങയുടെ പൂജാവിധാനങ്ങളായി ഭവിക്കട്ടെ.

വേദാന്തത്തിനു ഭഗവദ്ഗീത, ദശോപനിഷത്തുക്കൾ, ബ്രഹ്മസൂത്രം—ശ്രീശങ്കരഭാഷ്യ സമേതം ഈ മൂന്നു ഗ്രന്ഥങ്ങളെയും പ്രസ്ഥാനത്രയം എന്നു പരിഗണിക്കുന്നതുപോലെ ശക്ത്യാരാധയ്ക്ക്, ശ്രീവിദ്യയ്ക്കും ഒരു പ്രസ്ഥാനത്രയമുണ്ട്. ശ്രീ ഭാസുരാനന്ദൻ എന്ന ഭാസ്കരൻ നായർ രചിച്ച 'സൗഭാഗ്യ ഭാസ്കരം' എന്ന ശ്രീ ലളിതാസഹസ്രനാമഭാക്ഷ്യവും, 'വരിവസ്യാരഹസ്യം' എന്ന പഞ്ചദശാക്ഷരീ വ്യാഖാനവും, 'സേതുബന്ധം' എന്ന നിത്യാഷോഡശികാർണ്ണവഭാഷ്യവും ശ്രീ വിദ്യയുടെ പ്രസ്ഥാനത്രയമാകുന്നു. വേണ്ടത്ര ശ്രദ്ധാപൂർവ്വം, ഭക്തിയോടുകൂടി ഇവ അദ്ധ്യയനം ചെയ്ത് സാധനമാർഗ്ഗത്തിൽ ഉന്നതി പ്രാപിക്കാവുന്നതാണ്. യഥാർത്ഥസാധകനെ ജഗന്മാതാവിന്റെ മായാവിലാസങ്ങൾ കബളിപ്പിക്കുകയില്ല, പരീക്ഷിച്ച് പ്രാപ്യസ്ഥാനത്തെത്തിക്കും.

ഗിരാമാഹുർദ്ദേവീം ദ്രുഹിണ ഗൃഹിണീ മാ
ഗമവിദോ
ഹരേഃ പത്നീം പത്മാം ഹരസഹചരീമദ്രിത നയം

തുരീയാ കാപി ത്വം ദുരധിഗമ നിസ്സീമ മഹിമാ
മഹാമായാ വിശ്വം ഭ്രമയസി പരബ്രഹ്മ മഹിഷാ

പരബ്രഹ്മസ്വരൂപിണിയായ പരാശക്തി, വേദവിത്തുക്കൾ അവിടത്തെ ബ്രഹ്മപത്നിയായ സരസ്വതിയെന്നും, വിഷ്ണുപത്നിയായ ലക്ഷ്മിയെന്നും ശിവപത്നിയായ പാർവ്വതിയെന്നും പറയുന്നു. അങ്ങുതന്നെ ഈ മൂവർക്കും അതീതയായി, എപ്രകാരമെന്നു നിർവ്വചിക്കുവാൻ അസാദ്ധ്യതത്വമായി, സീമാതീതമഹിമാവോടുകൂടിയതായി മഹാമായയെന്നറിയപ്പെടുന്നതായി വിശ്വത്തെ മുഴുവൻ ആട്ടിക്കൊണ്ടിരിക്കുന്നു.

യാദേവീസർവ്വഭൂതേഷു മാതൃരൂപേണസം
സ്ഥിതാ
നമസ്തസ്യൈനമസ്തസ്യൈ നമസ്തസ്യൈ
നമോനമഃ

# ഈശ്വരാരാധനയിൽ സ്ത്രീകളുടെ പങ്ക്

എൺപത്തിനാലുലക്ഷം ജീവയോനികളിൽകൂടി പിറക്കുന്ന ജീവജാലങ്ങളിൽ ഒന്നുമാത്രമാണ് മനുഷ്യജൻമം. ഇതരജീവികളെ അപേക്ഷിച്ച് കർമ്മസ്വാതന്ത്ര്യവും വിവേകവും വൈരാഗ്യവും മനുഷ്യനിൽ നിക്ഷിപ്തമാണ്. ഇക്കാരണത്താൽ മനുഷ്യജീവിത മഹത്വം സ്പഷ്ടമാകുന്നു. വേണ്ടത് വേണ്ടവിധം അറിഞ്ഞ് വേണ്ടപോലെ പ്രയത്നിച്ചാൽ ഈശ്വരനോളം ഉയർന്ന് സർവ്വതന്ത്രസ്വതന്ത്രനാവാം. ഇല്ലെങ്കിൽ കൃമികീടങ്ങളോളം താഴ്ന്ന് ചത്തടിയാം. മനുഷ്യജീവന് വേണ്ടതെന്ത്, വേണ്ടാത്തതെന്ത് എന്ന് തിരിച്ചറിയിക്കുന്ന മാദ്ധ്യമമാണ് ധർമ്മം. ധർമ്മശാസ്ത്രങ്ങളിൽ ജീവൻെറ ജൻമാന്തര കർമ്മവാസനകൾ, ത്രിഗുണാത്മകമായ കർമ്മഗതി എന്നിവ കണക്കാക്കി വർണ്ണഭേദങ്ങൾ വിധിച്ചിട്ടുണ്ട്. പ്രയത്നിച്ചു പരിഹരിക്കേണ്ടവ പരിഹരിച്ചും, പൂർത്തിയാക്കേണ്ടവ പൂരിപ്പിച്ചും പൂർണ്ണജീവിതം പ്രാപിക്കുവാനുള്ള സത്യനിർദ്ദേശമാണിത്. ആത്മാവിന്ന് ഭേദഭാവങ്ങളൊന്നുമില്ല; സ്ത്രീ—പുരുഷ ലിംഗഭേദങ്ങളുമില്ല. ജീവൻെറ അജ്ഞതയും അഭിമാനവും ഹേതുവായി വന്നുചേർന്നിട്ടുള്ളവയാണ് ഈ വക ദ്വന്ദ്വങ്ങളെല്ലാം. ഇവയിൽനിന്നു വിമുക്തമാവുന്നതുവരെ ഏതോ പുണ്യങ്ങൾ നിമിത്തം ലഭിച്ചിരിക്കുന്ന ഈ മനുഷ്യജൻമത്തിൽ സ്വധർമ്മാചരണത്തിൽ നിലയുറപ്പിച്ചു പ്രയത്നിക്കേണ്ടിയിരിക്കുന്നു. മനുഷ്യരിൽതന്നെ പുരുഷനെ അപേക്ഷിച്ച് സ്ത്രീക്ക് മാസവിലക്ക്, പ്രസവം തുടങ്ങിയ പ്രകൃതിദത്ത

മായ ചില പരിമിതികളെ നിഷേധിക്കാനാവില്ല.

മനുഷ്യരെല്ലാരുമൊന്നുപോലെയെന്നു പറഞ്ഞാൽ ശരീരാഭിമാനികളായിരിക്കുന്നിടത്തോളം അതു വ്യവഹാരസത്യംപോലുമാവുന്നില്ല. ആദ്ധ്യാത്മികമായി അവസരസമത്വവും ഏകത്വവും അനുഭവപ്പെടുന്നതിൻെറ മുന്നോടിയായിട്ടാണ് വിധിച്ചിരിക്കുന്നത്. ഐഹികമായ ഉല്ക്കർഷത്തിനും പാരത്രികമായ മോക്ഷത്തിനും (ശ്രേയസ്സിനും) ഏതുതരം കർമ്മങ്ങരം സഹായകമായിരിക്കുന്നുവോ അതിനെയാണ് ധർമ്മം എന്നു നിർവചിച്ചിരിക്കുന്നത്. ഇങ്ങനെ നോക്കുമ്പോരം സ്ത്രീയുടെയും പുരുഷൻെറയും സ്വധർമ്മം ഒന്നുപോലായിരിക്കില്ല. ധർമ്മാചരണത്തിൽ ഈശ്വരോപാസനം സർവ്വപ്രധാനവുമാണ്. സ്ത്രീകരക്കായാലും പുരുഷൻമാർക്കായാലും ധർമ്മനിഷ്ഠയുള്ളവർക്കെല്ലാം ഈശ്വരോപാസനം ഒഴിവാക്കാനാവില്ല. ഗൃഹസ്ഥാശ്രമം പാലിക്കുന്ന പുരുഷൻ പത്നീസമേതനായും ഭർത്തൃമതിയായ സ്ത്രീ ഭർത്താവിനോടുചേർന്നും ഈശ്വരാരാധന നടത്തണമെന്നുണ്ട്. വാനപ്രസ്ഥ–സന്യാസാശ്രമങ്ങളിൽ അവരവരുടെ പാകതയും അർഹതയുമനുസരിച്ച് തീരുമാനിക്കാം. അറിവും അനുഭവവുമുള്ള ആചാര്യൻ സഹായത്തിനുണ്ടാവുകയും ചെയ്യും. ഇതൊക്കെ മനുഷ്യജീവിതത്തിൻെറ പ്രയോജനം മനസ്സിലാക്കി ധർമ്മമാർഗ്ഗത്തിൽ ജീവിക്കുന്നവരുടെ കാര്യമാണ്.

ഈ കലിയുഗത്തിൽ ധർമ്മാധർമ്മങ്ങളെ വിലയിരുത്തുന്നതുപോലും തന്നിഷ്ടംപോലെയാണെന്നു വന്നിരിക്കുന്നു. താരതമ്യേന ധർമ്മമാചരിക്കുന്നതായി അഭിമാനിക്കുന്നവരിൽപോലും ഭൂരിപക്ഷം ഒരുതരം ആപദ്ധർമ്മത്തിൽ നിന്നു തിരിയുകയാണ്. വിചാരം, വാക്ക്, പ്രവൃത്തി-ഇവ മൂന്നും പൊരുത്തപ്പെടാതിരിക്കുന്നതിൻെറ കാരണം മററൊന്നുമല്ല. പാരമ്പര്യസംസ്കാരമുള്ള പുരോഹിതൻമാർപോലും അവരുടെ കുലത്തൊഴിൽ (പൂജാദികർമ്മങ്ങരം) ഉപേക്ഷിച്ച് ആകർഷകമായ മററു വരുമാനമാർഗ്ഗങ്ങളിലേക്കു തിരിയുമ്പോരം പൂജാദികർമ്മങ്ങരക്കു യോഗ്യതയുള്ള പൂജാരിമാരുടെ അഭാവമുണ്ടാകുന്നു. മുട്ടുശാന്തികളെ നിയോഗിക്കയല്ലാതെ ഈ വിടവു നികത്താൻ വേണ്ടുന്ന സജീവ ന

ടപടികളൊന്നും കാണുന്നില്ല. ധർമ്മാചരണത്തിൻെറ പ്രഥമവും പ്രധാനവുമായ ഈശ്വരോപാസന കർമ്മത്തിൽപോലും അലസതയും അനാസ്ഥയുമാണെങ്കിൽ മററു രംഗങ്ങളിൽ ആപൽധർമ്മം അംഗീകൃത സാമാന്യധർമ്മാചരണമാവുക സ്വാഭാവികമാണല്ലോ. പുരുഷൻമാരുടെ കർമ്മമണ്ഡലങ്ങളിലെല്ലാം കാലഭേദമനുസരിച്ച് സ്ത്രീകളും പ്രവേശിക്കുന്നുണ്ടെന്നു മാത്രമല്ല പലപ്പോഴും പുരുഷൻമാരെക്കാം സമർത്ഥമായിപ്രവർത്തിക്കുന്നുമുണ്ട്. ധർമ്മാചരണജീവിതത്തിലും പുരുഷൻമാരെ അപേക്ഷിച്ച് സ്ത്രീകാം കൂടുതൽ ആത്മാർത്ഥതയും അകൃത്രിമത്വവും പ്രകടമാക്കുന്നത് ശുഭോദർക്കമാണെന്നു കരുതേണ്ടിയിരിക്കുന്നു.

വ്യക്തി-കുടുംബ-സമൂഹ നിലവാരങ്ങളിൽ പൊതുവെ പുരുഷൻമാരെ അപേക്ഷിച്ച് സ്ത്രീകളാണ്, ഇപ്പോാം ഈശ്വരാരാധന സമ്പ്രദായങ്ങളിൽ മനസ്സിരുത്തിക്കാണുന്നത്. അവരാണല്ലോ ദൈനംദിന ജീവിതപ്രശ്നങ്ങാം നേരിട്ടുകൊണ്ടിരിക്കുന്നവരും. പുരുഷൻമാർക്കാകട്ടെ കൃത്യാന്തരബഹുലതകളൊഴിഞ്ഞൊരു സമയമില്ല; ഉണ്ടെങ്കിൽതന്നെ അവരവരുടെ കക്ഷിരാഷ്ട്രീയങ്ങളിൽ കൂടി നാട്ടിനെയും നാട്ടാരെയും നന്നാക്കണ്ടേ? അടങ്ങി ഒതുങ്ങി അൽപ്പ നേരം ഇരിക്കാനോ ചിന്തിക്കാനോ സമയമായില്ലപോൽ! പ്രസിദ്ധക്ഷേത്രങ്ങളിലെ പൂജാരിമാരെപ്പോലും ഈ സമയമില്ലാവ്യാധി ബാധിക്കുമ്പോാം ഒരു വിഭാഗം ഈശ്വരഭക്തകളായ സ്ത്രീകാം പൂജാസംവിധാനങ്ങളെല്ലാം അഭ്യസിച്ച് ക്ഷേത്രപൂജാരികളായി വന്നുകൂടായ്കയില്ല. ഇപ്പോാം തന്നെ സ്ത്രീകളുടെ പ്രയത്നത്താൽ നടത്തപ്പെടുന്ന ആദ്ധ്യാത്മിക സമാജങ്ങളും സത്സംഗസഭകളും കാണപ്പെടുന്നു. 'തിരുവിളക്കുപൂജ' സ്ത്രീകളുടെ ഒരു സാമൂഹികാരാധനാ പദ്ധതിയായി വളരെവേഗം വികസിക്കുകയും പ്രചാരപ്പെടുകയും ചെയ്യുന്നുണ്ട്.

സ്ത്രീകളിലെ 'മാതൃത്വം' അങ്ങേയററം ആദരിക്കുന്ന ഒരു സംസ്ക്കാരത്തിൻെറയും സമൂഹത്തിൻെറയും അവകാശികളാണ് നാം. ഓരോ ജീവനും മാതൃവാൽസല്യത്തിലൂടെ ഇഹലോകത്തെ ആദ്യം കാണുന്നു. 'മാതൃദേവോ ഭവ എന്ന

വേദവാക്യത്തിലൂടെ വെളിപ്പെടുത്തുന്ന വ്യവഹാരസത്യമെന്താണ്? ഓരോ ജീവന്റെയും പ്രഥമവും പ്രധാനവുമായ ഗുരുവും രക്ഷകർത്താവും മാതാവുതന്നെ. അതുകൊണ്ട് ഇന്നത്തെ കലങ്ങി മറിഞ്ഞ പരിതഃസ്ഥിതിയിൽ സ്ത്രീകളിലൂടെ ശിശുക്കാംക്കു പകർന്നു കൊടുക്കാൻ തക്കവിധം, അവരിൽ ധർമ്മബോധവും ഈശ്വരാരാധനാഭാവവും വളരുന്നതു ശുഭസൂചനയാവണമല്ലോ.

മുപ്പത്തിയാറ് വർഷംമുമ്പ് വിവാഹാദി മംഗളകർമ്മങ്ങാം നടത്തുന്നതിനും യജ്ഞാദി ഈശ്വരോപാസനങ്ങാം ചെയ്യുന്നതിനുമായി പൂനായിൽ ഒരു പുരോഹിതകാര്യാലയം തുറന്ന് പ്രവർത്തിച്ചു. കാലക്രമത്തിൽ അതു അഭിവൃദ്ധിപ്പെട്ടുകൊണ്ടിരുന്നുവെങ്കിലും യോഗ്യതയുള്ളവരുടെ അഭാവം അനുഭവപ്പെട്ടുതുടങ്ങി. അതായത് മിക്കപൂജാരിമാരും പാരമ്പര്യാവകാശമല്ലാതെ മന്ത്രശാസ്ത്രങ്ങളോ പൂജാക്രമങ്ങളോ വേണ്ടവിധം അഭ്യസിക്കുകയോ പരിശീലിക്കുകയോ ചെയ്തിട്ടുള്ളവരല്ല. സൗജന്യമായി പഠിപ്പിക്കാമെന്ന് പറഞ്ഞാൽ അവർക്ക് അതിനുള്ള സമയമില്ലെന്ന സമാധാനമാണ്. ഈ സ്ഥിതിവിശേഷവും ഇതിന്റെ പരിണാമവും വേണ്ടവിധം ഗ്രഹിച്ചുകൊണ്ട് ആചാര്യനായ ശ്രീ ശങ്കരാവു ഈശ്വരവിശ്വാസവും ഭക്തിയുമുള്ള ഏതാനും സ്ത്രീകാംക്ക് പൂജാവിധാനങ്ങാം പഠിപ്പിച്ചു. അവർ പൂജാവൃത്തികളുമായി സമൂഹരംഗത്തു വന്നപ്പോാം യാഥാസ്ഥിതിക പുരോഹിതരുടെയും മററും എതിർപ്പുകാം ഉണ്ടായി. എഴുപതു കഴിഞ്ഞ ആചാര്യശങ്കർറാവു എതിർപ്പുകളെ നേരിട്ടുകൊണ്ട്തന്നെ തന്റെ കാര്യാലയത്തെ തികച്ചും പൂജാസംവിധാന പരിശീലനകേന്ദ്രമായി വ്യവസ്ഥപ്പെടുത്തുകയും അർഹതയുള്ള സ്ത്രീകളെ പരിശീലനത്തിന് തെരഞ്ഞെടുക്കുകയും ചെയ്തു. അസ്ത്രം, മന്ത്ര—തന്ത്രാദി ശാസ്ത്രങ്ങാം എന്നിവ പഠിക്കുന്നതോടൊപ്പം പ്രായോഗിക പരിശീലനവും അവിടെ ലഭിക്കുന്നു. ഹിന്ദു സമൂഹത്തിലെ വിവിധതുറകളിൽ ജീവിക്കുന്ന 135ൽപരം സ്ത്രീകാം ഇപ്പോാം അവിടെ പൂജാരി പരിശീലനം നടത്തുന്നു. പരിശീലനം പൂർത്തിയാക്കിയവർ പുറമേ പൂജാകർമ്മങ്ങാംക്ക് പോകുന്നു. അവർ ശ്രദ്ധാ

ഭക്തിപൂർവ്വം ചെയ്യുന്ന കർമ്മങ്ങളിലേക്കു വ്യക്തികളും സമുദായവും ആകർഷിക്കപ്പെടുന്നു. വളരെയേറെ ഏകാഗ്രനിഷ്ഠയും ക്രിയാകലാപങ്ങളുമുള്ള യാഗങ്ങളും ഈ സ്ത്രീകളുടെ പൗരോഹിത്യത്തിൽ നടത്തി വിജയം വരിച്ചിരിക്കുന്നു. ഈയിടെ വിദേശത്ത് സ്വിററ്സർലാൻഡിലുള്ള ഓങ്കാരാനന്ദാശ്രമത്തിൽ ഒരു ശതകുണ്ഡചണ്ഡിയാഗം നടത്താൻ ക്ഷണിക്കപ്പെട്ടതനുസരിച്ച് ഈ സ്ഥാപനത്തിലെ സ്ത്രീകളാണ് പുരോഹിതകളായിച്ചെന്ന് യാഗം നടത്തിയത്. വളരെ സമർത്ഥമാം വിധം അവർ യാഗകർമ്മങ്ങൾ ചെയ്തു. യാഗാവസാനം ഉദ്ദിഷ്ടഫലപ്രാപ്തി കൂടി കണ്ടപ്പോൾ വിദേശികളിൽ യാഗത്തെപ്പററി മതിപ്പും ബഹുമാനവും വർദ്ധിച്ചു.

ഈവിധ ഈശ്വരാരാധനാക്രമങ്ങളിലും യാഗാദികർമ്മങ്ങളിലും സ്ത്രീകൾ ആധികാരികമായി പങ്കെടുക്കുന്ന സന്ദർഭങ്ങൾ വൈദിക ഗ്രന്ഥങ്ങളിൽ കാണാം. നൂററാണ്ടുകളുടെ ഇടവേളയ്ക്കുശേഷം ഇപ്പോൾ പുതുമ കാണുന്നുവെന്നുമാത്രം. ജ്ഞാനവാസിഷ്ഠത്തിലെതന്നെ ഇത്തരം ഔപാസന ജീവിതങ്ങളിൽ ഒന്നിതാ:— പത്മരാജാവും പട്ടമഹിഷി ലീലയും പരസ്പരപ്രേമബദ്ധരാണ്, ഇരുവർക്കും അമരത്വ (മരിക്കാത്ത സുഖജീവിതം) പ്രാപ്തിക്കു അതിമോഹം. ദൈവജ്ഞന്മാരെവരുത്തി ഉപായങ്ങളെപ്പററി ആലോചിച്ചു. ഈശ്വരോപാസനയും സിദ്ധികളും കൊണ്ട് കുറെക്കാലംകൂടി സുഖജീവിതം നയിക്കാമെന്നല്ലാതെ അമരത്വത്തെപ്പററി ഉറപ്പുപറയാനോ ഉപദേശിപ്പാനോ ഞങ്ങൾ അർഹരല്ല എന്നു ദൈവജ്ഞൻമാരുടെ മറുപടികേട്ട് ലീല ചിന്താമഗ്നയായി. പുണ്യാത്മാക്കൾക്കു സ്വന്തം ആത്മാവ്തന്നെ ബന്ധുവും ഉപദേഷ്ടാവുമെന്നു കണ്ട് ധാരാളം പുണ്യകർമ്മങ്ങൾ ചെയ്തു. മനസ്, ബുദ്ധി മുതലായ അന്തഃകരണങ്ങൾ ശുദ്ധമാവുന്തോറും ഏകാഗ്രത ഉറച്ചു. അമരത്വം കിട്ടിയില്ലെങ്കിലും തൻെറ മരണംവരെ ഭർത്താവ് ജീവിച്ചിരിക്കണം; അഥവാ ആദ്യം ഭർത്താവു മരിക്കുകയാണെങ്കിൽ അദ്ദേഹത്തിൻെറ ജീവകല തൻെറ ജീവിതകാലംവരെ അന്തഃപുരമണ്ഡലത്തിൽ ദർശിക്കുമാറാകണം എന്ന തീരുമാനത്തോടുകൂടി

വിദ്യാസ്വരൂപിണിയായ സരസ്വതീഭഗവതിയെ തപോനിഷ്ഠയോടുകൂടി ഉപാസിച്ച ലീലയ്ക്കു ദേവീദർശനവും അഭീഷ്ടസിദ്ധിയും ഉണ്ടായി. ഭർത്താവ് ആദ്യം മരിച്ചു. ലീലയുടെ ഇച്ഛപോലെ ഭർത്താവിന്റെ ജീവകല കണ്ടുകൊണ്ടിരിക്കാനും കഴിഞ്ഞു. ഇതുകൊണ്ടും തനിക്കു കൃതാർത്ഥതയോ സുഖസമാധാനമോ ഇല്ലെന്നു ക്രമേണ ബോദ്ധ്യപ്പെട്ടപ്പോൾ ഈശ്വരകാരുണ്യത്താൽ ശുദ്ധമായ അന്തഃകരണത്തിൽ നിന്നും ഒരു അരുളപ്പാട് കേട്ടു. സ്ഥൂല-സൂക്ഷ്മ-കാരണ ശരീരങ്ങളെയും കടന്നുചെല്ലാനുള്ള അന്തർമുഖസാധനയുടെ നിർദ്ദേശമാണത്. പുണ്യവതിയായ ലീല ഉപദിഷ്ടമായ ആത്മസാധനയിൽ മുഴുകി ഐഹികമായ ഉത്ക്കർഷവും പാരത്രികമായ കൈവല്യവും പ്രാപിച്ചു.

ഇങ്ങനെ ഭക്തിജ്ഞാനവൈരാഗ്യങ്ങളിലും തപസിലും ഈശ്വരോപാസനത്തിലും പുരുഷൻമാരെക്കാൾ ഉന്നതി പ്രാപിച്ച പല സ്ത്രീചരിതങ്ങൾ കാണാം. ഈശ്വരോപാസനം ഫലേച്ഛയോടുകൂടിയോ ഫലേച്ഛ കൂടാതെയോ അനുഷ്ഠിക്കുവാനുള്ള സ്വാതന്ത്ര്യം എല്ലാവർക്കുമുണ്ട്. ഫലേച്ഛയോടുകൂടിയായാൽ ആത്മോദ്ധാരണത്തെക്കാൾ ആസുരമാർഗ്ഗത്തിലേക്ക് തിരിയാനിടയുണ്ട്. അതു സാമൂഹികമായാൽ ആപൽക്കരമായി പരിണമിക്കുകയും ചെയ്യും. വേദേതിഹാസങ്ങളിൽ തന്നെ അതിനു വേണ്ടുവോളം ദൃഷ്ടാന്തങ്ങളുണ്ട്. ആത്മോദ്ധാരത്തോടൊപ്പം പരോപകാരവുമാണ് കൈക്കൊള്ളുന്നതെങ്കിൽ വ്യക്തികൾ ബാഹ്യവും ആന്തരികവുമായി സുകൃതികളാവും. അത്തരം വ്യക്തികളുൾക്കൊള്ളുന്ന സമൂഹവും സുകൃതികളാവണമല്ലോ. പുരുഷൻമാരെ അപേക്ഷിച്ച് അടക്കവും ഒതുക്കവുമുള്ള സ്ത്രീജനങ്ങളുടെ ഭക്തിജ്ഞാനവൈരാഗ്യങ്ങളും ഈശ്വരോപാസനവും ഈ വഴിക്കു വെളിച്ചം പകരുമെന്നു പ്രത്യാശിക്കാം.

# ദശാവതാരം–ഒരു പഠനം

"അംഗുഷ്ഠമാത്രസ്വരൂപനായ ആ പുരുഷൻ' ശരീരത്തിന്റെ മദ്ധ്യഭാഗത്ത് (ഹൃദയത്തിൽ) സ്ഥിതിചെയ്യുന്നു. ആ പുരുഷൻ ഭൂത, ഭവിഷ്യ, വർത്തമാനങ്ങളെ ഭരിക്കുന്നു. അതിനെ അറിയുന്നവൻ പരനിന്ദചെയ്യുകയില്ല, അതങ്ങിനെയാണ്. ആ അംഗുഷ്ഠമാത്രപുരുഷൻ, ധൂമഹീനമായ ജ്യോതിജ്വാല പോലെയാണ്', ഭൂതഭവിഷ്യദ്വർത്തമാനകാലങ്ങളുടെ ശാസകനാണ്. ഇക്കാലത്തെന്ന പോലെ എക്കാലത്തും സനാതനഭാവപൂർണനാണ്, അതു അങ്ങിനെയാകുന്നു.' ഇപ്രകാരം 'കഠോപനിഷത്തി'ലൂടെ ചൂണ്ടിക്കാട്ടുന്ന ഈശ്വരസത്ത 'എല്ലാ ചരാചരങ്ങളിലും അധിവസിക്കുന്ന ഏകദേവനാണ്; അദ്ദേഹം സർവ്വഭൂതത്തിന്റെയും അന്തരാത്മാവും സർവ്വകർമ്മങ്ങളുടെയും അധിപതിയും ആകുന്നു. സർവ്വപ്രാണികളിലും അധിവസിച്ച്, എല്ലാററിനും സാക്ഷിഭൂതനായി എല്ലാററിനും ചൈതന്യത്തെ പ്രദാനംചെയ്യുന്നവനായി ശുദ്ധനായി നിർഗുണനായിരിക്കുന്നതും അതാകുന്നു."

ഏകോദേവ: സർവ്വഭൂതേഷുഗൂഢഃ
സർവ്വവ്യാപീ സർവ്വഭൂതാന്തരാത്മാ
കർമ്മാദ്ധ്യക്ഷഃസർവ്വഭൂതാധിവാസഃ
സാക്ഷിചേതാ: കേവലോനിർഗ്ഗുണശ്ച
(ശ്വേതാശ്വതരോപനിഷത്)

'ഈ പ്രപഞ്ചത്തിൽ ഈശ്വരചൈതന്യം വ്യാപരിക്കാത്ത

ഒരു വസ്തുവോ സ്ഥലമോ ഇല്ല.; അതു സർവ്വത്ര നിറഞ്ഞിരിക്കുന്നു' - (ഈശാവാസ്യമിദം സർവ്വം യത്കിഞ്ച ജഗത്യാം ജഗത്—യജുർവേദം)

ഇപ്രകാരം അനവധി ശാസ്ത്രപ്രമാണങ്ങളിലൂടെ, നിരവധി പുണ്യാത്മാക്കളുടെ അനുഭവജ്ഞാനങ്ങളിലൂടെ ഈശ്വരസത്തയെ വെളിപ്പെടുത്തിയിരിക്കുന്ന ഹിന്ദുധർമ്മത്തെ, നാലാംകിടപ്രചരണതന്ത്രങ്ങളാൽ ജനസാമാന്യരുടെയിടയിൽ തെററിദ്ധരിപ്പിച്ച് മതംമാററുന്ന ഇതരമതസ്ഥരുടെ ആറംപിടിപ്പൻതൊഴിൽ ഇപ്പോഴും പുരോഗമിച്ചുകൊണ്ടിരിക്കുന്നതിൽ ചിലരെങ്കിലും ആശ്ചര്യപ്പെടാതിരിക്കയില്ല. ഒരു ക്ഷേത്രോത്സവവേളയിൽ പതിവുപോലെ ക്രൈസ്തവമിഷനറിമാർ കൊണ്ടുവന്നു വിതരണംചെയ്ത ഒരു ചെറുലേഖയിൽ ഹിന്ദുക്കളുടെ അവതാരതത്വത്തെ ബാലിശമായധിക്ഷേപിച്ചിരിക്കുന്നതുകണ്ടു.! 'ബഹിരാകാശത്തിലെ അത്ഭുതമനുഷ്യൻ' എന്ന ശീർഷകത്തിലുള്ള മറെറാരുചെറുലേഖയിൽ, പാമരജനങ്ങളെ പററിക്കുന്ന ഒരു പുതിയപടംകൂടിയുണ്ടെങ്കിലും ഉള്ളടക്കം 'തത്തമ്മേ, പൂച്ച പൂച്ച' എന്നുതന്നെ. അതായത്, ബഹിരാകാശത്തിലും സിംഹാസനാരൂഢനായിരിക്കുന്ന ഒരു ദൈവത്തിന്റെ ഏകസന്താനമായ യേശുക്രിസ്തു മാത്രമാണുള്ളതെന്നും അതിനാൽ ഇപ്പോഠംതന്നെ ക്രിസ്ത്യാനിയാവുന്നതാണ് രക്ഷാമാർഗമെന്നും ആ മിഷനറി വിളംബരത്തിൽ പറഞ്ഞിരിക്കുന്നു!

ബൈബിറംപ്രമാണ വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ, ശാസ്ത്രജ്ഞൻമാരെ കൽതുറുങ്കുകളിലടച്ചും, കടലിൽ മുക്കിയും, തീയിലിട്ടും, കഴുകുമരങ്ങളിലേററിയും കൊലപ്പെടുത്തിയ ക്രൈസ്തവമതപ്രചാരപാരമ്പര്യത്തിന്റെ പുതിയ അടവാണിത്. ശാസ്ത്രപുരോഗതിക്കനുസരിച്ച് ഇതരമതപ്രമാണങ്ങളുടെ അസ്തിവാരംതന്നെ ഇളകിയെങ്കിലും അവർ തല നിവർന്നുനടക്കുന്നതിന്റെ രഹസ്യം അധികാരരാഷ്ട്രീയ ശക്തിയല്ലാതെവേറൊന്നുമല്ല. ദശാവതാരത്തെപ്പററി, അവർ അന്തഃസാരശൂന്യവും ബാലിശവുമായി കളിയാക്കിപറയുന്നതിനു സമാധാനംനൽകുന്ന ഈ ലേഖനത്തിൽ ക്രൈസ്തവമതപ്രചരണതന്ത്രവും

ഉദ്ദേശവും പ്രതിപാദിക്കുന്നതത്ര പ്രസക്തവും എളുപ്പവുമായിരിക്കയില്ല.

'മുകളിൽനിന്ന് താഴോട്ടിറങ്ങുക' എന്ന വാച്യാർത്ഥത്തിൽതന്നെ അവതാരതത്ത്വം നിഗൂഹനം ചെയ്തിരിക്കുന്നതായി കാണാം. പ്രപഞ്ചത്തിലെ എല്ലാ അണുക്കളിലും ഈശ്വരചൈതന്യം വ്യാപിച്ചിരിക്കുന്നുവെങ്കിലും ചില പ്രത്യേകവസ്തുക്കളിലും അവസ്ഥകളിലും അത് സവിശേഷമായി പ്രകടമാകുമ്പോരം കാണാൻ യത്നിച്ചുകൊണ്ടിരിക്കുന്നവർക്ക് ദൃഷ്ടിഗോചരമാവുന്നു. അങ്ങനെ അവതാരങ്ങരം പല വിധത്തിലുണ്ട്. കാലം, യുഗം, അംശം, പ്രാദുർഭാവം ഇത്യാദി അവതാരഭേദങ്ങളിൽ ലോകസംഗ്രഹർത്ഥമുള്ള അവതാരം പ്രാധാന്യമർഹിക്കുന്നു.

യദായദാഹി ധർമ്മസ്യ ഗ്ലാനിർഭവതി ഭാരത
അഭ്യുത്ഥാനമധർമ്മസ്യ തദാത്മാനം സൃജാമ്യഹം

എന്ന ഗീതാവാക്യം സുപ്രസിദ്ധമാണല്ലോ. ധർമ്മത്തിനുഗ്ലാനിയും അധർമ്മത്തിനു ഉയർച്ചയും ഉണ്ടാവുന്ന കാലങ്ങളിലും യുഗങ്ങളിലും തൻെറ പരിപൂർണ്ണതയ്ക്കും സർവ്വവ്യാപകതയ്ക്കും ഊനമുണ്ടാവാതെതന്നെ ഈശ്വരൻ സ്വാത്മാംശംകൊണ്ട് അവതരിച്ച് ദുഷ്ടശക്തികളെ നിഗ്രഹിച്ചും ശിഷ്ടശക്തികളെ സംരക്ഷിച്ചും ധർമ്മസംസ്ഥാപനം നിർവ്വഹിക്കുന്നു. സൃഷ്ടികർത്താവിന് തൻെറ പ്രപഞ്ച ലീലാവിനോദത്തിനുള്ള രൂപഭാവങ്ങളെക്കുറിച്ചും നശ്ചയമുണ്ടെന്നു സമാധാനിക്കുക.

അനവധിഅവതാരങ്ങരം ഉണ്ടെങ്കിലും മത്സ്യം, കൂർമം, വരാഹം, നൃസിംഹം, വാമനൻ, പരശുരാമൻ, ശ്രീരാമൻ, ശ്രീകൃഷ്ണൻ, ശ്രീബുദ്ധൻ, കല്ക്കി എന്നീ ദശാവതാരങ്ങളെയാണ് നമ്മുടെ പുരാണേതിഹാസങ്ങരം അധികവും പ്രകീർത്തിച്ചിരിക്കുന്നത്. പ്രപഞ്ചസൃഷ്ടിക്രമാനുസൃതമായജൈവവളർച്ചയുടെയും പുരോഗതിയുടെയും പ്രാതിനിധ്യം വഹിക്കുന്ന അവതാരക്രമമാണിത്. മീനും പന്നിയുമായി ദൈവം അവതരിക്കുകയോ എന്നു പരിഹാസം ചൊരിയുന്നവർക്കു ഹിന്ദുധർമ്മജ്ഞാനികരം അർത്ഥ

ഗർഭമായ ഒരു പുഞ്ചിരിയായിരിക്കും സമ്മാനിക്കുക— ''ദൈവമേ ഈ ബാലചപലൻമാരെ പൊറുക്കേണമേ'' എന്ന് എന്നാൽ ഇക്കാലത്ത് ഈ 'സാമദാന'ങ്ങൾകൊണ്ട് ഉചിതഫലം ഉണ്ടാവുകയില്ല. തത്വാനുഭൂതിയെക്കാൾ സാമുദായികമായും രാഷ്ട്രീയമായും ബലാബലപരീക്ഷണങ്ങളിലൂടെ ആധിപത്യവും അധർമ്മവ്യാപാരവും പുരോഗമിക്കുന്ന പ്രചരണയുഗമാണിത്. ദുഷ്പ്രചരണത്തെ സദ്പ്രചരണംകൊണ്ടു നേരിടണം.

ദേവഭാഷയിലും അലങ്കാരശൈലിയിലും പ്രതിപാദിപ്പിച്ചിരിക്കുന്ന ദശാവതാരതത്വം പാമര ജനങ്ങളെപോലെ നവീനവിജ്ഞാനികളും വേണ്ടപോലെ ഗ്രഹിച്ചിട്ടില്ലെന്നതു വാസ്തവമാണ്. എന്നാൽ ഡാർവിന്റെ പരിണാമ സിദ്ധാന്തവും സൃഷ്ടിക്രമത്തിന്റെ നവീന ഗവേഷണങ്ങളും ഇതരമതങ്ങളുടെ അടിത്തറയിളക്കിയിട്ടുണ്ട്. അവർ ഹിന്ദുധർമ്മതത്വങ്ങളെ ഭൗതികശാസ്ത്രീയരീതിയിൽ പ്രമാണീകരിച്ചുവെന്നത് സ്വാഭാവികംമാത്രമാണ്. ഡാർവിന്റെ ഗവേഷണഫലമായി സൃഷ്ടിയുടെ പരിണാമക്രമവും നമ്മുടെ ദശാവതാര വർണ്ണനയും സമാന്തര രേഖകളിലൂടെ പോകുന്നുവെന്നതു പ്രഖ്യാതമാണല്ലോ. ഭാരതീയ വൈജ്ഞാനികനായ ശ്രീ എം. സഹാനിയാണ് ഈ സമാന്തര രേഖകളുടെ അത്ഭുതാവഹമായ തത്വം ആദ്യമായി പൊതുജനസമക്ഷം പ്രദർശിപ്പിച്ചത്. പിന്നീട് ബ്രിട്ടനിലെ ജെ. ബി. എസ്. ഹാൾഡെയിൻ എന്ന സസ്യശാസ്ത്രജ്ഞനും മററും ഈ വഴിക്കു വെളിച്ചം വീശിയവരിൽ ഉൾപ്പെടുന്നു.

ശ്രുതിനിബദ്ധമായ പല ശാസ്ത്രഗ്രന്ഥങ്ങളും നമുക്കു നഷ്ടമായിട്ടുണ്ട്. വളരെയധികം വിലപിടിച്ച ഗ്രന്ഥശേഖരങ്ങൾ ആക്രമകാരികളാൽ ചുട്ടുനശിപ്പിക്കപ്പെട്ടു. കുറെയധികം ഗ്രന്ഥങ്ങൾ വിദേശങ്ങളിലേക്കു കൊള്ളയടിച്ചുകൊണ്ടുപോയി. 'മഹാഭാരത്വാക്യപ്രകാരം' 'വേദ'ത്തിനു ആയിരത്തിലധികം ശാഖകളുണ്ട്. അവയിൽ പത്രണ്ടെണ്ണം മാത്രമേ നമുക്കിപ്പോൾ ലഭിച്ചിട്ടുള്ളു. ഇങ്ങനെ നഷ്ടാവശിഷ്ടങ്ങളായ നമ്മുടെ ഗ്രന്ഥസമുച്ചയം വെളിപ്പെടുത്തുന്ന പൂർണസത്യത്തിന്റെ ഒരംശംപോലും ഈ ഭൗതികശാസ്ത്രജ്ഞൻമാർക്ക് ഇതേവരേ കണ്ടുപിടി

ക്കുവാൻ സാധിച്ചിട്ടില്ലെന്നുള്ളതാണ് പരമാർത്ഥം. ബൈബിളും ഖുറാനും ഒരു ജാലവിദ്യക്കാരനെപ്പോലെ ദൈവം ആറുദിവസംകൊണ്ടു പ്രപഞ്ചസൃഷ്ടി നടത്തിയിട്ട് ഏഴാംദിവസം വിശ്രമിച്ചുവെന്നുപറയുമ്പോരം അണുവളവുള്ള വടവൃക്ഷത്തിൻെറ വിതയിൽനിന്നു വലിയൊരു വടവൃക്ഷം ഉണ്ടാവുന്നതുപോലെ സൃഷ്ടി സ്വന്തം ശക്തിയിൽ നിന്നുണ്ടായെന്നാണ് ഡാർവിൻ പറയുന്നത്. എന്നാൽ നിർജ്ജീവമായ വിത്തിൽനിന്നു സചേതനമായ വടവൃക്ഷം എങ്ങനെ ഉത്ഭവിച്ചു? ആ ബീജത്തിനകത്തു താൻ ഇങ്ങനെയായിത്തീരണമെന്ന വല്ല ഇച്ഛാശക്തിയും അതിൽ ഉണ്ടായിരുന്നുവോ? ക്രൈസ്തവ—മുസ്ളീം മതഗ്രന്ഥങ്ങളിലെ ബാലൃകഥകളും ഡാർവിൻെറ ഗവേഷണഫലവും ഉത്തരംമുട്ടുന്ന ഈ സ്ഥാനത്തുനിന്നാണ് ഹിന്ദുധർമ്മത്തിൻെറ അന്തസത്തയും ഔന്നതൃവും വെളിപ്പെടുന്നത്. ഗീതയിലെ "തദാത്മാനംസൃജാമൃഹം" ഇവിടെ സമാധാനംനൽകുന്നു. 'വിദേശദാർശനികൻമാരുടെ' ജീവശക്തിപരാമർശവും ഹിന്ദുധർമ്മം പ്രതിനിധീകരിക്കുന്ന പൂർണ്ണസതൃത്തിൻെറ ഒരംശത്തോളമേ ചെന്നെത്തുന്നുള്ളു.

ഇനി മേൽപ്പറഞ്ഞ പത്ത് അവതാരങ്ങളുടെ പൗരാണിക വർണ്ണനകളും ഋഷിപ്രോക്തങ്ങളും യഥാസ്ഥാനങ്ങളിലിരിക്കവേ തന്നെ ഡാർവിൻെറ സിദ്ധാന്തം എങ്ങനെ അതിനോട് അടുത്തു വരുന്നുവെന്നു നോക്കാം.

വൈദികകാലത്തു വിഷ്ണുഭഗവാൻ ആദിതൃൻെറ രൂപത്തിൽ ആരാധിക്കപ്പെട്ടിരുന്നതിൻെറ തുടർച്ചയാണല്ലോ ഇന്നത്തെ ആദിതൃനാരായണപൂജയും മററും. വൈഷ്ണവതന്ത്രപ്രകാരം പരബ്രഹ്മത്തിൻെറ ശക്തൃാംശമായ മഹാവിഷ്ണു സ്വയം ബ്രഹ്മാ, വിഷ്ണു, മഹേശ്വരൻ, പുരുഷൻ എന്നിങ്ങനെ നാല് മൂർത്തിരൂപങ്ങരം സ്വീകരിച്ചു. ഈ വിഷ്ണുതന്നെയാണ് മൽസ്യകൂർമ്മാദി പത്തു അവതാരങ്ങളും എടുക്കുന്നത്. ദ്വാദശാദിതൃൻമാരിൽ ഒന്നായി മഹാവിഷ്ണുവിനെ കീർത്തിക്കുന്ന വൈദികഋഷിമാർ സൂരൃനെ ആദിതൃനെന്നും വിഷ്ണുവെന്നും സ്തുതിക്കുന്നതിൻെറ ഉരംപ്പൊരുരം 'ഹരിനാമകീർത്തനം' 'ആദിതൃസ്തവം' മുതലായ കൊച്ചുപുസ്തകങ്ങളിൽപോലും സ്പ

ഷ്ടമായിക്കാണാം.

നവീനഭൗതികഗവേഷണപ്രകാരം രൂപരഹിതമായ വായംശഭൂതരാണ് ധരിത്രിയും ആദിത്യനും. സൃഷ്ടിക്രമവികാസത്തിൻെറ ആരംഭത്തിൽ എങ്ങും നിറഞ്ഞുകിടന്ന ജലത്തിലാണത്രെ ആദ്യജീവിയുണ്ടായത്. കോടിക്കണക്കല്ലെങ്കിൽ ലക്ഷക്കണക്കിനു കൊല്ലങ്ങരം കൊണ്ടുണ്ടായ പ്രപഞ്ചസൃഷ്ടി വികാസത്തിന്നു ആദിത്യനാണു പോഷണമേകിക്കൊണ്ടിരുന്നത്. ഈ ആദിത്യൻ അഥവാ സൂര്യൻ സ്വയം സൃഷ്ടികർത്താവല്ല. എന്നാൽ ഭൂമിയിലെ രസങ്ങളിൽ ഉള്ള ജീവശക്തിക്കു ക്രിയാത്മകത്വം നൽകുന്നത് സൂര്യനാണ്.

ഹിന്ദുധർമ്മപ്രകാരം ആദിത്യൻ അഥവാ വിഷ്ണു സംരക്ഷകനാണ്, സൃഷ്ടികർത്താവല്ല. ദൈവീകമായ അനന്തസത്തകാട്ടുന്ന ഈ തത്വത്തെ—സൂര്യനെ ജ്വലിക്കുന്ന ഒരു ദ്രവ്യപിണ്ഡമാണെന്നു ഡാർവിൻ കാണുന്നു. ഋഷിമാരാകട്ടെ ജ്വലിക്കുന്ന ആ പദാർത്ഥ പിണ്ഡത്തിനുള്ളിൽ കുടികൊള്ളുന്ന ശക്തിയെ കാണുന്നു. ഒരേ ശക്തിയെ ഭൗതിക ശാസ്ത്രജ്ഞൻ താർക്കീകവും സീമിതവുമായ ബുദ്ധികൊണ്ടു കാണുമ്പോരം ഋഷിമാർ സഹജ ജ്ഞാനപ്രാപ്തമായ, നിസ്സീമശക്തിസമ്പന്നമായ ആത്മമാനസത്തിൽ ഉൽഘാടിതമോ പ്രകാശിക്കപ്പെട്ടതോ ആയി അതിനെ ദർശിക്കുന്നു. ഇക്കാരണത്താലാണ് മഹർഷിമാരെ വേദമന്ത്രങ്ങളുടെ 'ദ്രഷ്ടാ'ക്കരം എന്നുപറയുന്നത്.

സൃഷ്ടിക്രമവികാസത്തെ മുഖ്യമായും മൂന്നുവിധത്തിൽ ഭാഗിക്കാം—1—പ്രാചീനസൃഷ്ടി 2 മദ്ധ്യസൃഷ്ടി 3 അഭിനവസൃഷ്ടി. പ്രാചീനസൃഷ്ടിയിലെ ആദ്യജീവി ജലാശയത്തിൽ അണ്വണ്ഡങ്ങളായി പെരുകി. ഈ സൃഷ്ടിയുടെ പൂർവ്വാർദ്ധത്തിൽ ജീവസമുദായം മത്സ്യാകൃതിയിലായിരുന്നു. എന്നാൽ അവ ആധുനികമൽസ്യങ്ങളെപ്പോലെയായിരുന്നില്ല. ശരീരത്തിൻെറ എല്ലാ സുഷിരങ്ങളിലൂടെയും അവ ശ്വാസോച്ഛ്വാസം ചെയ്തിരുന്നുവത്രെ. ഈ പൂർണ്ണജലാശയ— അണ്ഡജസൃഷ്ടിയുടെ പ്രതിനിധിത്വമാണ് ഭഗവാൻ മത്സ്യാവതാരമായി കാട്ടുന്നത്.

പ്രാചീനസൃഷ്ടിയുടെ ഉത്തരാർദ്ധത്തിൽ അർദ്ധ ജല ജീവികളുടെ ബാഹുല്യമാണുള്ളത്. അവ ജലത്തിലും സ്ഥലത്തിലും ഉദരത്തിന്റെ ബലത്താൽ സഞ്ചരിച്ചിരുന്നു. ചിലതു കാററിൽ ആടിസഞ്ചരിക്കുകയും ചെയ്തിരുന്നു. കാലാന്തരത്തിൽ അവയിൽ നിന്നു പക്ഷിയും, മുതലയും, പാമ്പുംമററുമുണ്ടായി. ഈ സ്ഥല—ജലപ്രാണികളുടെ പ്രതിനിധിത്വമായി ഭഗവാൻ കൂർമ്മ (ആമ) മായവതരിച്ചു. ഇന്നു കാണപ്പെടുന്ന ചെറിയ ആമയല്ല, ഭീമാകൃതിയും ബലിഷ്ഠരൂപവും, ഉഗ്രവേഗതയും ഉള്ള ജലജന്തുക്കൾ അന്നുണ്ടായിരുന്നതായി ശാസ്ത്രജ്ഞൻമാർ വിവരിക്കുന്നുണ്ട്. അക്കൂട്ടത്തിൽ അന്നത്തെ ആമയുംപെടും.

ഈ അണ്ഡജയുഗത്തിന്റെ സമാപ്തിക്കുശേഷം പിണ്ഡജയുഗത്തിന്റെ ആരംഭമാണ്. ഈ ഇരുയുഗത്തിന്റെയുമിടയ്ക്കുള്ള നീണ്ട സംക്രമണകാലത്ത് ഭയാനകമായ സംഹാരങ്ങളുണ്ടായി. അന്നത്തെ രാക്ഷസജലസ്ഥജീവികൾ സൂര്യതാപശക്തിയാൽ ചത്തുമണ്ണടിഞ്ഞുപോയി. അവയുടെ ചെറു മാതൃകകൾ മാത്രമാണു വിശ്വശില്പിയുടെ സൃഷ്ടിവൈചിത്ര്യത്തിലൂടെ നാമിന്നും കാണുന്നത്. കടലാനയുടെയും പന്നിയുടെയും രൂപസാദൃശ്യങ്ങളുള്ള ആനയെക്കാൾ വലിപ്പമുള്ള ജീവികളാണ് മദ്ധ്യസൃഷ്ടിയിലെ പ്രാരംഭകാലത്തുണ്ടായിരുന്നത്. തൃതീയാവതാരമായ മഹാവരാഹം മദ്ധ്യസൃഷ്ടിയുടെ പൂർവ്വാർദ്ധത്തിൽ സംഭവിച്ചു. മഹാവരാഹാകൃതിയിലുള്ള ജീവികൾ ഇപ്പോൾ ഭൂമിയിലെങ്ങും ഇല്ലെന്നുതന്നെ പറയാം.

മദ്ധ്യസൃഷ്ടിയുടെ ഉത്തരാർദ്ധത്തിൽ വന്യമൃഗങ്ങളും പറവകളും ധാരാളമുണ്ടായി. വനങ്ങളിൽ അർദ്ധമൃഗാകൃതിയിലിരുന്ന ജീവികൾ മനുഷ്യാകൃതിയിലേക്കു പരിണമിച്ചുവത്രെ. ആന, സിംഹം മുതലായ മൃഗങ്ങളും അപ്പോഴത്തെ സൃഷ്ടിപരിണാമമാണ്. ഈ അർദ്ധമാനവയുഗത്തിന്റെ പ്രതിനിധിത്വമായി ഭഗവാന്റെ നൃസിംഹാവതാരം ദർശിക്കുന്നു.

അതിനുശേഷം പൂർണ്ണമാനവയുഗത്തിന്റെ പ്രാരംഭവും അഭിനവസൃഷ്ടിയുടെ പ്രഥമകാൽവെയ്പും ആകുന്നു. ആദ്യമനുഷ്യന്റെ ആകൃതി ഇന്നത്തേതിൽനിന്നു വ്യ

ത്യസ്തമായിരുന്നിരിക്കണം. അക്കാലത്തെ മാനവ സമുദായത്തിന്റെ പ്രതിനിധിത്വമാണ് ഭഗവാന്റെ വാമനാവതാരത്തിൽ കാട്ടുന്നത്.

ത്രിവിക്രമ സ്വരൂപനായ ഭഗവാന്റെ സൃഷ്ടിലീലയോടുകൂടി മനുഷ്യൻ സമൂഹ ജീവിയായി മാറി: അതോടുകൂടി വർണ്ണാശ്രമ വ്യവസ്ഥയുടെ പ്രാരംഭവും, വക്രമായ ഒരുതരം വർഗ്ഗസംഘർഷത്തിന്റെ തുടക്കവും ഉണ്ടായി. വേദദൃഷ്ടാക്കളായ ക്ഷത്രിയരേയും ഭരണാധികാരികളായ ബ്രാഹ്മണരേയും അപ്പോൾ കാണാം. ബ്രാഹ്മണ സമുദായ പുരോഗതിയുടെയും വർഗ്ഗസംഘർഷങ്ങളുടെ ആദിമഘട്ടത്തെ പ്രതിനിധാനം ചെയ്യുന്ന ഭഗവദവതാരമാണ് പരശുരാമൻ. സത്യ (കൃത) യുഗത്തിനും ത്രേതായുഗത്തിനുമിടയ്ക്കുനടന്ന സംക്രാന്തികാലത്തു വർണ്ണവ്യവസ്ഥയ്ക്കു സാംസ്കാരികവും സനാതന ധർമ്മാധിഷ്ഠിതവുമായ പ്രതിഷ്ഠയുണ്ടായി. 'കൃണ്വന്തോവിശ്വമാര്യം' വിശ്വംമുഴുവൻ ശ്രേഷ്ഠവർഗ്ഗം നിറയട്ടെ എന്ന സാംസ്കാരിക പ്രാധാന്യമായ ഘോഷദ്ധ്വനി മുഴങ്ങി ജനരഞ്ജന കർത്താവായ ശ്രീരാമനായി ഭഗവാൻ അവതരിക്കുന്നതപ്പോഴാണ്.

എല്ലാവിധ ശാസ്ത്രങ്ങളും വളർന്നുവികസിക്കുകയും മാനവസംസ്ക്കാരം അതിന്റെ പരിപൂർണ്ണാവസ്ഥയിലെത്തുകയും പരിപുഷ്ടമായ ജീവിതപ്രഭാവം അനുഭവിച്ചുകഴിയുകയും ചെയ്ത ഘട്ടത്തിലാണ് ദ്വാപരയുഗാരംഭം. വിവിധ കലാവിദ്യകളും സിദ്ധികളും ഭോഗങ്ങളും യോഗങ്ങളും ഉന്നതിയിലെത്തിയ ഈ യുഗത്തിൽ നാനാശാഖകളോടുകൂടിയ രാജ്യതന്ത്രത്തിന്നായിരുന്നുമുഖ്യത്വം. ഷോഡശകലാപൂർണ്ണനായ ശ്രീകൃഷ്ണാവതാരം ഈ യുഗത്തിലാണുണ്ടായത്.

രാജസപ്രധാനമായ ദ്വാപരയുഗം അവസാനിച്ച് താമസപ്രധാനമായ കലിയുഗമാരംഭിച്ചപ്പോൾ ഉണ്ടായ സംക്രാന്തിയുടെ അന്ത്യത്തിൽ ഭഗവാൻ ബുദ്ധനായി അവതരിച്ചു. സാമൂഹികവും സംഘടിതവുമായ പ്രചരണയുഗമാണിത്. പത്താമത്തെ അവതാരമായ കല്ക്കി ഭാവിഗർഭത്തിൽ സ്ഥിതിചെയ്യുകയാണ്. ഇങ്ങനെ അണുക്കളിൽ വ

ച്ച് പരമാണുവും മഹത്തായവകളിൽ വച്ച് വലുതുമായ— 'അണോരണീയാൻ മഹതോമഹീയാൻ'— ഭഗവാൻെറ അവതാരലീലകൾ ഹിന്ദുമതശാസ്ത്രത്തിലെന്നപോലെ ഭൗതിക ശാസ്ത്രത്തിലും കൂടുതൽ പ്രാമാണികമായി നിലകൊള്ളുന്നുവെന്നു കാണാം. സഹസ്രനാമങ്ങളാൽ സ്തുതിക്കപ്പെടുന്ന ആ പ്രപഞ്ചശില്പിയുടെ ദശവിധ—സഹസ്രവിധരൂപങ്ങളെ മഹാത്മാക്കളോടൊപ്പം നമുക്കും നമസ്കരിക്കാം.

ശ്രീജയദേവകവേരിദമുദിതമുദാരം
ശൃണുശുഭദം സുഖദം ശ്രുതിസാരം
കേശവ ധൃത ദശവിധരൂപ;
ജയ ജഗദീശ ഹരേ.

ഹിന്ദുപൗരാണികകഥകൾപോലും നവീനവിജ്ഞാനങ്ങളുടെ വെളിച്ചത്തിൽ കൂടുതൽ പ്രാമാണികമായി വിളങ്ങുമ്പോൾ ഇതര മതസ്ഥരുടെ ബാലകഥാസദൃശമായ മതതത്വങ്ങളുടെ അടിത്തറയിളകിയെങ്കിലും ലോകവ്യാപകമായ പ്രചരണതന്ത്രവും സംഘടിതബലവുംകൊണ്ട് സത്യസനാതന ധർമ്മതത്വങ്ങളെ പരിഹസിക്കുവാനും അതിൻെറ അനുയായികളെ മതം മാററാനും അവർ ധൈര്യപ്പെടുന്നു. ദൈവീകമായ മനുഷ്യപ്രേമമല്ല; കുടിലമായ ശക്തിരാഷ്ട്രീയത്തിൻെറ അടങ്ങാത്ത ദുരയും ദുർമ്മോഹവുമാണവരെ അതിനു പ്രേരിപ്പിക്കുന്നത്. ഒരുപക്ഷെ, അതായിരിക്കും കലിയുഗത്തിൻെറ സവിശേഷതയായി കലാശിക്കുന്നതും.

# പരശുരാമാവതാരം

ഭാരതത്തിൻെറ തെക്കേയററത്ത് ശ്രീകന്യാകുമാരി ക്ഷേത്രത്തിനും തെക്കുമാറി പൂർവ്വോൻമുഖമായൊരു ഗണപതി പ്രതിഷ്ഠയുണ്ട്. സ്ഥലപുരാണപ്രകാരം ഗോകർണ്ണത്തുനിന്നു പരശുവെറിഞ്ഞ് കേരളത്തെ കടലാക്രമണത്തിൽ നിന്നു വിമോചിപ്പിച്ച ശ്രീ പരശുരാമനാണ് ഈ പ്രതിഷ്ഠനടത്തിയത്. അതിനാൽ ദക്ഷിണാഗ്രത്തിലെ കടൽക്കരയിലിരിക്കുന്ന ഈ വിഘ്നേശ്വരനെ 'പരശുരാമവിനായകൻ' എന്നു വിളിക്കുന്നു. പ്രപഞ്ചത്തിൻെറ പ്രഥമദമ്പതികളായ പാർവ്വതീപരമേശ്വരൻമാരുടെ പ്രഥമപുത്രനാണല്ലോ ഗണപതി. ഗണപതിക്കു കുറിയ്ക്കാത്ത യാതൊരു ശുഭകർമ്മവും ഭാരതീയസംസ്കൃതിയിലില്ല. പ്രണവസ്വരൂപനും വിഘ്നേശ്വരനുമായ ശ്രീഗണപതിയെ ഭാരതത്തിൻെറ ദക്ഷിണാഗ്രത്തിൽ പ്രതിഷ്ഠിച്ച പരശുരാമൻെറ മഹൽ സങ്കൽപമെന്താണെന്നു മനസിലാക്കിക്കൊള്ളുകയേ വേണ്ടൂ.

തുടർന്ന് ശ്രീകന്യാകുമാരിതൊട്ടു അനവധി ദൈവപ്രതിഷ്ഠകൾ നിർവഹിച്ചുകൊണ്ട് വടക്കോട്ടുപോകുന്ന ശ്രീപരശുരാമദിവ്യചരിതം ഭാരതപ്രദേശങ്ങളിലെങ്ങും വ്യാപിച്ചിരിക്കുന്നു, അദ്ദേഹത്തിൻെറ ധർമ്മപുനഃസ്ഥാപനമെന്ന സല്ക്കർമ്മവീചികളാകട്ടെ വിശ്വവ്യാപകമായി പ്രസരിച്ചിരുന്നു.

ശിവൻെറ രൗദ്രഭാവവും വിഷ്ണുവിൻെറ സൗമ്യഭാവവും പരശുരാമനിൽ പ്രകടമായിരുന്നു. ഈ വൈരു

ദ്ധ്യാത്മകഭാവം തന്നേയാണ് പരശുരാമാവതാരത്തിന്റെ പ്രത്യേകതയും. ഒരു കൊടുങ്കാററുപോലെ സംഹാരഭാവത്തിൽ വെണ്മഴുവേന്തി സഞ്ചരിച്ചുകൊണ്ട് ദുഷ്ടനിഗ്രഹവും ശിഷ്ടപരിപാലനവും നിർവഹിക്കുന്ന ശ്രീപരശുരാമൻ ധർമ്മസംരക്ഷകനാണ്. ജനനിയും ജൻമഭൂമിയും സ്വർഗ്ഗത്തേക്കാൾ ശ്രേഷ്ഠമാണെന്ന് പ്രസ്പഷ്ടമാക്കിയ പരശുരാമൻ എങ്ങനെ മാതൃഹന്താവാകും? ക്ഷത്രിയശക്തിയുടെ മൂർത്തീഭാവമായിരുന്ന ഭൃഗുപതിയെങ്ങനെ ക്ഷത്രിയവിരോധിയാവും? വേദപുരാണേതിഹാസങ്ങളിൽ വ്യാപിച്ചിരിക്കുന്ന ശ്രീപരശുരാമചരിതം സമഗ്രമായി ഗ്രഹിച്ചാലറിയാം മററു അവതാരപുരുഷൻമാരെപ്പോലെ നിഗ്രഹാനുഗ്രഹശക്തികൾ യുഗധർമ്മാനുസൃതം പ്രയോഗിച്ചുകൊണ്ടാണ് അദ്ദേഹം ധർമ്മസംസ്ഥാപനം നിർവഹിച്ചതെന്ന്.

സത്യയുഗാവസാനത്തിനും ത്രേതായുഗാരംഭത്തിനുമിടയ്ക്കുള്ള ഐതിഹാസികാരംഭത്തിലാണ് ശ്രീപരശുരാമാവതാരം. വർണ്ണാശ്രമത്തിന്റെ പുനരാരംഭവും വർണ്ണസംഘർഷാത്മകമായ വിപ്ളവവും അതു കുറിയ്ക്കുന്നു. ഈ കാലഘട്ടത്തെ പശ്ചാത്തലമാക്കിക്കൊണ്ടാവണം പിന്നീട് കാളിദാസൻ 'മാളവികാഗ്നിമിത്രം' രചിച്ചിട്ടുള്ളത്. ശൂദ്ര–വൈശ്യ–ക്ഷത്രിയ–ബ്രാഹ്മണ ഗുണങ്ങൾ ഓരോ വ്യക്തിയിലും പടിപടിയായി വികാസപരിണാമം പൂണ്ട് പൂർണ്ണതപ്രാപിക്കണം. ഈ കർമ്മഗുണഭാവങ്ങൾതന്നെ സമൂഹത്തിൽ വിഭാഗീയവ്യവസ്ഥകളായിത്തീരും. ധർമ്മത്തിന്റെ അടിസ്ഥാനത്തിലാണീ വർണ്ണാശ്രമവ്യവസ്ഥയെങ്കിൽ അതു ഗുണപ്രദവും, അധർമ്മാടിസ്ഥാനത്തിലാണെങ്കിൽ ദോഷകരവുമായി പരിണമിക്കും. ഈ ദോഷഗുണങ്ങളുടെ സംഘർഷംമുററി, ധാർമ്മിക സമതുലിതാവസ്ഥ നഷ്ടപ്പെട്ടുകൊണ്ടിരുന്ന യുഗത്തിലാണ് ശ്രീപരശുരാമൻ അവതരിച്ചത്.

## ഖണ്ഡപരശു

'മഹർഷീണാം ഭൃഗുരഹം' എന്ന ഗീതാവാക്യപ്രകാരം മഹർഷിമാരിൽ പ്രഥമഗണനീയനായ ഭൃഗുവിന്റെ വംശപ

രമ്പര ബ്രഹ്മവിദ്യയിലും ആയോധനവിദ്യയിലും പ്രസിദ്ധരായിരുന്നു. ഈ പരമ്പരയിൽ വന്ന ഋചീകമഹർഷി അക്കാലത്തെ ഏററവും പ്രാമാണികനായ ശാസ്ത്ര—ശസ്ത്ര പാരംഗതനായിരുന്നു. ഇദ്ദേഹത്തിൻെറ പുത്രനാണ് ജമദഗ്നി. അയോദ്ധ്യാധിപതിയായ പ്രസേനജിത്തിൻെറ പുത്രി രേണുകയെ ജമദഗ്നി പാണിഗ്രഹണം ചെയ്തു. രേണുക ക്ഷത്രിയകുലജാതയാണ്. സ്വപിതാവിൽനിന്ന് ജമദഗ്നി വേദങ്ങരം അഭ്യസിച്ചു. വിശ്വാമിത്രൻ ജമദഗ്നിയുടെ സഹപാഠിയായിരുന്നു. ഇരുവരും ഗുരുവിൽനിന്ന് അനേകം ദിവ്യാസ്ത്രങ്ങരം കരസ്ഥമാക്കി. ജമദഗ്നിയുടേയും രേണുകയുടേയും പുത്രനായവതരിച്ച പരശുരാമൻ 14–ാം വയസിൽതന്നെ വേദശാസ്ത്രങ്ങളെല്ലാം അഭ്യസിച്ചുവെങ്കിലും സ്വവംശസ്ഥാപകനായ ഭൃഗുമഹർഷിയുടെ നിയോഗമനുസരിച്ച് കൈലാസത്തിൽച്ചെന്ന് തപസ്സുചെയ്ത് ശിവനിൽനിന്നും മന്ത്രദീക്ഷ സ്വീകരിച്ചു. ദീക്ഷ നൽകിയശേഷം ഉഗ്രമായ ഒരു ബലപരീക്ഷണം നടന്നു. ഗുരുശിഷ്യൻമാരുടെ ഈ ദ്വന്ദ്വയുദ്ധത്തിൽ ശിവതാണ്ഡവം തടുത്തുകൊണ്ട് ശിവൻ അനുഗ്രഹിച്ചുനൽകിയ പരശുകൊണ്ടുതന്നെ ഭാർഗവരാമൻ ശിവനെ പരിക്കേൽപ്പിച്ചു. ശിഷ്യവൽസലനായ ശിവൻെറ ലലാടത്തിൽ അതൊരു അലങ്കാരമായി ഭവിച്ചു. 'ഖണ്ഡപരശു' വെന്ന ശിവനാമത്തിനാധാരമായ ഈ അടയാളം ശിവൻെറ ശിഷ്യവാൽസല്യത്തിന്നു മകുടോദാഹരണമായി വിലസുന്നു.

ഈ പരീക്ഷണവിജയത്തിൽ സന്തുഷ്ടനായ പരമേശ്വരൻ മഹത്തായ തൻെറ 'ശിവധനുഷ്' പരശുരാമനു നൽകുകയും ധനുർവ്വിദ്യകളും ദിവ്യായുധപ്രയോഗങ്ങളും അഭ്യസിപ്പിക്കുകയും ചെയ്തു. ധനുർവേദസംഹിത പ്രകാരം ധനുർവിദ്യയുടെ ആവിഷ്ക്കർത്താവ് ശിവനും ആദ്യപ്രയോക്താവ് പരശുരാമനുമാകുന്നു. കൈലാസ വാസകാലത്ത് ഹിമാലയത്തിൽ ഉപദ്രവങ്ങളുണ്ടാക്കികൊണ്ടിരുന്ന ആസുരഗണങ്ങളെ പരശുരാമൻ ഒററയ്ക്കു തുരത്തി ഓടിക്കുകയോ വധിക്കുകയോ ചെയ്തിരുന്നു. ഈയവസരത്തിൽ ഇന്ദ്രൻെറ അപേക്ഷപ്രകാരം പാതാളവാസികളായ അസുരൻമാരുടെ ആക്രമണങ്ങളെ ഒടുക്കുന്നതിന്നായി ശി

വൻ പരശുരാമനെയാണ് നിയോഗിച്ചത്. പാതാളസമരത്തിലും വിജയിയായ 'ഭൃഗുപതിരാമനു' തൻെറ വെൺമഴു, ധനുഷ് എന്നിവയ്ക്കു പുറമേ പല ദിവ്യായുധങ്ങളും ശിവൻ നൽകി. 'വിഷ്ണുധർമ്മോത്തരപുരാണ'ത്തിൽ ശിവധനുഷ് കൊണ്ട് പരശുരാമൻ നടത്തിയ പരാക്രമങ്ങൾ വർണ്ണിച്ചിട്ടുണ്ട്.

## കാർത്തവീര്യാർജ്ജുനൻ

ദേവാസുരയുദ്ധത്തിലെ ശക്തിമാനായ സേനാധിപതി സുദാസൻ പരശുരാമനെ പ്രകീർത്തിക്കുന്നതായി ഋഗ്വേദത്തിൽ കാണാം. അക്കാലത്തു ഹൈഹയസാമ്രാജ്യത്തിൻെറ പേരും പുകഴും പാതാള—ദേവലോകങ്ങളിലും വ്യാപിച്ചിരുന്നു. ഇതിൻെറ തലസ്ഥാനനഗരമായ മാഹിഷ്മതിക്കടുത്ത് എപ്പോഴും സ്വർണ്ണരാശികൾ നിറച്ച കപ്പലുകൾ നങ്കൂരമടിച്ചു നിന്നിരുന്നുവത്രെ. വിദൂരപൂർവദേശങ്ങളും പാതാളരാജ്യങ്ങളുമായി മാഹിഷ്മതി സാംസ്കാരികമായും വാണിജ്യപരമായും ബന്ധങ്ങൾ പുലർത്തിയിരുന്നു. എന്നാൽ ഐശ്വര്യ വർദ്ധനവനുസരിച്ച് ധർമ്മപന്ഥാവിൽ നിന്നു വ്യതിചലിച്ചുകൊണ്ടിരുന്ന മാഹിഷ്മതിയിലെ ആര്യ രാജവംശം ജനങ്ങൾക്കും ദേശീയഭദ്രതയ്ക്കും ഒരു ഭീഷണിയായിത്തീർന്നു. കാർത്തവീര്യാർജ്ജുനൻെറ കാലമായപ്പോഴേയ്ക്കും അതു മൂർദ്ധന്യദശയിലെത്തി. സഹസ്രകരങ്ങളുടെ ഭുജബലവും, പതിനേഴു അക്ഷൗഹിണിപടയും പതിനായിരം പുത്രൻമാരുമുണ്ടായിരുന്ന കാർത്തവീര്യാർജ്ജുനൻെറ അമിതബലത്തിൽ അഹങ്കരിച്ച ക്ഷത്രിയരാജാക്കൻമാർ പലരും ധർമ്മപഥത്തിൽ നിന്നു വഴുതിക്കൊണ്ടിരുന്നു. രാജനീതിയുടെ പേരിൽ അവർ ധർമ്മനീതികളെ അന്യഥാകരിക്കുകയും സ്വധർമ്മത്തേക്കാൾ പരധർമ്മത്തെ മോഹിച്ചുകൊണ്ട് ദേവതകൾക്കും മഹർഷിമാർക്കും രാജ്യവാസികൾക്കും ആതങ്കമുളവാക്കുകയും ചെയ്തുകൊണ്ടിരുന്നു. കാർത്തവീര്യാർജ്ജുനനാകട്ടെ വസിഷ്ഠമഹർഷിയുടെ ആശ്രമത്തേപ്പോലും ധ്വംസിക്കുകയും ജമദഗ്നി മഹർഷിയെ വധിക്കുകയും ചെയ്തു.

ഭാരതമാകമാനം ബാധിച്ച ദേശീയ ധർമ്മവിരുദ്ധമായ ഈ രാജനൈതികബാധയൊഴിപ്പിച്ച് ധർമ്മസംസ്ഥാപനം നിർവഹിക്കുക പരശുരാമാവതാരത്തിന്റെ ഉദ്ദേശവുമായിരുന്നു. അകൃതവ്രണൻ, മഹോദരൻ എന്നീ അനുചരൻമാരോടുകൂടി ശ്രീപരശുരാമൻ മാഹിഷ്മതിയിൽ ചെന്നു അനുയായിസഹസ്രങ്ങളോടൊപ്പം കാർത്തവീര്യാർജ്ജുനനെയും വധിച്ചു. തുടർന്ന് പ്രജാപീഡകരായ പല ഭരണാധികാരികളെയും ശിക്ഷിക്കുകയും സഹായത്തിനുപകരം ഉപദ്രവത്തിന്നായിട്ടുമാത്രം സ്വശക്തി ഉപയോഗിക്കുന്നതുകൊണ്ടുള്ള ദോഷത്തെ ദുഷ്ടരാജാക്കൻമാരെ ബോധിപ്പിക്കുകയും ചെയ്തു. ബ്രഹ്മഹത്യാദി പാപകർമ്മനിരതരായിരുന്ന ഒരൊററ രാജാവിനും പരശുധാരിയിൽനിന്നു രക്ഷപ്പെടാൻ സാധിച്ചിട്ടില്ല. 21 പ്രാവശ്യം തുടർച്ചയായുണ്ടായ ഈ ക്ഷത്രിയശുദ്ധീകരണത്തിന്റെ ഫലമായി സമന്തകപഞ്ചകമെന്ന പെരുങ്കയമുണ്ടായി. ആ രക്തധാരകൊണ്ട് പിതൃതർപ്പണം ചെയ്യുന്നതുവരെ പരശുരാമൻ അടങ്ങിയിരുന്നില്ല.

## നാരായണീയത്തിലും ഗീതഗോവിന്ദത്തിലും

ദുഷ്ടനശീകരണത്തിനുശേഷം ശിഷ്ടപരിപാലനത്തിനായി പരശുരാമൻ ഭാരതത്തിലങ്ങോളമിങ്ങോളം സഞ്ചരിച്ചു. ശിവൻ നൽകിയ ധനുഷ് ശ്രീദാശരഥിരാമനു ലഭിക്കത്തക്കവിധം അഗസ്ത്യരെ ഏൽപ്പിച്ചു. ശിവദർശനത്തിന്നായി കൈലാസത്തിൽ ചെന്നപ്പോരം പൂമുഖത്തിൽ നിന്നിരുന്ന ശ്രീഗണപതി പരശുരാമനെ തടുത്തതിനെ തുടർന്ന് അവർക്കിരുവർക്കും ബലപരീക്ഷണം നടന്നുവെന്നും ഈ ദ്വന്ദ്വയുദ്ധത്തിൽ വിഘ്നേശ്വരന്റെ ഒരു കൊമ്പ് ഒടിഞ്ഞത് ശിവനെപ്പോലെ അലങ്കാരമായി സ്വീകരിച്ചതിനാലാണ് ഗണപതി ഏകദന്തനായതെന്നും ഒരു പുരാണകഥയുണ്ട്, ശ്രീശിവാജ്ഞയും പിതൃക്കളുടെ ആഗ്രഹവുമനുസരിച്ച് ശ്രീകാശ്യപമഹർഷിയോടുകൂടി അശ്വമേധയാഗം നടത്തി, ഭൂമി മുഴുവൻ ഭൂസുരൻമാരെ ഏൽപ്പിച്ചിട്ട് തപസ്സിന്നായി പരശുരാമൻ മഹേന്ദ്രഗിരിയിലേക്കുപോയി. ഇങ്ങനെ തപസ്സുചെയ്തുകൊണ്ടിരിക്കുമ്പോഴാണ

ത്രെ തെക്കേ അററംമുതൽ വടക്കോട്ടു ഗോകർണ്ണംവരെയുള്ള ഭൂമി സമുദ്രത്തിൽ മുങ്ങിപ്പോയതുകണ്ട് താപസൻമാർ അപേക്ഷിച്ചതിനാൽ ധ്യാനമാത്രത്താൽ കൈവരിച്ച പരശുവെറിഞ്ഞ് കേരളത്തെ ഉദ്ധരിച്ചത്. 'അപ്രകാരം പരശുരാമമൂർത്തിയായ നിന്തിരുവടി, അല്ലയോ ഗുരുവായുപുരേശ! എന്നെ രക്ഷിക്കേണമേ!' എന്ന് 'ശ്രീമന്നാരായണീയ' ത്തിൽ സ്തുതിച്ചിരിക്കുന്നുവല്ലോ:—

ന്യസ്യാസ്ത്രാണി മഹേന്ദ്രഭൂഭൃതി
തപസ്തന്വൽ പുനർമ്മർജ്ജിതാം
ഗോകർണ്ണാവധി സാഗരേണ ധരണീം
ദൃഷ്ട്വാർത്ഥി തസ്താപസൈഃ
ധ്യാതേഷ്വാസ ധൃതാനലാസ്ത്രചകിതം
സിന്ധും സ്രുവക്ഷേപണാ—
ദുത്സാര്യോദ്ധൃത കേരളോ ഭൃഗുപതേ!
വാതേശ! സംരക്ഷ മാം.

ഹേ ഭൃഗുപതിരൂപൻ! കേശവ! അങ്ങ് വിശ്വപാപതാപങ്ങളകററാൻ ഈ ജഗത്തിനെ ക്ഷത്രിയ—ഭരണാധികാരി വർഗ്ഗത്തിൻെറ—രക്തത്തിൽ കുളിപ്പിക്കുന്നു:—

ക്ഷത്രിയരുധിരമയേജഗദപഗതപാപം
സ്നപയസി പയസി ശമിത ഭവതാപം
കേശവധൃത ഭൃഗുപതിരൂപ
ജയജഗദീശഹരേ

എന്നാണ് ദശാവതാരസ്തോത്രത്തിൽ ശ്രീ. ജയദേവൻ സ്തുതിച്ചിരിക്കുന്നത്.

ക്ഷത്രിയരോട് വിരോധമല്ല, അവരെ അധർമ്മവൃത്തികളിൽ നിന്ന് പിന്തിരിപ്പിച്ച് ക്ഷത്രിയധർമ്മം സമുദ്ധരിക്കാനുള്ള ക്ഷത്രിയസ്നേഹമാണ് ക്ഷത്രിയകുലസംജാതനായ ശ്രീ. പരശുരാമനുണ്ടായിരുന്നത്. 'യഥാ രാജാ തഥാ പ്രജാ'—എന്ന ആപ്തവാക്യമനുസരിച്ച് രാജാവിൻെറ ധർമ്മച്യുതി പ്രജകളെയും ബാധിക്കും. ജനങ്ങൾ ധർമ്മപരായണരും സദാചാരനിഷ്ഠരുമായിരിക്കണമെങ്കിൽ രാജാവും ധർമ്മനിഷ്ഠനായിരിക്കണം. ദേശീയധർമ്മം, പ്രജാക്ഷേമം, സദാചാരം എന്നിവയിൽ നിഷ്ഠയില്ലാത്ത രാജ്യതന്ത്രം മരണക്കുടുക്കാണ്.

ദുഷ്ടനിഗ്രഹം കഴിഞ്ഞ് മഹേന്ദ്രഗിരിയിൽചെന്നു

വളരെക്കാലം തപസുചെയ്തതിനുശേഷമാണ് ശ്രീപരശുരാമൻ കന്യാകുമാരി മുതൽ വടക്കോട്ട് അനവധി ദേവീപ്രതിഷ്ഠകൾ നടത്തിയത്. ഈ ധർമ്മക്ഷേത്രസ്ഥാപനങ്ങൾ ദക്ഷിണാഗ്രത്തിലെ 'പരശുരാമ വിനായക' പ്രതിഷ്ഠയോടുകൂടി ആരംഭിച്ചിരിക്കാം. അത് ഭാരതസംസ്കൃതിയുടേയും ദേശീയോൽക്കർഷത്തിൻേറയും ശുഭപ്രതീകമാണല്ലോ. മഹേന്ദ്രഗിരിയിൽ തപസ്വിയായിരിക്കവേ ശ്രീപരശുരാമൻെറ ശിഷ്യഗണങ്ങൾ നൂററുക്കണക്കിന് ഭാരതസന്ദേശവാഹകൻമാരായി വിദേശങ്ങളിലേക്കു പോയിരുന്നു. പേർഷ്യാ, മെസപ്പട്ടോമിയ മുതലായ രാജ്യങ്ങളിലിന്നും ശ്രീപരശുരാമചിഹ്നങ്ങളവശേഷിക്കുന്നത് ഭാരതീയ ചരിത്രഗവേഷകൻമാർ പഠിച്ചറിയേണ്ടവയാണ്.

ബലിഷ്ഠശരീരത്തോടുകൂടിയ മഹാതേജസ്വി; ഇച്ഛാശക്തിയുടെ വല്ലഭൻ; യുദ്ധകൗശലത്തിൽ അദ്വിതീയൻ, ശാസ്ത്രവിദ്യയും ശസ്ത്രവിദ്യയും ഇരുകരങ്ങളേപ്പോലെ സ്വായത്തമാക്കിയവൻ, 'സ്രുവം' എന്ന പരശുവായുധം ഭൂമിയിലേക്കാവിഷ്ക്കരിച്ച് അത്ഭുത വിക്രമങ്ങൾ പ്രദർശിപ്പിച്ച പരാക്രമി, സദാശിവൻെറ പ്രിയശിഷ്യൻ, ധനുർവ്വേദവിദ്യയുടെ പ്രവാചകൻ, ദേവപ്രതിഷ്ഠകളുടെ മഹാശില്പി, ധർമ്മപ്രേമികളുടെ മഹാചാര്യൻ, സർവ്വോപരി ധർമ്മസംസ്ഥാപകൻ ഇത്യാദി വിഭൂതികളുടെ പ്രത്യക്ഷസ്വരൂപനാണ് ഭാർഗവരാമനായ ശ്രീപരശുരാമൻ.

# ജഗദ്ഗുരു ഹനുമാൻ

സമുദ്രത്തിനു ഉപമ സമുദ്രംതന്നെ. അതുപോലെ ഹനുമാനുതുല്യമായി ഹനുമാൻ മാത്രം. ഹനുമാന്റെ ദിവ്യ ചരിതം ത്രേതായുഗത്തിൽ ആരംഭിക്കുന്നു. അദ്ദേഹത്തിന്റെ മാതാപിതാക്കൻമാരായ അഞ്ജനയുടെയും കേസരിയുടെയും ചരിതമാകട്ടെ കൃതയുഗത്തോളം പിന്നിലോട്ടു പോകുന്നുണ്ട്. ഒരു പുത്രനുവേണ്ടി സഹസ്രവർഷങ്ങൾ തന്നെ തപസുചെയ്തിരുന്നു അഞ്ജനയും കേസരിയും. അങ്ങനെ ഭൂജാതനായ ഹനുമാൻ ജഗദ് ഗുരുവായത് സ്വാഭാവികം മാത്രം.

ശ്രീഹനുമാനെ വായുപുത്രനെന്നും ശിവാംശഭൂതനെന്നും വൈഷ്ണവീശക്തിയെന്നും മററും വിശേഷിപ്പിക്കുന്നുണ്ടല്ലോ എന്നാണെങ്കിൽ പുരാണകഥാകഥന സമ്പ്രദായത്തിൽ അതും ശരിതന്നെ. പുത്രോൽപാദനവിഷയത്തിൽ കുന്തീദേവി സ്വീകരിച്ച ദേവതാവാഹനരീതി ഹനുമാന്റെ മാതാപിതാക്കളും സ്വീകരിച്ചിരിക്കുന്നു. ഏകദേശരുദ്രൻമാരിൽ ഒടുക്കത്തെ സ്വരൂപമാണ് ഹനുമാനായി ആവിർഭവിച്ചത്. ശൈശവത്തിൽതന്നെ വായുവേഗത്തിൽ ആദിത്യഗോളത്തെ ലക്ഷ്യമാക്കിപറക്കുകയും ദേവേന്ദ്രനെപ്പോലും പരിഭ്രമിപ്പിക്കുകയും ചെയ്ത ശ്രീഹനുമാന്റെ അമാനുഷശക്തിയും തേജോബലവും സർവ്വവിദിതവുമാണ്.

## ഉത്തമഗുണഗണങ്ങൾ

മൽസ്യകൂർമ്മാദി അവതാരങ്ങൾ സ്വീകരിച്ച ഭഗവാന് വാനരാകൃതിയിൽവന്നുകൂടെന്നില്ല. അഥവാ ഭൗതികവാദികളോടൊപ്പം ഹനുമാൻ ഒരു കുരങ്ങനാണെന്നുപറഞ്ഞു പരിഹാസച്ചിരി ചിരിച്ചാലും ശ്രീഹനുമാന് ഒരു കുറവും ഉണ്ടാവാൻപോകുന്നില്ല. ത്രേതായുഗത്തിലെ ആ വാനരശ്രേഷ്ഠന്റെ മുമ്പിൽ എങ്ങനെയായാലും കലിയുഗമനുഷ്യന്റെ തല താഴുകതന്നെ ചെയ്യും—ഉത്തമഭാവത്തിൽ അല്ലെങ്കിൽ അധമഭാവത്തിൽ. ഉത്തമഭാവം ഊർദ്ധ്വഗതിയിലേക്കും അധമഭാവം അധോഗതിയിലേക്കും നയിക്കുകയും ചെയ്യും. ഉജ്ജ്വലമായ ബ്രഹ്മചര്യം, മഹാപരാക്രമം, പരമജ്ഞാനം, സർവ്വോപരി ഈശ്വരവിധേയത്വം, സത്യനിഷ്ഠ ഇത്യാദി ഹനുമദ്ഗുണഗണങ്ങൾ ഓർക്കുമ്പോൾ ഭക്തിക്കും, അവിശ്വാസം ലജ്ജക്കും കാരണമാവാം.

കിഷ്കിന്ധയിൽ സുഗ്രീവന്റെ മന്ത്രിയായിരിക്കുമ്പോഴാണ് ശ്രീഹനുമാൻ ആദ്യമായി രാമലക്ഷ്മണൻമാരെ കാണുന്നത്. അവരെ അടുപ്പിക്കുന്ന സൂക്ഷ്മങ്ങളും ജൻമാന്തരങ്ങളുമായ കാരണങ്ങൾ പലതാണ്. അത്രത്തോളമൊന്നും അറിയാനാവാത്ത സുഗ്രീവൻ തന്റെ മന്ത്രിയെ നവാതിഥികൾക്ക് പരിചയപ്പെടുത്തുന്ന കൂട്ടത്തിൽ പറയുന്നു- "ജലം, ഭൂമി, ആകാശം, മററു അന്തരീക്ഷങ്ങൾ എവിടെയായാലും ഈ കപിശ്രേഷ്ഠന്റെ വായുവേഗഗതിയെ തടുക്കാൻ ആരെക്കൊണ്ടുമാവില്ല. ദിവ്യവും അത്ഭുതകരവുമായ പരാക്രമശക്തിയുടെ ഉടമയാണ് ഹനുമാൻ. ധർമ്മനീതിശാസ്ത്രങ്ങളിൽ അപാരപണ്ഡിതൻ, ദേശകാലാനുസരണം പറയാനും പ്രവർത്തിക്കുവാനും വശമുള്ളവൻ, വീര്യത്തിലും ബലത്തിലും അതുല്യൻ, ബുദ്ധിമതികളിൽ അഗ്രഗണ്യൻ ഇത്യാദി ഗുണങ്ങളുടെ മൂർത്തസ്വരൂപമാണ് ഹനുമാൻ. അതേപോലെ വിനയത്തിലും ജീവകാരുണ്യത്തിലും, സർവ്വോപരി സത്യനിഷ്ഠയിലും അദ്വിതീയൻ!

## 'രാമദാസോഹം'!

ഹനുമാന്റെ ഗുണഗണങ്ങൾ മന്ദഹാസപൂർവം ശ്രവി

ച്ചുകൊണ്ടിരുന്നു ഭഗവാൻ ശ്രീരാമചന്ദ്രൻ. വിനയാനവീതനായിരിക്കുന്ന ഹനുമാന് അപ്പോഴേക്കും ഭഗവാൻെറ കടാക്ഷദീക്ഷ സിദ്ധിച്ചുകഴിഞ്ഞു! പിന്നെ താമസമുണ്ടായില്ല ഭക്തനും ഭഗവാനും യോജിക്കുവാൻ. 'രാമദാസോഹം, രാമദാസോഹം! ജയ് ജയ് ശ്രീരാം!!' താരകമന്ത്രം അന്തരീക്ഷമെങ്ങും മുഴങ്ങി ബ്രഹ്മനാദത്തിൽ ലയിച്ചുകൊണ്ടിരുന്നു.

വീര്യപരാക്രമങ്ങളിലെന്നപോലെ വാക്വൈഭവത്തിലും ഹനുമാൻതന്നെ അഗ്രഗണ്യൻ. ഹനുമാനുമായി ദീർഘനേരം സംഭാഷണം നടത്തിയ ശ്രീരാമചന്ദ്രൻ ലക്ഷ്മണനോടു പറയുന്നു: "നോക്കൂ ലക്ഷ്മണാ! ഈ ഹനുമാൻ വ്യാകരണശാസ്ത്രങ്ങളുടെ സമ്പൂർണ്ണജ്ഞാതാവാകുന്നു. ഈ നീണ്ട സംഭാഷണത്തിനിടക്ക് ഒരു അപശബ്ദംപോലും കേൾക്കാൻസാധിച്ചില്ല."

നൂനം വ്യാകരണം കൃത്സ്നമനേന ബഹുധാശ്രുതം
ബഹു വ്യാഹരതാനേന ന കിഞ്ചിദപശബ്ദിതം
(വാ. രാ. 4-3-29)

ലങ്കയിലെ അശോകവനത്തിലിരിക്കുന്ന സീതാദേവി കേൾക്കത്തക്കവിധം വൃക്ഷലതാദികളുടെയിടയിൽ മറഞ്ഞിരുന്നുകൊണ്ട് ശ്രീരാമകഥ ചൊല്ലുകയാണ് ഹനുമാൻ. അന്നുവരെ അപരിചിതമെങ്കിലും അമൃതായമാനമായ ആ വാക്കുകളെ സീതാദേവി ഇങ്ങിനെ സ്മരിക്കുന്നു.

യേനമേ കർണ്ണപീയൂഷം വചനം സമുദീരിതം
സദൃശ്യതാം മഹാഭാഗഃ പ്രിയവാദീ മമാഗ്രതഃ

ഇത്തരം നിരവധി ദൃഷ്ടാന്തങ്ങളാൽ, ദേവതകൾക്കുപോലും അപൂർവമായിരുന്ന പ്രത്യഭിജ്ഞാശക്തി (തിരിച്ചറിയുന്നതിനുള്ള സൂക്ഷ്മശക്തി) ഹനുമാന് ജൻമസംസിദ്ധമായിരുന്നു എന്നു വ്യക്തമാകുന്നു.

ത്രിമൂർത്തികളുൾപ്പെടെ ദേവതകളെല്ലാം നൃത്തംചെയ്യുന്ന ഒരു മണ്ഡലത്തിൽ നാരദാദി ഋഷികൾ പങ്കെടുത്തു ഗാനാലാപം ചെയ്യുന്നു. ശിവസങ്കൽപത്താൽ ആ ദൈവീരംഗത്തു പ്രത്യക്ഷനായ ഹനുമാൻെറ സംഗീതധോരണിയിൽ എല്ലാവരും മുഗ്ദ്ധരായെന്നു മറെറാരു പുരാണകഥയിൽ പറയുന്നു. ചില ഭാഗങ്ങളിൽ പ്രണവനാദസ്വരൂപനായും ശ്രീ ഹനുമാനെ വർണ്ണിച്ചിട്ടുണ്ട്. പത്മാസനസ്ഥനായി

താരകമന്ത്രം ജപിച്ച് സിദ്ധിവരുത്തുന്ന, സാധകനെയും ബ്രഹ്മനിഷ്ഠനായി ബ്രഹ്മജ്ഞാനം ഉപദേശിക്കുന്ന ജഗദ്ഗുരുവിനെയും ശ്രീ ഹനുമാനിൽ കാണാം. ശ്രീനാരദ ഭക്തിസൂത്രം എന്ന ഭക്തിശാസ്ത്രത്തിൽ ശ്രീ ഹനുമാനെയും ഈശ്വരഭക്തി ആചാര്യൻമാരുടെ പട്ടികയിൽ ചേർത്തിരിക്കുന്നു. സേവാധർമ്മത്തിലുറക്കൊള്ളുന്ന സേവക സേവ്യഭാവത്തിന്റെ മാർഗ്ഗം ഈ യുഗത്തിലേക്ക് ഏററവും യോജിച്ച ഭക്തിമാർഗ്ഗമാകുന്നു. അതിന്റെ ആദിമാചാര്യനാണ് ശ്രീ ഹനുമാൻ. വിനയവും വിശ്വാസവും മാത്രമാണ് ദാസ്യഭാവത്തിലെ മുതൽമുടക്ക്. ഈശ്വര 'ദാസോഹം' ഭാവന ആദ്യമുണ്ടായാൽ മാത്രമേ അന്തഃകരണം സംശുദ്ധമാവൂ. അന്തഃകരണം അങ്ങനെ വേണ്ടവിധം ശുദ്ധമായാൽ മാത്രമേ ശിവോഹം ഭാവന പ്രകാശിക്കൂ.

തന്റെ ഇഷ്ടമൂർത്തിയായ ശ്രീരാമരൂപത്തിലും ഭാവത്തിലും എല്ലാററിനേയും കാണുകയെന്ന ഹനുമാന്റെ ശാഠ്യം ഭക്തനെ സംബന്ധിച്ചും ഒരു പരിധിവരെ ആവശ്യമാണ്. സാധകനും സാദ്ധ്യവും ഐക്യപ്പെട്ടുകഴിഞ്ഞാൽ പിന്നെ ശേഷിക്കുന്നത് അദ്വൈതം മാത്രം. എങ്കിലും മനുഷ്യരുടെ അഹങ്കാരാദിവികലതകളും വികടതകളും മാററി ഉജ്ജീവിപ്പിക്കുവാനായിതന്നെ എല്ലായ്പോഴും രാമദാസനായി പരിചയപ്പെടുത്തുവാനാണ് ശ്രീ ഹനുമാൻ ഇഷ്ടപ്പെടുക.

## ദുഃഖശാന്തിയ്ക്ക്

ശ്രീരാമ—ഹനുമൽ തിരുനാമങ്ങൾ പര്യായശബ്ദമെന്നവണ്ണം അത്രത്തോളം ഐക്യപ്പെട്ടിരിക്കുന്നു. ശ്രദ്ധാ-ഭക്തിപൂർവം രാമായണപാരായണം നടക്കുന്നിടത്ത് ശ്രീ ഹനുമാന്റെ ദിവ്യസാന്നിദ്ധ്യമുണ്ടായിരിക്കുമെന്നത് കേവലവിശ്വാസം മാത്രമല്ല ഭക്തൻമാരുടെ അനുഭവവുമാണ്. അതുപോലെ ശ്രീരാമോപാസനം ചെയ്യുന്നിടത്ത് ശ്രീ രാമചന്ദ്രന്റെയും ദിവ്യസാന്നിദ്ധ്യമുണ്ടായിരിക്കും. കലിയുഗവരദനും അഭീഷ്ടപ്രദനുമായ ശ്രീഹനുമാൻ സർവത്ര ആരാധിക്കപ്പെടുന്നു. സമർത്ഥരാമദാസസ്വാമിയും, ഗുരുഗോവിന്ദസിംഹനും മററു അനേകം വൈഷ്ണവാചാ

ര്യൻമാരും പ്രത്യക്ഷദൈവതമായ ശ്രീ ഹനുമാനെ ജഗദ്ഗുരുവായും ആരാധിക്കുന്നു. ഇന്നാകട്ടെ ഭാരതത്തിലും വിദൂരപൂർവദേശങ്ങളിലും ശ്രീ ഹനുമദുപാസനം ബാഹ്യാഭ്യന്തരദുഃഖങ്ങാംക്ക് കൈകണ്ട ഔഷധമായി കരുതുന്നുണ്ട്. അങ്ങനെ ലോകത്തിൻെറ എല്ലാ ദിക്കുകളിലും ചെറുതും വലുതുമായ ആഞ്ജനേയാരാധനാനികേതനങ്ങാം കാണാം.

യത്രയത്ര രഘുനാഥകീർത്തനം
തത്രതത്ര കൃതമസ്തകാഞ്ജലിം
ബാഷ്പവാരി പരിപൂർണ്ണലോചനം
മാരുതിം നമത രാക്ഷസാന്തകം
ബുദ്ധിർബലം യശോധൈര്യം നിർഭയത്വമരോഗതാ
സുദാർഢ്യം വാക്സ്ഫുരത്വം ച ഹനുമൽസ്മര-
ണാത്ഭവേത്.

# മഹർഷി യാജ്ഞവല്ക്യൻ

പാഞ്ചാലദേശത്തിൽ, ജമല്ക്കരപുരിയിൽ വസിച്ചിരുന്ന ബ്രഹ്മരാതർ സന്താനലബ്ധിക്കുവേണ്ടി കേദാരക്ഷേത്രത്തിൽ ചെന്നു പരമശിവനെ തപസുചെയ്തു: "മഹാദേവൻെറ വിഭൂതികളും ബ്രഹ്മവിദ്യയും സ്വായത്തമാക്കി പ്രകാശിപ്പിക്കുവാൻ കഴിവുള്ള ഒരു പുത്രനുണ്ടാവാൻ അനുഗ്രഹിക്കണം"

ബ്രഹ്മരാതൻെറ 12 വർഷത്തെ കഠോരതപസിൽ സന്തുഷ്ടനായ മഹാദേവൻ പ്രത്യക്ഷപ്പെട്ട് ഇഷ്ടവരം നൽകി. "മഹാദേവനുതുല്യം മഹാദേവനേ ഉള്ളു. എന്നാൽ ശിവാംശഭൂതനായ ആ അതിമാനുഷൻ വൈഷ്ണവ-സൂര്യശക്ത്യംശ സിദ്ധികളും നേടി പ്രപഞ്ചത്തിനു സനാതനവേദത്തിൻെറ—പ്രഭാകിരണങ്ങൾ പ്രസരിപ്പിക്കും. അതു ലോകനൻമയ്ക്കായി ഭവിക്കുകയും ചെയ്യും.

വരപ്രസാദം സഫലമായി. ബ്രഹ്മരാതൻെറ പത്നി സുനന്ദ കാർത്തിക മാസത്തിലെ ശുക്ലപക്ഷ ഏകാദശിവ്രതത്തിനുശേഷം ദ്വാദശി തിഥിക്ക് ഒരു ദിവ്യശിശുവിനെ പ്രസവിച്ചു. ദേവയജ്ഞസമാപനസന്ദർഭത്തിൽ ഭൂജാതം ചെയ്ത ആ ദിവ്യശിശുവിനെ യജ്ഞാഗ്നി ജ്യോതി വല്കലംപോലെ വലയം ചെയ്തിരുന്നതിനാൽ 'യാജ്ഞവാല്ക്യൻ' എന്നു നാമകരണം ചെയ്തു.

യഥാകാലം ഉപനീതനായ ഈ ബാലനെ ഭാഷ്കലർ ഋഗ്വേദവും വൈശമ്പായനൻ യജൂർവ്വേദവും ജൈമിനി സാമവേദവും ദൈലർ അഥർവ്വണവേദവും പഠിപ്പിച്ചു.

സുനന്ദയുടെ സഹോദരനാണ് വൈശമ്പായനൻ—യാജ്ഞവാല്ക്യന്റെ അമ്മാവൻ.

യജുർവേദം പഠിച്ചുകൊണ്ടിരിക്കുന്ന കാലം. വർദ്ധമാനപുരത്തിലെ രാജാവായ സുപ്രിയന്ന് മഹാവ്യാധി പിടിപെട്ടിരിക്കുന്നു. ദുഷ്കർമ്മഫലം തന്നെ കാരണം. ചികിൽസകളൊന്നും ഫലിക്കുന്നില്ലെന്നു കണ്ടപ്പോൾ ശാന്തികർമ്മങ്ങൾ ചെയ്യിക്കാൻ നിർബന്ധിതനായി. അങ്ങനെ ദിവസവും വൈശമ്പായനൻ, രോഗശാന്തിക്കുള്ള പൂജകൾ നടത്തി പ്രസാദം ഒരു ശിഷ്യൻ മുഖേന സുപ്രിയന്നെത്തിച്ചുകൊണ്ടിരുന്നു. പക്ഷെ, രാജാവിന്റെ പൂർവകർമ്മബലം കൊണ്ടു രോഗം അത്ര വേഗം വിട്ടുമാറുന്നതായിരുന്നില്ല. അതുമനസ്സിലാക്കാതെ രാജാവ് വൈശമ്പായനന്റെ പൂജാകർമ്മത്തെ അവിശ്വസിക്കുകയും പ്രസാദത്തെ പഴിക്കുകയും ചെയ്തു. അടുത്ത ദിവസം രാജാവിനു പ്രസാദവും തീർത്ഥവും കൊണ്ടുപോകേണ്ട ഊഴം യാജ്ഞവാല്ക്യനാണ്. സുപ്രിയന്റെ മനോഗതം അറിഞ്ഞിരുന്ന യാജ്ഞവാല്ക്യൻ അറച്ചുനിന്നു. "നീ പോകുന്ന മുഹൂർത്തം നന്നായിരിക്കട്ടെ, രാജാവിന്റെ ബഹുമാനത്തിനു പാത്രമാവാൻ ഇതൊരു നല്ല സന്ദർഭമാണ്" എന്നെല്ലാമുള്ള ഗുരുവിന്റെ അനുനയവാക്കുകൾ കേട്ടപ്പോൾ, ആ കിശോരൻ സ്വാഭിമാനവും രോഷവും അമർത്തിക്കൊണ്ട് പോകാമെന്നു സമ്മതിച്ചു.

തീർത്ഥവും പ്രസാദവും കൊണ്ടുവരുന്ന വൈശമ്പായന ശിഷ്യനെ കണ്ടിട്ട് രാജകൊട്ടാരത്തിലെ സ്ത്രീകൾ പരിഹസിച്ച് ചിരിക്കുന്നു. അതുവകവയ്ക്കാതെ യാജ്ഞവാല്ക്യൻ നേരേ രാജാവിന്റെ അടുക്കലേക്കുപോയി. എന്നാൽ കണ്ടഭാവം പോലുമില്ലാതെ അലക്ഷ്യമായിരിക്കുന്നു രാജാവ്. എന്തൊരപമാനം! അപ്പോൾ സ്വാഭിമാനത്തേക്കാൾ തന്റെ ഗുരുവിന്റെ അഭിമാനം ഓർത്ത യാജ്ഞവാല്ക്യൻ കയ്യിലിരുന്ന തീർത്ഥജലംകൊണ്ട് കൊട്ടാരത്തിനകത്തും പുറത്തുമുള്ള ദാരുവാതായനങ്ങളിലും അശ്വാലയത്തിലെ ഉളുത്ത മരക്കുററികളിലും പ്രോക്ഷണം ചെയ്തിട്ട് തിരിഞ്ഞുനടന്നു. അപ്പോഴും അരമന അന്തേവാസികളുടെ പരിഹാസച്ചിരി തുടർന്നുകൊണ്ടിരുന്നു.

എന്തൊരൽഭുതം! രാജകൊട്ടാരത്തിലെ മരസാമാനങ്ങളും വാതായനങ്ങളും പച്ചപിടിച്ച് കിളുർക്കാൻ തുടങ്ങി. മരക്കുററികാം വൃക്ഷങ്ങളായി, തളിരിട്ട് പൂക്കാനും കായ്ക്കാനും തുടങ്ങി. ചുട്ടുകരിഞ്ഞ മരക്കുററികളെ പുനർജ്ജീവിപ്പിച്ച ആ തീർത്ഥത്തിനു തന്നെയും സുഖപ്പെടുത്താൻ സാധിക്കുമെന്നു ആശ്ചര്യപരതന്ത്രനായ രാജാവ് വിശ്വസിച്ചു. ഉടനെ യാജ്ഞവാല്ക്യനെ കൂട്ടിവരാൻ രാജാവ് മന്ത്രിമാരെ അയച്ചു.

പ്രസന്നനായ ഗുരു യാജ്ഞവാല്ക്യനോടു വീണ്ടും തീർത്ഥം രാജാവിനു കൊടുക്കാൻ പറഞ്ഞുവെങ്കിലും അദ്ദേഹം കൂട്ടാക്കിയില്ല. ബ്രഹ്മജ്ഞാനിയുടെ സമഭാവം വെടിഞ്ഞ് രാജാവിനോട് മമതപുലർത്തിയതുശരിയല്ലെന്നും, സുപ്രിയൻെറ ദുഷ്കർമ്മഫലം ഇങ്ങനെ പരിഹരിക്കാൻ തുനിഞ്ഞത് അബദ്ധമാണെന്നും, അഥവാ സുഖപ്പെടുത്തിയാൽതന്നെ അദ്ദേഹം പൂർവ്വാധികം അഹങ്കാരിയും ദുർന്നടത്തക്കാരനുമായിത്തീരുമെന്നും വിശദമാക്കീട്ട് 'ഞാൻ ഇനിയും പോകുകയില്ലെ'ന്നു ശിഷ്യൻ തീർത്തുപറഞ്ഞു.

യാജ്ഞവാല്ക്യൻെറ ശാഠ്യം ഗുരുവിനെ പ്രകോപിപ്പിച്ചു. ശിഷ്യൻ തുടർന്നു 'ഗുരുദേവ! രാജാവിൻെറ പ്രശംസയെക്കാാം അഭിമാനം ശ്രേഷ്ഠം, രാജാവിൻെറ സംഭാവനയെക്കാാം നമ്മുടെ സമഭാവന ഉത്തമം....!'

"എങ്കിൽ നിനക്കിവിടെ സ്ഥാനമില്ല; ഗുരുവിനെ ധിക്കരിക്കുന്ന ശിഷ്യൻ!...." വൈശമ്പായനന് ദേഷ്യം വന്നു.

ശിഷ്യനുംവിട്ടില്ല. "സ്വകർമ്മദോഷം മനസ്സിലാക്കാത്ത രാജാവിനെപ്പോലെ, സ്വധർമ്മത്തിൽനിന്നു വ്യതിചലിക്കുന്ന അങ്ങയുടെ അടുത്തും എനിക്കിനി കാര്യമില്ല. ഞാനിതാ പുറത്തുപോകുന്നു"

ഗുരു:—ഇതുവരെ ഇവിടെ താമസിച്ചു പഠിച്ച നിനക്ക് ഗുരുശുശ്രൂഷയെപ്പററി ബോധമില്ല, നന്ദിയുമില്ല....

യാജ്ഞവാല്ക്യൻ തിരിഞ്ഞുനിന്നു—' അമ്മാവാ! എൻെറ ന്യായബോധത്തിൽ തീചററിക്കാളുന്നു. അതിൻെറ ശക്തിയാൽ അങ്ങയിൽനിന്നു പഠിച്ചവയെല്ലാം അങ്ങോ

ട്ടേയ്ക്കുതന്നെ തിരിച്ചുവിടുന്നു.'

ഇത്രയും പറഞ്ഞപ്പോഴെയ്ക്കും യാജ്ഞവാല്ക്യന്റെ വായിൽനിന്നും തീജ്വാല വമിക്കുവാൻ തുടങ്ങി. യജ്ജുർവ്വേദമന്ത്രങ്ങൾ തീജ്വാല കണങ്ങളായി ഛർദ്ദിക്കപ്പെട്ടു.

അഭ്യസിച്ച വേദവിദ്യ മറക്കുകയെന്നത് പെററമ്മയ്ക്ക് ശിശുവിനെ മറക്കാനാവാത്തതുപോലെ കഠിനമത്രെ. എന്നാലിതാ അതും ഇവിടെ സംഭവിക്കുന്നു. വൈശമ്പയന ശിഷ്യരിൽ അത്ഭുതശക്തിയുള്ള ചിലർ 'തിത്തിരി' യെന്ന തീപക്ഷികളുടെ രൂപമെടുത്ത് യാജ്ഞവാല്ക്യർ കക്കിയ ജ്വാലകണങ്ങളെ വിഴുങ്ങിയതിനാൽ (വീണ്ടെടുത്തതിനാൽ) ഈ വേദശാഖയ്ക്ക് 'തൈത്തിരീയം' എന്ന പേരുണ്ടായി.

ഗുരുവും മാതുലനുമെന്ന ബന്ധത്തെയും പഠിച്ച വിദ്യയെയും നീതിധർമ്മത്തിനുവേണ്ടി യജിച്ച യാജ്ഞവാല്ക്യൻ വേദമാതാവായ ഗായത്രീദേവിയെ തപസ്സു ചെയ്തു പ്രത്യക്ഷമാക്കി. "വേദജനനീ! നാലുവേദങ്ങളും അഭ്യസിച്ചറിയാനാഗ്രഹിക്കുകയും പ്രയത്നിക്കുകയും ചെയ്തു. സന്ദർഭവശാൽ യജ്ജുർവ്വേദം ഉപേക്ഷിക്കുവാനിടയായി. ആ വഴിക്ക് മനസ് കലക്കംകൊണ്ടിരിക്കുന്ന എന്നെ അമ്മയുടെ ഹിതംപോലെ നേർവഴിക്കു നയിച്ചാലും...."

സൂര്യമണ്ഡലമദ്ധ്യേ, സൂര്യപ്രകാശത്തിന്നു ഉറവിടമായി വിളങ്ങുന്ന; ജീവരാശികൾക്കു ചൈതന്യസ്ഫുലിംഗമായിരിക്കുന്ന ഗായത്രീദേവി യാജ്ഞവാല്ക്യനോടരുൾചെയ്തു "വത്സ; ഭൂലോകഋഷികളുടെ നാവിൽ ആവിർഭവിക്കാത്ത—അയാതയാമമായി—ഒരുവേദം സൂര്യദേവന്റെ പക്കലുണ്ട്'. ഇപ്പോഴത്തെ ചതുർവേദങ്ങളെ സോമുഖാസുരൻമാർ മോഷ്ടിച്ചുകൊണ്ടുപോയതും ഭഗവാൻ അവ വീണ്ടെടുത്തു നല്കിയതും നീ അറിയുന്നു. ഇങ്ങനെ കടത്തപ്പെടാത്ത ഒരു യജ്ജുർവേദം സൂര്യന്റെ പക്കലുണ്ട്. മന്ത്രഭാഗവും ബ്രാഹ്മണഭാഗവുമുള്ള കൃഷ്ണ യജ്ജുർവേദമാണിവിടെയുള്ളത്. ഇങ്ങനെ കലരാതിരിക്കുന്ന ശുക്ളയജ്ജുർവേദം സൂര്യദേവനെ പസ്ത

ചെയ്തു സമ്പാദിക്കുവാനും അതു ലോകോപകാരാർത്ഥം പ്രചരിപ്പിക്കുവാനും നിന്നെ അനുഗ്രഹിക്കുന്നു.

ദീർഘകാലം സൂര്യനെ തപസ്സുചെയ്ത യാജ്ഞവാല്ക്യന് സൂര്യമണ്ഡലത്തിലേയ്ക്കു പോകാൻ സാധിച്ചു. അതെത്ര അത്ഭുതകരമായ കാഴ്ചയാണെന്നോ! തേജോമയനായ ഒരു ഋഷികുമാരൻ സൂര്യരഥത്തിലേറി അത്യന്തതേജസ്വിയായ സൂര്യസവിധത്തിലേയ്ക്കു ചെല്ലുക. ആദിത്യജ്യോതി മന്ത്രദ്ധ്വനിയായി. പരമസന്തുഷ്ടനായ സൂര്യദേവൻ യാജ്ഞവാല്ക്യന്നു ശുക്ളയജ്ജുർവേദം ഉപദേശിച്ചു. യഥോചിതം അതു സ്വീകരിച്ചുകൊണ്ട് യാജ്ഞവാല്ക്യൻ പൂർവ്വാധികം തേജസ്വിയായി ഭൂലോകത്തിലേയ്ക്കു മടങ്ങി. ഭാരതവർഷത്തിൽ ഗോദാവരി തീർത്ഥക്കരയിൽവെച്ച് അദ്ദേഹം തന്റെ 15 ശിഷ്യരത്നങ്ങൾക്കായിശുക്ളയജ്ജുർവ്വേദം പഠിപ്പിച്ചു. ഇവരിൽ കാണ്വനും മാധ്യന്ദനനും അഭ്യസിച്ച വേദശാഖകൾ ഇപ്പോഴും തുടരുന്നു.

ആദിശ്രീശങ്കരാചാര്യർ ഭാഷ്യം രചിച്ച ദശോപനിഷത്തുക്കളിൽ ആദ്യത്തെ ഈശാവാസ്യവും ഒടുക്കത്തെ 'ബൃഹദാരണ്യക'വും ശുക്ളയജ ജൂർവ്വേദ ഭാഗങ്ങളാണ്. അതുപോലെ പ്രധാനപ്പെട്ട 108 ഉപനിഷത്തുക്കളിൽ ആദ്യത്തെ 'ഈശാവാസ്യ'വും ഒടുക്കത്തെ മുക്തികോപനിഷത്തും ശുക്ളയജ്ജുർവ്വേദഭാഗങ്ങൾ—ബ്രഹ്മവിദ്യയുടെ രണ്ടു തള്ളച്ചുവരുകൾ പോലെ വിലസുന്നു.

ബ്രഹ്മചാരി യാജ്ഞവാല്ക്യൻ ഗൃഹസ്ഥാശ്രമത്തിൽ പ്രവേശിച്ചു. ഋഗ്വേദികളുടെ ഗുരു അശ്വലായന മഹർഷി, സ്വപുത്രിയായ കാർത്ത്യായനിയെ വിവാഹം ചെയ്തുകൊടുത്തു. അവർ മാതൃകാദമ്പതികളായി ജീവിക്കവേ ശിഷ്യസമ്പത്തും വർദ്ധിച്ചുകൊണ്ടിരുന്നു.

വേദവിദ്യയിൽ അതീവതൽപരയായ മൈത്രേയി സൂര്യദേവനിൽനിന്നു വേദം പഠിച്ച മഹാനിൽനിന്നു വേദാദ്ധ്യായനം ചെയ്യണമെന്നാഗ്രഹിച്ചു. യൗവ്വനയുക്തയായ തന്റെ ഉദ്യമം ഇതരശിഷ്യരിൽ തെറ്റിദ്ധാരണയുളവാക്കാനുമിടയാകരുത്. സ്വപിതാവായ മിത്രഋഷിയുടെ അനുവാദത്തോടുകൂടി മൈത്രേയി യാജ്ഞവാല്ക്യനെ സമീപിച്ചു.

“ഞാൻ അങ്ങയുടെ പത്നിയായിരിക്കുവാനാഗ്രഹിക്കുന്നു. പതിയുടെ പാതി പത്നിയാണല്ലോ. അതിന്നു അങ്ങേയ്ക്കൊരു പത്നിയുണ്ട്. എന്നാൽ എനിക്ക് അങ്ങയുടെ ഭൗതിക സുഖസമ്പത്തുക്കാം ആവശ്യമില്ല. ബ്രഹ്മവിദ്യാവകാശിനിയായ അർദ്ധാംഗിനിയാവാനാണ് ഞാനാഗ്രഹിക്കുന്നത്.”

പക്ഷെ, കാർത്ത്യായനിയും അതു സമ്മതിക്കണമെന്നായി യാജ്ഞവാല്ക്യൻ.

മൈത്രേയി സംശയിച്ചുനിന്നില്ല. നേരെ കാർത്ത്യായണിയെ ചെന്നുകണ്ട് തൻെറ ഇംഗിതമറിയിച്ചു. “ദേവീ, ഭർത്താവിനെ വ്യാമോഹിക്കുവാനോ നിങ്ങളുടെ മാതൃക’-ഗൃഹസ്ഥാശ്രമത്തിൽ - കുടുംബജീവിതത്തിൽ— അസുഖമുളവാക്കാനോ അല്ല ഞാൻ വരുന്നത്. അദ്ദേഹത്തിൻെറ ശരീര—ധനസംബന്ധമായ യാതൊരാകാംക്ഷയുമെനിക്കില്ല. എനിക്കു വേണ്ടത് യാജ്ഞവാല്ക്യൻെറ ജ്ഞാനം മാത്രം. അതിന്ന് ലൗകികദൃഷ്ട്യാ സദാചാരപാലനത്തിന്നായി അദ്ദേഹത്തെ ഭർത്താവായി സ്വീകരിച്ച് ഉപദേശം വാങ്ങുകയും അനുഷ്ഠിക്കുകയും വേണം. അതിന്നു അനുമതി നൽകുക.’

കാർത്ത്യായനി സാമാന്യ സ്ത്രീയാണെങ്കിലും ധർമ്മബോധവും പതിയുടെ ഹിതവുമറിയുന്നവളായിരുന്നു. അവസാനം തന്നെ ആശ്രയിച്ച മഹതിയുടെ ആത്മാർത്ഥവും അകൃത്രിമവുമായ ഉന്നതാഭിലാഷത്തിന്നുഅവർ വഴങ്ങി. അങ്ങനെ യാജ്ഞവാല്ക്യന് രണ്ട് ഭാര്യമാരായി.

കുടുംബജീവിതം എല്ലാവർക്കും മാതൃകയായി. സത്യം, അഹിംസ, ധനാർജ്ജനവും വിനിയോഗവും, നിത്യനൈമിത്തിക കർമ്മങ്ങാം, ത്രികരണശുദ്ധി, ഇന്ദ്രിയനിഗ്രഹം, സംയമം, സഹിഷ്ണുത തുടങ്ങിയ ധർമ്മഗുണങ്ങളുടെ വിളനിലമായി യാജ്ഞവാല്ക്യരുടെ ഭവനം. ജീവിത വ്യവസ്ഥയുടെ വാഗ്മയം “യാജ്ഞവാല്ക്യസ്മൃതി” യായി ഭവിച്ചു. അദ്ദേഹം മികച്ച കലാരസികനും ആയിരുന്നു. ശ്രുതിയും ലയവും പിഴയ്ക്കാതെ വീണവായിക്കാൻ സാധിക്കുമെങ്കിൽ, അതു മുക്തിക്കുള്ള സാധനയാവുമെന്നു അദ്ദേഹം ഉപദേശിച്ചു.

കാർത്ത്യായിനിക്കു ചന്ദ്രകാന്തൻ, മഹാമേഘൻ, വിജയൻ എന്നീ മൂന്നു പുത്രൻമാർ ജനിച്ചു. മൈത്രേയിക്കാകട്ടെ ജ്ഞാനം പിറന്നു-ബ്രഹ്മവാദിനിയായി. എന്നാൽ ഇവരെയെല്ലാം പുലർത്താൻ ധനം വേണ്ടിയിരുന്നു. അങ്ങനെയാണ് അദ്ദേഹം ജ്ഞാനികളെ ബഹുമാനിച്ച് ആദരിക്കുന്ന ജനക മഹാരാജാവിന്റെ കൊട്ടാരത്തിലെത്തിയത്.

ബ്രഹ്മവിദ്യയിൽ വിശിഷ്ടനായ മഹാനെ കണ്ടെത്തുന്നതിന് തന്റെ രാജധാനിയിൽ ബ്രഹ്മാണ്ഡമായ ഒരു മഹായജ്ഞം ജനകമഹാരാജാവ് ഏർപ്പാടുചെയ്തിരുന്നു. അതിൽ ബ്രഹ്മജ്ഞാനികൾ പലരും പങ്കെടുത്തു. ബ്രഹ്മവിദ്യാപ്രവീണനായ വ്യക്തിക്കു പാരിതോഷികമായി നല്കാൻ നിശ്ചയിച്ച ആയിരം പശുക്കളെ—ഓരോ പശുക്കൊമ്പിലും പത്തു സ്വർണ്ണക്കട്ടിവീതം കെട്ടിയിട്ടുള്ള പശുക്കളെ—യജ്ഞശാലയ്ക്കു അഭിമുഖമായി നിർത്തിയിരുന്നു. യജ്ഞത്തിന്റെ പൂർണ്ണാഹുതിക്കുശേഷം ബ്രഹ്മവിദ്യാസദസ്സ്കൂടി. ഉദ്ദേശ്യത്തെപ്പററി ആമുഖപ്രസംഗത്തോടുകൂടി ബ്രഹ്മവിദ്യയിൽ പാരംഗതരായവർക്കു ഈ പശുക്കളെയെല്ലാം കൊണ്ടുപോകാമെന്നു പ്രഖ്യാപിച്ചിരുന്നു.

സദസ്സിലിരുന്ന യാജ്ഞവാല്ക്യൻ എണീററ്, ആ പശുക്കളെ തെളിച്ചുകൊണ്ടുപോകാൻ തന്റെ ശിഷ്യൻമാരോടാജ്ഞാപിച്ചു. ജനകന്റെ യജ്ഞവക്താവായ അശ്വലഋഷി ചോദിച്ചു.:—ബ്രഹ്മവിദ്യയിൽ ശ്രേഷ്ഠൻ താങ്കളാണെന്നു സദസ്യരെ ബോദ്ധ്യപ്പെടുത്താതെ പശുക്കളെ കൊണ്ടുപോവുകയോ? അങ്ങ് ഒരു ബ്രഹ്മജ്ഞാനിയാണെന്നും, അതിൽ ഇവിടെ കൂടിയിരിക്കുന്നവരെക്കാൾ ശ്രേഷ്ഠനാണെന്നും ബോദ്ധ്യപ്പെടുത്തണം.

പക്ഷെ, ഒരു ഗൃഹസ്ഥാശ്രമിയുടെ കർത്തവ്യനിർവ്വഹണത്തിനു വന്നിരിക്കുന്ന യാജ്ഞവാല്ക്യൻ തൽക്കാലം ഒരു സാധാരണ വിദ്വാനെപ്പോലെ സംവാദമാരംഭിച്ചു. എന്നാൽ മററു പണ്ഡിതൻമാരും ഋഷികളും തങ്ങളുടെ ചോദ്യങ്ങൾക്കു തൃപ്തികരമായ സമാധാനം പറയാതെ പശുക്കളെ കൊണ്ടുപോകാൻ സാദ്ധ്യമല്ലെന്നു വ്യക്തമാക്കി.

തുടർന്നു ബ്രഹ്മവിദ്യയെപ്പററിയായി ചർച്ച. ശാക്രായണ ഉഷസ്തർ, കഹോലകകൗഷീതകേയർ, ഉദ്ദാരുണി,

ആരുണി തുടങ്ങിയ ഋഷിമാരുടെ ചോദ്യങ്ങൾക്കെല്ലാം ഉത്തരം നൽകി. സാധാരണ ഒരു ഋഷി മാത്രമല്ല, പൂർണ്ണ ബ്രഹ്മജ്ഞാനിയാണ് യാജ്ഞവാല്ക്യൻ എന്നു ജനകനുൾപ്പെടെ ആ മഹാ സദസ്സിലിരുന്നവർക്കെല്ലാം ബോദ്ധ്യമായി. അവസാനം വാചക്നുവിന്റെ പുത്രിയും ബ്രഹ്മവിദ്യാ വിദുഷിയുമായ ഗാർഗ്ഗി ആത്മതത്വത്തെപ്പററി ഉന്നയിച്ച പ്രശ്നങ്ങൾക്കുകൂടി യാജ്ഞവാല്ക്യനിൽ നിന്നു സമാധാനം കിട്ടിയപ്പോൾ ആ മഹാസദസ്സ് ഏകകണ്ഠമായി ആ ബ്രഹ്മജ്ഞാനിയെ പ്രശംസിച്ചു. സദസ്സിലാകമാനം ജ്ഞാനപ്രകാശം പരന്നു. എല്ലാവരുടെയും ഹൃദയങ്ങളിൽ ആനന്ദം അലതല്ലി. "ഈ ബ്രഹ്മജ്ഞാനിയെ ജയിക്കുവാൻ ഇനി ആരുമില്ല; നമുക്ക് അദ്ദേഹത്തിന്റെ ആശീർവ്വാദം മാത്രംമതി." ജനകമഹാരാജാവ് വിധിച്ചു.

എന്നാൽ ബുദ്ധിശക്തിയിൽ പ്രബലനായ ശാകല്യർ, തന്റെ ബുദ്ധിനിലവാരത്തിൽ യാജ്ഞവല്ക്യരെ വെല്ലുവിളിച്ചു. തലക്കനം പിടിച്ച ശാകല്യരെ മറുചോദ്യങ്ങൾകൊണ്ട് ഉത്തരംമുട്ടിച്ചു. അദ്ദേഹത്തിന്റെ തലതെറിച്ചു. സദസ്യരുടെ അപേക്ഷയനുസരിച്ച് ശാകല്യർ പൂർവസ്ഥിതിയിലാവുകയും ചെയ്തു. രാജർഷിജനകനും മററു മഹർഷിമാരും ചേർന്ന് യാജ്ഞവാല്ക്യരെ "ബ്രഹ്മർഷിസമ്രാട്ട്" എന്ന ബഹുമതി നൽകി ആദരിച്ചു. യാജ്ഞവാല്ക്യരുടെ ബ്രഹ്മവിദ്യജ്ഞാനത്തെ കണ്ട് രാജർഷി ജനകൻ ആനന്ദിച്ചുവെങ്കിലും ഒരു സന്ദേഹം. ഇത്ര മഹാനായ ജ്ഞാനിക്ക് സ്വർണ്ണം കെട്ടിയ പശുക്കളിൽ ആശയുണ്ടാകുന്നതെന്തുകൊണ്ട്? ശാകല്യരുടെ നേരെ ക്രോധം കൊണ്ടതെന്തിന്? ഈ ലോകത്തിൽ ജ്ഞാനികളുടെ ഗതി അവർ മാത്രമേ അറിയുന്നുള്ളു.

എങ്കിലും ജനകമഹാരാജാവ് യാജ്ഞവാല്ക്യരോട് സവിനയം ചോദിച്ചു:—അങ്ങ് വേദാന്തവിചാരം ചെയ്യാനോ ഈ പശുക്കളെ കൊണ്ടുപോകാനോ ഇവിടെ വന്നത്?

'രണ്ടിനും' തന്നെയെന്നു യാജ്ഞവാല്ക്യൻ ചിരിച്ചുകൊണ്ടുപറഞ്ഞു. ജനകൻ സസന്തോഷം ആയിരം സുവർണ്ണപശുക്കളെയും അദ്ദേഹത്തിന്നു ദക്ഷിണയായി നല്കി

യിട്ട് തനിയ്ക്കു ജ്ഞാനോപദേശം തന്നനുഗ്രഹിക്കണമെന്നപേക്ഷിച്ചു.

യാജ്ഞവാല്ക്യരാകട്ടെ തന്റെ ഗുരുപാരമ്പര്യമനുസരിച്ച് ആദ്യം ജ്ഞാനോപദേശം ചെയ്തിട്ട് ദക്ഷിണ സ്വീകരിച്ചു. എന്തൊരു വൈചിത്ര്യം! ഒരുവശത്ത് രാജ്യഭാരം നടത്തുന്ന ബ്രഹ്മജ്ഞാനി ജനകൻ. മറുവശത്തു ഗൃഹസ്ഥാശ്രമം നയിക്കുന്ന ബ്രഹ്മർഷി യാജ്ഞവാല്ക്യൻ. ആത്മവിദ്യയുടെ മാർഗ്ഗം കത്തിമുനപോലെ മൂർച്ചയേറിയതാണ്. ലൗകികജീവിതത്തിലിരുന്നുകൊണ്ട് ലോകബന്ധങ്ങളിൽ നിന്നു വിമോചിതനാവുന്നതെങ്ങിനെ? ഇതുഗ്രഹിക്കുവാൻ ലൗകികർക്ക് വിഷമംതന്നെ. അവർക്ക് ലൗകികങ്ങളിൽ വൈരാഗികളായ മഹാൻമാർ വഴികാട്ടണം. വേദങ്ങളിൽ ജീവിതത്തിൽ അവസാനം സന്ന്യാസമായിരിക്കണമെന്നു വിധിച്ചിരിക്കുന്നതും അക്കാരണത്താൽ തന്നെ.

ക്രമേണ പരമജ്ഞാനിയായിത്തീർന്ന ജനകമഹാരാജാവ് തന്റെ രാജ്യത്തെയും തന്നെയും യാജ്ഞവാല്ക്യർക്ക് ഗുരുദക്ഷിണയായി സമർപ്പിച്ചു. രാജ്യം രാജാവിന്നുതന്നെയിരിക്കട്ടെയെന്നു പറഞ്ഞു വിടകൊണ്ട യാജ്ഞാവാല്ക്യർ സന്ന്യാസആശ്രമത്തിൽ പ്രവേശിക്കുവാൻ തീരുമാനിച്ചു. ഗാർഹസ്ഥ്യം മാതൃകാപരമായി നയിച്ച ആ വേദദ്രഷ്ടാവിന് സന്ന്യാസം സ്വീകരിക്കാനും പ്രയാസമുണ്ടായില്ല.

തന്റെ ധനസമ്പത്തുക്കൾ രണ്ടു ഭാര്യമാർക്കുംകൂടി ഭാഗിച്ചുകൊടുത്തു. കാർത്ത്യായനി തനിക്കുകിട്ടിയ പങ്കിനെ പരിശോധിച്ചു. മൈത്രേയി അതൊന്നും കാണാത്തഭാവത്തിൽ സ്വഭർത്താവിനോടു ചോദിച്ചു:— ഇത്രവളരെ ധനസമ്പത്തുക്കളെല്ലാം ഉപേക്ഷിച്ചിട്ട് അങ്ങ് പോകുന്നതെവിടേയ്ക്കാണ്? ഇവയെ കേവലം തുച്ഛമാക്കി തള്ളാൻ തക്കവിധം മഹത്തായ മറെറാരു ധനം എന്താണ്?

"പ്രിയേ, ഈ ധനസമ്പത്തുക്കളും ഈ ശരീരവും നശിച്ചുപോകും. അങ്ങനെ നശിക്കാത്ത 'ആത്മാ' എന്ന അമൃതനിധിയെ പ്രാപിക്കാനാണ് പുറപ്പെടുന്നത്" യാജ്ഞവല്ക്യൻ.

"അങ്ങ് സ്നേഹപൂർവം പങ്കിട്ടുതന്ന ഭൂസ്വത്തിനാലും ഗോക്കളാലും സ്വർണ്ണങ്ങളാലും ആ അമൃതത്വത്തെ

പ്രാപിക്കുവാൻ സാദ്ധ്യമാണോ?" മൈത്രേയിയുടെ ചോദ്യം.

"ഇല്ലേ ഇല്ല" ക്ഷമായാചനം ചെയ്യുന്നമട്ടിൽ യാജ്ഞവല്ക്യർ പറഞ്ഞു: 'ഈ ധന സമ്പത്തുക്കളാൽ അമൃതത്വത്തെ പ്രാപിക്കുവാൻ സാദ്ധ്യമല്ലെന്നുമാത്രമല്ല ഇവ ആ പരമ ഗതിക്ക് മാർഗ്ഗതടസ്ഥംകൂടിയാണ്.'

മൈത്രേയി: അങ്ങനെയാണെങ്കിൽ ഇവ എനിക്കെന്തിന്ന്? എനിക്ക് അമൃതത്വമാണ് വേണ്ടത്.

യാജ്ഞവല്ക്യൻെറ ഹൃദയമലിഞ്ഞു. ഗൃഹസ്ഥാശ്രമത്തിലും ഋഷിപത്നിയുടെ നില ഭദ്രമാക്കിയിരുന്ന മൈത്രേയി ആത്മാനുഭൂതിക്ക് പാത്രമായി. യാജ്ഞവാല്ക്യ-മൈത്രേയീ സംവാദം മഹത്തായൊരു ഉപനിഷത്തിൻെറ രൂപമെടുത്തു. അതു ലോകോപകാരാർത്ഥമായിത്തീർന്നു. അങ്ങനെ സ്വയം സന്ന്യാസദീക്ഷ സ്വീകരിച്ച യാജ്ഞവല്ക്യരിൽനിന്നുതന്നെ മൈത്രേയിയും സന്ന്യാസം സ്വീകരിച്ചു. വൃക്ഷലതാദികളാലാവൃതമായ ഒരു പർണ്ണശാലയിൽ ആ 'ആദിസന്ന്യാസിനി' ബ്രഹ്മനിഷ്ഠയിലിരുന്നു.

യാജ്ഞവല്ക്യരാകട്ടെ പരിവ്രാജക സന്ന്യാസിയെന്ന നിലയിൽ ലോകത്തിൻെറ നാനാഭാഗങ്ങളിലും സഞ്ചരിച്ചു. അവസാനം പൂർണ്ണസന്ന്യാസം ചരിച്ച് യോഗനിഷ്ഠനായിരുന്നതിനാൽ ആദിസന്ന്യാസിയെന്ന ബഹുമതിയും അദ്ദേഹത്തിനുതന്നെ — സർവസംഗപരിത്യാഗികളിൽ അഗ്രേസരൻ. സൂര്യമണ്ഡലത്തിൽ ചെന്ന് ശുക്ലയർജ്ജുർവേദത്തെ കൊണ്ടുവന്ന ഋഷികുമാരൻ, ഈ ലോകത്തിന്നു മാതൃകാഗൃഹസ്ഥനും വാനപ്രസ്ഥനും മഹർഷിയുമായി. അവസാനം മാതൃകാ സന്ന്യാസിയുമായി. യാജ്ഞവല്ക്യൻ—ത്യാഗവല്ക്യനാണ്-ജ്ഞാനസൂര്യനാണ്. സൂര്യൻ ലൗകികദൃഷ്ടിയിൽ ഉദിക്കുകയും അസ്തമിക്കുകയും ചെയ്യുന്നു. യഥാർത്ഥത്തിൽ അങ്ങനെയല്ല. അതുപോലെ ജ്ഞാനസൂര്യനും അവിനാശിയുമാണ് ചിരഞ്ജീവിയായ യാജ്ഞവല്ക്യർ. ഭഗവാൻെറ കല്കി അവതാരത്തിൽ കല്കിയുടെ ഗുരുവായി ആ മഹാത്മാവ് പുനരാവിർഭവിക്കുമെന്നു പുരാണം ഉൽഘോഷിക്കുന്നു.

'ഓം യതിരാജായ പട്ടാഭിഷിക്തായനമഃ'

# ഭഗവാൻ രമണൻ

1879 ഡിസമ്പർ മുപ്പതാം തീയതി ആർദ്രാദർശനം കഴിഞ്ഞ പുണർതം നാളിൽ അർദ്ധരാത്രിയിലാണ് ഭഗവാൻ രമണമഹർഷിയുടെ ജനനം. വക്കീൽ സുന്ദരയ്യരുടെയും അഴകമ്മാളുടെയും പുത്രനായി പിറന്ന വെങ്കടരമണന്റെ ശൈശവം സാധാരണരീതിയിൽതന്നെയായിരുന്നു. തികഞ്ഞ ആരോഗ്യവും സാമർത്ഥ്യവും രമണനു സഹജമായിരുന്നു. വിദ്യാഭ്യാസത്തിലും സമപ്രായക്കാരായ സഹപാഠികൾക്കൊപ്പം കൊച്ചുരമണൻ മുമ്പോട്ടു പോയി. മാതാപിതാക്കൾ മതനിഷ്ഠരായിരുന്നു. കൊച്ചുരമണനെ ആകർഷിച്ച മതപുസ്കകം ഒന്നുണ്ടായിരുന്നു- 'പെരിയപുരാണം.' അറുപത്തിനാലു ശൈവഭക്തൻമാരുടെ ജീവചരിത്രങ്ങളും ഉപദേശങ്ങളും ഉൾക്കൊള്ളുന്ന ഒരമൂല്യ തമിഴ് ഗ്രന്ഥമാണിത്. ബാലരമണനനിൽ ചാരം മൂടിയ തീക്കനൽപോലെ ഒളിഞ്ഞിരുന്ന ദൈവീകഭാവത്തെ ഊതി ജ്വലിപ്പിക്കുവാൻ ഈ ഭക്ത ശിരോമണികളുടെ ദിവ്യജീവിതങ്ങൾ പ്രചോദനമേകിയതു കാണാം. ആത്മശക്തിയുടെ അനാച്ഛാദനത്തിനൊരു ഉപാധി വേണമല്ലൊ.

സാധാരണഗതിയിൽ കൂട്ടുകാരോടും ബന്ധുജനങ്ങളോടുംകൂടി ക്ഷേത്രദർശനത്തിനു പൊയ്ക്കൊണ്ടിരുന്ന രമണനു ക്രമേണ ഏകാന്തതയിലും ഏകാഗ്രതയിലും അഭിനിവേശമുളവായി. മധുരമീനാക്ഷിക്ഷേത്രത്തിലെ ശിവസന്നിധിയിൽ അർദ്ധനിമീലിതനേത്രനായി എത്ര നേര

മെങ്കിലും നിൽക്കാൻ രമണനു കഴിഞ്ഞിരുന്നു. മധുര അമേരിക്കൻ കോളേജ് ഹൈസ്ക്കൂളിൽ വിദ്യാർത്ഥിയായിരുന്ന കാലഘട്ടത്തിൽ രമണനുണ്ടായ അനുഭവങ്ങളിൽ ഒന്നുരണ്ടെണ്ണം എടുത്തുപറയാവുന്നതാണ്. രമണൻെറ ഒരു ബന്ധു അരുണാചലദർശനം കഴിഞ്ഞുവന്നു അവിടത്തെ മാഹാത്മ്യത്തെക്കുറിച്ച് വിവരിച്ചപ്പോൾ അവന് വിദ്യുത് പ്രവാഹം പോലൊരു ഭാവാവേശമുളവായി. പിന്നീടൊരു ദിവസം രമണനു താനിന്നു മരിക്കുന്നുവെന്നൊരു ധാരണയും, തുടർന്നു മിക്കവാറും മരിച്ചുപോയ നിലയിൽ കുറെ നേരം നിശ്ചലാവസ്ഥ ഉണ്ടാവുകയും ചെയ്തു. ആ മരണത്തിൽനിന്നും 'ഞാനാര്?' എന്ന ചോദ്യവുമായി സ്വയം പുനർജീവിച്ച രമണനെയാണ് നാം പിന്നീട് കാണുന്നത്. 1896—ൽ പതിനേഴാമത്തെ വയസ്സിലാണ് രമണനിൽ ഈ പരിവർത്തനമുണ്ടായത്.

തൻെറ സർവസ്വവും അരുണാചലേശ്വരനിൽ അർപ്പിച്ചുകൊണ്ട് രമണൻ തിരുവണ്ണാമലയിലേക്ക് യാത്രയായി. വഴിയിൽ വീരാട്ടഹാസേശ്വരക്ഷേത്രസന്നിധിയിൽ ശ്രീകൃഷ്ണജയന്തി ദിനത്തിൽ അദ്ദേഹം കടുത്ത വ്രതം കൈക്കൊണ്ടു. 1896 സപ്തമ്പർ ഒന്നിനു രമണൻ തിരുവണ്ണാമലയിൽ എത്തിച്ചേർന്നു. പുരാതനകാലംമുതൽക്കു അനവധി സിദ്ധൻമാരും യോഗികളും ഭക്തൻമാരും തപസുചെയ്തുകൊണ്ടിരുന്ന ദിവ്യസങ്കേതമാണ് അരുണാചലഗിരി. "എല്ലാം ത്യജിച്ചു ഞാനിതാ അങ്ങയെ ശരണം പ്രാപിച്ചിരിക്കുന്നു" എന്ന് സർവസ്വാർപ്പണപൂർവം രമണൻ അരുണാചലേശ്വര ക്ഷേത്രസന്നിധിയിൽ നിലകൊണ്ടു. പ്രകൃതിരമണീയമായ മലയും മഹാക്ഷേത്രവും രമണൻെറ വിഹാരകേന്ദ്രങ്ങളായി മാറി. ആദ്യമാദ്യം ലൗകികമായ പല തടസ്ഥങ്ങളും ആവിർഭവിച്ചുകൊണ്ടിരുന്നുവെങ്കിലും അനായാസേന അവയെല്ലാം അതിജീവിക്കാൻ അദ്ദേഹത്തിനു സാധിച്ചു. നിരന്തരസാധനയിൽ ആമഗ്നനായ രമണൻ ബാലധ്രുവനെപ്പോലെ വിളങ്ങി.

ക്രമേണ ജ്ഞാനപിപാസുക്കളും ധർമ്മജിജ്ഞാസുക്കളുമായ സജ്ജനങ്ങൾ രമണസന്നിധിയിലേക്കാകർഷിക്കപ്പെട്ടു. ദൈവീക ജീവിതത്തിൽ തത്പരരും സാധനാനിര

തരുമായ പണ്ഡിതൻമാരും യോഗികളും രമണൻെറ സവിശേഷതകൾ തിരിച്ചറിഞ്ഞുതുടങ്ങി. മഹാപണ്ഡിതനും ജ്ഞാനിയുമായ കാവ്യകണ്ഠഗണപതിശാസ്ത്രികൾ രമണൻെറ ശിഷ്യനായി സ്വീകരിക്കപ്പെട്ടതോടെ രമണൻ ഭഗവാനായി അറിയപ്പെട്ടു.

ഭഗവാൻ രമണൻ ഒരേ സമയം ഭക്തനും ഭഗവാനുമായി ദർശനമരുളിക്കൊണ്ടിരുന്നു. 'ഞാനാര്' എന്ന പ്രശ്നത്തിൻെറ സമാധാനം സ്വാനുഭവപ്പെടുത്തിയ രമണൻ ആദ്യമായി അരുണാചലേശ്വരനെ സ്തുതിച്ചുകൊണ്ട് രചിച്ച ''അക്ഷരമണിമാലൈ'' എന്ന തമിഴ്സ്തോത്രം വേദാന്തതത്വങ്ങളടങ്ങിയ ഒരു ഭക്തികാവ്യമാണ്. 108 അക്ഷരങ്ങളെക്കൊണ്ട് രചിച്ച 108 പദ്യങ്ങൾ ഒരു മാലയായി ഭഗവാനർപ്പിക്കുന്നു.

കാന്തമിരുമ്പുപോൽ കവർന്തെന്നൈ
വിടാമൽ
കലർന്തെന്നോടിരുപ്പായ അരുണാചല

തുടങ്ങിയ അതിലെ ഈരടികൾ ഭക്തിസംവർദ്ധകങ്ങളും, വേദാന്തതത്വങ്ങളുടെ അനുഭൂതി വിശേഷങ്ങളുമാണ്.

രമണമഹർഷിയുടെ സന്തതസഹചാരികളായി മനുഷ്യരെന്നപോലെ ജന്തുവർഗ്ഗവും ഉണ്ടായിരുന്നു. അണ്ണാൻ, കുരങ്ങൻ, പശു, പക്ഷി, നായ മുതലായവ മഹർഷിയുടെ അടുക്കൽ വാത്സല്യഭാജനങ്ങളായി വിളയാടിയിരുന്നു. ഇഴജന്തുക്കളും ഹിംസ്രമൃഗങ്ങളും ഭഗവാൻെറ സന്നിധിയിൽ ഏകോദരസഹോദരങ്ങളെപ്പോലെ അഹിംസാവ്രതനിഷ്ഠരായി പെരുമാറി. ശ്രീരമണനിൽ പശുക്കൾക്ക് ഒരു പ്രത്യേക മമത തന്നെയുണ്ടായിരുന്നു. മഹർഷിയും മനുഷ്യരെയെന്നപോലെ പശുക്കളെ രക്ഷിച്ചിരുന്നു. രമണാശ്രമത്തിലെ ഗോശാല സുപ്രസിദ്ധമാണല്ലൊ.

സർവേശ്വര ചൈതന്യത്തിൽ എല്ലാവരെയും, എല്ലാവരിലും ഈശ്വരനേയും ദർശിക്കുവാൻ കഴിഞ്ഞിരുന്ന രമണഭഗവാൻെറ അന്തേവാസിത്വം വരിച്ചവരിൽ അദ്ദേഹത്തിൻെറ മാതാവും ചില ബന്ധുജനങ്ങളും ഉൾപ്പെട്ടിരുന്നു. കൂടാതെ നാടിൻെറ നാനാഭാഗങ്ങളിൽനിന്നും സന്ദർശകരായി ധാരാളം ആളുകൾ രമണാശ്രമത്തിലേക്ക് ഒഴുകി. ആ

ധ്യാത്മിക സാധനയിൽ ശ്രദ്ധാലുക്കളായവരുടെ സംശയങ്ങഠക്ക് മഹർഷി ഉടനുടൻ സമാധാനം നൽകും. മഹർഷിയുടെ വിചാരം–വാക്ക്, പ്രവൃത്തി, കടാക്ഷം എന്നിവകളിൽകൂടി ജിജ്ഞാസുക്കഠക്ക് സമാധാനം ലഭിച്ചു.

രമണമഹർഷിയെ സന്ദർശിച്ചു ഉപദേശം സ്വീകരിച്ച വിദേശീയരിൽ പാഠബ്രണ്ടൺ, ഗ്രാൻറ്ഡഫ്, ഫ്രെഡറിക്ക് ഫ്ളെച്ചർ (പിന്നീട് സ്വാമി പ്രജ്ഞാനന്ദ) ഹാരിഡിക്ക്മാൻ, മേജർ ചാഡ്വിക്ക്, ഡേവിഡ് മാർകവിൻ, മിസ് സുജാത് (പാരീസ്), മിസ് സാൻമസ് (ജർമ്മനി), കോഹൻ (അറേബ്യാ) മുതലായവരുംപ്പെടുന്നു. “ഹിമാലയഗിരികളിൽ സഞ്ചരിച്ചുകൊണ്ടിരിക്കവെ ഞാനൊരിടത്ത് ധ്യാനനിമിഗ്നനായി. തത്സമയം രമണമഹർഷി എൻെറ മുമ്പിൽ പ്രത്യക്ഷനായി എനിക്കു ധൈര്യവും ശക്തിയും പ്രദാനം ചെയ്തു.” എന്നാണ് പാഠബ്രണ്ടൺ സ്വാനുഭവം രേഖപ്പെടുത്തിയിരിക്കുന്നത്. ഇന്ത്യയിൽ പോലീസുദ്യോഗസ്ഥനായിരുന്ന ഹംഫ്രെഡ് എന്ന യൂറോപ്യൻ സ്വാത്മപ്രേരിതനായി മഹർഷിയെ അഭയം പ്രാപിച്ചു ചോദിച്ചു: “ഗുരോ എനിക്കു ലോകത്തെ സഹായിക്കുവാൻ കഴിയുമോ?” മഹർഷി ഉടൻ മറുപടി നൽകി. “നിങ്ങഠ ആദ്യംനിങ്ങളെത്തന്നെ സഹായിക്കുക! എന്നാൽ നിങ്ങഠ ലോകത്തിനെയും സഹായിക്കും.”

ലൗകിക വ്യവഹാരങ്ങളിൽ കഴിയുന്നവർക്കും മോക്ഷോപായമുണ്ടെന്ന ഭാരതീയ മഹർഷിമാരുടെ ഉപദേശമൊഴികഠ തന്നെയാണ് ശ്രീരമണനും ഗൃഹസ്ഥാശ്രമികഠക്കു നൽകിയത്. ഭഗവാൻ പറയുന്നു: “ആധ്യാത്മിക ജീവിതവും ഗൃഹസ്ഥാശ്രമവും–കുടുംബജീവിതം–ഐക്യപ്പെടുത്തണം. ഭഗവാൻ ശ്രീരാമചന്ദ്രൻ ജീവൻമുക്തനായിരുന്നില്ലേ? അതേസമയം അദ്ദേഹം ഗൃഹസ്ഥാശ്രമിയുമായിരുന്നില്ലേ? കർമ്മവും ജ്ഞാനവും തമ്മിൽ യാതൊരു വൈരുധ്യവുമില്ല. ഈശ്വരജ്ഞാനത്തിൽനിന്നും സമാധിയിൽ നിന്നും ഉദ്ഭൂതമാകുന്ന ചൈതന്യത്തെ നിത്യാഭ്യാസംകൊണ്ട് നിലനിർത്തിപ്പോരാം. അങ്ങനെ ആ ചൈതന്യപ്രവാഹത്തിൽക്കൂടി ഒരാഠക്ക് നല്ല കർമ്മങ്ങഠ അനുവർത്തിക്കാവുന്നതാണ്. ദൈവീകജീവിതത്തിൽ ഭംഗം വരുത്താ

ത്തവർക്ക് ആധ്യാത്മികജീവിതവും ബാഹ്യജീവിതവും തമ്മിൽ വ്യത്യാസമുണ്ടായിരിക്കയില്ല. ലോകത്തിലുള്ള ദുഃഖങ്ങൾക്കും ക്ലേശങ്ങൾക്കും എല്ലാം കാരണം അന്തരാത്മാവിനെ പററിയുള്ള അജ്ഞതയാണ്. സാമൂഹ്യജീവിതം നയിക്കുന്ന വ്യക്തികളോട് രമണൻ ഉപദേശിച്ചു: "ഒരുവൻ തന്റെ മനസ്സിന്നു ശാന്തി സമ്പാദിക്കുന്ന മാർഗ്ഗങ്ങളിൽ സാമൂഹ്യസേവയും ഉൾപ്പെടുന്നു. ഒരു ആത്മീയ ജീവിതത്തിന്റെ പ്രാരംഭത്തിൽ തീർച്ചയായും ശക്തി നേരിച്ചു സാമൂഹ്യസേവ ചെയ്യേണ്ടതാണ്."

ആധ്യാത്മികജീവിതത്തിനു ബാഹ്യകൽപിതങ്ങളായ ഉച്ചനീചത്വങ്ങളോ ജാതിമതവ്യത്യാസങ്ങളോ ബാധകമല്ല മനസ്സിന്റെ പവിത്രതയും ഏകാഗ്രമായ ശ്രദ്ധയുമാണാവശ്യം. ആ നിലയിൽ സ്ത്രീകൾക്കും അന്ത്യജൻമാർക്കും വേദാഭ്യാസത്തിനും തപസ്സിനും അർഹതയുണ്ടെന്നും സേവനമാണ് ശാന്തിക്കുള്ള മാർഗ്ഗമെന്നും രമണമഹർഷി ഉപദേശിച്ചിട്ടുണ്ട്. പ്രവൃത്തികൾക്കൊപ്പം ഭജനധ്യാനാദികളിൽ ശ്രദ്ധിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചു മഹർഷി ആവർത്തിച്ചു പറയാറുണ്ട്. അനുഭൂതികളുടെ ആദേശവാണികളാണിവ.

'ഞാൻ ആരാണ്?' എന്ന ചോദ്യത്തിനുള്ള സമാധാനമാണ് ശ്രീരമണന്റെ "ഉപദേശസാരം" എന്ന കൃതി. ഈ പ്രശ്നം മാനവസമുദായത്തിന്റെ പ്രാരംഭംതൊട്ട് ഉടലെടുത്തിട്ടുള്ളതാണെന്ന് നാം മറക്കരുത്. വേദരഹസ്യങ്ങളെല്ലാം ഈ പ്രശ്നത്തിന്റെ ഉത്തരമാണ്. അത് കാലാനുസൃതമായി, സ്വജീവിതംകൊണ്ട് വെളിപ്പെടുത്തിത്തന്ന മഹാത്മാവാണ് രമണമഹർഷി. 'ഞാൻ ആർ' എന്ന അന്വേഷണം ആത്മാർത്ഥമായിരുന്നാൽ അതിന്റെ സമാധാനത്തിൽകൂടി നമ്മെ അലട്ടുന്ന മററെല്ലാ പ്രശ്നങ്ങൾക്കും ഉത്തരം സിദ്ധിക്കുമെന്നാണ് മഹർഷി പറയുന്നത്. അതിന്നു സ്വകർമ്മങ്ങളെ ഈശ്വരാർച്ചനയെന്ന ഭാവത്തിൽ ചെയ്തുകൊണ്ട് ധ്യാനം പരിശീലിക്കുക, ക്രമേണ ധ്യാനത്തിൽകൂടി പ്രവൃത്തികളെ നയിക്കുക എന്ന നിർദ്ദേശം അദ്ദേഹം നൽകുന്നു. പശുപാലകൻ ഗോക്കളെ തെളിച്ച് ഗോശാലയിലേക്ക് നയിക്കുന്നതുപോലെ സാധക

പ്രവൃത്തികൾ മുഖേന സ്വയം നയിക്കപ്പെടണം; അപ്പോൾ ലൗകികവ്യാപാരവും ജ്ഞാനവും അന്യോന്യവിരുദ്ധമല്ലെന്ന് ബോധ്യം വരും. പരാജയത്തെപ്പററിയുള്ള ഭയം തോൽവിയുടെ വഴിയാണ്. അറിയേണ്ടതിനെ അറിഞ്ഞു ഉദ്ദിഷ്ടസ്ഥാനത്തെത്തിയാൽ പിന്നെ വൻ നഗരത്തിലും, വൻകാട്ടിലും അയാൾക്ക് യാതൊരു വ്യത്യാസവുമില്ല. ആ ധന്യൻ സദാ, സർവ്വദാ സന്തുഷ്ടനും നിർഭയനും ഈശ്വരചൈതന്യത്തിൽ അഭിരമിക്കുന്നവനുമായി ഭവിക്കുന്നു. ഈ രീതിയിൽ ഭഗവാൻ രമണൻെറ ജീവിതാദർശങ്ങൾ ശ്രദ്ധിച്ചാൽ ആ മഹാത്മാവ് സ്വജീവിതംകൊണ്ട് നമുക്കു വെളിപ്പെടുത്തിത്തന്നത് മാനവജീവിതത്തിൻെറ ലക്ഷ്യമെന്താണെന്ന് വസ്തുതയാണെന്നു മനസ്സിലാക്കാം.

പ്രാർത്ഥനാപരമായ ജീവിതം ക്രമേണ അന്തർമുഖദൃഷ്ടിയും ഏകാന്തധ്യാനവും സുസാധ്യമാക്കുമെന്നു മഹർഷി അരുളിച്ചെയ്തിട്ടുണ്ട്. അവരവരുടെ ശക്തിപോലെ കർമ്മം, ഭക്തി, ജ്ഞാനം, യോഗം തുടങ്ങിയ ആധ്യാത്മിക മാർഗ്ഗങ്ങളിലേതെങ്കിലും ഒന്നിൽ കൂടി ജീവിതം നയിക്കുവാൻ ആളുകൾ തയ്യാറാവണം. ഈശ്വരാർപ്പണമായ വിനയവും ക്ഷമയും ശ്രദ്ധയും അത്യാവശ്യമാണ്. ഗുണങ്ങൾ സഹജമാം വണ്ണം സിദ്ധിക്കുന്നതിനു പ്രാരംഭത്തിൽ കൃത്യനിഷ്ഠാപൂർവമായ പ്രാർത്ഥനയും ശ്രവണമനനധ്യാനാദികളും ശീലിക്കണം. ശ്രീരമണൻപോലും തൻെറ അരുണാചലേശനെ (ശിവനെ) സ്തുതിച്ചു പ്രാർത്ഥിക്കുന്നത് നോക്കുക. "ഹേ, അരുണാചലഭഗവാനെ! അവിടുന്നു എൻെറ ഹൃദയത്തിൽ കടന്നു എന്നെ വശീകരിച്ചുകഴിഞ്ഞു. ഇനി എൻെറ ബന്ധങ്ങളെല്ലാം നിന്തിരുവടിയുടെ സാന്നിധ്യത്തിലാണ്. ജ്ഞാനസ്വരൂപ! അങ്ങ് എന്നോട് മൗനിയാവാൻ ആജ്ഞാപിച്ചതിൻ പ്രകാരം ഞാൻ അനുവർത്തിക്കുകയും ശാന്തനായിത്തീരുകയും ചെയ്തിരിക്കുന്നു."

ജീവൻമുക്തരായ മഹാത്മാക്കൾക്കും ഭൗതികമായ പ്രാരബ്ധകർമ്മങ്ങൾ അനുഭവിച്ചു തീർക്കേണ്ടതായിട്ടുണ്ട്. ഭഗവാൻ രമണമഹർഷി തൻെറ ഭൗതികശരീരത്തിൽ പിടിപെട്ട ഒരു വ്രണത്തെയാണ് അതുപേക്ഷിക്കുവാൻ

കാരണമാക്കിത്തീർത്തത്. 1950ൽ തമിഴ്നാട് പുതുവർഷാരംഭം ആഘോഷിക്കവേ ഭഗവാൻ മഹാസമാധി പ്രാപിച്ചു. ഭൗതികശരീരം ത്യജിച്ചെങ്കിലും മററനേകം ഋഷികോടികളെപോലെ ശ്രീരമണൻ തൻെറ ഭക്തജനങ്ങൾക്കു അനുഗ്രഹാശിസ്സുകളേകിക്കൊണ്ട് നമ്മുടെ മധ്യേ നിഷ്കളനും നിർവികാരനും നിരാകാരനുമായി സ്ഥിതിചെയ്യുന്നു.

# അവധൂതൻെറ ഗുരുനാഥൻമാർ!

ശ്രീകൃഷ്ണഭഗവാൻെറ ഉപദേശത്തിൽ ദത്താത്രേയ ൻെറ ഇതിഹാസം ഉദ്ധരിച്ചിരിക്കുന്നതുകൊണ്ട് ശ്രീകൃഷ്ണാവതാരത്തിനും വളരെ മുമ്പ് ജീവിച്ചിരുന്ന ഒരു മഹാത്മാവാണ് ഈ അവധൂതനെന്നു വിശ്വസിക്കാം. ആ പരമജ്ഞാനി ഇന്നും ഭക്തജനഹൃദയങ്ങളിൽ നവം നവമായ ഉത്തേജനമരുളുന്നുണ്ട്. മഹാരാഷ്ട്ര വനങ്ങളിൽ രാത്രിയിൽ വിശ്രമിക്കുകയും പ്രഭാതത്തിൽ കാശിയിൽ സ്നാനം നടത്തുകയും ദക്ഷിണ ഭാരതത്തിൽ ഭിക്ഷയെടുക്കുകയും സൗരാഷ്ട്രയിലെ ഗിരിനാർ കുന്നുകൾ സന്ദർശിക്കുകയും ചെയ്യുന്ന പതിവ് ഇന്നും മുടക്കംകൂടാതെ തുടരുന്നുവെന്നാണ് ജനവിശ്വാസം.

മഹാരാഷ്ട്ര—ഗുജറാത്ത് പ്രദേശങ്ങളിലെങ്ങും ദത്താത്രേയ ക്ഷേത്രങ്ങൾ ഉണ്ട്. ദക്ഷിണഭാരതത്തിൽ പ്രസിദ്ധമായ ശുചീന്ദ്രം മഹാക്ഷേത്രസ്ഥലപുരാണം അത്രി—അനസൂയമാരുടെ തപോബലത്തെയും അവരുടെ ത്രിമൂർത്തിസംഭൂതനായ പുത്രനെയുംപററി വർണ്ണിക്കുന്നു ബ്രഹ്മ—വിഷ്ണു-മഹേശ്വരൻമാർ ഏകലിംഗ സ്വരൂപത്തിൽ ഇവിടെ ആരാധിക്കപ്പെടുന്നു. സ്ഥാണുമാലയപെരുമാൾ (ത്രിമൂർത്തിദേവൻ) എന്നാണ് പ്രതിഷ്ഠാമൂർത്തി നാമം. അത്രി-അനസൂയമാരുടെ പുത്രനായ ശ്രീ ദത്താത്രേയ സങ്കല്പം ഇവിടെ മികച്ചുനിൽക്കുന്നു.

സാധാരണ ഗതിയിൽ ജ്ഞാനത്തിൻെറ ആറാമത്തെ പ

ഠികയിൽ വിരാജിക്കുന്ന സ്ഥിതിയാണ് ദത്താത്രേയന്റേ ത്. സദാ ആനന്ദാനുഭൂതിയിൽ കഴിയുന്ന ഈ മഹാത്മാ വിന് പ്രാരബ്ധ കർമ്മങ്ങളുംകൂടി ലീലയായി നടക്കും. ഒരിക്കലും അഹംബുദ്ധിയുണ്ടാവുന്നില്ല. ദത്താത്രേയന്റെ മഹത്വം കണ്ടറിഞ്ഞ യദു മഹാരാജാവ് ഇതെങ്ങനെ നേടി യെന്നു അന്വേഷിച്ചപ്പോൾ മഹാ തേജസ്വിയും പരമ ജ്ഞാ നിയുമായ ആ അവധൂതൻ തന്റെ 24 ഗുരുക്കൻമാരെപ്പററി യും അവരിൽനിന്നു എന്തെല്ലാം ഗ്രഹിച്ചുവെന്നും പറഞ്ഞു കേൾപ്പിക്കുന്നു.

പൃഥ്വി, വായു. ആകാശം, അഗ്നി, ജലം, ചന്ദ്രൻ, സൂ ര്യൻ, മാടപ്രാവ്, പെരുമ്പാമ്പ്, സമുദ്രം, ചിത്രശലഭം, തേനീച്ച, ആന, തേൻ സംഭരിക്കുന്നവൻ, മാൻ, മൽസ്യം, പിംഗള, കുരുവി, ബാലൻ, കുമാരി, കൊല്ലൻ, സർപ്പം, എ ട്ടുകാലി, പുഴു ഇത്യാദി പഞ്ചഭൂതങ്ങളുൾപ്പെടെ തന്റെ ശ്രദ്ധാവിഷയമായ വിവിധ പ്രാണികളും സ്വശരീരം തന്നെയും തനിക്ക് ഗുരുനാഥൻമാരായിരുന്നുവെന്നാണ് ദത്താത്രേയൻ പറയുന്നത്.

പൃഥ്വിയുടെ സഹനശക്തിപോലെ, ദൈവമായയാൽ പ്രേരിതമായി ഏതെങ്കിലും പ്രാണി ഉപദ്രവിച്ചാലും വി ദ്വാൻമാർ അവരുടെ മാർഗ്ഗത്തിൽനിന്നു വ്യതിചലിക്കരു തെന്ന പാഠം പഠിപ്പിച്ചു. പൃഥ്വീതത്വമായ വൃക്ഷങ്ങൾ പ രോപകാരത്തിനായി ജീവിക്കുന്നതുപോലെ സാധു—സജ് ജനങ്ങളും പരോപകാരാർത്ഥം ജീവിക്കണമെന്ന തത്വം പ ഠിച്ചു.

വായു—പ്രാണവായു ആഹാരമല്ലാതെ രൂപ രസ ഗ ന്ധങ്ങളൊന്നും ഗണ്യമാക്കുന്നില്ല. പുറമേയുള്ള വായു സുഗന്ധ—ദുർഗ്ഗന്ധങ്ങളിൽനിന്നും നിർല്ലേപമായി വർത്തിക്കുന്നു. അങ്ങനെ പ്രാണവായുവിൽനിന്ന് സംയമ വും വെളിയിലുള്ള വായുവിൽനിന്ന് അസംഗത്വവും പഠി ച്ചു.

സദാ അപരിച്ഛിന്നവും അസംഗവുമായ ആകാശം പോലെയാണ് ആത്മാവ്. കാലകൃതമായ അനിത്യധർമ്മ ങ്ങളിൽനിന്നു ആകാശമെന്നപോലെ ആത്മാവും അസംഗമാ ണെന്നു പഠിച്ചു. അഗ്നി, തേജസ്വിയും ദേദീപ്യവുമാ

ണെന്നപോലെ ജിതേന്ദ്രീയരായ സാധുക്കളും ജിതേന്ദ്രീയരും അക്ഷോഭ്യരുമായിരിക്കണം. സാധുക്കരം അഗ്നിയെപ്പോലെ വ്യക്തവും അവ്യക്തവുമെന്നപോലെ ചിലപ്പോരം ഒളിഞ്ഞും ചിലപ്പോരം പ്രകടമായുമിരിക്കണം. സ്വഭാവത്താൽതന്നെ സ്നിഗ്ധവും ശുദ്ധവുമാണ് ജലം. അതുപോലെ സാധുക്കളും സ്നിഗ്ദ്ധരും മധുരഭാഷികളുമായിരിക്കണം. ജലത്തെപ്പോലെ തങ്ങളെ സമീപിക്കുന്നവരെ ദർശന—സ്പർശനങ്ങളാൽ പവിത്രരാക്കാൻ അവർക്ക് തപശ്ശക്തി ഉണ്ടായിരിക്കണം.

ചന്ദ്രൻെറ കലകരം ഗതി നിശ്ചയിക്കാനാവാത്ത കാലത്തിൻെറ പ്രവാഹത്താൽ കൽപ്പിതമായി കാണുന്നതുപോലെ ശരീരത്തിൻെറ ജൻമംമുതൽ മൃത്യുപര്യന്തമുള്ള എല്ലാ അവസ്ഥകളും കൽപിതമാണ്. ആ അവസ്ഥാഭേദങ്ങരം ശരീരത്തിൻെറ മാത്രമാണ്; ആത്മാവിൻെറയല്ലെന്നു താൽപര്യം. ഇതാണ് ചന്ദ്രനിൽനിന്നു പഠിച്ചത്. തൻെറ കിരണസഹസ്രങ്ങളാൽ ഭൂമണ്ഡലത്തിലെ ജലാശയങ്ങളിൽനിന്നു ജലം വലിച്ചെടുക്കുകയും യഥാസമയം വർഷമായിട്ട് അവ ഉപേക്ഷിക്കുകയും ചെയ്യുന്നതുപോലെ സാധു—യോഗികളും ത്രിഗുണമയമായ പദാർത്ഥങ്ങളെ ഗ്രഹിച്ചാലും തക്ക സന്ദർഭത്തിൽ അവയെ നിഷ്പ്രയാസം ത്യജിക്കേണ്ടതാണെന്ന പാഠം സൂര്യനിൽനിന്നു പഠിച്ചു.

ഈ മനുഷ്യശരീരം മുക്തിക്കുള്ള തുറന്ന വാതലാണ്. അതു ലഭിച്ചിട്ട് ഗൃഹസ്ഥാശ്രമത്തിൽത്തന്നെ കഷ്ടപ്പെട്ടു കഴിയുകയാണെങ്കിൽ ഉയരത്തിൽനിന്നു താഴോട്ടു പതിക്കുന്ന ഗതിയാണ് തുടരുക. ഇത് മാടപ്രാവിനെ നോക്കി ഗ്രഹിച്ചു. ശരീരബലം, മനോബലം, ഇന്ദ്രിയബലം എന്നിവ ഉണ്ടെങ്കിൽകൂടി ഈശ്വരനിഷ്ഠയിൽ ഒരേ സ്ഥലത്ത് ഇരുന്നും ശീലിക്കണമെന്നു പെരുമ്പാമ്പിൽനിന്നു പഠിച്ചു.

എപ്രകാരം വർഷാകാലത്തു ജലംകൂടിയിട്ടു കരകവിയുകയോ വേനൽക്കാലത്തു വററിയിട്ടു ജലം കുറയുകയോ ചെയ്യാതെ സമുദ്രം സദാ ശാന്തവും ഗംഭീരവും അഗമ്യവും അക്ഷോഭ്യവും ആയിരിക്കുന്നുവോ അതുപോലെ നാരായണപരായണരായ യോഗികളും പദാർത്ഥങ്ങരം കിട്ടു

മ്പോഠം പ്രഫുല്ലരാവുകയും കിട്ടിതിരുന്നാൽ ഉദാസീനരാകയും ചെയ്യരുത്. അഗ്നിയുടെ രൂപത്തിൽ മോഹിച്ച് അതിൽ വീണുമരിക്കുന്ന ചിത്രശലഭത്തെപ്പോലെ അവരും രൂപലാവണ്യങ്ങളിൽ വ്യാമോഹിതരാവരുതെന്നു താൽപര്യം. പുഷ്പങ്ങഠംക്കു ദോഷമുണ്ടാവാതെ തേൻ സംഗ്രഹിക്കുന്ന തേനീച്ചകളെപ്പോലെ ഗൃഹസ്ഥാശ്രമികഠംക്കു ദോഷമുണ്ടാവാതെ അവരിൽനിന്നു സാധുക്കഠം ഭിക്ഷ ഗ്രഹിക്കണം.

സ്പർശന സുഖത്തെ ഇച്ഛരിക്കുന്ന കൊമ്പനാന ആനക്കുഴിയിൽ വീണു ബന്ധനസ്ഥനാവുന്നു. സാധുക്കഠം മായാ ബന്ധത്തിൽ പെടാതിരിക്കാൻപ്രത്യേകം ശ്രദ്ധിക്കണം. തേൻ ഒരുക്കി വെയ്ക്കുന്നവർക്കു കിട്ടാതെ വേറെയാരെങ്കിലും എടുത്തുകൊണ്ടു പോകുന്നതുപോലെ ലോഭികഠം കഷ്ടപ്പെട്ടു സമ്പാദിച്ചുവെക്കുന്നത് അന്യർ തട്ടിക്കൊണ്ടുപോകുന്നു. മാനിൻെറ ശ്രവണേന്ദ്രിയം അതിൻെറ നാശത്തിനു കളമൊരുക്കുന്നതുപോലെ ലൗകികരുടെ പ്രലോഭനങ്ങളിൽ കുടുങ്ങിപ്പോകുന്ന സാധകൻെറ സംയമം നഷ്ടപ്പെടും. രസനേന്ദ്രിയത്തെ ജയിക്കാഞ്ഞാൽ മീൻ ഇര കൊത്താനായി ചൂണ്ടയിൽ കുടുങ്ങുന്നതുപോലെ കുടുക്കിൽ പെടും. വേശ്യത്തൊഴിലിലേർപ്പെട്ടിരുന്ന പിംഗള അവസാനം നിരാശാഗർത്തത്തിലാണ്ട് ഈശ്വരനെ മാത്രം ശരണം പ്രാപിച്ച് രക്ഷപ്പെട്ടു. ആശ പരമ ദുഃഖരൂപവും ആശാരാഹിത്യം പരമ സുഖരൂപവുമാണെന്ന പാഠം പിംഗളയിൽനിന്നും പഠിച്ചു.

മാംസ കഷണം കൊത്തിയെടുത്തു പറക്കുന്ന കുരുവി പക്ഷിയുടെ പിന്നാലെ അതിനെ ഉപദ്രവിച്ച് മാംസം തട്ടിയെടുക്കാൻ അനേകം പക്ഷികഠം പറന്നടുക്കുന്നു. മാംസം താഴെയിട്ടപ്പോഠം പിൻതുടർന്ന പക്ഷികളെല്ലാം കുരുവിയെ ഉപേക്ഷിച്ചിട്ട് മാംസമെടുക്കാൻ പാഞ്ഞു. പരിഗ്രഹം ദുഃഖസ്വരൂപമാണെന്ന പാഠം ഇതിൽനിന്നു പഠിച്ചു. കൊച്ചു ബാലൻ മാനാപമാനം നോക്കാത്തതുപോലെ ഒരു സാധു ആത്മരതിയോടെ ആത്മാവിൽതന്നെ നിമഗ്നനായി സഞ്ചരിക്കണം.

കയ്യിലെ വളകഠം കൂട്ടിമുട്ടിശബ്ദമുണ്ടാക്കിയപ്പോഠം

ഓരോന്നുമാത്രം ധരിച്ചുകൊണ്ട് മററെല്ലാം അഴിച്ചുമാററിയ കുമാരിയെപ്പോലെ സാധകർ ഒററയ്ക്കു നടക്കണം; അല്ലെങ്കിൽ അതുമിതും സംസാരിച്ചു സമയം കൊല്ലും. നിശ്ചിത സമയം ബാണം ചെയ്തു ഏൽപിക്കുവാൻ ഏകാഗ്രതയോടുകൂടി പണിയെടുത്തുകൊണ്ടിരുന്ന കൊല്ലൻ അടുത്തുകൂടെ കടന്നുപോയ രാജകീയ ഘോഷയാത്രയെപ്പററി അറിഞ്ഞില്ല. അതുപോലെ ഏകാഗ്രമായ വൈരാഗ്യവും അഭ്യാസവും മനസ്സിനെ വശപ്പെടുത്താനും ആവശ്യമാണ്.

സ്വന്തമായി ഒരു ആസ്ഥാനം ഉണ്ടാക്കാതെ ജീവിക്കുന്ന സർപ്പത്തെപ്പോലെ സാധുവും സ്വന്തമെന്നൊന്നില്ലാതെ വസിക്കണം. തന്നിൽനിന്നും നൂലുണ്ടാക്കി അതുകൊണ്ടു വലനെയ്തു അതിൽ വിഹരിച്ചിട്ട് വീണ്ടും അവയെ തന്നിൽ ലയിപ്പിക്കുന്ന എട്ടുകാലിയെപ്പോലെ പരമാത്മാവും തന്നിൽനിന്നും ഈ പ്രപഞ്ചം സൃഷ്ടിച്ച് സ്ഥിതി ചെയ്യിച്ചിട്ട് അവസാനം തന്നിൽതന്നെ ലയിപ്പിക്കുന്നു. സദാ കടന്നലിനെതന്നെ ചിന്തിച്ച് പേടിച്ചിരിക്കുന്ന പുഴു കടന്നലായി രൂപാന്തരപ്പെടുന്നതുപോലെ ജീവനും ഭയത്താലോ ദ്വേഷത്താലോ സ്നേഹത്താലോ പരമാത്മാവിനെത്തന്നെ ചിന്തിച്ചിരുന്നാൽ സാരൂപ്യ മുക്തി പ്രാപിക്കുന്നു. വിവേകവും വൈരാഗ്യവും പഠിപ്പിക്കുന്ന സ്വശരീരവും തന്റെ ഗുരുവാണെന്നു സമർത്ഥിച്ചുകൊണ്ടാണ് ദത്താത്രേയൻ തന്റെ ഗുരുനാഥൻമാരെ സംബന്ധിച്ച പ്രസംഗം സമാപിക്കുന്നത്.

വാസ്തവത്തിൽ പ്രപഞ്ചംതന്നെ തുറന്നിട്ട ഒരു മഹാഗ്രന്ഥമാണെന്ന് ഇതിൽനിന്നു മനസ്സിലാക്കാം. അതെ, സത്യ-ധർമ്മാദികളിൽ ശ്രദ്ധയും വിശ്വാസവും ഉൽക്കർഷേച്ഛയും ഉള്ളവർക്ക് പ്രകൃതിതന്നെ മാർഗ്ഗദർശനം നൽകുന്നു.

# പഴയ ഏടുകളിൽനിന്ന്

1930-കളിലെ ഓർമകളാണ്. തിരുവനന്തപുരം നഗരത്തിൽനിന്ന് 16 നാഴിക വടക്കുമാറി, അന്നത്തെ എം. സി. റോഡിൽ തയ്ക്കാട് എന്നൊരു സ്ഥലമുണ്ട്. റോഡിന്റെ ഇരുവശത്തും കുററിക്കാടുകളും കശുമാവുകളും കഴിഞ്ഞാൽ രണ്ടോ മൂന്നോ ഓലക്കെട്ടിടങ്ങളും കാണാമായിരുന്നു. 1932–ലാണെന്നു തോന്നുന്നു, ഇവിടെ ലക്ഷണമൊത്ത ഒരു അവധൂതൻ സഞ്ചരിച്ചിരുന്നു. ദൈവികഭാവം തുളുമ്പുന്ന മുഖം, മൌനിയാണെങ്കിലും ചില സന്ദർഭങ്ങളിൽ പൊട്ടിച്ചിരിക്കും. കാൽമുട്ടുവരെയെത്തുന്ന ഒരു തോർത്ത് ഉടുത്തിരിക്കും. അടുത്തിട്ടുള്ള ജ്ഞാനജിജ്ഞാസുക്കൾക്ക് മൂക്കിലൂടെ ശബ്ദിച്ച് ആശയവിനിമയം ചെയ്യും. അതു മനസിലായില്ലെങ്കിൽ കയ്യിലിരിക്കുന്ന വടികൊണ്ട് നിലത്തെഴുതിക്കാണിക്കും. 35 വയസ് പ്രായം വരും. കററാർവാഴത്തട, കശുമാങ്ങ, കാട്ടുചെടികളിലെ കനിവർഗങ്ങൾ ഇവയാണ് ഭക്ഷണം. ഭക്തൻമാർ പഴങ്ങളും മററും സമർപ്പിക്കുകയാണെങ്കിൽ ചിലപ്പോൾ സ്വീകരിച്ച് ചുററും കൂടിനിൽക്കുന്നവർക്ക് കൊടുക്കും. വൃക്ഷമൂലങ്ങളിലാണ് വാസം. അപൂർവ്വം സന്ദർഭങ്ങളിൽ ശ്രദ്ധാലുക്കളായ ചിലരുടെ നിർബന്ധമനുസരിച്ച് അവരുടെ വീട്ടുവരാന്തവരെ ചെന്നിരുന്നുവെന്നുവരാം. ഊരും പേരും ആർക്കുമറിഞ്ഞുകൂട. 'തയ്ക്കാടുസ്വാമികൾ' എന്നാണ് എല്ലാപേരും വിളിച്ചിരുന്നത്.

അങ്ങനെയിരിക്കെ, ശുഭ്രവസ്ത്രധാരിണിയായ 55

വയസ്സു പ്രായം തോന്നിക്കുന്ന, ശാന്തഗംഭീരഭാവം സ്ഫുരിക്കുന്ന ഒരമ്മ സ്ഥലത്തെത്തി. കരുണാർദ്രമായ ദൃഷ്ടികാം, ജപമാലകളുടെ കണ്ഠാലങ്കാരം, സദാ ജപിച്ചുകൊണ്ടു നടക്കുന്ന പ്രകൃതം. കായംകുളത്തിനടുത്ത് ഭേദപ്പെട്ട ഒരു കുടുംബത്തിലെ അംഗമായ ഈ അമ്മയുടെ മൂത്ത പുത്രനാണ് തയ്ക്കാട്ടുസ്വാമികളെന്നു പിന്നീടറിഞ്ഞു. അമ്മയും മകനും അഭിമുഖമായിരിക്കുമ്പോാം മകന് യാതൊരു ഭാവഭേദവുമില്ല. ഈ അമ്മ വന്ന് ഏതാനും മാസങ്ങാം കഴിഞ്ഞപ്പോാം, 1933–ലെ മഹാശിവരാത്രിക്ക്, അടുത്ത ഒരു ഭക്തന്റെ വീട്ടുവരാന്തയിൽ ചെന്നിരുന്ന് തയ്ക്കാടുസ്വാമികാം മഹാസമാധിപ്രാപിച്ചു.

പിന്നീട് ആ അമ്മ ഒരിടത്തും സ്ഥിരവാസം ചെയ്യാതെ പരിചയപ്പെടുന്ന, അനുകൂലഭാവമുള്ളവരുടെ, ഭവനങ്ങളിൽ ഒന്നോ രണ്ടോ ദിവസം വസിച്ചുകൊണ്ട് സഞ്ചരിക്കുകയായിരുന്നു പതിവ്. വെഞ്ഞാറമൂട്ടിനടുത്തുള്ള ഞങ്ങളുടെ ഗൃഹത്തിലും ഈ യോഗിനി അമ്മ (എന്നാണ് ആ അമ്മ അറിയപ്പെട്ടിരുന്നത്) വന്നു തങ്ങാറുണ്ട്. ആർക്കും ഉള്ളതിൽ ഓഹരികൊടുത്ത് സൽക്കരിക്കുന്ന സത്സംഗതല്പരനായിരുന്നു അച്ഛൻ. ഫീസുകൊടുത്ത് പഠിത്തം തുടരാൻ നിർവ്വാഹമില്ലാതെ നിൽക്കുന്ന സമയം യോഗിനി അമ്മ അച്ഛനോടു പറഞ്ഞു: 'എന്തായാലും ഈ കൊച്ചൻ തളർന്നിരിക്കുന്നു. ഇവനെ ഞാൻ കൂടെ കൊണ്ടുപോകാം. പററിയപണി കിട്ടിയാൽ അതിലേർപ്പെടുത്താം. ഇല്ലെങ്കിൽ ഒന്നുരണ്ടു മാസത്തിനകം തിരികെ കൊണ്ടുവന്നേൽപിക്കാം. അപ്പോഴേക്കും അവൻ കുറെക്കൂടിനന്നാവുകയും ചെയ്യും.' അച്ഛനും അത് സമ്മതമായി. അങ്ങനെ യോഗിനി അമ്മയുടെകൂടെ ഞാനും ഇറങ്ങിനടന്നു. ആ യാത്ര കായംകുളം വരെ തുടർന്നുവെങ്കിലും അധികനാളും തിരുവനന്തപുരം നഗരത്തിനടുത്ത കുടുംബങ്ങളിലാണ് കഴിഞ്ഞത്. ഈ സന്ദർഭത്തിൽ ആണ് ആദ്യമായി ശ്രീ സ്വയംപ്രകാശ യോഗിനിഅമ്മ തിരുവടികളെപ്പററി കോംക്കുന്നത്.

തയ്ക്കാടുസ്വാമികളുടെ അമ്മ തങ്ങിയിരിക്കുന്ന ഭവനങ്ങളിൽ, ബ്രാഹ്മമുഹൂർത്തത്തിൽ അമ്മ എണീററിരുന്ന് ഹരിനാമകീർത്തനങ്ങാം നല്ല സ്വരത്തിൽ ഉറക്കെ ചൊല്ലും.

പ്രഭാതത്തിൽ ശുഭാനന്ദപ്രദായകമായിരിക്കും അതുകേൾക്കാൻ. അതുകഴിഞ്ഞാൽ സൂര്യോദയത്തിനു മുമ്പുതന്നെ അവിടെനിന്നും പുറപ്പെട്ടാൽ ചെന്നുനിൽക്കുന്നത് അടുത്ത താവളത്തിലായിരിക്കും. ഒരിക്കൽ കുളത്തൂർ യോഗിനി അമ്മയെക്കാണാൻ മേൽക്കേപെട്ടത്തു തയ്ക്കാട്ടു യോഗിനി അമ്മയുടെ അദ്ധ്യക്ഷതയിൽ ചില സ്ത്രീജനങ്ങൾ നിശ്ചയിച്ചു. ആൺതുണയ്ക്ക് എന്നെക്കൂടി കൊണ്ടുപോകാമെന്നും നിശ്ചയിച്ചു. 1935ൽ കുളത്തൂർ, നഗരപ്രാന്തത്തിനു പുറത്താണ്. പുറപ്പെടേണ്ട സമയം അടുത്തപ്പോൾ പല കാരണങ്ങളാൽ സ്ത്രീകൾ തെററിപ്പിരിഞ്ഞു. തയ്ക്കാട്ടു യോഗിനിഅമ്മ അടുത്ത താവളം ലക്ഷ്യമാക്കി പുറപ്പെട്ടു.

ഉർവ്വശീശാപം ഉപകാരമെന്നപോലെ ഈ ഇണക്കവും പിണക്കവും കുളത്തൂർ യോഗിനിഅമ്മയെ ദർശിക്കുവാനുള്ള അടങ്ങാത്ത ആവേശം എന്നിലുളവാക്കി. കൗമാരപ്രായത്തിലെ ഒരഭിനിവേശം. ഒരു ആശ്രമത്തിലേക്കോ മഹാത്മാസന്നിധിയിലേക്കോ ദർശനാർത്ഥം ചെല്ലുമ്പോൾ അനുവർത്തിക്കേണ്ടുന്ന സാമാന്യ മര്യാദകളൊന്നും എനിക്ക് അറിഞ്ഞുകൂടായിരുന്നു. ഉള്ളൂരിലെ ഒരു വക്കീൽ ഗുമസ്തനെ കൂട്ടുപിടിച്ചുകൊണ്ട് കുളത്തൂർ ആശ്രമത്തിൽ എത്തി. വൈകുന്നേരം അഞ്ചുമണി. ആശ്രമവരാന്തയിൽ ആരെല്ലാമോ കൂടിയിരിക്കുന്നുണ്ട്. അവരിലൊരാൾ മുററത്തു നിൽക്കുന്ന എന്നെ നോക്കി 'എന്താ' എന്നു ചോദിച്ചു. 'കാണാൻ വന്നു' എന്നറച്ചറച്ച് മറുപടിയും നൽകി. അത്രതന്നെ, അതിനപ്പുറം എന്താണ് പറയേണ്ടതെന്നോ, ആരെയാണ് കാണേണ്ടതെന്നോ, എന്തിനാണ് കാണുന്നതെന്നോ ഒരു രൂപവുമില്ല. ഇക്കാര്യത്തിൽ എന്നേക്കാൾ പിന്നോക്കമായിരുന്നു വക്കീൽഗുമസ്തൻ. പിന്നിൽ മറഞ്ഞുനിന്നുകൊണ്ട് അയാൾ മെല്ലെ ശബ്ദിച്ചു, 'വാടോ, കണ്ടതുമതി. ഇരുട്ടുന്നതിനുമുമ്പ് വീട്ടിലെത്തണം.' അമ്മതിരുവടികളെ ദർശിക്കണം, സന്യസിക്കണമെന്ന ആഗ്രഹം അറിയിക്കണം. പക്ഷെ ഈ ആളുകളുടെ ഇടയിൽ അതു പറയാനാവില്ല. തൻെറ അവിവേകത്തെ ചോദ്യംചെയ്യുന്നതിഷ്ടമില്ല. തന്നെ ധിക്കാരിയെന്നു കരുതിയാലോ....എന്നിങ്ങനെ മനസിൽ വിവിധ വിചാരങ്ങൾ. നടുമുററത്തുനിന്നു മാറി ചുമരിനോടു ചേർന്ന്

ഒതുങ്ങിനിന്നു. അതാ, അകത്തുനിന്ന് വരാന്തയിലേക്കു വന്ന അമ്മതിരുവടികളെ എല്ലാപേരും വന്ദിക്കുന്നു. പ്രസന്നവദനയായ അമ്മ ഓരോരുത്തരോടും കുശലമന്വേഷിക്കുന്നു. ഈ ദർശനത്തിൽ തൽക്കാലം കൃതാർത്ഥനായി മടങ്ങി.

സിദ്ധാർത്ഥൻ എല്ലാം ഉപേക്ഷിച്ച് അർത്ധരാത്രിയിൽ സത്യാന്വേഷകനായിറങ്ങി പോകുന്നരംഗം ഓർത്തുകൊണ്ട്, സ്വയംസന്ന്യാസിയാകാൻ തീരുമാനിച്ചു. 1936-ൽ ഒരു അർത്ധരാത്രിക്ക് കുമാരപുരത്തുനിന്നു പുറപ്പെട്ടു, നേരത്തെ പ്രത്യേകം കരുതിയിരുന്ന ഒരു ജോഡി മെതിയടി, ഒരു വടി, ഒരു രുദ്രാക്ഷമാല, ഒരു മുണ്ടും തോർത്തും എല്ലാം എടുത്ത് അണിഞ്ഞു. വെളുക്കുമ്പോഠം കുളത്തൂരാശ്രമത്തിലെത്തി അമ്മ തിരുവടികളെ ദർശിക്കണം. ആ സമയത്തു അവിടെ വിശേഷിച്ച് ആരും വന്നിരിക്കയില്ല. അവിടെവച്ച് ബോധോദയമുണ്ടായില്ലെങ്കിൽ മറെറങ്ങാനും പോകണം. ഇതാണ് പരിപാടി. മെതിയടിശബ്ദംകേട്ട് നായ്ക്കഠം കുരയ്ക്കുവാൻ തുടങ്ങിയതിനാൽ അവ കയ്യിലേന്തി നടന്നു. അന്നു കാനനസദൃശമായിരുന്ന ഇന്നത്തെ മെഡിക്കൽകോളേജ് മുക്കിലെത്തിയപ്പോഠം കുറുക്കൻമാർ കൂട്ടത്തോടെ ഓരിയിടുന്നു. ഒരുഠംക്കിടിലം. വീണ്ടും ധൈര്യമവലംബിച്ച് മുന്നോട്ടു നടന്നു. നാമംജപിക്കുന്നുണ്ട്. പക്ഷെ, ഉള്ളിൽ ഒൻപതാമുൽസവത്തിന്റെ ബഹളമാണ് അങ്ങനെ ശ്രീകാര്യം മുക്കിലെത്തിയപ്പോഠം കലുങ്കിലിരുന്ന രണ്ടുപേർ എണീററു എന്നെ സമീപിക്കുന്നു. ചന്ദ്രികയിൽ അവർ സാധാരണ മനുഷ്യരാണെന്നു മനസ്സിലായി. 'യോഗിനി അമ്മയുടെ ആശ്രമം ഇതാ അടുത്തുതന്നെ. ഈ അസമയത്തു അവിടെ കേറിച്ചെല്ലേണ്ട. കൊച്ചുസ്വാമികഠം വരണം, ഞങ്ങളുടെ വീട്ടിൽ വിശ്രമിച്ചിട്ടു രാവിലെ ആശ്രമത്തിൽ പോകാം; ഞങ്ങഠംകൂടി വരാം.' ഭക്തൻമാരായി അഭിനയിച്ച അവർ പറയുന്നതു ശരിയാണെന്നുതോന്നി.

നേരം വെളുക്കുന്നതിനുമുമ്പ് അവർ പറഞ്ഞ വീട്ടിലെത്തി. അത് കഴക്കൂട്ടം പോലീസ് സ്റേറഷനാണ്. ഭക്തൻമാർ രാത്രിപാറാവുകാരായ, യൂണിഫോറം ധരിക്കാത്ത പോലീസുകാരും. പിറേറദിവസം ഇൻസ്പെക്ടർ

യജമാനൻ വന്നപ്പോൾ ഒരു ഇരയെ കിട്ടിയ സന്തോഷത്തോടുകൂടി ഭക്തൻമാർ എന്നെ ഏല്പിച്ചു. പക്ഷെ, അദ്ദേഹം സംഗതി വേണ്ടവിധം ഗ്രഹിച്ചിട്ട് പോലീസുകാരോട് കോടതിക്കു പോകുമ്പോൾ ഈ സ്വാമിയെക്കൂടി കൊണ്ടുപോയി പുറപ്പെട്ടേടത്തു ഏല്പിക്കാൻ പറഞ്ഞു. എന്നിട്ടു എന്നെ നോക്കി 'ഇനിമേലാൽ ഇങ്ങനെ പുറപ്പെട്ടാൽ പിടിച്ചു ജയിലിലടച്ചിടു'മെന്ന ഉഗ്രൻ താക്കീതും നൽകി.

തനിക്കു പല കുറവുകളും ഉണ്ടെന്നു ബോദ്ധ്യമായി. ഇടയ്ക്കിടെ ശാസ്തമംഗലം ആശ്രമത്തിൽ പോകും. അജ്ഞതയും ദാരിദ്ര്യവും ഒരു വശത്ത്. സന്യാസമോഹമുണ്ടെങ്കിലും വേണ്ട മാർഗ്ഗദർശനമോ നിഷ്ഠയോ ഇല്ലാത്ത മറുവശം. എങ്ങനെയാണ് നേരെയാവുക? എന്തായാലും ഇവിടെ നിന്നു കറങ്ങിയാൽ ഒരു രക്ഷയുമില്ല. രണ്ടിലൊന്നു ഉറയ്ക്കണം. കയ്യിൽ കാശില്ലാതെ പുറമേ പോകുന്നതെങ്ങനെ? എല്ലാം ഈശ്വരന് അർപ്പിച്ചിട്ട് പുറപ്പെടുക, വേണ്ടതു കിട്ടിക്കൊള്ളും. സമപ്രായക്കാരനായ മറ്റൊരു കുമാരൻകൂടി ഇവനോടൊപ്പം പുറപ്പെടാൻ തയാറായി. അതെങ്ങനെയോ അറിഞ്ഞ വീട്ടുകാർ അവനെ പിടിച്ച് മുറിക്കകത്തടച്ചു. അതും നല്ലതുതന്നെ. ഭഗവാനിൽ കവിഞ്ഞ ഒരു കൂട്ടുകാരനുണ്ടോ? ആ ഭഗവാൻ കരുണാമൂർത്തിയാണ്. അഥവാ പട്ടിണികിടന്നോ, രോഗാതുരനായോ, തല്ലുകൊണ്ടോ മരിക്കാനാണു വിധിയെങ്കിൽ അതും രക്ഷിതാവായ ഈശ്വരന്റെ ശിക്ഷയാണെന്നു സമാധാനിക്കാം. ഇത്രത്തോളം തപ്ത വിചാരത്തോടുകൂടി 1937_ാമാണ്ടിൽ ഒരു ദിവസം ഉച്ചയ്ക്കുമുമ്പേ കുളത്തൂർ ആശ്രമത്തിലെത്തി. ആശ്രമവരാന്തയിൽ രണ്ടോ മൂന്നോ പുരുഷൻമാർ ഇരിക്കുന്നു. അമ്മ തിരുവടികൾ അകത്തു എന്തോ ജോലിത്തിരക്കിലാണെന്നു പുറത്തിരുന്നവരിൽ നിന്നറിഞ്ഞു. ഇവൻ ഒറ്റയ്ക്കു മുറ്റത്തിനടുത്തുള്ള ഒരു മരച്ചുവട്ടിൽ കാത്തിരുന്നു. പത്തു നിമിഷം ആയിരിക്കയില്ല, അകത്തുനിന്നും അമ്മതിരുവടികൾ ചുറുചുറുക്കോടെ പണിയെടുക്കുന്ന ഒരു യുവതിയുടെ ഉൻമേഷവും ഉത്സാഹവും സ്ഫുരിക്കുന്ന മുഖഭാവത്തോടെ വരാന്തയിലേക്കുവന്നു. വന്നപാടെ ഇരുന്നവരോട് പിന്നാലെവന്ന മൂന്നുനാലു സ്

ത്രീകൾ പരിചയപ്പെടുത്തിയതനുസരിച്ച് കുശലപ്രശ്നം ചെയ്തു. തുടർന്ന് ഇവൻ മററാരെയും ശ്രദ്ധിക്കാതെ നേരെ അമ്മ തിരുവടികളുടെ മുമ്പിലേക്കു ചെന്നു നമസ്ക്കരിച്ചു.

'ങ്ഹും.... എവിടെനിന്നാ' ഇങ്ങനെ കരുണാദൃഷ്ടിയോടെ നോക്കിക്കൊണ്ട് അമ്മ തിരുവടികൾ അന്വേഷിച്ചു.

'ഇപ്പോൾ വരുന്നതു പുത്തൻ ചന്ത ഊററുകുഴിക്കടുത്തുനിന്ന്. വീട് വെഞ്ഞാറമൂട്ടിനടുത്താണ്. വടക്കോട്ടു ഒരു തീർത്ഥാടനത്തിനു തിരിച്ചു. ഇവിടെ വന്നു അമ്മയുടെ അനുഗ്രഹത്തോടുകൂടി....'

'ഈ ബാല്യത്തിലോ.... വീട്ടിൽ അമ്മയും അച്ഛനും മററുമില്ലേ?' 'എല്ലാവരും ഉണ്ട്. ആർക്കും അനിഷ്ടമില്ല.'

'എന്നാലും... എങ്ങനെയാ തീർത്ഥാടനം?' 'നടക്കാവുന്നിടത്തോളം നടക്കും. ക്ഷേത്രങ്ങളിൽ ദർശനം ചെയ്ത് ആ പരിസരങ്ങളിലെങ്ങാനും രാത്രിതങ്ങും. അങ്ങനെ ആഹാരം കിട്ടിയാൽ കഴിക്കും. ഇല്ലെങ്കിൽ പച്ചവെള്ളം കുടിച്ചുകഴിയും... '

'പണമൊന്നും കരുതിയിട്ടില്ലേ?'

'ഇല്ല, ഈ പുസ്തകമല്ലാതെ യാതൊന്നും കരുതിയട്ടില്ല.' ഇവൻെറ കൈവശമിരിക്കുന്ന പുസ്തകങ്ങൾ അമ്മ തിരുവടികൾ എടുത്തു തുറന്നുനോക്കിക്കൊണ്ട്, 'ഇതെല്ലാം പഠിച്ചിട്ടുണ്ടോ' എന്നു ചോദിച്ചു.

'പാരായണം ചെയ്യുന്നുണ്ട്'

പുസ്തകങ്ങൾ വാചസ്പതി പരമേശ്വരൻ മൂസിൻെറ വ്യാഖ്യാനത്തോടുകൂടിയ ഭഗവത്ഗീത, ശ്രീകൃഷ്ണൻ നമ്പൂതിരി തർജ്ജമചെയ്ത് പ്രസിദ്ധപ്പെടുത്തിയ സ്വാമിവിവേകാനന്ദൻെറ കത്തുകൾ, ശ്രീവിവേകാനന്ദ പത്രാവലി, റെഡ്യാർ പ്രസുകാർ പ്രസിദ്ധപ്പെടുത്തിയ 'ശ്രീരാമകൃഷ്ണൻെറ തിരുവായ്മൊഴി' (ഒന്നാംഭാഗം) എന്നിവയാണ്. അമ്മ തിരുവടികൾ പുസ്തകം എനിക്കു തന്നിട്ടു അവിടെ ഉൽസുകരായിരിക്കുന്നവരെ നോക്കി പറഞ്ഞു:

'ങ്ഹാ. വൈരാഗ്യവും ഭക്തിയും ഉണ്ടെങ്കിൽ പ്രായം ബാധകമല്ല.'

ഇതുകേട്ടപ്പോൾ ഇവന് കുറെക്കൂടി ഉൾക്കരുത്തു ലഭിച്ചതുപോലൊരു അനുഭവം. സന്തോഷപൂർവ്വം ഉറക്കെ പറഞ്ഞുപോയി, 'അമ്മ തൃപ്പാദങ്ങളുടെ അനുഗ്രഹമുണ്ടെങ്കിൽ ഹിമാലയംവരെ പോകും.'

തിരുവടികളും പെട്ടെന്നു ചിരിച്ചു. 'സാധു.... നന്നായി വരട്ടെ' എന്നു തന്നത്താൻ ഉച്ചരിച്ചുകൊണ്ട് അമ്മ തിരുവടികൾ അന്നു ആശ്രമത്തിലെ മെയിൻഹാളിൽ നടയടച്ചിരുന്ന പൂജാമുറിക്കുമുന്നിൽചെന്ന് മണിയടിച്ചു നട തുറന്നു. അമ്മ അകത്തു കയറിയപ്പോൾ ഇവനുൾപ്പെടെ എല്ലാപേരും പൂജാമുറിക്കഭിമുഖമായി തൊഴുതു. രണ്ടുമൂന്നു നിമിഷങ്ങൾക്കകം അമ്മ പുത്തേക്കു വന്നു. ഇവൻ ആഹാരം കഴിക്കാനിരിക്കാതെ ഉടനെ പോകുകയാണെന്നറിഞ്ഞ തിരുവടികൾ കുറെ പ്രസാദവും നാലു ചക്രവും തന്നനുഗ്രഹിച്ചു.

പിന്നീട് ഹിമാലയസാനുക്കൾവരെ കൊണ്ടെത്തിച്ച ഈ യാത്രയിൽ ഇവൻെറ മൂലധനം ഈ നാലു ചക്രം മാത്രമായിരുന്നു!

പിൽക്കാലത്ത് ഇവൻെറ പേരു മാററാൻ നിർബന്ധിതനായ രണ്ടു സന്ദർഭങ്ങൾ ഉണ്ടായി. ഒന്ന് കൽക്കത്തയിലെ ഒരു ക്രൈസ്തവ സ്ഥാപനത്തിൽ രണ്ടുവർഷം കഴിയേണ്ടിവന്നപ്പോൾ. 'പരമേശ്വരൻ' എന്ന നീണ്ട പേരു വിട്ടിട്ട് 'ജോർജ്' എന്നവർ വിളിച്ചിരുന്നു. രണ്ടാമത് ലാഹോറിനടുത്ത് ഒരു ആര്യസമാജഗുരുകുലത്തിലെ അന്തേവാസിയായപ്പോൾ ബ്രഹ്മചര്യനാമം നിർദ്ദേശിച്ചു. ആദ്യം 'സാധുദേവ്' എന്നും പിന്നീട് 'സാധുശീൽ' എന്നും. ഈ പേര് ബാല്യത്തിലേ സ്വയം ഇഷ്ടപ്പെട്ട് അംഗീകരിച്ചതുതന്നെ. പക്ഷെ പിന്നീട് പേരും വാലും ഒക്കെക്കൂടി നീണ്ടുപോയതിൽ പ്രാരബ്ധം വേറെ വിഷയമാണ്.

1940—ൽ കൽക്കത്തയിൽനിന്നും 1941—ൽ ബീഹാറിൽനിന്നും ഭക്ത്യാദരപൂർവ്വം ഓരോ കത്ത് അമ്മതിരുവടികൾക്കയച്ചിരുന്നു. തിരുവടികളുടെ മഹാസമാധിവാർത്ത

പത്രദ്വാരാ അറിഞ്ഞു. വടക്കോട്ടുള്ള എന്റെ യാത്രയിൽ പത്തുവർഷം കഴിഞ്ഞ് മടങ്ങിവന്നപ്പോഠം കുളത്തൂർ ആശ്രമത്തിൽ പോയി. ശ്രീ യോഗിനി അമ്മ സ്ഥൂലശരീരം വെടിഞ്ഞുവെങ്കിലും ആ ദിവ്യജ്യോതിസ് പൂർവ്വാധികം പ്രചോദനസ്രോതസ്സായി ദർശനമരുളുന്നു. അവിടത്തെ സന്യാസിശിഷ്യൻ ശ്രീ ഗുരുദാസാനന്ദ സ്വാമികഠം ഇവനോട് അപാരകൃപകാട്ടുകയും അവിടത്തെ പൂജയിൽ പങ്കെടുപ്പിക്കുകയും ചെയ്തു. ഒരു ഹിന്ദു സാമൂഹിക പ്രവർത്തകനെന്ന നിലയിൽ ഇവന്റെ അനുഭവങ്ങളെപ്പററി കൌതുകപൂർവ്വം സംസാരിച്ചു. ഉച്ചഭക്ഷണം കഴിച്ചശേഷം അടുത്ത വാർഷികോത്സവത്തിനു ആദ്യവസാനം പങ്കെടുക്കണമെന്നു നിർദ്ദേശിച്ചു. അന്നു ആശ്രമത്തിൽ നിന്നു മടങ്ങുമ്പോഠം പുളിമൂട്ടിനടുത്തു പ്രസ്റോഡിലൂടെ വടിയും കുത്തി നടന്നുനീങ്ങുന്ന തയ്ക്കാടു യോഗിനിഅമ്മയെക്കണ്ടു സംസാരിച്ചുവെങ്കിലും പിന്നീട് ആ അമ്മയെപ്പററി യാതൊന്നും അറിയാൻ കഴിഞ്ഞില്ല. ശ്രീ ഗുരുദാസാനന്ദസ്വാമികളുടെ നിർദ്ദേശമനുസരിച്ച് 1947–ലെ ആശ്രമ ക്ഷേത്രോത്സവത്തിൽ ആദ്യവസാനം പങ്കെടുത്തു കൃതാർത്ഥനായി.

## "യേ യഥാമാം പ്രപദ്യന്തേ......"

സമ്പത്ത്, ഐശ്വര്യം, രോഗനിവാരണം, ഭയനിവാരണം എന്നിങ്ങനെ അവരവരുടെ അഭീഷ്ടസിദ്ധിക്കായി ഈശ്വരഭജനം ചെയ്യുന്നവരാണ് ബഹുഭൂരിപക്ഷം ഈശ്വരഭക്തൻമാരും. അഭീഷ്ടങ്ങൾ സാധിക്കുന്നതിനും ഉള്ളിൽ തട്ടുന്ന ഭക്തിവിശ്വാസങ്ങൾ കൂടിയേ തീരൂ. അങ്ങനെ ഭജിക്കുന്നവരുടെ കുലമോ ഗോത്രമോ ദേശമോ കാലമോ ജാതി മതഭേദങ്ങളോ ഒന്നും ഭഗവാൻ നോക്കാറില്ല. അതുപോലെ അഭീഷ്ടത്തിൻെറ ധർമ്മാധർമ്മങ്ങളെയോ പരിണിതഫലങ്ങളെയോ പരിഗണിക്കാറില്ല; പത്രം, പുഷ്പം, ഫലം, തോയാദി എന്തുതന്നെയായാലും ഭക്തിവിശ്വാസപൂർവ്വം ഭഗവാന് സമർപ്പിച്ച് ഉള്ളുരുകി പ്രാർത്ഥിച്ചാൽ ആ ഭക്തൻെറ അഭീഷ്ടസിദ്ധി സുനിശ്ചിതമാണ്. അങ്ങനെ നിർഗ്ഗുണനിരാകാരാദ്വൈതസ്വരൂപനായ ഒരേ ഒരു ഈശ്വരൻ തന്നെ സഗുണസാകാര സ്വരൂപനും അനേക ഭാവരൂപങ്ങളിലൂടെ അനുഭവഗോചരനുമാകുന്നു.

> യേയഥാമാം പ്രപദ്യന്തേ താംസ്തഥൈവ ഭജാമ്യഹം
> മമ വർത്മാനുവർത്തന്തേ മനുഷ്യാ: പാർത്ഥ സർവ്വശ
>
> (ഗീത 4–11)

ക്ഷേത്ര സങ്കൽപത്തിലെ മാഹാത്മ്യവും ഈ തത്വത്തിൽ അടങ്ങിയിരിക്കുന്നു. ക്ഷേത്രത്തിലെ ആരാധകൻ, പൂജാരി, നിർവ്വാഹകർ ഈ മൂന്നു കൂട്ടരുടേയും ഭക്തിയും വിശ്വാസവും തദനുസരണമായ ആചരണവും ഒത്തിണങ്ങി

യ ക്ഷേത്രത്തിലെ ചൈതന്യശക്തി വർദ്ധിച്ച് അഭീഷ്ട പ്രദായകമായിത്തീരുന്നതാണ്.

ഇത്തരം അനുഭവങ്ങരം സ്പഷ്ടമായി പ്രകാശിപ്പിക്കുന്ന എത്രയെത്ര ഉദാഹരണങ്ങരം വേണമെങ്കിലും നിരത്തിവെയ്ക്കുവാൻ കഴിയും. ഇപ്പോരം വിശ്വമെങ്ങും വ്യാപിച്ചിരിക്കുന്ന 'ഹരേ കൃഷ്ണ' പ്രസ്ഥാനംതന്നെ നോക്കുക. ദേശ—കാല—ജാതി—മത—ലിംഗാദിഭേദങ്ങളെല്ലാം ലംഘിച്ച് ശ്രീകൃഷ്ണാശ്രയം ജീവിതലക്ഷ്യമാക്കി അണിനിരന്നവരുടെ മൂലധനം വിശ്വാസവും ഭക്തിയും മാത്രമാണ്. അതിൻെറ ഒരു കണികയെങ്കിലും അനുഭവിക്കുവാൻ ഭാഗ്യമുണ്ടായതുകൊണ്ടാണ് വിപരീത പീഡനങ്ങളോ പ്രലോഭനങ്ങളോ വകവയ്ക്കാതെ അവർ സന്തുഷ്ടജീവിതം നയിക്കുന്നത്.

പല അനുഭവകഥകളിൽ ഒന്നിതാ. ഇന്നേക്ക് 105 കൊല്ലങ്ങരംക്കു മുൻപ്, 1879 ഒക്ടോബർ മാസത്തിൽ ഭാരത—അഫ്ഗാൻ യുദ്ധമാരംഭിച്ച സന്ദർഭം. യുദ്ധത്തിൽ കാബൂളിലും അടുത്തുള്ള പർവ്വത പ്രദേശങ്ങളിലും അഫ്ഗാൻ സൈന്യം ഇംഗ്ലീഷ് സൈന്യത്തെ പരാജയപ്പെടുത്തിക്കൊണ്ടിരിക്കുന്നു. ഇതറിഞ്ഞ ബ്രിട്ടീഷ് സേനാധിപതി ഭാരതത്തിലെ ഗൂർഖാ സൈന്യവിഭാഗത്തെ സമർത്ഥനായ കമാണ്ടർ ലഫ്ററനൻറ് മാർട്ടിൻെറ നേതൃത്വത്തിൽ യുദ്ധരംഗത്തിലേക്ക് അയച്ചു. ലഫ്. മാർട്ടിനും ഭാരതസൈന്യവും ചറാസിയ എന്ന പർവ്വതപ്രദേശത്തു ചെന്നെത്തുന്നതുവരെ, ഉജ്ജയിനിക്കടുത്ത ആഗർ നഗരത്തിലെ ബ്രിട്ടീഷ് സൈനികതാവളത്തിൽ വിവരം കിട്ടിക്കൊണ്ടിരുന്നു. അവിടെയാണ് ലഫ്: മാർട്ടിൻെറ പത്നിയും വസിച്ചിരുന്നത്. പിന്നീട് ഭർത്താവിനെപ്പററിയാതൊരു വിവരവും കിട്ടാത്തതിനാൽ ഓരോ നിമിഷവും അവരുടെ സംശയവും ദുഃഖവും അധികരിച്ചുകൊണ്ടിരുന്നു.

ഇക്കാലത്തെപ്പോലെ വാർത്താവിനിമയ സൗകര്യങ്ങളോ വാഹനങ്ങളോ ഇല്ലാത്ത കാലം. ഒരു ദിവസം സായാഹ്നത്തിൽ ദുഃഖഭാരത്താൽ അവശയായ മിസിസ് മാർട്ടിൻ ഒരു കുതിരപ്പുറത്തേറി കാട്ടുപാതയിലൂടെ കുറേദൂരം പോയി, തൻെറ പ്രിയഭർത്താവിന് എന്തു സംഭവിച്ചുവോ? ഭർത്താ

വിനെ കൂടാതെയുള്ള ഒരു ജീവിതം ഓർക്കാൻപോലും വയ്യ. ഒരുകാര്യം തീർച്ച; തന്നെ ജീവനെക്കാരം സ്നേഹിച്ച ഭർത്താവിനെ വിട്ട് മററൊരു ജീവിതമില്ല. അതിനാൽ ഈശ്വരകല്പിതംപോലെ വരുന്നതെന്തും വന്നുകൊള്ളട്ടെ. ഈ വിധ സാഹസ ചിന്താകുലയായി എങ്ങോട്ടെന്നില്ലാതെ മുമ്പോട്ടുപോവുകയാണ് വന്യമൃഗസഞ്ചാരമുള്ള ആ നടപ്പാതയിലൂടെ!

അങ്ങനെ രണ്ട് കി. മി. ദൂരം കടന്നുചെന്നപ്പോരം കുറേ ആളുകരം തലയിൽ കൂപ്പുകയ്യോടെ വേറൊരു വഴിയിൽ തിരിഞ്ഞു നടക്കുന്നതു കണ്ടു. കുറച്ചകലെയായി കാണുന്ന ആ പഴയ ക്ഷേത്രത്തിലേക്കു പ്രവേശിക്കുകയാണ് അവരെല്ലാം. മിസിസ് മാർട്ടിനും അവിടേയ്ക്കുചെന്നു. കുതിരപ്പുറത്തുനിന്നിറങ്ങി ക്ഷേത്രനടയിൽ ഒഴിഞ്ഞിരുന്നു. പ്രധാന പൂജാരിയും നിർവാഹകരിലും ആരാധകരിലും പെട്ട ചിലരും അടുക്കലേക്കുവന്നു. ബ്രിട്ടീഷ്സേനാനായകന്റെ പത്നിയല്ലേ; അധികാരസ്ഥാനങ്ങളോട് ഭയഭക്തി ബഹുമാനങ്ങരം കാട്ടുന്ന കാലമാണല്ലോ.

ആ ക്ഷേത്രത്തെപ്പററിയും ക്ഷേത്രമൂർത്തിമാഹാത്മ്യത്തെപ്പററിയും മിസിസ് മാർട്ടിൻ വിശദമായി അന്വേഷിച്ചറിഞ്ഞു.

ബാണഗംഗ എന്ന നദീതടത്തിൽ സ്ഥിതിചെയ്യുന്ന ഈ ബൈജനാഥക്ഷേത്രത്തിൽ ശിവനാണ് പ്രധാന പ്രതിഷ്ഠാമൂർത്തി. ഭഗവാൻ ശിവനെ വേണ്ടവിധം ദൃഢവിശ്വാസ—ഭക്തിപൂർവ്വം ഭജിക്കുന്നവരുടെ അഭീഷ്ടങ്ങരം സാധിച്ചുകൊടുക്കും; മന: പീഡകരം അകററും....എന്നെല്ലാം ക്ഷേത്രാരാധന മാഹാത്മ്യങ്ങരം വർണ്ണിച്ച പൂജാരിയോട് ശിവപൂജാവിധാനങ്ങരം എന്തൊക്കെയാണ്, ഓരോന്നിന്റെയും പ്രത്യേകതകരം എന്തെല്ലാമെന്നുകൂടി ചോദിച്ചറിഞ്ഞു മിസിസ് മാർട്ടിൻ. തുടർന്ന് തന്റെ തല്ക്കാല ദയനീയാവസ്ഥയും ഭർത്താവ് ഭദ്രമായി തിരിച്ചുവന്നു കാണാനുള്ള ഉല്ക്കടമായ അഭിലാഷവും അവർ പറഞ്ഞു. പൂജാരിയും നിർവാഹകഭക്തൻമാരും ഒരേ വിശ്വാസത്തിലും സ്വരത്തിലും മറുപടി പറഞ്ഞു....“മാഡം: നിങ്ങരം വ്യാകുലപ്പെടേണ്ട; ഭഗവാൻ ശിവന്റെ ‘നമശ്ശിവായ’ എന്ന മന്ത്രം ജപി

ച്ചുകൊണ്ട് ഉള്ളുരുകി പ്രാർത്ഥിക്കുക; രുദ്രാഭിഷേക—നേർച്ച സങ്കല്പിക്കുക. ഭഗവാൻ നിങ്ങളുടെ മനോഭിലാഷം സാധിച്ചു തരും, സംശയിക്കേണ്ട.''

മിസിസ് മാർട്ടിൻ പൂർണ്ണ വിശ്വാസപൂർവം പൂജാരിയുടെ ആശ്വാസവാക്കുകളനുസരിച്ച് രുദ്രാഭിഷേകത്തിനു വേണ്ടുന്ന ഏർപ്പാടുകൾ ചെയ്തു. നിശ്ചിതതിഥിമുതൽ പതിനൊന്നു ബ്രാഹ്മണരെക്കൊണ്ട് പതിനൊന്നു ദിവസം നീണ്ടുനിൽക്കുന്ന രുദ്രാഭിഷേകാരാധന ആരംഭിച്ചു. ഈ പതിനൊന്നു ദിവസവും മിസിസ് മാർട്ടിൻ വിധിപ്രകാരം വ്രതമനുഷ്ഠിക്കുകയും, ഒരു യഥാർത്ഥ ശിവഭക്തയുടെ രൂപഭാവങ്ങളോടെ പ്രാതഃസ്നാനം കഴിഞ്ഞു ക്ഷേത്രത്തിൽ ചെന്നു കൂപ്പുകയ്യോടെ നമ:ശിവായമന്ത്രം ജപിച്ചുകൊണ്ട് പൂജാവിധാനങ്ങളിൽ പങ്കെടുക്കുകയും ചെയ്തിരുന്നു. സമാപനത്തിൽ നിർല്ലോഭം ദാനധർമ്മാദികൾ ചെയ്തു. പൂജാരിമാർക്കെല്ലാം യഥാവിധി ദക്ഷിണകൾ സമർപ്പിച്ചു. എല്ലാവർക്കും അന്നദാനം എന്ന മഹേശ്വരപൂജ നടത്തി. വലിയൊരു ദുഃഖഭാരം തലയിൽനിന്ന് ഒഴിഞ്ഞ സമാധാനത്തോടെ അവർ വാസസ്ഥലത്തേക്ക് മടങ്ങി.

''മേഡം! താങ്കൾക്കു യുദ്ധരംഗത്തുനിന്നു ഈയെഴുത്തു വന്നിരിക്കുന്നു.'' മിസ്സിസ് മാർട്ടിൻ ആ സൈനിക ദൂതൻ നീട്ടിപ്പിടിച്ചിരുന്ന എഴുത്തു വാങ്ങി തുറന്നു നോക്കി. അവരുടെ ആശ്ചര്യവും ആനന്ദവും ഇടകലർന്ന മുഖഭാവങ്ങൾ കണ്ടുനിന്നവരിലും അത്ഭുതാതിശയങ്ങൾ ഉളവാക്കി.

ലഫ്റനൻറ് മാർട്ടിൻെറ എഴുത്താണ്. ആദ്യത്തെ ഖണ്ഡികയിൽ ഇങ്ങനെയെഴുതിയിരുന്നു:—''ഞാൻ സന്തുഷ്ടനാണ്. അനേകം ആപൽഗർത്തങ്ങളിൽ അകപ്പെട്ടിട്ടുകൂടി ഒരു പോറലുപോലുമേൽക്കാതെ അവസാനം നാം തന്നെ ജയിച്ചു. ഒരിക്കൽ ഞങ്ങൾ പൂർണ്ണമായും ശത്രുവലയത്തിൽപ്പെട്ടുപോയി. രക്ഷപ്പെടാനുള്ള എല്ലാ പഴുതുകളും അടഞ്ഞു. ഞങ്ങളെ നിരായുധരാക്കി. ബന്ധിച്ച് ശത്രുപാളയത്തിലേയ്ക്കു നയിക്കുവാനൊരുങ്ങുമ്പോൾ പെട്ടെന്നൊരു ഭയാനക ശബ്ദം. ശത്രു സൈന്യം ആത്മരക്ഷ

യ്ക്കായി നാലുപാടും ചിതറി ഓടുന്നതും കുറച്ചകലെയായി ജഡാചൂഡധാരിയും ത്രിശൂലധാരിയുമായ ഒരു മഹായോഗി കരുണാദൃഷ്ടി പൂർവ്വം എന്നെ നോക്കുന്നതും കണ്ടു. അതിൻെറ ഈശ്വരീയാത്ഭുതം എന്താണെന്നു ഇനി അറിയേണ്ടിയിരിക്കുന്നു. മുൻപ് കണ്ടിട്ടില്ലാത്ത ആ അത്യത്ഭുതസ്വരൂപം വേറെയും പല വിപത്തുക്കളിൽനിന്നു എന്നെ രക്ഷിച്ചു....എഴുത്തു വായിച്ചു കഴിഞ്ഞപ്പോൾ, മിസ്സിസ് മാർട്ടിൻെറ ഇരുനേത്രങ്ങളിലും സന്തോഷത്തിൻെറയും സമാശ്വാസത്തിൻെറയും അശ്രുക്കൾ ധാരധാരയായി ഒഴുകി. രോമാഞ്ചംകൊണ്ട് പുളകിതഗാത്രയായി. ഭഗവാൻ ശിവനോടുള്ള ഭക്തിയും വിശ്വാസവും ശതഗുണീഭവിച്ചു.

ഏതാനും ദിവസങ്ങൾക്കകം ലഫ്. മാർട്ടിൻ വിജയാഹ്ളാദപൂർവം വാസസ്ഥാനത്ത് മടങ്ങിയെത്തി. മിസിസ് മാർട്ടിൻ അനുഭവിച്ച ദുഃഖവും തന്നിവാരണാർത്ഥം ശ്രദ്ധാഭക്തിപൂർവം നടത്തിയ ശിവാരാധനയുമെല്ലാം വിശദീകരിച്ചു. തുടർന്ന് അവരിരുവരും ഭഗവാൻ പരമശിവൻെറ പരമഭക്തരായി മാറി. ശ്രീബൈജനാഥക്ഷേത്രത്തിലെ നിത്യസന്ദർശകരായി. തങ്ങളുടെ സമ്പാദ്യങ്ങൾ മുഴുവൻ ചെലവുചെയ്ത് ഈ ശിവക്ഷേത്രത്തിൻെറ ജീർണ്ണോദ്ധാരണം നടത്തി. സ്വർണ്ണം പൂശിയ രണ്ട് താഴികക്കുടങ്ങൾ സ്ഥാപിച്ചതിപ്പോഴും കാണാം.

ഒരു ക്ഷേത്രത്തിലെ പൂജാരിയുടെയും നിർവാഹകരുടെയും ആരാധകരുടെയും ശ്രദ്ധയും ഭക്തിയും സത്യനിഷ്ഠമാവുമ്പോൾ ഈശ്വരചൈതന്യം തദനുസൃതമായി അനുഭവഗോചരമാകുമെന്നതിൻെറ ഒരു ദൃഷ്ടാന്തം മാത്രമാണിത്.

ഭഗവാങ്കൽ ദൃഢവിശ്വാസവും തദനുസരണമായ വിനയവും ഭക്തിയും ഉണ്ടെങ്കിൽ ആരും ഏതേതുവിധത്തിൽ ഭജിച്ചാലും അഭീഷ്ടസിദ്ധി സുനിശ്ചിതമാകുന്നു.

# സ്യമന്തകമണി

സർവ്വജ്ഞനും സർവ്വാന്തര്യാമിയും സർവ്വലോകനാഥനുമാണ് ശ്രീകൃഷ്ണൻ. ഇപ്പോഴിതാ യദുകുലനാഥനും ദ്വാരകനാഥനുമായി ലീലാവിനോദനായിരിക്കുന്നു. ഇതെല്ലാം അറിയാവുന്ന സൂര്യദേവൻതന്നെ ശ്രീകൃഷ്ണദർശനാർത്ഥം ദ്വാരകാപുരിയിലേയ്ക്കു ഇതാ വരുന്നു; അന്തഃപുരത്തിൽ പ്രവേശിച്ചു കഴിഞ്ഞു!

ചങ്ങാതിമാരുടെ കൂട്ടത്തിലിരുന്ന ശ്രീകൃഷ്ണനെ യാദവർ സമീപിച്ച് വിശ്വസാക്ഷിയായ ആദിത്യദേവൻ ദ്വാരകാന്തഃപുരത്തിൽ ആഗതനായ വിവരം സവിനയം അറിയിച്ചു. ശ്രീകൃഷ്ണന്റെ സഹജമായ പുഞ്ചിരി....പുഞ്ചിരിച്ചുകൊണ്ട് ഇളകാതിരിക്കയാണ്!

അഭിജ്ഞൻമാരായ ദ്വാരകാവാസികൾ ഒന്നിനുപിറകെ ഒന്നായും, ഒന്നിച്ചും ഓടിവന്നു ശ്രീകൃഷ്ണനെ വിശേഷം അറിയിക്കുന്നു—"ഹേ നാരായണ, യദുകുലാനന്ദകര, ജഗത്പതേ! തീക്ഷ്ണകിരണനായ സൂര്യൻ നിന്തിരുവടിയെ ദർശിക്കുവാനാഗ്രഹിച്ചുകൊണ്ട് തന്റെ രശ്മിസമൂഹത്താൽ സർവ്വരുടെയും കണ്ണുകളെ അപഹരിച്ചുകൊണ്ട് ഇതാ വരുന്നു.

ശൈശവത്തിൽ യശോദയും ഗോകുലവാസികളും കണ്ടുകണ്ടാനന്ദിച്ച ആ കുസൃതിച്ചിരി ദ്വാരകാനാഥനായിരിക്കുന്ന ഇപ്പോഴും തുടർന്നാൽ....ഒരുപക്ഷേ അവിടുന്ന് സർവ്വാന്തര്യാമിയായതിനാൽ നമ്മെപ്പോലെ അർക്കദേവന് ഉപചാരം ചെയ്യേണ്ടെന്നായിരിക്കാം. എന്നാൽ കുചേലനെ

പ്പോലും രാജകീയനിലയിൽ സ്വീകരിച്ച് ഉപചരിച്ചു സ ല്ക്കരിച്ചതോ! ദ്വാരകനാഥനെന്ന നിലയിൽ നിത്യകർമ്മാനുഷ്ഠാനങ്ങളും ഉപചാരങ്ങളും കൃത്യമായി നിർവ്വഹിക്കുന്നുമുണ്ട്. പിന്നെന്താണ് സൂര്യദേവനെ സ്വാഗതം ചെയ്യാൻ വരാത്തത്?''

പരിഹാസംകലർന്ന ഒരു ചിരിതന്നെയാണ് അതിനും സമാധാനം. എന്നിട്ടു ഭഗവാൻ പറഞ്ഞു: ഇത് സൂര്യദേവനല്ല, സ്യമന്തകരത്നത്താൽ പ്രകാശിക്കുന്ന സത്രാജിത്താണ്.

ദ്വാരകാപുരി പ്രമാണികളിലൊരാളായ സത്രാജിത്ത് സൂര്യനെ തപസ്സ് ചെയ്ത് നേടിയ ദിവ്യരത്നമാണ് സ്യമന്തകം. യാദവൻമാർപോലും സൂര്യപ്രഭയെന്നു തെററിദ്ധരിച്ച ആ അൽഭുതരത്നം വേണ്ടവിധം സൂക്ഷിച്ചാൽ ലൗകിക ശ്രേയസ്സുകളെല്ലാം സാധിച്ചുകൊടുക്കുന്ന ദിവ്യശക്തിയുള്ളതാണ്. അക്കാരണത്താൽതന്നെ സ്വതവേ നല്ലവനും ബഹുമാന്യനുമായ സത്രാജിത് വിത്തൈഷണവ്യാമോഹിതനായി. സ്യമന്തകം എന്ന വിശേഷരത്നം ലഭിച്ച ഉടനെ എല്ലാംകൊണ്ടും അതിനർഹനായ ശ്രീകൃഷ്ണങ്കൽ സമർപ്പിച്ച് അവിടത്തെ ഹിതംപോലെ ഉപയോഗപ്പെടുത്താമായിരുന്നു. അല്ലെങ്കിൽ ശ്രീകൃഷ്ണൻ നിർദ്ദേശിച്ചപ്രകാരം യദുരാജാവായ ഉഗ്രസേനനു കൊടുക്കാമായിരുന്നു. പക്ഷെ ധനമോഹത്താൽ തെററിദ്ധരിക്കപ്പെട്ട സത്രാജിത്തിൻെറ ബുദ്ധി ശ്രേയോമാർഗ്ഗമായ സത്യവഴിക്കു തിരിഞ്ഞില്ല. ലൗകിക ശ്രേയസ്സുകരംനേടി സന്തോഷിക്കാമെന്നു മനോരാജ്യം കെട്ടുകയും ചെയ്തു. പരിണിതഫലമോ? സ്വയം വഞ്ചിതനായി. തൻെറ അൽപ്പജ്ഞതകൊണ്ട് ശ്രീകൃഷ്ണഭഗവാനുപോലും അപകീർത്തി ഉളവാക്കാൻ ശ്രമിച്ചു. താനേററവും സ്നേഹിച്ചിരുന്ന പ്രസേനൻ എന്ന സഹോദരനെ സിംഹത്തിന്നിരയാക്കി. ആ മൃഗരാജനെ ജാംബവാൻ കൊന്നു. ജാംബവാനുമായി ഇരുപത്തേഴു ദിവസം ശ്രീകൃഷ്ണനു മുഷ്ടി യുദ്ധം ചെയ്യേണ്ടിവന്നു. അർദ്ധരാത്രിയിൽ നിദ്രാസമയത്തു ശതധന്വാവിനാൽ സത്രാജിത്തും കൊല്ലപ്പെട്ടു. ഭക്തപ്രവരനായ അക്രൂരൻ കാശിയിലേക്കു ഒളിച്ചോടേണ്ടിവന്നു. അവസാനം

ശതധന്വാവും വധിക്കപ്പെട്ടു. സ്യമന്തകരത്നം വേണ്ടവിധം വിനിയോഗിക്കാത്തതിന്റെ ദുരന്തദുഃഖങ്ങളാണിതെല്ലാം.

എന്നാൽ സ്യമന്തകരത്നമുൾപ്പെടെ സർവ്വൈശ്വര്യങ്ങളുടെയും ഉറവിടമായ ശ്രീകൃഷ്ണനു എന്തെങ്കിലും കുറവുണ്ടായോ? പൂർവ്വാധികം സമ്മാനിതനാവുകയാണുണ്ടായത്.

മനുഷ്യന് സ്ഥൂലം, സൂക്ഷ്മം, കാരണമെന്നിങ്ങനെ ശരീരത്രയങ്ങൾ ഉള്ളതുപോലെ ഭാഗവതകഥകൾക്കും ത്രിവിധസ്വരൂപങ്ങളുണ്ട്. പ്രത്യക്ഷം, പരോക്ഷം, അപരോക്ഷം എന്നീവിധം അറിഞ്ഞു അനുഭവപ്പെടുത്തേണ്ടുന്ന ഒരേ അറിവിന്റെ ഉപാധിഭേദങ്ങളാണവ. ഉള്ളതായി തോന്നപ്പെടുന്ന ഐഹികസുഖപദാർത്ഥങ്ങളെല്ലാം ഈശ്വരന്റേതെന്ന സമർപ്പണഭാവത്തിൽ ആർജ്ജിക്കുവാനും വിനിയോഗിക്കുവാനും സാധിക്കുമെങ്കിൽ മാത്രമേ സുഖപര്യവസാനമാകൂ. ധനാർജ്ജനത്തിനും വിതരണത്തിനും ധർമ്മനീതിയുണ്ട്. നവംനവമായ രൂപഭാവങ്ങളിൽ മനുഷ്യരെ വ്യാമോഹിപ്പിക്കുന്ന സ്വയം കൃതാനർത്ഥങ്ങളിലേയ്ക്കും ജീവൽ പ്രശ്നങ്ങളിലേയ്ക്കും വിരൽ ചൂണ്ടുന്നതാണ് സ്യമന്തകോപാഖ്യാനം.

ഏതൊരു വസ്തുവും ഈശ്വരനിൽനിന്നുണ്ടായി. ഈശ്വരനിൽതന്നെ ചേരുകയും വേണം. ഇതിനിടയ്ക്കുള്ള ദൂരം ജീവൻമാരുടെ കർമ്മവാസനകളനുസരിച്ച് ഹ്രസ്വമാകാം; ദീർഘദീർഘവുമാവാം. സത്യം എന്തെന്നറിഞ്ഞ് ധർമ്മാനുഷ്ഠാനങ്ങളിലൂടെ അതിനെ ധ്യാനിച്ച് അതുതന്നെയായിത്തീരലാണ് ലക്ഷ്യം. ആയതിലേയ്ക്കു സദാചാരാദി ധാർമ്മികഗുണങ്ങളും ഭക്തിജ്ഞാന വൈരാഗ്യങ്ങളും വേണം. ഭാഗവതാന്തർഗ്ഗതമായ ഏതൊരു കഥാഗോളത്തിലുമെന്നപോലെ ഈ തത്വങ്ങൾ സ്യമന്തകത്തിലും പ്രകടമായി കാണാം.

മനുഷ്യർ പ്രായേണ ധർമ്മപഥത്തിൽനിന്നു വ്യതിചലിച്ച് അധർമ്മചാരികളാവുന്ന വൃത്തികളെയും വിചാരങ്ങളേയും എന്തൊക്കെ പറഞ്ഞു ന്യായീകരിച്ചാലും പൊതുവേ മൂന്നുകാരണങ്ങളുണ്ട്. 1. കളത്രപുത്രാദികളോടും ബന്ധുമിത്രാദികളോടുമുള്ള പ്രത്യേക മമതയും തജ്ജ

ന്യമായ ആഗ്രഹങ്ങളും. 2. ധനത്തിലും ഐശ്വര്യത്തിലുമുള്ള അഭിലാഷം. ഇതിനെത്തന്നെ ശാസ്ത്രങ്ങളിൽ പുത്രൈഷണ, വിത്തൈഷണ, ലോകൈഷണ എന്നീ ഏഷണാത്രയങ്ങളായി നിർവ്വചിച്ചിരിക്കുന്നു. ഇവ ധർമ്മമാദ്ധ്യമത്തിൽ നിയന്ത്രിച്ച് ജീവിക്കുന്നെങ്കിൽ മാത്രമേ ലക്ഷ്യമായ സുഖവും സമാധാനവും പ്രാപ്തമാവൂ.

## അപൂർവരത്നം

വേണ്ടവിധം സൂക്ഷിച്ചാൽ ദിവസവും എട്ടുഭാരം കനകം വിളയുന്നതാണ് ഈ അപൂർവ്വരത്നം. അതിരിക്കുന്ന സ്ഥലത്തു ആപത്തുകൾ ഉണ്ടാവില്ല. ഐശ്വര്യം വർദ്ധിച്ചുകൊണ്ടിരിയ്ക്കും. എന്നാൽ ഈ മംഗളവസ്തുപോലും ഭഗവാനു സമർപ്പിക്കാതിരുന്നാൽ അനർത്ഥവും അമംഗളവും സ്വാഭാവികമായുണ്ടാവുകയും ചെയ്യും. ഭാഗ്യംകൊണ്ടോ സ്വപ്രയത്നംകൊണ്ടോ ലഭിക്കുന്ന ധനവും ഐശ്വര്യവും എല്ലാം ഈശ്വരൻേറതായി സമർപ്പിച്ചു ജീവിക്കുവാൻ കഴിഞ്ഞില്ലെങ്കിൽ ആ വക ധനൈശ്വര്യങ്ങളെല്ലാം ദുഃഖദായകമായിത്തീരും. അങ്ങനെ സമ്പാദിക്കുന്നവർക്കു അവരുടെ ഉററ ബന്ധുക്കളിൽനിന്നു കൂടി പ്രാണഭയമേർപ്പെട്ടുകൊണ്ടിരിക്കും. ഈ തത്വം ശങ്കരാചാര്യാദിമഹാത്മാക്കളും ആവർത്തിച്ചുദ്ബോധിപ്പിക്കുന്നു.

അർത്ഥമനർത്ഥം ഭാവയ നിത്യം
നാസ്തി തതഃ സുഖലേശഃ സത്യം
പുത്രാദപി ധനഭാജാം ഭീതിഃ
സർവ്വത്രൈഷാ വിഹിതാ രീതിഃ

ഇനി ഈ ഭാഗവതകഥയുടെ ആദ്ധ്യാത്മികമായ ആന്തരതത്വമെന്താണെന്നും ഗ്രഹിക്കേണ്ടതായിട്ടുണ്ട്. "ഭാഗവതരഹസ്യ" ത്തിൽനിന്നു അതങ്ങിനെതന്നെ ഇവിടെ ഉദ്ധരിച്ചുകൊള്ളട്ടെ: "മനുഷ്യശരീരത്തെത്തന്നെയാണ് സ്യമന്തകരത്നമാക്കി ഉപന്യസിച്ചിരിക്കുന്നത്. സത്രാജിത് വളരെക്കാലം തപിച്ചു പ്രസ്തുത രത്നം കിട്ടാൻ. ഒരു ജീവൻ വളരെ തപിക്കണം മനുഷ്യശരീരം കിട്ടാൻ. വേണ്ടപോലെ വെച്ചുപൂജിച്ചാൽ എട്ടു ഭാരം കനകം ദിവസേന വിള

യുന്നതാണ്. അതായത് വേണ്ടപോലെ ഉപയോഗിച്ചാൽ അഷ്ടൈശ്വര്യങ്ങളും വിളയുന്നതാണ്. പക്ഷെ, ഈശ്വരങ്കൽ അർപ്പിക്കണം. ശ്രീകൃഷ്ണനു കൊടുക്കാത്തതുകൊണ്ടാണല്ലോ സ്യമന്തകരത്നം ജാംബവാന്റെ കയ്യിലെത്താനിടവന്നത്. ചപലവും അവിവേകപൂർണ്ണവുമായ മനസ്സിനെയാണ് ജാംബവാനായി ചിത്രീകരിക്കുന്നത്. വിവേകമാകുന്ന ദൃഷ്ടി അടഞ്ഞ് അന്ധമായി കുരങ്ങിനെപ്പോലെ അത്യന്തചപലമായിരിക്കുന്ന മനസ്സുതന്നെ ജാംബവാൻ. മനുഷ്യശരീരത്തെ ഈശ്വരാർപ്പണം ചെയ്യാതിരുന്നാൽ പിന്നെ ചപലവും അന്ധവുമായ മനസ്സിനാണ് അധീനമാവുന്നത്. അപ്പോൾ ഇന്ദ്രിയങ്ങളാകുന്ന കുട്ടികൾക്കു പന്തു തട്ടിക്കളിക്കാൻ കൊടുക്കുകയും ചെയ്യും. അപ്പോൾ ഈശ്വരശിക്ഷയ്ക്കു പാത്രമാവേണ്ടിയും വരുന്നു."

# ഗീതാമഹത്വം

ജനനമരണങ്ങളില്ലാത്ത അവതാരപുരുഷൻമാരുടെ ജയന്തികഠം നാം ആഘോഷിക്കുന്നു. അവർ മൂർത്തസ്വരൂപത്തിൽ പ്രകാശിച്ച ദിനങ്ങളാണവ. വാസ്തവത്തിൽ അവർക്കുവേണ്ടിയല്ല, നമ്മുടെ നൻമയ്ക്കുവേണ്ടിയാണ് ആ പുണ്യദിനങ്ങഠം ആഘോഷിക്കുന്നത്. ഗീതാജയന്തിയും അതുപോലൊരു പുണ്യദിനമാണ്. സാർവ്വജനീനമായ സനാതന ധർമ്മതത്വങ്ങളുടെ സാരവത്തും സംഗ്രഹസ്വരൂപവുമായ അവതാരമാണ് ശ്രീമദ്ഭഗവദ്ഗീത. ഗീതാജയന്തി ആഘോഷിക്കുന്നതും നമ്മുടെ ഉൽക്കർഷത്തിനു തന്നെ.

മനുഷ്യർ സദാ പ്രവർത്തനനിരതരാണ്. സ്വപ്നത്തിൽ പോലും നിവൃത്തിയില്ല. ഉറക്കത്തിലാകട്ടെ മുഴുത്ത അന്ധകാരവും. എല്ലാം സുഖമെന്നു വ്യാമോഹിക്കുന്ന ഏഷണത്രയങ്ങഠംക്ക് വേണ്ടിത്തന്നെ. അവയെല്ലാം നേടിയിട്ടും പ്രതീക്ഷിച്ച സുഖത്തിനുവേണ്ടി പരക്കം പായുകയാണ്! ഇതെല്ലാം നോക്കിക്കൊണ്ട് പരിഹാസപ്പുഞ്ചിരി സമ്മാനിക്കുകയാണ് ലീലാവിനോദനായ ശ്രീകൃഷ്ണൻ. അഹം പ്രമത്തരായി ഓടാവുന്നേടത്തോളം ഓടിക്കൊള്ളട്ടെ. ഓടിത്തളരുമ്പോഴും വഴിമുട്ടുമ്പോഴുമൊക്കെ തിരിഞ്ഞുനില്ക്കും. അവരിൽ ത്രികരണ ശുദ്ധിനേടിയിട്ടുള്ളവർ ഭഗവാങ്കലേക്ക്—തമേവശരണംഗച്ഛ—തിരിയും. അങ്ങനെ തിരിയുന്നവർ തന്നിൽ തന്നെ പ്രതീക്ഷിക്കുന്ന സുഖം കണ്ടെ

ത്തും. സ്വയംകൃതാനർത്ഥങ്ങളിൽ നിന്നു വിമുക്തരാവും; കൃതാർത്ഥരും ചരിതാർത്ഥരുമാവും. ജന്മസാഫല്യം നേടും.

ഈ പുണ്യഭൂമി വിശ്വജനീനമായ മാനവധർമ്മത്തിന്റെ ഉറവിടമാണ്. ഇവിടെ കുരുക്ഷേത്രവും ധർമ്മക്ഷേത്രവും ഉണ്ട്. ഈ കർമ്മ—ജ്ഞാനയോഗങ്ങളുടെ സമന്വയക്ഷേത്രമാണ് ഭാരതം. സദാ കലക്കിക്കൊണ്ടിരിക്കുന്ന കലിയുഗം ആരംഭിക്കുന്നതിനു മുൻപ്(5100 വർഷങ്ങൾക്കു മുൻപ്)ഗീതജനിച്ചു. കരുണാമൂർത്തിയായ ജഗന്നിയന്താവിന്റെ സനാതനധർമ്മം അങ്ങനെ ഉപദിഷ്ടമായി. മനക്കരുത്തുണ്ടെങ്കിൽ കലിയുഗമാലോകർക്കും രക്ഷപ്പെടാമെന്നായി. രക്ഷപ്പെട്ടവരും രക്ഷപ്പെടാൻ പോകുന്നവരും അസംഖ്യം.

അറിവും അനുഭവവുമുള്ള മഹാത്മാക്കളുടെ തിരുമുഖത്തുനിന്നും മഹാഭാഗവതം ഒരാവർത്തിയെങ്കിലും ശ്രവിക്കുക, മഹാഭാരതം വായിച്ചിരിക്കുക, ഭഗവത്ഗീത പ്രതിദിനവും സ്വാദ്ധ്യായം ചെയ്തുഗ്രഹിക്കുക-ഇവമൂന്നും ഭാരതീയൻ എന്നവകാശപ്പെടുന്നവരുടെ മുഖ്യകർത്തവ്യങ്ങളിൽപ്പെടും. ഭഗവത്ഗീത സ്വാദ്ധ്യായം ചെയ്യുന്തോറും നമ്മുടെ ജീവിതത്തിനു ശ്രേയസ്കരമായ ആകൃതിയും പ്രകൃതിയും കൈവരുന്നതായി അനുഭവപ്പെടും. അവസാനം നമ്മുടെ എല്ലാം എല്ലാമാണതെന്ന് ബോദ്ധ്യപ്പെടും. ആദ്യമാദ്യം ബാഹ്യാഭ്യന്തര കാര്യങ്ങളിലെല്ലാം സ്വാധീനം ചെലുത്തുന്ന ആ ജഗജ്ജനനി നമ്മുടെ യോഗക്ഷേമങ്ങൾ വഹിക്കുന്നതായി അനുഭവപ്പെടും.

നമുക്ക് പൗരുഷേയങ്ങളും അപൗരുഷേയങ്ങളുമായ ശാസ്ത്രങ്ങൾ എത്രയെങ്കിലുമുണ്ട്. ലൗകിക വിജ്ഞാനങ്ങളും അലൗകികജ്ഞാനങ്ങളും ഉണ്ട്. കലിയുഗത്തിന്റെ അല്പായുസ്സിൽ ഏത് എങ്ങനെ ഗ്രഹിക്കുന്നുവെന്നത് വലിയ പ്രശ്നമാണ്. അതിനാൽ ബാല്യത്തിലേ ഗീത ഗാനം ചെയ്യാൻ ശീലിച്ചുകൊള്ളണമെന്ന് ത്രികാലജ്ഞനായ വേദവ്യാസ മഹർഷി അരുളിച്ചെയ്യുന്നു. ജീവിത പ്രശ്നങ്ങൾക്കെല്ലാം സ്വയം സമാധാനം കണ്ടെത്തും; ജീവിത ലക്ഷ്യത്തിലെത്തിക്കുകയും ചെയ്യും.

ഗീതാ സുഗീതാ കർത്തവ്യാ
കിമന്യൈ: ശാസ്ത്രവിസ്തരൈഃ
യാസ്വയം പത്മനാഭസ്യ
മുഖപത്മാദ്വിനിഃസൃതാ.

പില്ക്കാലത്തുവന്ന ആചാര്യൻമാരും അനുഭവസ്ഥരായ പുണ്യാത്മാക്കളും ഈ വിധം നമ്മെ ഓർമ്മിപ്പിക്കുന്നു:

ഗേയം ഗീതാ നാമസഹസ്രം
ധ്യേയം ശ്രീപതിരൂപമജസ്രം
നേയം സജ്ജനസംഗേ ചിത്തം
ദേയംദീനജനായ ചവിത്തം.

ഗീത പഠിച്ച്ധന്യരാവാൻ ഇന്നത്തെ പഠിപ്പും പണവും മറ്റുസൗകര്യ-സാഹചര്യങ്ങളുമല്ല മുഖ്യം. ശ്രദ്ധയും ഭക്തിയുമാണാവശ്യം. സാവകാശം സ്വാദ്ധ്യായം ചെയ്ത്കൊണ്ടിരിക്കെ ഗീതാഗാനത്തിൽ ലയിക്കും. വൈഖരീ, മദ്ധ്യമാ, പശ്യന്തീ എന്നീ ക്രമത്തിൽ ആരോഹണാവരോഹണ പ്രക്രിയയിലൂടെ ജിവിതരംഗങ്ങളിലെല്ലാം അത് അനുരണനം ചെയ്യും. ആ പരാനാദം സ്വയം ലക്ഷ്യമാർഗ്ഗത്തിൽ ഒഴുകുമ്പോരം അന്യരിലും അതിൻെറ പ്രതിദ്ധ്വനികരം മുഴങ്ങും. പ്രശ്നങ്ങരംപോലും സ്വയം പരിഹരിക്കപ്പെടും; ശരിയായ സ്ഥിതിസമത്വം പുലരും. ദു:ഖനിവൃത്തിയും സുഖപ്രാപ്തിയും അനുഭവഗേചരമാവും. അതിനാൽ എല്ലാവരും മുഴുമനസ്സോടെ "ഗീതാജയന്തി" ആഘോഷിക്കുക. ഭഗവാൻ ശ്രീകൃഷ്ണൻ സ്വയം അരുളി ചെയ്യുന്നു.:—

യ ഇദം പരമം ഗുഹ്യം
മദ്ഭക്തേഷ്വഭിധാസ്യതി
ഭക്തിംമയിപരാം കൃത്വാ
മാമേവൈഷ്യത്യസംശയഃ

ഗീത (18–68)

# ഗീതയിലെ വിശ്വമാത്യത്വം

'ഗീതാ ഗീതാ' എന്നു ആവർത്തിച്ചു ജപിച്ചാൽത്തന്നെ 'ത്യാഗീത്യാഗീ' എന്നായിരിക്കും പ്രതിദ്ധ്വനിക്കുക. അപ്പോഠം ഗീത നിത്യപാരായണം ചെയ്യുന്നവർക്ക് ഐഹികവും പാരത്രികവുമായ ഐശ്വര്യം സിദ്ധിക്കുന്നതിൽ അത്ഭുതമുണ്ടോ! ത്യാഗത്തിനും ഐശ്വര്യത്തിനും തമ്മിൽ എന്താണ് സംബന്ധമെന്നു ചോദിക്കുന്നവർ പലരുമുണ്ടാവാമെങ്കിലും ത്യാഗത്തിൻെറ സൗന്ദര്യവും സൗരഭ്യവും ഒരു കണികയെങ്കിലും അനുഭവിക്കുവാൻ സാധിച്ചവരുടെയടുക്കൽ നിന്നു അക്കാര്യം ഗ്രഹിച്ചുകൊള്ളണമെന്നു മാത്രമേ തൽക്കാലം പറയുന്നുള്ളു. എന്നാൽ വിശേഷപഠിപ്പുകളൊന്നുമില്ലെങ്കിലും വേണ്ടത്ര വിനയവും ശ്രദ്ധയുമുണ്ടെന്നിരിക്കട്ടെ, നിഷ്കളങ്കഭാവത്തിൽ ഗീത ആവർത്തിച്ചു പാരായണം ചെയ്താൽ, സർവ്വശാസ്ത്ര പഠനത്തിൻെറ അറിവും അനുഭവവും സിദ്ധിക്കുമെന്നത് എല്ലാ രംഗങ്ങളിലും പരീക്ഷിച്ചു തെളിയിച്ചിട്ടുള്ള സത്യവസ്തുതയാകുന്നു. ഗീതാപാരായണനിഷ്ഠം കൊണ്ട് ജീവിത സൗഖ്യവും പരമസന്തുഷ്ടിയും നേടിയവർ വിഭിന്ന സമുദായങ്ങളിലും ദേശങ്ങളിലുമായി അനേകമനേകം പേരുണ്ട്. പിന്നെ വേണ്ടത്ര പാണ്ഡിത്യത്തോടുകൂടി സ്വാദ്ധ്യായപൂർവ്വം 'ഗീതസാധന' അനുഷ്ടിക്കുന്നവരുടെ മേൻമ പറയാനുണ്ടോ? അതാണ് മഹാത്മാഗാന്ധിയെപ്പോലുള്ള വിശിഷ്ട വ്യക്തികഠംക്ക് ഗീത പെ

ററമ്മയേക്കാരം പ്രിയമേറിയ മാതാവായി ഭവിച്ചത്. യഥാർത്ഥത്തിൽ ജഗജ്ജനനിയുടെ ജീവിതപ്രതീകമാണ് ഭഗവത്ഗീത.

ഒരു കാര്യം തീർച്ചയാണ്. ഗീതയുടെ ഈ ദിവ്യഭാവം അനുഭവപ്പെടണമെങ്കിൽ ശ്രദ്ധാ ഭക്തിപൂർവ്വം നിത്യപാരായണം ചെയ്യുകതന്നെ വേണം. സംസ്കൃത പരിചയമില്ലെങ്കിൽതന്നെയും മൂലശ്ലോകംതന്നെ അല്പാല്പമായിട്ടെങ്കിലും പാരായണം ചെയ്യണം. ആദ്യമാദ്യം പിടിത്തം കിട്ടിയില്ലെങ്കിലും തുടർച്ചയായി ആവർത്തിച്ചാവർത്തിച്ചു തെററുകൂടാതെ പാരായണം ചെയ്തു ശീലിച്ചാൽ നല്ല സ്വാദ്ധ്യായത്തിൻെറ വഴി തുറക്കപ്പെടും. വഴിതെളിഞ്ഞു കണ്ടാൽ മററെന്തു ഉപേക്ഷിച്ചാലും ഗീത കൈവിടുകയില്ലെന്നു മാത്രമല്ല, ഗീതതന്നെ സർവ്വസ്വവുമെന്ന അനുഭവമുണ്ടാകുകയും ചെയ്യും. ഇതു പണ്ഡിതൻമാരുടെ മാത്രം അനുഭവമല്ല, പാമരാവസ്ഥയിൽ നിന്നുയർത്തപ്പെട്ട നിരവധി ജീവിതങ്ങളുടെ നിത്യാനുഭവമാകുന്നു. ഒരു വ്യക്തിയുടെ അനുദിന ജീവിതത്തിൽ നേർവഴി കാട്ടുന്ന പ്രകാശവും പ്രേരണയും ലഭിക്കുമെന്നതാണ് ഗീതാമാഹാത്മ്യങ്ങളിൽ സർവ്വപ്രധാനം. അതായത് ശ്രീമദ് ഭഗവത്ഗീത സർവ്വവേദോപനിഷത്സാരസർവ്വസ്വമാണ്, പ്രധാനാചാര്യൻമാരെല്ലാം ഗീതയ്ക്കു ഭാഷ്യമെഴുതി, ഭാരത നേതാക്കൻമാരെല്ലാം ഗീതയിൽനിന്നു പ്രേരണയുരംകൊണ്ട് പ്രസംഗിക്കുകയും എഴുതുകയും ചെയ്തു. രാഷ്ട്രത്തലവൻമാരുരംപ്പെടെ ദേശീയരും വിദേശീയരുമായ പ്രമുഖ വ്യക്തികരം അൽഭുതപൂർവ്വം ഗീതയെപ്പററി സ്തുതിച്ചു. ഭാരതത്തിലെ ഓരോ ഭാഷയിലും അമ്പതും നൂറും വ്യാഖ്യാനങ്ങരംവീതം എഴുതി പ്രസിദ്ധപ്പെടുത്തി. ലോകത്തിലെ രണ്ടായിരത്തിൽപരം ഭാഷകളിൽ തർജ്ജിമ ചെയ്തിട്ടുണ്ട്. ഗീത എല്ലാ മതവിശ്വാസികരംക്കും സർവ്വദേശവാസികരംക്കും സ്വീകാര്യമായ മതഗ്രന്ഥമാകുന്നു. അതു മാനവജീവിതത്തിൻെറ ദിവ്യസംഗീതമാണ് ഇത്യാദിഗീതാമാഹാത്മ്യനിർവ്വചനങ്ങളെല്ലാം ശരിയാണെങ്കിലും ശരാശരി മനുഷ്യൻെറ അനുദിന ജീവിതത്തിനു കാലദേശഭേദമെന്യേ തുണയേകിക്കൊണ്ടിരിക്കുന്ന നിത്യനൂതന ശക്തിയുരംക്കൊ

ള്ളുന്നുവെന്നതാണ് സർവ്വപ്രധാനമായ ഗീതാമാഹാത്മ്യം.

ഇന്നത്തെ കലങ്ങിമറിഞ്ഞ അന്തരീക്ഷത്തിൽ സമാധാന മേകുന്ന ഒരേ ഒരു ഗ്രന്ഥം ഭഗവത്ഗീതമാത്രമാകുന്നു. നീറുന്ന ജീവിതപ്രശ്നങ്ങൾക്കെല്ലാം പോംവഴി കണ്ടെത്താവുന്ന പ്രാമാണിക ഗ്രന്ഥമേതെന്ന് ചോദിച്ചാൽ 'ഭഗവത് ഗീത' യെന്നു നിർവ്വിശങ്കം സമാധാനം നൽകാം. ഭാവികാല പൗരൻമാരാവേണ്ട ഇന്നത്തെ കുട്ടികളെ നേരെചൊവ്വേ വളർത്താൻ കഴിയാത്ത നിലയിൽ ഗതിമുട്ടുന്ന നെടുവീർപ്പുകളും ആരോപണപ്രത്യാരോപണങ്ങളും തജ്ജന്യമായ അസ്വസ്ഥതകളും സർവത്ര ദൃശ്യമാണല്ലൊ. ഇതോടൊപ്പം അമേരിക്കയിലും മററും കോടീശ്വര ഭവനങ്ങളിൽനിന്നു ഹിപ്പിവേഷധാരികളായി സഞ്ചരിക്കുന്ന യുവാക്കളേയും ഓർക്കേണ്ടതാണ്. ധനമധികമായാലുണ്ടാകുന്ന സ്ഥിതിവിശേഷത്തിൻെറ മുൻ സൂചനയാണിത്. ധനപ്രാപ്തിക്കുവേണ്ടി ആശിച്ചു, അദ്ധ്വാനിച്ചു, ധനപ്രാപ്തിയുണ്ടായപ്പോൾ ആവശ്യങ്ങളും ആശകളും പെരുകി. അന്തംകാണാത്ത ഈ ബുഭുക്ഷയിൽ മനംമടുത്ത് പുതുതലമുറ പറവകളെ അനുകരിച്ചുകൊണ്ട് വിശാലലോകത്തിലേക്കിറങ്ങി അലഞ്ഞുതിരിയുകയാണ്. ത്യാഗമോഹനമായ ജീവിതാദർശത്തിൻെറ പ്രഭവസ്ഥാനമായ ഭാരതഭൂമിയിലും ഈ ഗതികേട് ആവർത്തിക്കണമോ? ധർമ്മസംരക്ഷണത്തിനായി സർവവും സന്ത്യജിച്ചു സന്തുഷ്ടരായിരുന്ന പൂർവരാംപുണ്യമനീഷികളുടെ പരമ്പരയ്ക്ക്, ദധീചി, രന്തിദേവൻ, രഘു തുടങ്ങിയ ഭരണാധികാരികളുടെ ത്യാഗോജ്ജ്വലമായ ജീവിതമാതൃകകൾ സ്വായത്തമായിട്ടുള്ളവർക്ക് ഈ കർമ്മദോഷം നേരിടുമോ? ഓരോ ഗൃഹത്തിലും ഭക്ഷണം പാകംചെയ്യുന്നത് ആ വീട്ടിലുള്ളവർക്ക് മാത്രമാണെന്ന് കരുതരുത്. ഈശ്വരാർപ്പണമാക്കി പാകംചെയ്യുന്ന ഭക്ഷണം വിശ്വംഭരന് (ഈശ്വരന്) നിവേദിച്ചിട്ട് തദ്പ്രസാദമായി മററുള്ളവർക്കുകൊടുത്തു താനും ഭക്ഷിക്കണം. തനിക്കു മാത്രമായി പാകംചെയ്ത് ഭക്ഷിക്കുന്നവർ ഭക്ഷണമല്ല, പാപത്തെയാണ് ഭുജിക്കുന്നത്. (ഭുഞ്ജതേ തേത്വഘം പാപയേ പചന്ത്യാത്മകാരണാത്) എന്ന് ഭക്ഷണത്തിൽപോലും ത്യാഗധർമ്മത്തിൻെറ പ്രകാശമരുളുന്ന ഭഗവത്ഗീതയുടെ നാട്ടി

ന്നു അധോഗതിയുണ്ടാവാനാവില്ല.

തീവണ്ടിയിൽ യാത്ര ചെയ്യുന്നവർ ആദ്യമായി ടിക്കററു വാങ്ങി ഭദ്രമായി സൂക്ഷിക്കുന്നതുപോലെ, ജീവിതപ്രയാണം വിജയകരമായി നടത്തുന്നതിനു മുൻകൂട്ടി ആത്മജ്ഞാനം നേടിയിരിക്കണമെന്ന് ശ്രീരാമകൃഷ്ണദേവൻ അരുളം ചെയ്യുന്നതിന്റെ താൽപര്യം ബാല്യത്തിലെ ഗീതാദ്ധ്യായനം ചെയ്തിരിക്കണമെന്നതാണ്. ഭയവും ബലഹീനതയും തീണ്ടാതിരിക്കണമെങ്കിൽ, ഭാസുരമായ ഭാവിജീവിതം ആഗ്രഹിക്കുന്നുവെങ്കിൽ കുട്ടികാക്ക് നിർബന്ധ ഗീതാപഠനം നടപ്പിലാക്കാൻ അധികൃതർ തയ്യാറാവണം. ഭരണാധികാരികളുടെ വിദ്യാഭ്യാസ നയത്തിൽ അതു സാദ്ധ്യമല്ലെങ്കിൽ, കുട്ടികളെ സ്നേഹിക്കുന്ന രക്ഷകർത്താക്കാം മുൻകയ്യെടുത്തു പ്രവർത്തിച്ച് ഗീതാപാനത്തിനു വ്യവസ്ഥ ചെയ്യണം. അതായിരിക്കും പ്രിയസന്താനങ്ങളുടെ ഭാവിക്ഷേമത്തിനു വിട്ടുപോകുന്ന ഉൽകൃഷ്ടമായ പൈതൃക സമ്പത്ത്.

പതിനെട്ട് അദ്ധ്യായങ്ങളിലായി എഴുനൂറു ശ്ലോകങ്ങളുള്ള ഗീതയുടെ ആദ്യത്തെ ആറ് അദ്ധ്യായങ്ങാം മുഖ്യമായും ഈശ്വരാർപ്പണബുദ്ധ്യാ കർമ്മം ചെയ്യേണ്ടതെങ്ങനെയാണെന്നു പഠിപ്പിക്കുന്നു. അടുത്ത ആറ് അദ്ധ്യായങ്ങളിൽ ഭക്തിമാർഗ്ഗവും, ഒടുക്കത്തെ ആറ് അദ്ധ്യായങ്ങളിൽ ജ്ഞാനമാർഗ്ഗവും കാട്ടിത്തരുന്നു. ഈ മൂന്നു ജീവിത മാർഗ്ഗങ്ങളെ യജ്ഞ, യോഗ, ത്യാഗ മാർഗ്ഗങ്ങളായും വ്യവഹരിക്കാം. ഈശ്വരാർപ്പണമായി ചെയ്യപ്പെടുന്ന കർമ്മയോഗമാണ് യജ്ഞം. ഇന്ദ്രിയങ്ങളെയും മനസ്സിനേയും വേണ്ടവിധം അടക്കി ഈശ്വരങ്കൽ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്നതാണ് യോഗം. ഇങ്ങനെ യാഗവും യോഗവും അനുദിന ജീവിതത്തിൽ ശ്രദ്ധയോടുകൂടി അനുഷ്ഠിക്കുന്നവർക്ക് ത്യാഗം സ്വാഭാവികമായുണ്ടാവും. ഞാൻ ത്യാഗം ചെയ്യുന്നുവെന്ന അഹംഭാവമില്ലാതെ, ത്യാഗവും ബ്രഹ്മാർപ്പണമായി ചെയ്യുമ്പോഴാണ് മനുഷ്യലക്ഷ്യം പ്രാപിക്കുക. ദാനവും ത്യാഗവും മററും ഈശ്വരാർപ്പണബുദ്ധ്യാ ചെയ്യുമ്പോാം അത് സമുദായത്തിനും രാഷ്ട്രത്തിനും ഹിതം ചെയ്യുന്നതായി പരിണമിക്കുന്നതാണ്.

ഇങ്ങനെ ഗീതോപദേശം സ്വജീവിതത്തിൽ പ്രാവർത്തിക മാക്കുമ്പോഴാണ്. ശരിയായ പുരോഗതി അനുഭവപ്പെടുക.

"എല്ലാ കർമ്മത്തിൻെറയും ഫലം നൻമതിൻമകരംകൂടിച്ചേർന്നതായിരിക്കും. സ്വല്പമെങ്കിലും തിൻമകലരാത്ത നല്ലകർമ്മം ഒന്നുംതന്നെയില്ല. അഗ്നിയെ ചുററി ധൂമമെന്നപോലെ കർമ്മത്തോട് വല്ല ദോഷവും പററിനില്ക്കും. ഏററവും കൂടുതൽ നൻമയും ഏററവും കുറച്ചു തിൻമയും ഉളവാക്കുന്ന കർമ്മങ്ങളിൽ ഏർപ്പെടുക എന്നതേ ഇതിന് ഒരു പോംവഴിയുള്ളു" എന്നു സ്വാമി വിവേകാനന്ദൻ വ്യക്തമാക്കുന്നതുപോലെ ഏതൊരു കർമ്മത്തിനും ദോഷാംശമുണ്ടെന്നു കരുതി കർമ്മം ചെയ്യാതിരിക്കാനാവില്ല. ചെയ്യുന്ന കർമ്മം, അധർമ്മാംശത്തെ അപേക്ഷിച്ച് ധർമ്മാംശം എററവും കൂടുതലുള്ളതായിരിക്കണം. കർത്തവ്യകർമ്മങ്ങളിൽ ആലസ്യവും ഫലേച്ഛവും ഉണ്ടാവരുത്. നിഷിദ്ധ കർമ്മങ്ങളും കാമ്യകർമ്മങ്ങളും ഒഴിവാക്കണം. കർമ്മഫല ത്യാഗം തന്നെ ഈശ്വരാർപ്പണഭാവം വികസിപ്പിക്കുന്നത്, ജീവനെ പവിത്രമാക്കി ലക്ഷ്യത്തിലെത്തിക്കുന്ന കർമ്മം ജീവിതയജ്ഞമാണ്. ഈ യജ്ഞത്തിന്, ത്യാഗത്തിനു വേണ്ടി ബോധപൂർവ്വം പ്രവർത്തിക്കുവാനാണ് മനുഷ്യജന്മം സിദ്ധിച്ചിരുന്നത്. ഈ വിധം സൽക്കർമ്മം ഈശ്വരാർപ്പണ ഭാവത്തിൽ മാത്രം ചെയ്യപ്പെടുമ്പോരം അത് മോക്ഷ സാധനമായ കർമ്മയോഗമായി.

പണ്ട് ഇംഗ്ലണ്ടിൽ ജീവിച്ചിരുന്ന പ്രഭുക്കൻമാർ, തങ്ങളുടെ അധീനതയിലുള്ള തടവുകാരെ കുറശ്ശേ ചൂടുവെച്ചുപീഡിപ്പിക്കുമായിരുന്നു. ആ ഹതഭാഗ്യരുടെ ശരീരത്തിൽ തീകൊണ്ടു ചൂടുപിടിപ്പിക്കുമ്പോരം ശരീരം പെട്ടെന്നു നശിക്കാൻ പാടില്ല. പ്രാണൻ നിലനില്ക്കുകയും വേണം. അങ്ങനെ കൊല്ലാക്കൊല ചെയ്യുന്ന ഈ ക്രൂരകൃത്യത്തിനു പ്രഭുക്കരം കണ്ട ഉപായം തീവെച്ചു വാട്ടുന്നതിനു മുൻപായി തടവുകാരൻെറ ശരീരത്തിൽ എണ്ണ പുരട്ടുകയെന്നതാണ്. ജീവൻ വിടാതെ കണ്ട് അവനെ ചിത്രവധം ചെയ്യണമെന്നതാണ് പ്രഭുവിൻെറ ഉദ്ദേശം. ഈ തടവുകാരൻെറ ശരീരത്തിൽ എണ്ണ പുരട്ടുന്നതുപോലെയാണ് ജീവി

ത്തിലെ സുഖങ്ങൾ! വാസ്തവത്തിൽ ജനനമരണങ്ങൾ തന്നെ ദുഃഖകരമാകുന്നു. അഥവാ ജീവിതത്തിലെ സുഖം ദുഃഖത്തിൻെറ മുന്നോടിയാകുന്നു. ഈ പരമാർത്ഥമറിഞ്ഞ് ചില്ലറ സുഖങ്ങൾ ഈശ്വരീയബോധപൂർവ്വം സമൂഹനൻമയ്ക്കായി ഉപേക്ഷിക്കുവാൻ ഒരുക്കമുള്ളവനേ ജീവിക്കുന്നുള്ളു.

അതുകൊണ്ട് ആദ്യം കയ്ക്കുന്നത് പിന്നീട് മധുരിക്കും, ആദ്യം മധുരിക്കുന്നത് പിന്നീട് കയ്ക്കുമെന്ന അനുഭവമനുസരിച്ച് ക്ഷിപ്രസുഖം തോന്നുന്ന കാമ്യകർമ്മങ്ങളെ ഉപേക്ഷിച്ച് ശാശ്വതസുഖം കിട്ടുന്ന നിഷ്ക്കാമകർമ്മം ചെയ്യണം. ഗീത പതിനെട്ടാം അദ്ധ്യായത്തിൽ മൂന്നുവിധ ത്യാഗത്തെപ്പററി ഭഗവാൻ അരുൾചെയ്യുന്നു: യജ്ഞം, ദാനം, തപസ് എന്നീ കർമ്മം ഉപേക്ഷിക്കപ്പെടേണ്ടതല്ല; അത് ചെയ്യപ്പെടേണ്ടതുതന്നെയാണ്. യജ്ഞവും ദാനവും തപസ് തന്നെയും വിവേകികൾക്ക് മനഃശുദ്ധിയെ ഉണ്ടാക്കുന്നവയാകുന്നു. ഹേ അർജ്ജുന! ഈ യജ്ഞദാനാദികർമ്മങ്ങൾകൂടി കർത്തൃത്വാഭിമാനത്തിലുള്ള ആസക്തിയേയും ഫലങ്ങളേയും ഉപേക്ഷിച്ച് ചെയ്യപ്പെടേണ്ടവയാണ്. ആവശ്യം അനുഷ്ഠിക്കപ്പെടേണ്ടതായി വിധിക്കപ്പെട്ടിട്ടുള്ള കർമ്മത്തിൻെറ പരിത്യാഗം ശരിയല്ല; അജ്ഞാനംകൊണ്ടുള്ള അതിൻെറ പരിത്യാഗം താമസമെന്ന് പറയപ്പെട്ടിരിക്കുന്നു. ദുഃഖമാണ് എന്നു വെച്ച് ശരീരത്തെ ക്ലേശിപ്പിക്കുന്നതിനെ ഭയന്നിട്ട് സൽക്കർമ്മത്തെ ഉപേക്ഷിക്കുന്നവന് സർവകർമ്മഫലത്യാഗഫലം (മോക്ഷം) ലഭിക്കുന്നില്ല; ഇത് രാജസത്യാഗമാകുന്നു. ചെയ്യപ്പെടേണ്ടതുതന്നെയാണ് എന്നറിഞ്ഞ് യാതൊരു ശാസ്ത്രവിധിപ്രകാരം നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന കർമ്മത്തെ ആസക്തിയേയും ഫലത്തേയും ഉപേക്ഷിച്ച് ചെയ്യുന്നുവോ അതുതന്നെയാണ് സാത്വികമായ ത്യാഗമെന്ന് നിശ്ചയിക്കപ്പെട്ടിരിക്കുന്നത്.

നദ്വേഷ്ട്യകുശലം കർമ്മകുശലേനാനുഷജ്ജതേ
ത്യാഗീസത്വസമാവിഷ്ടോമേധാവീ ഛിന്നസംശയഃ

സത്വഗുണത്തോടുകൂടിയവനും സംശയം തീർന്നവനുമായ ത്യാഗി അമംഗളകർമ്മത്തെ ദ്വേഷിക്കുകയോ മംഗള

കർമ്മത്തിൽ ആസക്തിയോടുകൂടിയോ ഇരിക്കുന്നില്ല. ദേഹാഭിമാനത്തോടുകൂടിയവനാൽ കർമ്മങ്ങളെ മുഴുവൻ ത്യജിക്കുന്നതിന് സാധിക്കുകയില്ല. യാതൊരുവൻ കർമ്മഫലത്തെ ത്യാഗം ചെയ്യുന്നവനായിരിക്കുന്നുവോ അവൻ തന്നെയാണ് യഥാർത്ഥത്തിൽ ത്യാഗി എന്ന് പറയപ്പെടുന്നത്.
(ഭഗവത് ഗീത 18:6–11)

സർവേശ്വരനെ സർവശരണമായാശ്രയിച്ച ഒരാളിൽ സദ്ഗുണങ്ങാം സ്വയം തിളങ്ങുന്നതോടുകൂടി കർമ്മഭക്തിജ്ഞാനാദിയോഗങ്ങളുടെ സമന്വയസിദ്ധി ഏർപ്പെടുന്നു. ആ വ്യക്തി—കർമ്മനിരതനായിരുന്നാൽ കൂടി—ത്യാഗംഒന്നുകൊണ്ടുമാത്രം പരമലക്ഷ്യത്തെ പ്രാപിക്കുന്നു.

ശ്രേയോഹിജ്ഞാനമഭ്യാസാത്
ജ്ഞാനാദ്ധ്യാനം വിശിഷ്യതേ
ധ്യാനാത് കർമ്മഫലത്യാഗഃ
ത്യാഗാച്ഛാന്തിരനന്തരം

കർമ്മം അറിഞ്ഞ് ചെയ്യുവാനാവാതെ അഭ്യസിക്കുന്നതിനക്കാാം ശ്രേഷ്ഠം പരോക്ഷജ്ഞാനമാകുന്നു. പരോക്ഷജ്ഞാനത്താൽ ധ്യാനനിഷ്ഠ ശ്രേഷ്ഠമാകുന്നു. എന്നാൽ ധ്യാനനിഷ്ഠയേക്കാാം എല്ലാ കർമ്മഫലങ്ങളും ഈശ്വരനുവേണ്ടി ത്യാഗം ചെയ്യുക ഉത്തമമാകുന്നു. ഈ ത്യാഗത്താൽ പരമശാന്തി പ്രാപിക്കുന്നു.

ഇങ്ങനെ ഭഗവത് ഗീതയിലെ ഓരോ മന്ത്രവും മനുഷ്യജീവിതശുദ്ധിയ്ക്കും പുരോഗതിക്കും സുഖപ്രാപ്തിക്കും ഉള്ള ദിവ്യാമൃതകണങ്ങളാകുന്നു. ഇന്നാട്ടിന്റെയും സമൂഹത്തിന്റെയും ക്ഷേമം ഇച്ഛിക്കുന്നവർ ഭാവിപൗരൻമാരാകുന്ന കുട്ടികളെയെങ്കിലും ഗീത പഠിപ്പിച്ച് നിത്യപാരായണോൽസുകരാക്കി വളർത്തിയാൽ അവരവർക്കും രാജ്യത്തിനും വലിയൊരു നേട്ടമായിരിക്കുമെന്നത് ഒരു യാഥാർത്ഥ്യം മാത്രമാകുന്നു. കോടാനുകോടി രൂപയുടെ വിദ്യാഭ്യാസ പദ്ധതികാം നിമിത്തം ഭൗതികമായ ചില നേട്ടങ്ങളും പല കോട്ടങ്ങളും ഉളവായിട്ടുണ്ട്. ഇവ സമതുലനപ്പെടുത്തി സമൂഹത്തിനും രാജ്യത്തിനും ശ്രേയസ്ക്കരമായ ഭാവി വാഗ്ദാനം ചെയ്യണമെങ്കിൽ മാനവജീവിതത്തിന്റെ അന്തസത്തയെന്താണെന്ന് പ്രഥമവും പ്രധാനവു

മായി കുട്ടികളെ പഠിപ്പിക്കണം. അതിന്റെ പ്രാമാണിക ഗ്രന്ഥമാകട്ടെ ശ്രീമൽഭഗവദ്ഗീത മാത്രമാകുന്നു. ആത്മസുഖത്തിനും സമൂഹക്ഷേമത്തിനും പരമശാന്തിക്കുമുള്ള ഉപായമാണത്. ഈശ്വരോൻമുഖമായി കർമ്മനിരതമായിരിക്കുന്നിടത്ത് സുഖവും രാജ്യലക്ഷ്മിയും ജയവും ശ്രേയസ്സും ന്യായവും നിലനിൽക്കും.

# ജീവിത പുരോഗതി

സനാതന ധർമ്മത്തിൻെറ അഥവാ ഭാരത സംസ്കാരത്തിൻെറ മൗലികതത്വങ്ങൾ വേദശാസ്ത്രത്തിലടങ്ങിയിരിക്കുന്നു. അതിൻെറ ലൗകികവും അലൗകികവുമായ എല്ലാവിധ ജ്ഞാന വിജ്ഞാനങ്ങളും ഉൾപ്പെടും. പൊതുവേ കർമ്മകാണ്ഡമെന്നും ജ്ഞാനകാണ്ഡമെന്നും രണ്ടായി വിഭജിക്കാവുന്ന വേദത്തിലൂടെ പ്രപഞ്ചവും പ്രപഞ്ചസത്തയും പ്രകാശിപ്പിച്ചിരിക്കുന്നു.

കർമ്മവും ജ്ഞാനവുമാണ് ജീവിതത്തിൻെറ രണ്ട് പ്രധാന ഘടകങ്ങൾ. ജന്തുസഹജമായ ആവശ്യങ്ങൾ നേടുന്നതിനും അനുഭവിക്കുന്നതിനുമുള്ള പ്രവൃത്തികൾ എല്ലാം കർമ്മമാണെന്നില്ല. അവ കേവല വ്യവഹാരങ്ങൾ മാത്രമാണ്. ശാസ്ത്രനിർവ്വചന പ്രകാരം ഭോഗ പദാർത്ഥങ്ങളെല്ലാം പൊതുവെ അന്നമാണ്. കണ്ണ്, മൂക്ക്, ചെവി, നാക്ക്, ത്വക്ക് എന്നീ പഞ്ചേന്ദ്രിയങ്ങളെക്കൊണ്ട് വലിച്ചെടുത്തു സുഖ—ദുഃഖ സ്വരൂപങ്ങളിൽ അനുഭവിക്കുന്നു. ശരീരത്തിൽ കൂടിയാണെങ്കിലും അനുഭവ കേന്ദ്രം അന്തഃകരണമാകുന്നു.

സ്വാർത്ഥം, പരാർത്ഥം, പരമാർത്ഥം എന്നിങ്ങനെ മൂന്നു വിധം കർമ്മങ്ങൾ. ഞാൻ, എൻെറ എന്ന സ്വാർത്ഥ കർമ്മത്തിൽ ഭാഗ്യവശാൽ എത്ര തന്നെ ഉന്നതനും സമ്പന്നനുമായാലും അതു ശുഭപര്യവസായിയായിരിക്കയില്ല. മാത്രമല്ല ആജീവിതം അനർത്ഥത്തിൻെറയും അശാന്തിയുടെയും കടന്നൽക്കൂടായി പരിണമിക്കുകയും ചെയ്യും. തനിയ്ക്കും

അന്യർക്കും ഉപകാര പ്രദമായ പ്രവൃത്തിയെയാണ് കർമ്മമെന്നു പറയേണ്ടത്. ഇതുഈശ്വര വിശ്വാസപൂർവ്വം പരാർത്ഥ പ്രധാനവുമാവുമ്പോൾ ധർമ്മമായി. ജീവിത ലക്ഷ്യ ബോധപൂർവ്വം ആചരിക്കപ്പെടുന്ന ധർമ്മം യജ്ഞമയം അഥവാ ത്യാഗപൂർണ്ണമായി ഭവിക്കുന്നു. കർമ്മം പാരമാർത്ഥികനിലയിലേക്കുയരുമ്പോൾ സത്യ ധർമ്മാദികൾ സ്വയം പ്രകാശിക്കുകയും അതു വഴി സുഖസമാധാനങ്ങൾ നിജസ്വരൂപത്തിൽ അനുഭവപ്പെടുകയും ചെയ്യും.

ഭക്തി വിനയാദി സൽഗുണങ്ങളെക്കൊണ്ടുവേണം ത്രികരണശുദ്ധിയുണ്ടാവാൻ. ശരിയായ അറിവിന് അന്ത:കരണശുദ്ധി അത്യന്താപേക്ഷിതമാണ്. ജ്ഞാനത്തിനുമുണ്ട് പൊതുവേ രണ്ടുവശങ്ങൾ. ഇന്ദ്രിയാധിഷ്ഠിതമായ അറിവുകൾക്കും വിദ്യകൾക്കും വിജ്ഞാനമെന്നും സത്യസനാതനവും സ്വാഭാവികവുമായ അറിവിനും വിദ്യയ്ക്കും ജ്ഞാനമെന്നും നിർവചിക്കാം. സ്വതവേ വിക്ഷേപാവരണങ്ങളിൽ പെട്ടിരിക്കുന്ന ജീവൻ ബഹിർമ്മുഖനായതിനാൽ നിജസ്ഥിതി അറിയുന്നില്ല. ത്രികരണ ശുദ്ധിയോടുകൂടിയ കർമ്മാനുഷ്ഠാനം കൊണ്ടുവേണം വിക്ഷേപാവരണങ്ങളെനീക്കി അന്തർമ്മുഖത നേടാൻ. അന്തർമ്മുഖത അനശ്വരമായ ജ്ഞാനാനുഭൂതിയുടെ മുന്നോടിയാണ്.

കർമ്മനിപുണതയിലും ബുദ്ധി സാമർത്ഥ്യത്തിലും മുമ്പൻമാരും വമ്പൻമാരുമായ വിജ്ഞാനവാദികളുമുണ്ട്; ജ്ഞാനികളുമുണ്ട്. കർമ്മവും വിജ്ഞാനവും മാത്രം വെച്ചുകൊണ്ട് സുഖ സമാധാനങ്ങളെ പ്രതീക്ഷിക്കേണ്ട. താല്കാലിക വ്യാമോഹങ്ങൾ മാത്രമായിരിക്കും അവ. ധർമ്മനിഷ്ഠമായ ജീവിതം കൊണ്ട് സ്വയം സമുദ്ധരിക്കപ്പെടുകയും തദനന്തരം മററുള്ളവരെ സമുദ്ധരിക്കുകയും വേണം. പരസ്പര ചൂഷണം കലയാക്കി മാററിയിരിക്കുന്ന ഇന്നത്തെ പരിത:സ്ഥിതിയിൽ ധർമ്മ ബോധമുളവാക്കാനുള്ള വഴി ഇതുമാത്രമാണ്—ആവുക; ആക്കിത്തീർക്കുക.

ചുരുക്കത്തിൽ സ്വാർത്ഥത്തിൽനിന്നു പരമാർത്ഥത്തിലേക്കും, പാരമാർത്ഥത്തിൽനിന്ന് പാരമാർത്ഥികത്തിലേയ്ക്കും ഉയരുന്നജീവിതമാണ് യഥാർത്ഥ ജീവിതപുരോഗതി. ഈ പുരോഗതിയിലൂടെ വേണം സത്യ ധർമ്മാദികളും സുഖസമാധാനങ്ങളും പ്രകാശിച്ച് അനുഭവപ്പെടാൻ.

# ആർഷരശ്മികൾ

## സ്വാമി പരമേശ്വരാനന്ദ

സാഹിതീസേവനവും ധർമ്മസംരക്ഷണവും അനവധി വർഷങ്ങളായി വ്രതാനുഷ്ഠാനമായി സ്വീകരിച്ചിരിക്കുന്ന ശ്രീമത് പരമേശ്വരാനന്ദസ്വാമികൾ കേരളത്തിലെ ഹിന്ദുക്കൾക്ക് സുപരിചിതനാണ്. അദ്ദേഹത്തിന്റെ ഇതുവരെയുള്ള പ്രസിദ്ധീകരണങ്ങൾ കേരളത്തിലെ ഹൈന്ദവസാഹിത്യത്തിന് മുതൽക്കൂട്ടുകളത്രേ. സ്വാമിജിയുടെ ഏററവും പുതിയ കൃതിയാണ് 'ആർഷരശ്മികൾ'. ആരാദ്ധ്യവ്യക്തികളെപ്പററിയും പുണ്യസ്ഥലങ്ങളെപ്പററിയും ധർമ്മതത്വങ്ങളെപ്പററിയുമുള്ള 31 ലേഖനങ്ങളാണിതിലെ ഉള്ളടക്കം. സ്വാമിജിയുടെ മികച്ച ഗ്രന്ഥങ്ങളിലൊന്നാണ് 'ആർഷരശ്മികൾ'

വില : 22 രൂപ

ആർഷസാഹിതി പ്രകാശനം

വിതരണം :

രചന

19/1880, അമ്പാടി ലെയ്ൻ, പൂജപ്പുര
തിരുവനന്തപുരം—695 012